

SUKALA

അധികാരം ജനങ്ങളിലേക്ക്

ജനകീയാസൂത്രണം



1996 പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് വികസന രേഖ

പെരളശ്ശേരി ഗ്രാമപഞ്ചായത്ത്



144-9

ജനകീയാസൂത്രണ പദ്ധതി
പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ

96 നവമ്പർ 24 ഞായറാഴ്ച

പെരളശ്ശേരി എ.കെ.ജി. സ്മാരക ഗവ:ഹയർസെക്കന്ററി സ്കൂൾ

പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



വി.കെ. രാഘവൻ
പ്രസിഡന്റ്



കെ.വി.ബാലൻ
വൈസ് പ്രസിഡന്റ്



എ.വി. ഗംഗാധരൻ
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)

കെ.വത്സല
(മെമ്പർ)



സി.പി. ചന്ദ്രൻ
(മെമ്പർ)



ടി.പി. പദ്മനാഭൻ
(മെമ്പർ)

എം. സുഷമ
(മെമ്പർ)

സി. വിമല
(മെമ്പർ)

ഇ.പി. മുഹമ്മദ്
(മെമ്പർ)

കെ.കെ. ശൈലജ ടീച്ചർ
(മെമ്പർ)



പി.കെ. നാരായണൻ
(മെമ്പർ)

പെരളശ്ശേരി ഗ്രാമപഞ്ചായത്ത്
ജില്ലാ റിസോഴ്സ് പേഴ്സൺമാർ

എം.കെ.പി. മാവിലായി
കെ.കെ. സുഗതൻ
കെ.കെ. പ്രകാശൻ
പി.കെ.ഗോപി
കെ.ബാബു
എം.സുഷമ
ടി.സജിഷ
പി.കുഞ്ഞികൃഷ്ണൻ
എൻ.ജയരാജൻ
സി.എം.സത്യൻ
പി.പുരുഷോത്തമൻ
എം.കരുണാകരൻ
എ.രത്നാകരൻ
കെ.വി. ദിലീപ്കുമാർ

ഉള്ളടക്കം

ആമുഖം
പൊതുവിവരങ്ങൾ
ചരിത്രസ്രോതസ്സുകൾ
ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
സാമൂഹ്യ സാമ്പത്തിക മേഖലകൾ
- കൃഷിയും ജലസേചനവും
- മൃഗപരിപാലനം,മത്സ്യമേഖല
- വിദ്യാഭ്യാസം
- ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
- വ്യവസായം
- ഗതാഗതം, ഊർജ്ജം
- പാർപ്പിടവും സാമൂഹ്യക്ഷേമവും
- സംസ്കാരം
- വനിത
- സഹകരണമേഖല
- പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം
- വിഭവസമാഹരണം

ആമുഖം

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതുറക്കുന്ന നൂതന സംരംഭമാണ് സംസ്ഥാന സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കിവരുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം. 1997 ഏപ്രിൽ 1മുതൽ ആരംഭിക്കുന്ന 9-ാം പദ്ധതി കാലയളവിൽ ഏതാണ്ട് 14,000 കോടി രൂപയാണ് സംസ്ഥാനത്ത് പദ്ധതിയിനത്തിൽ ചിലവാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ 40ശതമാനത്തോളം ഏതാണ്ട് 5,000 കോടി രൂപ വിവിധ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെയും നഗരസഭകളിലൂടെയും ചിലവഴിക്കുന്നതാണ്. പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങളിൽ വലിയൊരുഭാഗം സാധാരണക്കാരായ നാട്ടിൻ പുറങ്ങളിലെ ജനങ്ങളുടെ ചർച്ചയിലൂടെയും നിർദ്ദേശങ്ങളിലൂടെയും രൂപപ്പെട്ടുവരുന്നതും അവ നിർവ്വഹിക്കാനുള്ള ചുമതല പഞ്ചായത്തുകൾക്ക് നൽകുന്നു എന്നതും ജനകീയാസൂത്രണത്തിന്റെ പ്രത്യേകതയാണ്. വികസനം ജനങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണെന്നും അതിൽ ഞാനും എന്റെ പ്രസ്ഥാനവും ഒരുപടി മുന്നിലായിരിക്കുമെന്നുള്ള വാശിയിൽ ജനങ്ങൾ ഒന്നിച്ചണിനിരക്കുന്ന ഒരു മുന്നേറ്റമായി ജനകീയാസൂത്രണ പരിപാടി മാറുകയാണ്. ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കാൻ പ്രതിനിധികൾ എത്തുകയുണ്ടായി. ഒക്ടോബർ 1,2 തീയ്യതികളിൽ ഹിമാചൽ പ്രദേശിൽ നിന്നുള്ള ഒരു സംഘം നമ്മുടെ പഞ്ചായത്ത് സന്ദർശിക്കുകയും പഞ്ചായത്തിൽ നടക്കുന്ന ജനകീയാസൂത്രണ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

ഭാരതം സ്വതന്ത്രയായിട്ട് 49 വർഷങ്ങൾ കഴിഞ്ഞുവെങ്കിലും ഭരണരംഗത്തും വികസന രംഗത്തും ജനകീയ പുനസംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാനായില്ല. നമ്മുടെ ദേശീയ പ്രസ്ഥാനം സ്വരാജിനും ഗ്രാമരാജിനും വേണ്ടിയായിരുന്നു. 1957-ൽ ബൽവന്ത് റായി മേത്ത കമ്മറ്റി പ്രവർത്തിക്കുമ്പോൾ തന്നെ കേരളത്തിൽ അന്നത്തെ വ്യവസായമന്ത്രി ചെയർമാനായി ഒരു ഭരണ പരിഷ്കാര കമ്മറ്റി നിലവിൽ വന്നിരുന്നു. 1959 മുതൽ 78 വരെ ഇത്തരത്തിൽ ഏറെ പരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. 1979-ൽ ജില്ലാ ഭരണ നിയമം പാസ്സാക്കപ്പെട്ടു. 1991-92-ൽ ജില്ലാ കൗൺസിൽ നിലവിൽ വന്നു. 93 ഓടെ 73-74ാം ഭരണഘടനാ ഭേദഗതി സംബന്ധിച്ച നടപടിക്രമങ്ങൾ ആരംഭിച്ചു. 1995 ഒക്ടോബറിൽ പുതിയ പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന തരത്തിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു. 1996 ജൂലായ് 16-ന് ചേർന്ന സംസ്ഥാന പ്ലാനിങ്ങ് ബോർഡ് യോഗമാണ് ആസൂത്രണ വികേന്ദ്രീകരണം സംബന്ധിച്ച തീരുമാനങ്ങളെടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളാ സർക്കാർ '' 9-ാം പദ്ധതി-വികേന്ദ്രീകരണവും ജനപങ്കാളിത്തവും-ബഹുജനപ്രസ്ഥാനം'' എന്ന വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ ഉത്തരവ് പ്രകാരമാണ് ജനകീയാസൂത്രണ പരിപാടി സംസ്ഥാന ആസൂത്രണബോർഡ് നടപ്പാക്കുന്നത്. ഈ പരിപാടിക്കു പിന്നിൽ ഏറ്റവും വിപുലമായ അഭിപ്രായ സമന്വയം സൃഷ്ടിക്കുന്നതിനും സംസ്ഥാന ആസൂത്രണബോർഡിനെ ഉപദേശിക്കുന്നതിനും ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയർമാനായി ഒരു ഉന്നത തല മാർഗ്ഗ നിർദ്ദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്.

പെരളശ്ശേരി പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രക്രിയ ആരംഭിക്കുന്നത് 1996 സെപ്തംബർ 8-ന്റെ പഞ്ചായത്ത് തല പരിശീലനത്തോടു കൂടിയാണ്. സപ്തംബർ 15 മുതൽ ഒക്ടോബർ 2 വരെയാണ് വിശേഷാൽ ഗ്രാമസഭകൾ ചേർന്നത്. ഗ്രാമസഭകളിൽ നടന്ന ചർച്ചകളെയും നിർദ്ദേശങ്ങളെയും ക്രോഡീകരിച്ച് പഞ്ചായത്ത് വികസനരേഖ തയ്യാറാക്കാനുള്ള രണ്ടാം ഘട്ട പരിശീലനം 1996 നവമ്പർ 2-ന് നടത്തി. ഈ ശിൽപ ശാലയുടെയും 15 വർക്കിങ്ങ് ഗ്രൂപ്പുകളുടെയും കൂട്ടായ പ്രവർത്തനങ്ങളുടെയും ഫലമായിട്ടാണ് പെരളശ്ശേരി ഗ്രാമപഞ്ചായത്ത് സമഗ്രവികസന രേഖ തയ്യാറാക്കിയിരിക്കുന്നത്. ഈ നാടിന്റെ വികാരവും ആവേശവുമായ എ.കെ.ജി. ഏതു വെല്ലുവിളികളെയും നേരിട്ടു മുന്നേറാൻ നമുക്ക് നൽകിയ സന്ദേശവും, ഏതു പ്രവർത്തനവും ഏറ്റെടുക്കാൻ ഉൽബുദ്ധരായ ഒരു ജനത നമുക്കുണ്ട് എന്നുള്ളതും ജനകീയാസൂത്രണ പ്രസ്ഥാനം മുന്നോട്ടു കൊണ്ടു പോകാൻ കഴിയുമെന്നുള്ള പ്രത്യാശ നമുക്ക് നൽകുന്നു.

ചർച്ചയിലൂടെ ഈ വികസന രേഖ സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര്		: പെരളശ്ശേരി പഞ്ചായത്ത്
2. അതിലുൾക്കൊണ്ട റവന്യൂ വില്ലേജുകൾ		: മാവിലായി, മക്രേരി
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ		: പെരളശ്ശേരി
4. ബ്ലോക്ക് പഞ്ചായത്ത്		: എടക്കാട്
5. ജില്ലാ പഞ്ചായത്ത് ഡിവിഷൻ		: ധർമ്മടം
6. താലൂക്ക്		: കണ്ണൂർ
7. ജില്ല		: കണ്ണൂർ
8. അസംബ്ലി മണ്ഡലം		: എടക്കാട്
9. വിസ്തീർണ്ണം		: 19.04 ച.കി.മീ.
10. ജനസംഖ്യ	1991-ൽ	: 26,662
	പുരുഷൻമാർ	: 12,855
	സ്ത്രീകൾ	: 13,807
11. വാർഡുകളുടെ എണ്ണം		: 11
12. പ്രസിഡന്റിന്റെ പേര്		: വി.കെ. രാഘവൻ
13. വൈസ് പ്രസിഡന്റിന്റെ പേര്		: കെ.വി. ബാലൻ

ഭരണപരമായ ചരിത്രം

മക്രേരി പഞ്ചായത്ത് ബോർഡ് - 5.11.1955
പ്രസിഡന്റ് : കണ്ടോത്ത് ചാലിൽ കണാരൻ
വൈ. പ്രസിഡന്റ് : പി.വി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ
സ്പെഷൽ ഓഫീസർ - 12.1.1963 - 2.12.1963
പെരളശ്ശേരി പഞ്ചായത്ത് ബോർഡ്
12.12.1963
പ്രസിഡന്റ് : കെ.സി. ബാലകൃഷ്ണൻ നമ്പ്യാർ
വൈ. പ്രസിഡന്റ് : കെ.കെ. കുഞ്ഞിക്കണ്ണൻ വൈദ്യർ
27.8.1966 - 12.7.1979
പ്രസിഡന്റ് : കെ.കെ. കുഞ്ഞിക്കണ്ണൻ വൈദ്യർ
വൈ. പ്രസിഡന്റ് : പി.വി. ചന്തുക്കുട്ടി നായർ
20.8.79 - 20.9.79 - സ്പെഷൽ ഓഫീസർ
29.9.79 - 29.9.84
പ്രസിഡന്റ് : ടി.പി ഭാസ്കരൻ
വൈ.പ്രസിഡന്റ് : എ.കെ. രാഘവൻ നമ്പ്യാർ
27.10.84 - 9.2.88 - സ്പെഷൽ ഓഫീസർ
9-2-88 - 27-2-94
പ്രസിഡന്റ് : പി. അനന്തൻ
വൈ.പ്രസിഡന്റ് : കെ.ഭാസ്കരൻ
1.6.95 - 29.9.95 - സ്പെഷൽ ഓഫീസർ
30.9.95 മുതൽ -
പ്രസിഡന്റ് : വി.കെ. രാഘവൻ
വൈ. പ്രസിഡന്റ് : കെ.വി. ബാലൻ

നിലവിലുള്ള അതിർത്തികൾ

1. കിഴക്ക് : അഞ്ചരക്കണ്ടി പുഴ
2. വടക്ക് : ചെമ്പിലോട് പഞ്ചായത്ത്, അഞ്ചരക്കണ്ടി പഞ്ചായത്ത്
3. തെക്ക് : അഞ്ചരക്കണ്ടി പുഴ
4. പടിഞ്ഞാറ് : കടമ്പൂർ പഞ്ചായത്ത്, മുഴപ്പിലങ്ങാട് പഞ്ചായത്ത്

പഞ്ചായത്തിലെ പ്രധാന സർക്കാർ ഓഫീസുകൾ

കൃഷിഭവൻ, വില്ലേജ് ഓഫീസുകൾ (മാവിലായി, മക്രേരി), ഹെൽത്ത് സെന്റർ, മൃഗാശുപത്രി, മൃഗാശുപത്രി സബ്സെന്റർ (വെള്ളച്ചാൽ) ഗ്രാമവികസന ഓഫീസുകൾ(മാവിലായി, മക്രേരി), കുടുംബക്ഷേമ കേന്ദ്രങ്ങൾ, പഞ്ചായത്ത് ഓഫീസ്, ആയുർവ്വേദാശുപത്രി, മുണ്ടലൂർ ഹെഡ് പോസ്റ്റ് ഓഫീസ്, അതിനുകീഴിൽ പ്രവർത്തിക്കുന്ന ബാവോട്, മാവിലായി, മക്രേരി പോസ്റ്റ് ഓഫീസുകളും, കാടാച്ചിറ ഹെഡ് പോസ്റ്റ് ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുവാച്ചേരി പോസ്റ്റ് ഓഫീസും.

പെരളശ്ശേരി പഞ്ചായത്ത്



ചരിത്ര സ്രോതസ്സുകൾ

എടക്കാട് നിയമസഭാ മണ്ഡലത്തിന്റെ, തെക്കുകിഴക്കേ അതിർത്തിയിലാണ് പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 1991-ലെ കാനേഷുമാരി പ്രകാരം ജനസംഖ്യ 26,662 ആണ്. അഞ്ചരക്കണ്ടിപ്പുഴ കിഴക്കേ അതിർത്തിയിലൂടെ പടിഞ്ഞാറോട്ടൊഴുകുന്നു. പടിഞ്ഞാറേ കോണിൽ എരിഞ്ഞേരി മലയും മദ്ധ്യഭാഗത്ത് ഐവർകുളം കുന്നിൻ നിരയും ഒടുങ്ങോട് ഉച്ചൂളിക്കുന്നും മക്രേരിയിലെ അൽപം ഉയർന്ന പ്രദേശങ്ങളും മാറ്റി നിർത്തിയാൽ, ഈ പഞ്ചായത്ത് താരതമ്യേന സമതലമാണെന്ന് പറയാം. അരനൂറ്റാണ്ട് മുമ്പ് വിശാലമായ വയലുകളായിരുന്നു എവിടെയും. വടക്കുമ്പാട്, ബാവോട്, മാവിലായി, മുണ്ടലൂർ ഭാഗങ്ങളിലെ വിസ്തൃതമായ നെൽപാടങ്ങൾ മിക്കവാറും ഇന്ന് പറമ്പുകളായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇവയെല്ലാം ഒരുകാലത്ത് ജൻമിമാരുടെ കൈയിലായിരുന്നു. ഭൂവുടമകളും ചെറുകിട കർഷകരും കർഷകതൊഴിലാളികളുമടങ്ങുന്ന അന്നത്തെ സാമൂഹ്യഘടനയിൽ വിയോജിപ്പിന്റെ ഒറ്റപ്പെട്ട ശബ്ദങ്ങളും കേൾക്കാമായിരുന്നു. അന്നൊക്കെ സിവിലും ക്രിമിനലുമായ മിക്ക കേസുകളും ഗ്രാമത്തിൽ വച്ചുതന്നെ കൈകാര്യം ചെയ്യപ്പെട്ടിരുന്നു. മാവിലായി, മക്രേരി അംശം അധികാരിമാർക്ക് അക്കാലത്ത് വലിയ പ്രാബല്യമായിരുന്നത്രേ. 1920 വരെ പ്രായേണ വിസ്മൃതിയിലായിരുന്നു, ഈ പ്രദേശം. ഇവിടെ വ്യവസായ സംരംഭങ്ങൾ കുറവായിരുന്നു. പി.വി.എസ്. ബീഡിക്കമ്പനിയുടെ ഒരു ബ്രാഞ്ച്, സാമുവൽ ആറോന്റെ വകയായി ഒരു നെയ്ത്തുശാല; എടുത്തു പറയാവുന്നവ രണ്ടെണ്ണം മാത്രം. പുഴയോരങ്ങളിൽ ചൂടി നിർമ്മാണവുമായി അൽപം കുടുംബങ്ങൾ ബന്ധപ്പെട്ടിരുന്നു; കുറേ കുടുംബങ്ങൾ ചക്കരയുൽപാദനത്തിലും ഭൂരിഭാഗം ജനങ്ങളും, കാർഷികമേഖലയിലാണ് ഉപജീവന മാർഗ്ഗം കണ്ടെത്തിയിരുന്നത്.

ദേശീയ പ്രസ്ഥാനത്തിന്റെ ശംഖനാദം ഏറ്റവും ഉച്ചത്തിൽ ഏറ്റു വാങ്ങിയ ജനവിഭാഗമാണ് ഈ ഗ്രാമത്തിലുള്ളത്. അതിനവരെ പ്രാപ്തരാക്കിയത് എ.കെ.ജി.യുടെ സാന്നിദ്ധ്യമായിരുന്നു. പെരളശ്ശേരി ബോർഡ് ഹയർ എലിമെന്ററി സ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും ദേശീയ പ്രസ്ഥാനത്തിന്റെ ആഹ്വാനം ചെവിക്കൊള്ളുന്നതിലും പ്രാവർത്തികമാക്കുന്നതിലും മുന്നണിയിലായിരുന്നു. പ്രധാനാദ്ധ്യാപനും എ.കെ.ജി. യുടെ അമ്മാവനുമായ ശ്രീ. എ.കെ. ശങ്കരൻ നമ്പ്യാർ ഇതിനെല്ലാം മാതൃകയും പ്രചോദന കേന്ദ്രവുമായിരുന്നു എന്ന് എടുത്തു പറയേണ്ടതാണ്. ഖദർ നൂൽ നൂൽക്കാനും വസ്ത്രം നെയ്യാനും പുൽപായകൾ നിർമ്മിക്കാനും എന്നുവേണ്ട സ്വയം പര്യാപ്തതയുടെയും ആത്മ വിശ്വാസത്തിന്റെയും മേഖലയിലേക്ക് ജനങ്ങളെ ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു, ഈ വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥി എന്ന നിലയിലും പിന്നീട് അദ്ധ്യാപകനായും, എ.കെ.ജി. അമ്മാവനിൽ നിന്നും ഈ ദൗത്യം ഏറ്റെടുക്കുകയായിരുന്നു. തിരിയിൽ നിന്ന് കൊളുത്തിയ പന്തം എന്നു പറയുന്നതാണ് ശരി ! വികസ്വരമായ ഒരു ലോകത്തിന്റെ വിശാലമായ വീഥിയിലൂടെ, പിന്നീട് അദ്ദേഹം ഒരു ജൈത്ര യാത്ര തന്നെ നടത്തി. ഈ യാത്രയിൽ ഈ ഗ്രാമം മുഴുവൻ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അവരിൽ ഭൂരിഭാഗവും കാലത്തിന്റെ യവനികക്ക് പിന്നിൽ മറഞ്ഞു. ശ്രീമാൻമാർ കെ.ദാമു, കെ.കെ. വൈദ്യർ, വി.കെ. രാഘവൻ, കെ.കെ. ഗോവിന്ദൻ വൈദ്യർ, ഇ. നാരായണൻ നായർ, എം.കെ. കോരൂട്ടി മാസ്റ്റർ, കോടഞ്ചേരി പൊക്കൻ തുടങ്ങിയ സമരസേനാനികൾ ഇപ്പോഴും നമ്മോടൊപ്പമുണ്ട്. പ്രായം അവരെ ആക്രമിച്ചെങ്കിലും കർമ്മ രംഗത്തു തന്നെ ഉറച്ചു നിൽക്കുന്നു. മാതൃഭൂമി പത്രാധിപ സമിതിയിലേക്ക് പോയ സി.എച്ച്. കുഞ്ഞപ്പ, എക്സ്പ്രസ് പത്രാധിപരായിരുന്ന വി.കരുണാകരൻ നമ്പ്യാർ സ്വാഭിമാനി പത്രാധിപരായിരുന്ന എ.കെ. കുഞ്ഞിക്യഷ്ണൻ നമ്പ്യാർ തുടങ്ങി എത്രയോ മഹദ് വ്യക്തികളെ ഈ ഗ്രാമം പൊതുരംഗത്തേക്ക് സംഭാവന ചെയ്തിട്ടുണ്ട്.

1930-മുതൽ രാഷ്ട്രീയ രംഗത്ത് സോഷ്യലിസ്റ്റ് ആശയരംഗത്ത് മുൻതൂക്കം കിട്ടുകയും എ.കെ.ജി.യും സഹപ്രവർത്തകരും, ഒരു പുതിയ ശൈലിയിൽ, സാമൂഹ്യ രംഗത്ത് കടന്നുവരികയും ചെയ്തു. ഈ വഴിത്തിരിവിൽ നീങ്ങാതെ നിന്നുപോയവരുമുണ്ട്. പിന്നീടങ്ങോട്ട് മാറ്റങ്ങളായിരുന്നു. പഴയ മാമൂലുകൾ പലതും പൊളിച്ചെഴുതപ്പെട്ടു. ധാരണകളിൽ, ജൻമി കുടിയാൻ ബന്ധങ്ങളിൽ, പുതിയ ദിശാ ബോധം എങ്ങും പ്രകടമായി. എ.കെ.ജി.യുടെ ആത്മകഥയിലും സി.എച്ച്. കുഞ്ഞപ്പയുടെ സ്മരണകളിലും അവയുടെ ചരിത്രം നിറഞ്ഞുനിൽക്കുന്നു. ഇന്ന് പെരളശ്ശേരി എന്നു കേൾക്കുമ്പോൾ ആരുടെ മനസ്സിലും ആദ്യം കടന്നുവരിക എ.കെ.ജി. എന്ന ത്രൈയക്ഷരി ആണ്. അദ്ദേഹത്തിന്റെ പ്രവർത്തനം രാഷ്ട്രീയരംഗത്ത് ഒതുങ്ങി നിന്നില്ല. കലാ സാംസ്കാരിക രംഗത്തും കായിക മേഖലയിലും ഗ്രാമവികസന രംഗത്തുമെല്ലാം അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. ഗ്രാമത്തിന്റെ സുഖ ദു:ഖങ്ങളിൽ ഇഴുകി ചേർന്നു എന്നു മാത്രമല്ല, എല്ലാ ഇരുണ്ട കാലാവസ്ഥയിലും ജനങ്ങൾക്ക് ആത്മധൈര്യം പകർന്ന വിപ്ളവകാരിയുമായിരുന്നു അദ്ദേഹം. ഒന്നു നിശ്ചയിച്ചാൽ അത് പൂർത്തീകരിച്ചേ മടങ്ങൂ എന്ന ശാഠ്യം, സ്വന്തം പിതാവിൽ നിന്ന് പകർന്നുകിട്ടിയ സ്ഥൈര്യമാണ്. ആ മനുഷ്യ സ്നേഹിയെപ്പറ്റിയുള്ള ഒരു പാട് ഓർമ്മകൾ ഇവിടെയുള്ള ഓരോ മൺതരിക്കും അയവിറക്കാനുണ്ട്.

ചെറുകിട കർഷകരും കർഷക തൊഴിലാളികളും ഭൂവുടമകളും തമ്മിലുള്ള ഉൽപാദന ബന്ധങ്ങളിൽ വന്ന മാറ്റം പ്രതിഫലിച്ചത് ആദ്യമായി നടന്ന ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പിലാണ്. കൈപൊക്കിയാണ് അന്ന് തെരഞ്ഞെടുപ്പ് നടന്നത്. ശ്രീ. കണാരൻ മാസ്റ്ററാണ് അന്ന് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്. അന്ന് തൊട്ടിന്നോളം പുരോഗമന പ്രസ്ഥാനത്തിന്റെ പ്രതിനിധികൾ മാത്രമേ പ്രസിഡന്റ് പദത്തിലെത്തിയിട്ടുള്ളൂ. കണാരൻ മാസ്റ്ററെ തുടർന്ന് ശ്രീ. കെ.സി. ബാലകൃഷ്ണൻ നമ്പ്യാർ, ശ്രീ. കെ.കെ. വൈദ്യർ, ശ്രീ. ടി.പി. ഭാസ്കരൻ, ശ്രീ.പി. അനന്തൻ തുടങ്ങിയവരാണ് ഇന്നലെവരെ ഈ പഞ്ചായത്തിന്റെ പ്രസിഡന്റ് പദം അലങ്കരിച്ചത്. നിലവിലുള്ള പ്രസിഡന്റ് ശ്രീ. വി.കെ. രാഘവനാണ്.

1957-1970 കാലയളവിൽ കാർഷിക മേഖലയിലും ഭൂവുടമാ ബന്ധങ്ങളിലും കാതലായ മാറ്റങ്ങൾ വന്നു ചേർന്നു. ഇന്നിവിടെ ജൻമികളായി ആരുമില്ലെന്ന് പറയാം. എല്ലാം ഇടത്തരം കൃഷിക്കാരും കുടികിടപ്പുകാരും. കാർഷികമേഖലയിൽ മുരടിപ്പാണ്. മറ്റു തൊഴിലുകളിൽ ഏർപ്പെടാനാണ് മിക്കവരും ആഗ്രഹിക്കുന്നത്. ഒരു വലിയ വിഭാഗം ബീഡി മേഖലയിലാണ്, പ്രത്യേകിച്ചും ദിനേശ് ബീഡി മേഖലയിൽ. ഒരു കാലത്ത് അഞ്ചരക്കണ്ടി പുഴയിലൂടെ വിവിധ ഉൽപന്നങ്ങളുമായി ധാരാളം തോണികൾ ധർമ്മടം ലക്ഷ്യമാക്കി പോവുമായിരുന്നു. വൈകുന്നേരങ്ങളിൽ, നഗരത്തിൽ നിന്നും പലചരക്കുകളുമായി ഇങ്ങോട്ടും മടങ്ങും. എടക്കടവ് അന്ന് സജീവമായ മേഖലയായിരുന്നു. തോണിത്തൊഴിലാളി യൂനിയന്റെ പ്രവർത്തനം അക്കാലത്ത്

സജീവമായിരുന്നു. ഗതാഗത സൗകര്യം വിപുലമായതോടുകൂടി ജലഗതാഗതം ഒരോർമ്മയായി മാറി.

ആധുനിക വിദ്യാഭ്യാസത്തിന്റെ ആദ്യ കിരണങ്ങൾ, ഈ പഞ്ചായത്തിലെത്തിയിട്ട് നൂറ്റാണ്ട് കഴിഞ്ഞു. പൊതുവാച്ചേരി രാമർ വിലാസം പ്രൈമറി സ്കൂൾ സ്ഥാപിച്ചത് 1882-ൽ ആണ്. നൂറ്റാണ്ട് പഴക്കമുള്ള വേറെയും വിദ്യാലയങ്ങളുണ്ട്. മിക്ക വിദ്യാലയങ്ങളുടെയും തുടക്കം കുടിപ്പള്ളിക്കൂടങ്ങളോ സംസ്കൃത പഠന കേന്ദ്രങ്ങളോ ആയിട്ടായിരുന്നു. സംസ്കൃത പണ്ഡിതരായിരുന്ന വടവിൽ കമ്മാരൻ ഗുരുക്കൾ, ചെറിയത്ത് അനന്തൻ നമ്പ്യാർ, രാമർ ഗുരുക്കൾ, കണ്ണൻ ഗുരുക്കൾ എന്നിവർ ഈ മേഖലയിൽ ബഹുദൂരം സഞ്ചരിച്ചവരാണ്. ഒരു കാലത്തും ഉച്ചനീചത്വം വിദ്യാഭ്യാസമേഖലയിൽ തടസ്സമായി നിന്നിട്ടില്ല. ഇപ്പോൾ ഈ പഞ്ചായത്തിൽ 18 എൽ.പി. സ്കൂളും 6 യു.പി. സ്കൂളും 1 ഗവ: ഹയർസെക്കന്ററി സ്കൂളും പ്രവർത്തിച്ചുവരുന്നു. പെരളശ്ശേരി ഹൈസ്കൂൾ ഇന്നത്തെ നിലയിൽ പടുത്തുയർത്തുന്നതിൽ ഉദാരമതികളായ നാട്ടുകാരും എ.കെ.ജി.യും നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. പെരളശ്ശേരി എ.കെ.ജി. സ്മാരക ഗവ: ഹയർ സെക്കന്ററി സ്കൂൾ എന്ന് ഗവ: നാമകരണം നടത്തിയപ്പോൾ അന്വർത്ഥമായ മാറ്റം വന്നതായി ജനങ്ങൾ മനസ്സിലാക്കുന്നു. പ്രശസ്ത കവികളായ വി.വി.കെ., കെ.സി. കുട്ട്യപ്പ നമ്പ്യാർ തുടങ്ങിയവർ ഈ ഗ്രാമത്തിന്റെ കെടാവിളക്കുകളാണ്. ഒരു കോളേജിന് വേണ്ടിയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നിരുന്നെങ്കിലും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല.

കലാ സാംസ്കാരിക രംഗം ഇന്നലെ സജീവമായിരുന്നു. അര നൂറ്റാണ്ട് മുമ്പ് തന്നെ നാടകങ്ങൾ അരങ്ങേറിയിട്ടുണ്ട്. വെള്ളരി പറിച്ചൊഴിഞ്ഞ പാടങ്ങളിലായിരുന്നു നാടകം. പുരാണ കഥകളെ ആസ്പദമാക്കി പാട്ടുകൾക്കും വിദൂഷകനും മുൻകൈയുണ്ടായിരുന്ന നാടകങ്ങൾ. എ.കെ.ജി.യും നാടകങ്ങളിൽ വേഷമിട്ടിട്ടുണ്ട്. പഴയകാല ആചാരങ്ങളെന്ന നിലയിൽ കർക്കിടകം, ചിങ്ങം, കന്നി മാസങ്ങളിൽ ആടി,വേടൻ, കോതാമൂരി വേഷങ്ങൾ വീടുകൾ കയറിയിറങ്ങാറുണ്ട്. ഒരു പത്തു വർഷം മുമ്പു വരെയും അവ ഉണ്ടായിരുന്നു. പുതിയ ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സ്വാധീനത്തിൽ അത്തരം നാടൻ കലാ രൂപങ്ങൾ മുങ്ങിപ്പോയിരിക്കുന്നു. പഞ്ചായത്തിലെ ആദ്യത്തെ കലാ സമിതി ഉദയ കലാസമിതിയാണ്. എല്ലാ വാർഡുകളിലും, ആർട്സ് സ്പോർട്സ് ക്ലബ്ബുകൾ നിലവിലുണ്ട്. അവയിൽ വോയ്സ് ഓഫ് മാവിലായി, പി.ബി.എ.സി., ആർ.ഡി.സി. എന്നിവയാണ് സജീവമായി രംഗത്തുള്ളവ. ഇവയിൽ ചിലത് സാമൂഹ്യവും ഗ്രാമവികസന പരവുമായ മേഖലകളിലും കൈവച്ചിട്ടുണ്ട്. പ്രശസ്ത നാടക നടനും സംവിധായകനുമായ ശ്രീ. പി.കെ. രാഘവൻ, ചെറുകഥാകൃത്തും സംവിധായകനുമായ ശ്രീ. എം.കെ. മനോഹരൻ എന്നിവർ ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു.

വായനശാലകൾ ആരംഭിക്കുവാനുള്ള ശ്രമങ്ങൾ 1930-നു ശേഷമാണ് ഉണ്ടായത്. ഈ പ്രദേശത്ത് പടർന്നുപിടിച്ച കോളറാ രോഗത്തെ ചെറുക്കാൻ ഒരു സന്നദ്ധ സംഘം അക്കാലത്ത് രൂപം കൊണ്ടു. ബാരിസ്റ്റർ നായനാർ ഈ ഗ്രാമത്തിൽ വരുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം തരികയും ചെയ്തു. അതോടൊപ്പം ഗ്രാമീണരുടെ അന്ധവിശ്വാസവും അജ്ഞതയും നിർമ്മാർജ്ജനം ചെയ്യാനുള്ള പ്രചരണവും നടത്തി. അതിന്റെയൊക്കെ പശ്ചാത്തലത്തിലാണ് വായനശാലകൾ രൂപം കൊള്ളുന്നത്. ആദ്യമായി ചെറുമാവിലായി ദേശീയ വായനശാല (ചെറുമാവിലായി എ.കെ.ജി. സ്മാരക വായനശാല) പിന്നീട് മൂന്നാം പാലം പൊതുജന വായനശാല, വെള്ളച്ചാൽ കൃഷ്ണപ്പിള്ള സ്മാരക റീഡിങ്ങ് റൂം, മുണ്ടയോട് വായനശാല, മൂന്ന് പെരിയ വായനശാല, പെരളശ്ശേരി എ.കെ.ജി. സ്മാരക വായനശാല എന്നിവ സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ എല്ലാ വാർഡുകളിലും വായനശാലകളുണ്ട്. അവയിൽ പത്തോളം വായനശാലകൾ ഗ്രന്ഥാലയങ്ങൾ കൂടിയാണ്.

ക്ഷേത്രങ്ങളും കാവുകളും മുസ്ലീം പള്ളികളും കൊണ്ട് സമ്പന്നമാണ് ഈ ഗ്രാമം. വൈവിധ്യമാർന്ന തെയ്യക്കോലങ്ങൾ കാവുകളിൽ കെട്ടിയാടുന്നു. ഗുരുക്കൻമാരുടെ കോലം, കുങ്കിച്ചി, ഗുളികൻ, മുത്തപ്പൻ, ഭഗവതി, ചാമുണ്ഡി, എണ്ണിയാലൊടുങ്ങാത്ത കോലങ്ങളുണ്ട്. കൊല്ലം മുഴുവൻ തീർത്ഥാടകർ വന്നുപോകുന്ന ഒരു പ്രസിദ്ധ ക്ഷേത്രമാണ് പെരളശ്ശേരി അമ്പലം. ഇവിടെ സുബ്രഹ്മണ്യന്റെ പ്രതിഷ്ഠയാണ്. ശ്രീരാമൻ പെരുവളയൂരി ഇവിടെ പ്രതിഷ്ഠിച്ചു എന്നാണ് ഐതിഹ്യം. പെരുവളശ്ശേരിയാണ് പിന്നീട് പെരളശ്ശേരിയായതെന്ന് പറയപ്പെടുന്നു. തുലാസംക്രമം, 10,11 തീയ്യതികളിലാണ് സാധാരണ ഉത്സവം നടക്കുക. ഇതിന് കാവേരി സംക്രമം എന്നും പേരുണ്ട്. നാഗാരാധനക്ക് പേരുകേട്ട അമ്പലമാണ്. ആയില്യം നാളിനും ഇവിടെ പ്രത്യേകതയുണ്ട്.

മറ്റൊരു ക്ഷേത്രം മാവിലാക്കാവാണ്. വടക്കെ മലബാറിലെ കേൾവികേട്ട ഉത്സവമാണ് മാവിലാക്കാവിലെ അടിയുത്സവം. മൂത്ത കൂർവാടും ഇളയ കൂർവാടും തമ്മിലാണ് അടി നടക്കുക. അടിക്ക് കുളിക്കേണ്ടത് കൈക്കോൻമാരാണ് (നമ്പ്യാർ സമുദായം) മേടം 1 മുതൽ 6 വരെ യാണ് ഉത്സവം. മേടം രണ്ട് നാല് തീയ്യതികളിൽ അടിയുത്സവം നടക്കും. ആളുകളുടെ ചുമലിലിരുന്നാണ് അന്യോന്യം പൊരുതേണ്ടത്. ഐതിഹ്യം ഇങ്ങനെയാണ്. ഇല്ലത്തിൽ കൊണ്ടുവന്ന അവൽപൊതിയെച്ചൊല്ലി, ഉണ്ണികളായ ജ്യേഷ്ഠാനുജൻമാർ തർക്കവും അടിയുമുണ്ടാക്കി. ദൈവത്താർ അവരെ സമാധാനിപ്പിച്ച് തിരിച്ചയച്ചു. കുട്ടികളുടെ അടിയുടെ ഈ രംഗം എന്റെ ഉത്സവത്തിനും വേണമെന്ന് ദൈവത്താർ ആവശ്യപ്പെട്ടുവത്രേ. കാര്യമെന്തായാലും, നാട്ടുകാരെ സംബന്ധിച്ചിടത്തോളം, അടിയുത്സവം അവരുടെ വിശ്വാസത്തിന്റെ കൂടെ ഒരു ഭാഗമാണ്. മാവിലാക്കാവിൽ അടിക്കു കുളിച്ചിരുന്ന, കറുത്തനന്തനും, വെളുത്തനന്തനും, ദാമൂട്ടിയും, ജർമ്മൻ കുഞ്ഞപ്പയും, പൂഴിക്കാടനുമൊക്കെ ഇന്നും ജനങ്ങളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

മക്രേരി സുബ്രഹ്മണ്യക്ഷേത്രത്തിന്റെ പ്രതിഷ്ഠ നിർവ്വഹിച്ചത് ഹനുമാനാണെന്ന് പറയപ്പെടുന്നു. മർക്കടശ്ശേരി എന്നായിരുന്നു അന്നത്തെ പേരെന്നും പിന്നീടത് മക്രേരിയായി എന്നും മറ്റൊരു കഥയുണ്ട്. ഈ അമ്പലത്തോടനുബന്ധിച്ചുള്ള ചിറ, ഭാവിയിൽ ഏറെ പ്രയോജനപ്പെടുത്താൻ പഞ്ചായത്തിന് കഴിയും. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള തൃക്കപാലം ക്ഷേത്രം, ഒരു ശിവക്ഷേത്രമാണ്. കൊട്ടിയൂർ പെരുമാൾ ആദ്യം ഇവിടെയായിരുന്നുവെന്നും, പിന്നീട് കൊട്ടിയൂരിലേക്ക് മാറി എന്നും കഥയുണ്ട്. ഇതിന് ഉപോത്ബലകമായി തൃക്കപാലം അമ്പലത്തിൽ നിന്നും കൊട്ടിയൂരിലേക്ക് നെയ്യമൃത് കൊണ്ടു പോവുന്നത്, വിശ്വാസികൾ അനുസ്മരിക്കുന്നു. തൃക്കപാലം ക്ഷേത്രത്തിനും വിശാലമായ ഒരു ചിറയുണ്ട്. ഇതിലെ ജലം പ്രയോജനപ്പെടുത്താൻ പഞ്ചായത്തിന് കഴിയും.

മുണ്ടയോട്ടുള്ള ഗുരുക്കൻമാരുടെ കാവാണ് മറ്റൊന്ന്. ഗുരുക്കളുടെയും കാരണവരുടെയും കോലങ്ങളാണ് കെട്ടിയാടാറുള്ളത്. പണ്ടൊക്കെ കോഴി, ആട് എന്നിവയുടെ അറവായിരുന്നു പ്രധാന വഴിപാട്. അരനൂറ്റാണ്ട് മുമ്പ് ആ ചടങ്ങ് നിർത്തി.

സവർണ്ണമേധാവിത്വമുണ്ടായിരുന്ന ഒരു കാലഘട്ടത്തിലെ ചരിത്രവുമായി ഈ കാവ് ബന്ധപ്പെട്ടിരിക്കണം. വഴിനടക്കാൻും, ഈശ്വരാരാധന നടത്താനുമുള്ള അവകാശത്തിനു വേണ്ടി പോരാടിയ ഒരു ഗുരുക്കളുടെ കഥയാണ് പറഞ്ഞു കേൾക്കുന്നത്. ഗുരുക്കൾ അഭ്യാസിയും, വിജ്ഞാനിയും, സവിശേഷസിദ്ധിയുമുള്ള ആളുമായിരുന്നത്രേ. അദ്ദേഹത്തിന്റെ അമാനുഷമായ പ്രകടനം കണ്ട്, സംതൃപ്തനായ ചിറക്കൽ തമ്പുരാൻ, ആരാധനക്കും, സഞ്ചാരത്തിനും സ്വാതന്ത്ര്യം കൊടുത്തു എന്നു പറയപ്പെടുന്നു. കഥയെന്തായാലും അവർണ്ണ സവർണ്ണ വിഭാഗങ്ങൾ കൂടിച്ചേർന്നാണ് ഈ ഉത്സവം ഇന്നും പൂർത്തീകരിക്കുന്നത്.

ഈ പഞ്ചായത്തിലെ മുഹമ്മദീയരുടെ പ്രധാനമായ ഒരു ആരാധനാലയമാണ് പൊതുവാച്ചേരി പള്ളി. നൂറ്റാണ്ടുകൾക്ക് മുമ്പാണ് അത് സ്ഥാപിക്കപ്പെട്ടത്. ആ പ്രദേശത്തുള്ള മുഹമ്മദീയ സമൂഹം ഇരിവേരി പോലുള്ള ദൂരസ്ഥലങ്ങളിലേക്ക് പ്രാർത്ഥനക്കും, ശവസംസ്കാരത്തിനും പോകേണ്ടി വന്ന ഒരു കാലഘട്ടത്തിൽ, അലിവുതോന്നിയ ഒരു ഹിന്ദു കുടുംബക്കാരായിരുന്നവത്രേ പള്ളിക്ക് സ്ഥലം സംഭാവന ചെയ്തത്. ഈ സംഭാവന നൽകിയ ഏരത്ത് രയരോത്ത് കുടുംബക്കാരുടെ വീടുകൾ പള്ളിയുടെ സമീപത്തുണ്ട്. സാന്ദർഭികമായി പറയട്ടെ, ഈ പഞ്ചായത്തിൽ ഇന്നുവരെ സാമുദായിക കലാപം ഉണ്ടായിട്ടില്ല. മക്രേരി, മുണ്ടലൂർ എന്നിവിടങ്ങളിലെ പള്ളികളാണ് ഇസ്ലാം മത വിഭാഗക്കാരുടെ മറ്റ് രണ്ട് ആരാധനാലയങ്ങൾ.

ഒരു കാലത്ത് ഈ പഞ്ചായത്ത് കായികരംഗത്ത് മുൻപന്തിയിലായിരുന്നു. ഗുസ്തി പരിശീലന കേന്ദ്രം, സർക്കസ്സ് പരിശീലനം, കളരികെട്ടി മെയ്യഭ്യാസം ചെയ്യൽ എല്ലാം ഇവിടെയുണ്ടായിരുന്നു. ഫയൽവാൻ കുഞ്ഞമ്പുവാണ് ഗുസ്തി പരിശീലിപ്പിച്ചത്. ഇന്നത്തെപ്പോലെ വിനോദങ്ങളില്ലാതിരുന്ന അക്കാലത്ത് ഗുസ്തി മത്സരം കാണാൻ ഒട്ടേറെ ആളുകൾ തടിച്ചുകൂടും. ഫുട്ബോൾ, വോളിബാൾ, ബാഡ്മിന്റൺ എന്നിവയായിരുന്നു യുവാക്കളുടെ ഇഷ്ട വിനോദം. ക്രമത്തിൽ വിശാലമായ പറമ്പുകൾ നഷ്ടമായതോടുകൂടി ഫുട്ബോൾ കളി നിലച്ചുപോയി. പെരളശ്ശേരി,എടക്കടവ്, എന്നിവിടങ്ങളിലായിരുന്നു വോളിബോളും, ബാഡ്മിന്റനും നിലനിന്നിരുന്നത്. ഈ പഞ്ചായത്തിലെ വി.പി. കുട്ടികൃഷ്ണൻ വോളിബോൾ പ്ലെയർ എന്ന നിലയിൽ അർജ്ജുന അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.

കാർഷിക മേഖലയിലെ പ്രശസ്തമായ സേവനത്തിന് കേരള ഗവർമെന്റ് ഏർപ്പെടുത്തിയ 'കർഷകമിത്ര' അവാർഡ് നമ്മുടെ പഞ്ചായത്തിലെ ശ്രീ. എം.കെ.പി. മാവിലായി കരസ്ഥമാക്കിയിട്ടുണ്ട്.

ഒരു കാലത്ത് ആയുർവ്വേദ ചികിത്സയിലായിരുന്നു ഗ്രാമീണർക്ക് താൽപര്യം. കാടാച്ചിറ കണ്ണൻ വൈദ്യർ, ചിരുകണ്ടൻ വൈദ്യർ, കാരാത്താൻ കോരൻ വൈദ്യർ, കുട്ടിരാമൻ വൈദ്യർ, കെ.വി. കുഞ്ഞിരാമൻ വൈദ്യർ, നാണുക്കുറുപ്പ്, തോട്ടട ചാത്തുക്കുട്ടി വൈദ്യർ തുടങ്ങിയവരുടെ സേവനം ഗ്രാമവാസികൾക്ക് ലഭിച്ചിട്ടുണ്ട്. ഇന്ന് പെരളശ്ശേരി പഞ്ചായത്തിൽ ആയുർവ്വേദ ചികിത്സ നടത്തുന്ന മിക്കവരും മേൽക്കൊടുത്തവരുടെ ശിഷ്യഗണങ്ങളാണ്. ഇപ്പോൾ ആയുർവ്വേദത്തിന്റെ സ്ഥാനം അലോപ്പതി ഏറ്റെടുത്തിരിക്കുകയാണ്. ഹെൽത്ത് സെന്റർ, പഞ്ചായത്ത് ഡിസ്പൻസറി, തുടങ്ങിയവ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നു.

അനുകൂലവും പ്രതികൂലവുമായ ഏതു കാലാവസ്ഥയിലും പ്രതികരിക്കാനും പ്രവർത്തിക്കാനും പോയ തലമുറ ഈഗ്രാമത്തെ പഠിപ്പിച്ചിട്ടുണ്ട്. കേന്ദ്രീകൃതാസൂത്രണത്തിന്റെ അരനൂറ്റാണ്ട് കടന്നുപോയെങ്കിലും, കാര്യമായ പരിഗണന ലഭിക്കാത്ത ഒരു പഞ്ചായത്താണിത്. ഇവിടെയുള്ള ഗ്രാമീണറോഡുകളും, പാലങ്ങളും, മറ്റു സ്ഥാപനങ്ങളുമെല്ലാം പഞ്ചായത്ത് പടുത്തുയർത്തിയതാണ്. ദരിദ്രരായ ജനങ്ങളും തുച്ഛമായ വരുമാനവും കൊണ്ടാണ് ഇന്നോളം പിടിച്ചു നിന്നത്. ഒരു മാറ്റത്തിനു വേണ്ടി പ്രതീക്ഷയോടെ ഈ ഗ്രാമം കാത്തിരിക്കുന്നു. പഞ്ചായത്തുതല ആസൂത്രണ മേഖലയിൽ അവർകാണിക്കുന്ന താൽപര്യം അതാണ് വ്യക്തമാക്കുന്നത്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, വ്യവസായ സംരംഭങ്ങളുടെ അഭാവം, ഉപ്പുവെള്ളം മൂലമുണ്ടാകുന്ന വിളനാശം, കുടിവെള്ളത്തിന്റെ അഭാവം, കാർഷികമേഖലയുടെ മുരടിപ്പ്, തുടങ്ങി നിരവധി പ്രശ്നങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്.

ഏറെ ത്യാഗങ്ങൾ സഹിച്ച ഒരു ജനത, സാമൂഹ്യ രംഗത്ത് ജനോപകാരപ്രദമായ പ്രവർത്തനം കാഴ്ചവെച്ചവർ, ചുമട്ടുകാർക്കുവേണ്ടി റോഡരുകിൽ അത്താണി ഒരുക്കിക്കൊടുത്തവർ, അലഞ്ഞുതിരിയുന്ന കാലികൾക്കുവേണ്ടി വെള്ളം നിറച്ച തൊട്ടിയും വൈക്കോൽ കറ്റകളുമായി കാത്തിരുന്നവർ, സർവ്വോപരി അനീതിക്കെതിരായി പോരാടാൻ എന്നും മുന്നിൽ നിന്നവർ, അവരെ ഇപ്പോഴും ആവേശം കൊള്ളിച്ചുകൊണ്ട് അന്ത്യവിശ്രമം കൊള്ളുന്ന എ.കെ.ജി.! ഈ ഗ്രാമം പൊതുജീവിതത്തിന് ഏറെ നൻമകൾ നൽകിയിട്ടുണ്ട്. പോയ കാലത്തിന്റെ അനുഭവസമ്പത്തുമായി പുതിയ വികസന പ്രവർത്തനത്തിന് പ്രതീക്ഷയോടെ തയ്യാറെടുക്കുകയാണ് പഞ്ചായത്തിലെ ജനങ്ങൾ.

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

പെരളശ്ശേരി പഞ്ചായത്ത് സസ്യലതാദികളാൽ സമ്പന്നമായ ഒരു പ്രദേശമാണ്. പുഴയോട് ചേർന്ന ചതുപ്പ് നിലം, എക്കൽ മണ്ണുള്ള വയൽപ്രദേശം, വയലിനോട് ചേർന്ന് നിൽക്കുന്ന താഴ്വരകൾ, ഇടത്തരം ചെരിവുകൾ, കുന്നിൻ പ്രദേശങ്ങൾ എന്നീ തരത്തിലാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. വടക്ക് ചെമ്പിലോട്, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തും തെക്കും കിഴക്കും അഞ്ചരക്കണ്ടി പുഴയും പടിഞ്ഞാറ് മുഴപ്പിലങ്ങാട്, കടമ്പൂർ ചെമ്പിലോട് ഗ്രാമപഞ്ചായത്തുകളും പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അതിരുകളാണ്. മമ്പറം പാലം വേങ്ങാട് പഞ്ചായത്തിനേയും അഞ്ചരക്കണ്ടി റഗുലേറ്ററും ചെറുമാവിലായി പാറപ്രം പാലവും പിണറായി പഞ്ചായത്തിനെയും പെരളശ്ശേരിയുമായി ബന്ധിപ്പിക്കുന്നു. 19.04 സ്ക്വയർ കി.മീ. ആണ് പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി. അഞ്ചരക്കണ്ടി പുഴ 8കി.മീ. നീളത്തിൽ വളഞ്ഞ് പുളഞ്ഞ് പെരളശ്ശേരി പഞ്ചായത്തിനെ തഴുകി തലോടി കടന്നുപോകുന്നു. ഈ 8 കി.മീ. ദൂരം ജലഗതാഗത യോഗ്യമാണ്.

11 ഉയരമുള്ള കുന്നുകൾ പഞ്ചായത്തിന്റെറ പലഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ മൊത്തം ചെരിവ് കിഴക്ക് നിന്നും പടിഞ്ഞാറോട്ടാണെങ്കിലും ഈ കുന്നുകളുടെ സാന്നിദ്ധ്യം ചെരിവ് പല ഭാഗത്തേക്കായി തോന്നിപ്പിക്കുന്നു. ഈ മലഞ്ചെരിവിലെ ഇടതൂർന്ന കുറ്റിക്കാടുകളിൽ ഒരു കാലത്ത് നരി, കുരങ്ങ്, മുയൽ, കുറുക്കൻ, കാട്ടുപൂച്ച, മരപ്പട്ടി, മുള്ളൻ പന്നി, തുടങ്ങിയ മൃഗങ്ങൾ സുലഭമായിരുന്നു. ജൈവസമ്പത്തിന്റെ ആവാസകേന്ദ്രമായ ഈ മലമ്പ്രദേശങ്ങൾ ഉരുളൻ കല്ല് കൊത്തിയെടുത്തും മണ്ണെടുത്തും മരങ്ങൾ വെട്ടിമാറ്റിയും നാശത്തെ നേരിടുകയാണ്.

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ വെട്ട് കൽ മണ്ണും (62%), ചരൽമണ്ണ് (18%) ആണ് കാണപ്പെടുന്നത്. ആവശ്യമായ അളവിൽ ചൂടിനെയും ഈർപ്പത്തെയും നിലനിർത്താൻ ഈ മൺതരങ്ങൾക്ക് കഴിവുണ്ട്. തീരപ്രദേശങ്ങളിൽ മണൽ കലർന്ന എക്കൽമണ്ണും (8%) പുഴയോരങ്ങളിൽ ജലസംഭരണശേഷി കുറഞ്ഞ എക്കൽ മണ്ണും (12%) കാണപ്പെടുന്നു.

പഞ്ചായത്തിലെ പ്രധാന കുന്നുകൾ

1.	എരിഞ്ഞേരി മല	: ഉയരം 80 മീ.
2.	ആലക്കാട്ട് മല	: '' 90 മീ.
3.	പൊതുവാച്ചേരി പള്ളിക്കാട്	: '' 70മീ.
4.	നരിയാലൻ കുന്ന്	: '' 60 മീ.
5.	ഉച്ചൂളിക്കുന്ന്	: '' 110 മീ.
6.	തേനമ്പേറ്റ	: '' 60 മീ.
7.	ഉതിര് കുന്ന്	: '' 80 മീ.
8.	മണാട്ടിക്കുന്ന്	: '' 100 മീ.
9.	കിലാലൂർ വള്ളിക്കെട്ട് കുന്ന്	: '' 50 മീ.
10.	കോമത്ത് കുന്ന്	: '' 25 മീ.
11.	മഞ്ചക്കുന്ന്	: '' 30 മീ.

കാലാവസ്ഥ

കേരളത്തെ 13 കാർഷിക കാലാവസ്ഥാ പ്രദേശമായി തരം തിരിച്ചിട്ടുണ്ട്. ഇതിൽ പെരളശ്ശേരി പഞ്ചായത്ത് വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥാ പ്രദേശത്ത് ഉൾപ്പെടുന്നു.

മഴയുടെ ലഭ്യത മില്ലി മീറ്ററിൽ - 1995-ൽ

മഴ	ജനുവരി	ഫിബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായി	ആഗസ്ത്	സപ്തംബർ	ഒക്ടോബർ	നവമ്പർ	ഡിസംബർ	വാർഷിക വർഷപാതം
പഞ്ചായത്തിൽ				10	196	893	1145	494	62	397	169	43	3409
സംസ്ഥാന ശരാശരി	14	17	39	112	256	691	760	433	247	288	163	42	3062

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴലഭിക്കുന്നത് ജൂൺ,ജൂലായ്, ആഗസ്ത് മാസങ്ങളിലാണ്. ഈ മാസങ്ങളിൽ വെള്ള പ്പൊക്കവും മണ്ണൊലിപ്പും നീർക്കെട്ടും അനുഭവപ്പെടുന്നു. സംസ്ഥാന ശരാശരിയേക്കാളും 347 മി.മീറ്റർ മഴ നമുക്ക് ലഭിക്കു ന്നുണ്ടെങ്കിലും അത് കൊണ്ട് മെച്ചം അനുഭവപ്പെടുന്നില്ല. പെയ്യുന്ന മഴവെള്ളം മുഴുവനും തോടുകളിലൂടെ ഒഴുകി വളരെപെ ട്ടെന്ന് അഞ്ചരക്കണ്ടി പുഴയിൽ ചെന്ന് ചേരുന്നു. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ്. ഈ സമയമാകുമ്പോഴേക്കും ഉയർന്ന പ്രദേശങ്ങളിലെ കിണറുകളും തോടുകളും വറ്റിപ്പോകുന്നു. അഞ്ച രക്കണ്ടി പുഴയിൽ ഉപ്പിന്റെ കാഠിന്യം വർദ്ധിക്കുന്നു. പുഴയോരങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നു. പഞ്ചായ ത്തിൽ തണുപ്പ് കൂടുതൽ അനുഭവപ്പെടുന്നത് നവമ്പർ,ഡിസമ്പർ,ജനുവരി മാസങ്ങളിലാണ്.

സസ്യസമ്പത്ത്

തെങ്ങ്,നെല്ല്,കവുങ്ങ്, കശുമാവ്, കുരുമുളക്,വാഴ,മരച്ചീനി എന്നിവയാണ് കൃഷികൾ. കാച്ചിൽ,ചേന,മഞ്ഞൾ,ചേമ്പ് എന്നി വയും മറ്റ് പച്ചക്കറി കൃഷിയും നടത്താറുണ്ട്. മാവ്,പുളി,പ്ലാവ് എന്നിവയും വീട്ടുവളപ്പിൽ കാണാം.

ജനപ്രകൃതി

1991-ലെ സെൻസസ് പ്രകാരം പെരളശ്ശേരി പഞ്ചായത്തിലെ ജനസംഖ്യ 26,662 ആയിരുന്നു. ഇതിൽ 12,855 പുരുഷൻ മാരും 13,807 സ്ത്രീകളുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് 952 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 4,242 ആയിരുന്നു. അതായത് ശരാശരി വീട് ഒന്നിന് 6.28 പേർ താമസിക്കുന്നു. പട്ടികജാതി ജനസംഖ്യ 679 ആണ്. ഇതിൽ 331 പുരുഷൻമാരും 348 സ്ത്രീകളുമുണ്ട്. പട്ടിക വർഗ്ഗ ജനസംഖ്യ 7 ആണ്. ഇതിൽ 4 പുരുഷൻമാരും 3 സ്ത്രീകളും പെടുന്നു. പഞ്ചായത്തിലെ ജനസാന്ദ്ര ത ചതുരശ്ര കി.മീ.ന് 1374 പേരാണ്. സ്ത്രീ പുരുഷാനുപാതം 1000 പുരുഷൻമാർക്ക് 1074 സ്ത്രീകൾ എന്ന നിലയിലാണ്. പഞ്ചായത്തിന്റെ സാക്ഷരതാ ശതമാനം 93.57. പുരുഷ സാക്ഷരത 97.28 ഉം സ്ത്രീ സാക്ഷരത 90.16 ഉം ആണ്. പഞ്ചായത്തിൽ സ്ഥിരം ജോലിയുള്ളവരായി 7339 പേരും ഭാഗികമായി ജോലിയുള്ളവർ 743 പേരുമുണ്ട്. സ്ഥിരവും ഭാഗികവുമായ തൊഴിലുക ളുള്ള പുരുഷൻമാരുടെ എണ്ണം 5539 ആണ്. സ്ത്രീകളുടേത് 2543.

ജനസംഖ്യ - താരതമ്യ പഠനം

വർഷം	ആൺ	പെൺ	പഞ്ചായത്തിലെ ആകെ ജനസംഖ്യ
1981	11443	12113	23556
1991	12855	13807	26662

1971-ൽ 19788 പേരാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. 1981-ൽ ജനസംഖ്യ 16%വും 1991-ൽ 11.64 % വും വർ ദ്ധിച്ചതായി കാണാം.

വിദ്യാഭ്യാസരംഗത്ത് കണ്ണൂർ ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് പെരളശ്ശേരി പഞ്ചായത്ത് . വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധനയുണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കം നിൽ ക്കുന്നു. ഈ സ്ഥിതി വിശേഷം അടിയന്തിരമായി മാറ്റേണ്ടതുണ്ട്.

കൃഷിയും ജലസേചനവും

സമ്പന്നമായ കാർഷിക പൈതൃകമുള്ള മാവിലായി, മക്രേരി ഗ്രാമങ്ങൾ ചേർന്നതാണ് പെരളശ്ശേരി ഗ്രാമപഞ്ചായത്ത്. ദേശിയ പ്രസ്ഥാനത്തിന്റെ ഈറ്റില്ലമെന്ന് വിശേഷിപ്പിക്കാവുന്ന ഈ ഭൂവിഭാഗം അക്കാലത്ത് ശരിക്കും ഒരു കാർഷിക ഗ്രാമം തന്നെയായിരുന്നു. പുഴയോരങ്ങളും തോടുകളും താഴ്വരകളും കുന്നിൻ പ്രദേശങ്ങളും അരുവികളുമൊക്കെയായി ഈ നാടിന്നും ഏറെ ആകർഷകമാണ്. തീരപ്രദേശങ്ങളിൽ തലയുയർത്തി നിൽക്കുന്ന തെങ്ങുകളും പാടങ്ങളിൽ നെല്ലും പയറും പച്ചക്കറികളും പുരയിടങ്ങളിൽ തെങ്ങും കവുങ്ങും മാവും പ്ലാവും വാഴയും മരച്ചീനിയും ചേമ്പും ചരിവുകളിലും കുന്നിൻ പ്രദേശങ്ങളിലും ചെറിയ തോതിൽ കശുമാവും കൃഷിചെയ്തു വരുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് ദേവസ്വത്തിന്റെയും ഏതാനും ജന്മിമാരുടെയും ഉടമസ്ഥതയിലായിരുന്നു കൃഷിഭൂമി. കർഷക സംഘത്തിന്റെ മുന്നേറ്റവും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും ജൻമിത്വത്തിന്റെ അടിവേരറുക്കുന്നതിനുള്ള ചാലകശക്തിയായി മാറി. ഭൂപരിഷ്കരണ നിയമം നടപ്പായതോടെ ഭൂമിയുടെ കൈവശാവകാശകൻ ഉടമാവകാശിയായി. തുടർന്നുള്ള കാർഷിക പരിഷ്കരണ നടപടികൾ, സാമൂഹ്യ ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി.

പൊതുവേ കാർഷിക വിളവുകളുടെ ഇന്നത്തെ ഉൽപാദന ക്ഷമത പരിശോധിച്ചാൽ സംസ്ഥാന ശരാശരിയേക്കാൾ മോശമല്ല നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയെന്ന് കാണാൻ കഴിയും. പട്ടിക 1 ൽ നിലവിലുള്ള പ്രധാന വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും കാണിച്ചിട്ടുണ്ട്.

പട്ടിക - 1

മുഖ്യ വിളവുകളുടെ വിസ്തൃതി, ഉൽപാദനക്ഷമത,ഉൽപാദനം എന്നിവ

ക്രമനമ്പർ	വിള	വി. ഹെക്ടറിൽ	ഉൽപാദനം	ഉൽപാദന ക്ഷമത ഹെക്ടറിൽ
1	നെല്ല്			
	(ഒന്നാം വിള)	194	436.5 ടൺ	2.25 ടൺ
2	(രണ്ടാം വിള)	152	317.984 ''	2.092 ''
3	തെങ്ങ്	1236	113.712 ''	9200 എണ്ണം
4	കുരുമുളക്	55	13.75 ''	0.25 ടൺ
5	കവുങ്ങ്	64	277.76 ലക്ഷം എണ്ണം	4.34 ലക്ഷം
6	മരച്ചീനി	24	529.44 ടൺ	22.065 ടൺ
7	വാഴ	43	731 ''	17 ''
8	പയർവർഗ്ഗങ്ങൾ	48	19.2 ''	0.4 ''
9	പച്ചക്കറി	32	251.52 ''	7.868 ''
10	പ്ലാവ്	12	90 ''	7.5 ''
11	കശുമാവ്	126	107.1 ''	0.85 ''
12	മാവ്	13	78 ''	6 ''

താരതമ്യേന ഫലപുഷ്ടിയുള്ള തീരപ്രദേശങ്ങളിൽ തെങ്ങിന്റെ ഉൽപാദനക്ഷമത കുറയാനുള്ള കാരണങ്ങളിലൊന്ന് വർദ്ധിച്ച വൃക്ഷ സാന്ദ്രതയാണ്. ഇടവിള കൃഷി സാധിക്കാത്ത വിധത്തിൽ ഏക്കറിന് പരാമാവധി 70 തൈകൾ വരെ നടാം. പക്ഷേ മിക്ക പ്രദേശങ്ങളിലും ഇത് 120 ഉം അതിൽ കൂടുതലും ആണ്.

കെട്ടിട നിർമ്മാണത്തിനും നാണ്യവിളകൾക്കുമായി നെൽവയലുകൾ നികത്തപ്പെടുന്നതുകൊണ്ടു് 15% ത്തോളം വയലുകൾ പത്തു വർഷത്തിനകം കുറഞ്ഞുപോയിട്ടുണ്ട്. കശുമാവ്, കവുങ്ങ്, തെങ്ങ്, വാഴ എന്നിവയുടെ കൃഷിയിട വിസ്തീർണ്ണം ഈ കാലഘട്ടത്തിൽ 604 % വരെ വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഭൂവിസ്തൃതി 1914.52 ഹെക്ടറാണ്. ഇതിൽ പുരയിടം 1583.62 ഹെക്ടറാണ്. നിലം 262.36 ഹെക്ടറും പുറമ്പോക്ക് 68.54 ഹെക്ടറുമാണ്. കൃഷിയോഗ്യമായ തരിശ് തീരെ ഇല്ലെന്നു തന്നെ പറയാം. മണ്ണിന്റെ സ്ഥിതി താഴെ പറയും പ്രകാരമാണ്.

പട്ടിക - 2

മൺതരങ്ങളും ശതമാനവും

ചരൽമണ്ണ്	18%
വെട്ടുകൽ മണ്ണ്	62%
എക്കൽ മണ്ണ്	8%
മണൽമണ്ണ്	12%

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ വെട്ടുകൽമണ്ണും ചരൽമണ്ണുമാണ് കാണപ്പെടുന്നത്. ആവശ്യമായ അളവിൽ ചൂടിനെയും ഈർപ്പത്തെയും നിലനിർത്താൻ ഈ മൺതരങ്ങൾക്ക് കഴിവുണ്ട്. തീരപ്രദേശങ്ങളിൽ മണൽ കലർന്ന എക്കൽ മണ്ണും പുഴയോരങ്ങളിൽ ജലസംഭരണശേഷി കുറഞ്ഞ മണൽമണ്ണും കാണുന്നു. പൊതുവേ ഈ പ്രദേശങ്ങളിലെ എല്ലാതരം മണ്ണും നേരിയ അമ്ലരസമുള്ളതാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിലെ മണ്ണുപരിശോധനാഫലം കാണിക്കുന്നത്, മണ്ണിന്റെ അമ്ലരസം നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായിട്ടാണ്. എന്നാൽ ഭാവഹത്തിന്റെ നില താരതമ്യേന തൃപ്തികരമാണ്.

കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം ഈ പഞ്ചായത്തിലെ കാർഷിക വ്യവസ്ഥയുടെ പ്രത്യേക സവിശേഷതയാണ്. ഭൂരിഭാഗം ഉടമസ്ഥരും 50 സെന്റിന് താഴെ മാത്രം കൈവശമുള്ളവരാണ്. ഇതു സംബന്ധിച്ച വിവരം പട്ടിക - 2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 2

ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1. പത്ത് സെന്റിന് താഴെ	813
2. 10 സെന്റിനും 25 സെന്റിനും ഇടയിൽ	2783
3. 25 സെന്റിനും 50 സെന്റിനും ഇടയിൽ	1195
4 50 സെന്റിനും 1ഏക്കറിനും ഇടയിൽ	2584
5. 1 ഏക്കർ മുതൽ 2 ഏക്കർ വരെ	439
6. 2 ഏക്കർ മുതൽ 5 ഏക്കർ വരെ	138
7. 5 ഏക്കറിന് മുകളിൽ	3
ആകെ	7955

പിന്തുടർച്ചാവകാശത്തിന്റെയും മറ്റും ഫലമായി ഇത്തരം ഭൂമികൾ വീണ്ടും വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ബഹുഭൂരിപക്ഷം കർഷകരും തങ്ങളുടെ കൃഷിയിടങ്ങളിൽ നിന്നും കിട്ടുന്ന തുച്ഛവരുമാനം കൊണ്ട് ജീവിതം തള്ളിനീക്കാനാവാതെ മറ്റു ഉപജീവനമാർഗ്ഗങ്ങളിലേക്ക് തിരിഞ്ഞു. അതിനാൽ പാർട്ട്ടൈം കർഷകരാണ് നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിഭാഗവും.

നെൽകൃഷി

പഴയ കാലങ്ങളിൽ ഏറെ ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. തോടുകൾ, കുളങ്ങൾ എന്നിവ പരസ്പര ധാരണയോടെ ചിറകെട്ടി സംരക്ഷിച്ചും കൃഷിക്കുപയോഗിച്ചിരുന്നു. നാടൻവിത്തുകളായ നവര, തവളക്കണ്ണൻ,ചിറ്റേനി,കഴമ,ആര്യൻ,പൊന്നാര്യൻ എന്നിവയായിരുന്നു പ്രധാന ഇനങ്ങൾ. പച്ചില, ചാണകം,വെണ്ണീർ എന്നീ ജൈവ വളങ്ങൾ മാത്രം ഉപയോഗിച്ചാണ് കൃഷിചെയ്തുവന്നിരുന്നത്. ഈ പഞ്ചായത്തിൽ 262 ഹെക്ടർ കൃഷിയോഗ്യമായ പാടശേഖരങ്ങളുണ്ട്. പട്ടിക ഒന്നു പരിശോധിച്ചാൽ ഇപ്പോൾ ഒന്നാംവിള 74% സ്ഥലത്തും രണ്ടാം വിള 58% സ്ഥലത്തും മാത്രമാണെന്ന് കാണാം. മൂന്നാം വിളയായി പയർ പച്ചക്കറി കൃഷിചെയ്യുന്നത് വെറും ഇരുപത് ശതമാനം മാത്രവും.

എഴുപതുകളിലെ കണക്കുകൾ കാണിക്കുന്നത് ഒന്നും രണ്ടും വിളയായ 492 ഹെക്ടർ സ്ഥലത്തുനിന്നും 1030 ടൺ നെല്ലരി ഉൽപാദിപ്പിച്ചതായിട്ടാണ്. ഇപ്പോൾ ഇത് 346 ഹെക്ടറിൽ നിന്ന് 754.5 ടൺ നെല്ലരിയായി കുറഞ്ഞു. കഴിഞ്ഞ രണ്ടരദശാബ്ദത്തിനിടക്ക് 146 ഹെക്ടർ നെൽകൃഷി സ്ഥലവും 275.5 ടൺ നെല്ലരിയും നമ്മുടെ പഞ്ചായത്തിന് നഷ്ടമായി. അരി മുഖ്യ ഭക്ഷണമായ നമ്മുടെ നാടിന് ഈ സ്ഥിതി വിശേഷം ഉൽക്കണ്ഠാജനകമാണ്. നമ്മെ സംബന്ധിച്ചിടത്തോളം അരി ഒരു മുഖ്യഭക്ഷ്യവിള മാത്രമല്ല കന്നുകാലി സമ്പത്തിന്റെ നിലനിൽപിനു വേണ്ട വയക്കോലും കാർഷിക രംഗത്ത് ഏറ്റവുമധികം തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്നത് നെൽകൃഷിയാണ്. നമ്മുടെ പരിസ്ഥിതി സന്തുലനം കാത്തു സൂക്ഷിക്കുന്നതിലും ഭൂഗർഭജല വിതാനം സുരക്ഷിതമായി നിലനിർത്തുന്നതിലും നെൽപാടങ്ങൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. ഇത്രയേറെ പ്രത്യേകതകൾ അവകാശപ്പെടാനുള്ള നെൽകൃഷിയിൽ നിന്നും നമ്മുടെ കർഷകർ ഒരളവോളം പിൻമാറുന്നതിനുള്ള കാരണങ്ങൾ ഗ്രാമസഭകളിൽ

ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഉൽപാദനച്ചെലവിൽ വന്ന ക്രമാതീതമായ വർദ്ധനവ് തന്നെ മുഖ്യകാരണം. ഉർപ്പാദനച്ചെലവനുസരിച്ച് ഉൽപന്ന വിലയിൽ വലിയ മാറ്റമൊന്നുമുണ്ടായിട്ടില്ല. ഫലത്തിൽ നെൽകൃഷിയിൽ ചെലവായ തുകയെങ്കിലും കിട്ടിയാലായി എന്ന മട്ടായി. തൊഴിലാളികളെ എല്ലാവർക്കും ഒരേ സമയത്ത് ആവശ്യമായി വരുന്നത്കൊണ്ട് ഓരോരുത്തർക്കും നേരത്തിന് അവരെ കിട്ടാതെയുമായി. നെൽകൃഷിക്കുള്ള പരിപാലനമുറകൾ സമയത്തും കാലത്തും ചെയ്യാത്തത് ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. അനേകം വർഷങ്ങൾക്കുമുമ്പുണ്ടാക്കിയ ബണ്ടും മറ്റും കാലപ്പഴക്കത്തിൽ പ്രയോജനപ്രദമല്ലാതെ വന്നിരിക്കുന്നു. തോട് നിർമ്മാണം, തോടിന്റെ ആഴം വർദ്ധിപ്പിക്കൽ, തോടരികുകൾ ബലപ്പെടുത്തൽ, മണ്ണുമാറ്റൽ എന്നിവയൊന്നും കാര്യമായി നടക്കാത്തത് കൊണ്ട് ഒന്നാം വിളയിൽ വെള്ളക്കെട്ടും രണ്ടാം വിളയിൽ വരൾച്ചയും മൂലം കൃഷിയിറക്കാൻ സാധിക്കാതെയും ഇറക്കിയ കൃഷി പലപ്പോഴും പരാജയപ്പെടുന്നതിനും കാരണമാകുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് ഇന്ന് കൃഷി നടക്കുന്നത്. അഞ്ചരക്കണ്ടി റഗുലേറ്റർ പ്രവർത്തനക്ഷമമാക്കിയും കൃഷിയിൽ ശാസ്ത്രീയ രീതി അവലംബിക്കുകയും ചെയ്താൽ കാർഷികവിള ഇന്നുള്ളതിലും പതിൻമടങ്ങ് വർദ്ധിപ്പിക്കാൻ സാധിക്കും.

പയർ, പച്ചക്കറി

ഒന്നും രണ്ടും വിള നെൽകൃഷി കഴിഞ്ഞാൽ വ്യാപകമായി പച്ചക്കറി-പയർ വർഗ്ഗങ്ങൾ കൃഷിചെയ്യുന്ന രീതിക്കും മങ്ങലേറ്റിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനും നാണ്യവിളകൾക്കുമായി നെൽവയലുകൾ നികത്തപ്പെടുന്നത് കൊണ്ട് പ്രതിവർഷം 0.9 % മുതൽ 3.8% വയൽ വിസ്തൃതി കുറഞ്ഞുവരുന്നതായി കാണുന്നു. ഇത് പയർ-പച്ചക്കറി കൃഷിയെയും ബാധിച്ചിട്ടുണ്ട്.

പറമ്പുകൃഷി

മുഖ്യ വിളയായ തെങ്ങിന്റെ വാർഷിക ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ അൽപം കൂടുതലാണ്. തീരപ്രദേശങ്ങളിൽ തെങ്ങിന് ചെന്നീരൊലിപ്പ് എന്ന രോഗം വ്യാപകമായി കാണുന്നുണ്ട്. മണ്ണിന്റെ ഘടനാ വൈകല്യങ്ങൾ രോഗകാരണമായതിനാൽ ചികിത്സിച്ചു ഭേദമാക്കാനും പ്രയാസമുണ്ട്. കൂമ്പ് ചീയൽ ചിലസ്ഥലങ്ങളിൽ മാരകമായി അനുഭവപ്പെടാറുണ്ട്. 1580 ഹെക്ടർ വരുന്ന പുരയിടങ്ങളിലെ മുഖ്യ കൃഷി തെങ്ങുതന്നെ. വിശാലമായ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൾക്ക് സാധ്യതയുണ്ടെങ്കിലും വിരളമായി മാത്രമാണ് വാഴ തുടങ്ങിയ ഇടവിളകൾ കൃഷിചെയ്യുന്നത്. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയാണ് ഇതിന് കാരണം. എന്നാൽ വീട്ടു പറമ്പുകളിൽ മുഖ്യ വിളയോടൊപ്പം വാഴ,മരച്ചീനി,കുരുമുളക്, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയവയും ചെയ്ത് കൃഷിസ്ഥലം പരമാവധി ഉപയോഗപ്പെടുത്തിയത് കാണാം. ഈർപ്പം താരതമ്യേന കൂടുതൽ ലഭിക്കുന്ന പ്രദേശങ്ങളിൽ തനിവിളയായി കമുക് കൃഷിചെയ്തതായി കാണാം. ഇത്തരം തോട്ടങ്ങളിൽ ഇടവിളകൃഷി വ്യാപകമായിട്ടില്ല. കുരുമുളക് വളർത്തി ആദായം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ ഏറെയുണ്ട്.

കശുമാവ് കൃഷി തീരെ അവഗണിക്കപ്പെട്ട രീതിയിലാണ്. വളപ്രയോഗമോ സസ്യ സംരക്ഷണ പ്രവർത്തനങ്ങളോ നടത്താറില്ല. കാര്യമായ മുതൽ മുടക്കില്ല എന്നതിനാൽ പരിമിതമായിക്കിട്ടുന്ന വിളവ് ലാഭമായി കണക്കാക്കുന്നു.

നേന്ത്രവാഴകൃഷി

നേന്ത്രവാഴകൃഷി ഇന്നാട്ടിലെ ഒട്ടേറെ കർഷകരുടെ വരുമാന മാർഗ്ഗമാണ്. അധികപേരും പാട്ടത്തിന് സ്ഥലമെടുത്താണ് കൃഷിചെയ്യുന്നത്. നല്ല രീതിയിൽ പരിചരണം നൽകി വളർത്തിയാൽ അതനുസരിച്ച് കൃഷി ലാഭകരമാകും എന്നതാണ് ഈ കൃഷിയിലെ ആകർഷകത. എന്നാൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശം ചില കർഷകരെയെങ്കിലും വല്ലാതെ തളർത്താറുണ്ട്.

പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 6 പാടശേഖര സമിതികൾ നിലവിലുണ്ട്. അധികവും ഇനിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. കൃഷിവകുപ്പ് നെൽകൃഷിക്ക് അനുവദിക്കുന്ന സഹായങ്ങൾ പാടശേഖര സമിതികൾ വഴിയാണ് വിതരണം ചെയ്യുന്നത്.

പട്ടിക - 3

പാടശേഖരസമിതികളും പ്രവർത്തന പരിധിയും

1.	ബാവോട് പാടശേഖരം	32 ഹെ.
2.	മക്രേരി	28 ''
3.	മാവിലായി 1,2	32 ''
4.	മാവിലായി 3	38 ''
5.	മുണ്ടലൂർ	10 ''
6.	കോട്ടം	30 ''
	ആകെ	160 ''

പഞ്ചായത്തിലെ 5 ഹെക്ടറിനു താഴെ വിസ്തൃതിയുള്ള പാടങ്ങളിൽ പ്രത്യേക പാടശേഖര സമിതികൾ രൂപീകരിച്ചിട്ടില്ല.

കേര വികസന സമിതി

തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കായി സർക്കാർ നിർദ്ദേശപ്രകാരം പഞ്ചായത്ത് തലത്തിൽ ഒരു കേര വികസന സമിതി പ്രവർത്തിക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ സമഗ്ര തെങ്ങുകൃഷി പദ്ധതി പ്രകാരം തെങ്ങിൻ തോപ്പിൽ ജലസേചനം ഏർപ്പെടുത്താ

നുള്ള വിവിധ പദ്ധതികൾ ഈ സമിതി മുഖേനയാണ് നടപ്പിലാക്കുന്നത്. ഒട്ടേറെ തെങ്ങു കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിലുള്ള 'ഗ്രൂപ്പ് ഇറിഗേഷൻ' ഈ പഞ്ചായത്തിലെ 'കോട്ടം' എന്ന സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്. രണ്ടു മൂന്ന് യൂനിറ്റിന്റെ പണി പുരോഗമിച്ചു വരുന്നു.

വളം

സഹകരണമേഖലയിൽ 3ഉം സ്വകാര്യ മേഖലയിൽ 2ഉം വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം തൃപ്തികരമാണ്. കൃഷിക്കാവശ്യമായ എല്ലാവിധ രാസവളങ്ങളും യഥാസമയം സ്റ്റോക്ക് ചെയ്യാറുണ്ട്. രാസവളങ്ങൾ ഉപയോഗിക്കുന്നത് തികച്ചും ശാസ്ത്രീയമല്ല. അതുകൊണ്ട് കൃഷിച്ചെലവിന്റെ അനാവശ്യമായ വർദ്ധനവിന് കാരണമാകുന്നു. രാസവളത്തിന്റെ ഉപയോഗം വർഷംപ്രതി കൂടി വരുന്നതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. 1987 മുതൽ 1993 വരെ ക്രമാനുഗതമായ വർദ്ധനവ് കാണുന്നുണ്ടെങ്കിലും 1994-95 വർഷങ്ങളിൽ ഉപയോഗത്തിൽ നേരിയ കുറവ് കാണുന്നു. രാസവളങ്ങളുടെ വിലവർദ്ധനാണ് മുഖ്യ കാരണമായി ചൂണ്ടിക്കാട്ടുന്നത്.

പട്ടിക - 4

വളത്തിന്റെ ഉപയോഗം

വർഷം	നൈട്രജൻ	ഫോസ്ഫറസ്	പൊട്ടാഷ്
1987	4.2 ടൺ	6.6 ടൺ	6.8 ടൺ
1988	4.8 ''	6.9 ''	7.3 ''
1989	5.3 ''	7.2 ''	8.2 ''
1990	5.9 ''	7.4 ''	8.9 ''
1991	6.4 ''	7.8 ''	10.1 ''
1992	7.8 ''	8.4 ''	10.7 ''
1993	8.1 ''	9.2 ''	11.4 ''
1994	7.2 ''	6.4 ''	10.2 ''
1995	6.9 ''	5.9 ''	9.4 ''

സസ്യസംരക്ഷണമേഖല

കീടനാശിനി പ്രയോഗം താരതമ്യേന ഈ പഞ്ചായത്തിൽ കുറവാണ്. നേന്ത്രവാഴകൃഷിയിലാണ് പൊതുവേ കീടനാശിനി പ്രയോഗിക്കുന്നത്. കൃഷിഭവൻ വഴി കീടനാശിനി വിതരണം ചെയ്യാറുണ്ട്

കാർഷിക വായ്പ

ഈ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പെരളശ്ശേരി സർവ്വീസ് സഹകരണ ബേങ്ക്, മാവിലായി സർവ്വീസ് സഹകരണ ബാങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് വെള്ളച്ചാൽ, സെൻട്രൽ ബാങ്ക് എന്നീ സ്ഥാപനങ്ങൾ കർഷകരുടെ വായ്പാ ആവശ്യങ്ങൾ നിർവ്വഹിക്കുന്നു. പുറമെ കണ്ണൂർ കാർഷിക വികസന ബാങ്ക്, കണ്ണൂർ കനറാ ബാങ്ക്, കണ്ണൂർ ഫെഡറൽ ബാങ്ക്, എന്നീ സ്ഥാപനങ്ങളുടെയും കർഷകർ വായ്പ ഉപയോഗപ്പെടുത്താറുണ്ട്. കാർഷികാവശ്യത്തിന് കിണർ കുഴിക്കൽ, പമ്പു സെറ്റ് സ്ഥാപിക്കൽ, തെങ്ങു പുതു കൃഷി, വളപ്രയോഗം എന്നിവക്കാണ് മുഖ്യമായും വായ്പ ഉപയോഗപ്പെടുത്തുന്നത്.

പട്ടിക - 5

കാർഷിക വായ്പ സംബന്ധിച്ചുള്ള വിവരങ്ങൾ

സ്ഥാപനം	92-93	93-94	94-95	95-96
സഹകരണ ബാങ്കുകൾ	288000	537000	725000	796000
മറ്റു ബാങ്കുകൾ	364000	928060	1324000	1662000

നടീൽ വസ്തുക്കൾ

കർഷകർക്കാവശ്യമായ നടീൽ വസ്തുക്കൾ പരിമിതമായ തോതിൽ കൃഷിഭവൻ എല്ലാ വർഷങ്ങളിലും വിതരണം ചെയ്യാറുണ്ട്. ഇതിനുപുറമേ സർക്കാർ അംഗീകാരത്തോടെ രണ്ടു നഴ്സറികൾ നല്ല രീതിയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. മാവിലായി കീഴറയിലെ കേരളാ നഴ്സറിയും, ബാവോട് മക്രേരിയിലെ പൂങ്കാവനവും ആണ് ഇവ.

കൂലിനിരക്ക്

ഏകീകരിച്ച ഒരു കൂലി നിരക്ക് ഈ പഞ്ചായത്തിൽ നിലവിലില്ല. ശരാശരി കൂലി നിരക്ക് താഴെ ചേർക്കുന്നു. കൂലിക്ക് പുറമേ തൊഴിലാളികൾക്ക് ഭക്ഷണവും നൽകാറുണ്ട്. മറ്റു മേഖലയിൽ ലഭിക്കുന്ന കൂലിയുമായി താരതമ്യപ്പെടുത്തിയാൽ കാർഷികമേഖലയിൽ താഴ്ന്ന കൂലിനിരക്കാണ് നിലവിലുള്ളത്. പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികൾക്ക് കൂലി വളരെ കുറവാണെന്ന് കാണാം. എന്നാൽ കർഷകരെ സംബന്ധിച്ചേടത്തോളം ഇന്നുള്ള കൂലി നിരക്ക് തന്നെ താങ്ങാൻ കഴിയാത്തതാണ്.

പട്ടിക - 6 **കൂലി**

തൊഴിൽ	ജോലിസമയം	ശരാശരി കൂലി നിരക്ക് പു	സ്ത്രീ
കിളക്കാൻ	8 മണിക്കൂർ	80	-
കളപറിക്കാൻ	7.5 ''	-	40
കട്ട ഉടക്കാൻ	7.5 ''	-	40
ഞാറു നടൽ	7.5 ''	-	40
തേങ്ങയിടൽ	4.5 ''	100	-
കൊയ്ത്ത്	8 ''		10 സേർ നെല്ല്

വിപണന സൗകര്യം

തേങ്ങ, നേന്ത്രക്കായ്, കശുവണ്ടി, കുരുമുളക്, അടക്ക, പച്ചക്കറികൾ, നെല്ല്, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവയാണ് വിപണനത്തിനുള്ള പ്രധാന കാർഷിക വിളകൾ. ഇതിൽ പ്രധാന ഉൽപന്നമായ തേങ്ങക്ക് പോലും ഒരു പൊതുവിപണിയോ സഹകരണ വിപണിയോ പഞ്ചായത്തിൽ നിലവിലില്ല. ഇപ്പോൾ അടുത്തുള്ള ഏതെങ്കിലും കടകളിൽ കൊടുക്കുകയോ അല്ലെങ്കിൽ പ്രധാന വിപണികളായ ചക്കരക്കല്ല്, കണ്ണൂർ എന്നീ സ്ഥലങ്ങളെ ആശ്രയിക്കുകയുമാണ് ചെയ്യുന്നത്. സഹകരണാടിസ്ഥാനത്തിൽ കാർഷികോൽപന്നങ്ങൾ നേരിട്ടും, അതുപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം നടത്തുന്നതുമായ സംരംഭങ്ങൾക്ക് പഞ്ചായത്തുകളിൽ നല്ല സാദ്ധ്യതകളുണ്ട്.

പരിമിത ഭൂമിയിലെ കൃഷി

കുറ്റിമുല്ല, ഓർക്കിഡ്, പച്ചക്കറി, വെറ്റില എന്നിവ ഏതാനും സെന്റ് ഭൂമിയുള്ളവർക്ക് കൂടി ആദായകരമായി കൃഷി ചെയ്യാൻ സാധിക്കുന്നതാണ്. ഈ രംഗത്ത് വലിയ പുരോഗതി പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. കുററിമുല്ല, വെറ്റില, എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ മാവിലായി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ചുവടുവെപ്പു തുടങ്ങിയിട്ടുണ്ട്. കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയുടെ സാദ്ധ്യതകളും പരമാവധി ഉപയോഗപ്പെടുത്തണം. കൂൺ കൃഷിക്കുള്ള സ്പോൺ ഉൽപാദക യൂണിറ്റ് സഹകരണാടിസ്ഥാനത്തിലോ, മറ്റോ തുടങ്ങിയാൽ വലിയ പ്രോത്സാഹജനകമാകും. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കാവുന്നതാണ്.

ജലസേചനം

പരിമിതമായ ജലസേചന സൗകര്യം മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളൂ. പ്രധാനമായും മഴയെമാത്രം ആശ്രയിച്ചാണ് കൃഷി. വീട്ടുവളപ്പിലെ കൃഷിയിൽ ഏതാണ്ട് 18.6% പ്രദേശങ്ങളിൽ പമ്പുസെറ്റുകൾ ഉപയോഗിച്ച് ജലസേചനം നടത്തിവന്നിരുന്നു. കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച മഴയുടെ വിവരം പട്ടിക 7 ൽ നൽകുന്നു.

പട്ടിക - 7

മഴയുടെ അളവ് (മി.മീ.)

വർഷം	ജനു	ഫിബ്ര	മാർ	ഏപ്രി	മെയ്	ജൂൺ	ജൂലായ്	ആഗ	സപ്ത	ഒക്ടോ	നവ	ഡിസ	ആകെ
1991	-	-	-	-	128	803	1481	613	69	384	64	190	3732
1992	-	-	-	15	114	916	1347	409	168	478	102	98	3647
1993	-	-	-	7	131	1094	1201	396	173	502	180	20	3704
1994	-	-	-	18	89	869	1248	615	47	308	201	278	3573
1995	-	-	-	10	196	893	1145	494	62	397	169	43	3409

പട്ടിക - 8 **ജലവുമായി ബന്ധപ്പെടുന്ന ആസ്തികൾ**

1. അഞ്ചരക്കണ്ടി പുഴ	8 കി.മീ.
2. തോട്/അരുവി	32 എണ്ണം
3. കുളം വറ്റാത്തത്	42 ''
4. കുളം വറ്റുന്നത്	25 ''
5. വി.സി.ബി.	8 ''
6. കുഴൽകിണർ	21 ''
7. പൊതുകിണർ	34 ''

മണ്ണു ജല സംരക്ഷണം

പഴയകാലങ്ങളിൽ വരമ്പുകളിട്ടും തട്ടുകൾ തിരിച്ചും അതിർത്തികളിൽ മരങ്ങൾ വച്ചു പിടിപ്പിച്ചും മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനവും ഭൂമിയുടെ തുണ്ടുവൽക്കരണവും കാർഷിക

വ്യത്തിയോടു വന്ന വിമുഖതയും മണ്ണു സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. പഴയ രീതിയിലുള്ള കർക്കടക്കൊത്തും, വരമ്പിടലും, തെങ്ങിൻ തോട്ടത്തിൽ ചാലുകളെടുത്തും ചകിരി നിറച്ചും നമ്മുടെ മണ്ണിൽ പരമാവധി ജലം സംഭരിച്ചു നിർത്താനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇത് ഭൂഗർഭജല നിരപ്പ് ഉയർത്താനും വരൾച്ചയുടെ കെടുതിയിൽ നിന്നും നമ്മുടെ നാടിനെ രക്ഷിക്കാനും സാധിക്കും.

പ്രശ്നങ്ങൾ, സാദ്ധ്യതകൾ

1. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം മൂലം ബഹുഭൂരിപക്ഷം കുടുംബാംഗങ്ങൾക്കും പരിമിത ഭൂമി മാത്രമാണ്. കൃഷിയിൽ താരതമ്യേന വിമുഖത കാട്ടുന്ന ഇത്തരക്കാരെ സംഘടിപ്പിച്ചു കാർഷിക പ്രവർത്തനങ്ങളെപ്പറ്റി പഠിപ്പിക്കുകയും കഴിയുന്നത്ര കാർഷികോൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതായി ഓരോ കുടുംബത്തേയും പോത്സാഹിപ്പിക്കുകയും ചെയ്യാം. ഇത്തരക്കാരിൽ ലോകവ്യവസായമായി വളർന്നു വരുന്ന ആന്തൂറിയം, ഓർക്കിഡ് കൃഷി പ്രചരിപ്പിക്കാം. കുറ്റിമുല്ല, വെറ്റിലകൃഷി, കൂൺകൃഷി, സെറികൾച്ചർ, തേനീച്ച വളർത്തൽ എന്നിവയുടെ സാദ്ധ്യതകളും കണ്ടെത്തണം.

2. പഴശ്ശി പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ കൂടി പോകുന്ന കനാലുകളൊന്നും പ്രവർത്തനക്ഷമമായിട്ടില്ല. എത്രയും വേഗം ഇവ കാര്യക്ഷമമാക്കി പൂർണ്ണമായ രീതിയിൽ കൃഷിക്കുപയുക്തമാക്കണം.

3. അഞ്ചരക്കണ്ടി പദ്ധതിയിലുള്ള റഗുലേറ്ററിന്റെ ഷട്ടറുകൾ പൊളിഞ്ഞുകിടക്കുന്നതിനാൽ ഉപ്പുവെള്ളം കയറി കൃഷിനാശമുണ്ടാകുന്നു. പദ്ധതിയുടെ ബാക്കി പണികൾ പൂർത്തീകരിച്ച് പ്രാവർത്തികമാക്കുന്നതോടെ നാണ്യ ധാന്യ വിളകൾക്കും പച്ചക്കറി, വാഴ തുടങ്ങിയവക്കും ഒട്ടേറെ പ്രയോജനകരമാകും.

4. പഞ്ചായത്തിലെ നെല്ലുൽപാദനം കുറഞ്ഞുവരുന്ന പ്രവണതയുടെ സാഹചര്യത്തിൽ ചെറുകിട യന്ത്രവൽക്കരണം ഈ രംഗത്ത് പരിവർത്തനങ്ങൾ ഉണ്ടാക്കാൻ സഹായിക്കും. നെൽകൃഷി മേഖലയിലുള്ള ടില്ലർ, നടീൽ യന്ത്രം, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, സ്പെയറുകൾ എന്നിവയുടെ പ്രയോജനം എല്ലാ കർഷകർക്കും സൗജന്യ നിരക്കിൽ ലഭ്യമാകും വിധം സംവിധാനമുണ്ടാകണം. നെൽകൃഷിക്കാവശ്യമായ എല്ലാവിധ ഉൽപാദനോപാധികൾക്കും സബ്സിഡി ലഭ്യമാക്കണം.

5. എല്ലാവിധ കൃഷികളിലും കീടരോഗബാധകൾ നിയന്ത്രിക്കാൻ യഥാസമയം തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും ലഭിക്കാൻ പ്രയാസമനുഭവപ്പെടുന്നു. ഇതൊഴിവാക്കാൻ പരിശീലനം നൽകിയ പ്രത്യേകടീമിനെ വാർഡ് അടിസ്ഥാനത്തിൽ അല്ലെങ്കിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ സജ്ജമാക്കുന്ന കാര്യം പരിഗണിക്കണം.

6. പുഴയോരങ്ങളിൽ തെങ്ങിനെ വ്യാപകമായ തോതിൽ ചെന്നീരൊലിപ്പ് രോഗം ബാധിച്ചിട്ടുണ്ട്. മണ്ണിന്റെ ഘടനാവൈകല്യങ്ങളാണ് രോഗകാരണമെന്നുള്ളതിനാൽ ഈ സാഹചര്യത്തിൽ രോഗം ചികിത്സിച്ച് മാറ്റാൻ സാദ്ധ്യമല്ലെന്നാണ് വിദഗ്ധാഭിപ്രായം ആയതിനാൽ ഇത്തരം പ്രദേശങ്ങളിൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റാനും പകരം പ്രതിരോധ ശേഷിയുള്ള നല്ലയിനം തൈകൾ വച്ചുപിടിപ്പിക്കാനും സഹായ പദ്ധതികൾ ഉണ്ടാവണം.

7. കാർഷികാവശ്യങ്ങൾക്ക് പമ്പുസെറ്റ് സ്ഥാപിച്ച് വർഷങ്ങളോളം വൈദ്യുതി കണക്ഷൻ ലഭിക്കാത്ത കർഷകർക്ക് പ്രയാസമുണ്ടാക്കുന്നു. ഈ സാഹചര്യം ഒഴിവാക്കാൻ കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ എത്രയും പ്രാധാന്യം നൽകി ഏറ്റവും വേഗത്തിൽ ലഭിക്കാനുള്ള നിയമങ്ങൾ ഉണ്ടാവണം.

8. കൃഷിയിൽ ഉപ്പുവെള്ളം കയറുന്നതു തടയാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. പഞ്ചായത്തിലെ 1,2,3,4,5,9,10,11 വാർഡുകളിലെല്ലാം ഉപ്പുവെള്ളം കൃഷിക്ക് ഗണ്യമായ നാശം വരുത്തുന്നു.

9. പാനേരിച്ചാൽ-കുറ്റിവയൽ തോട് പ്രദേശം പ്രകൃതിദത്ത നീർമറി പ്രദേശമാണ്. ഈ പ്രദേശത്തെ ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് സഹായങ്ങൾ നൽകണം.

10. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന അഞ്ചരക്കണ്ടി പുഴയോരങ്ങളിൽ പലയിടത്തും മണ്ണിടിഞ്ഞ് വർഷംതോറും തെങ്ങ്, കമുക്, വാഴ എന്നീ കൃഷികൾക്ക് നാശമുണ്ടാകുന്നുണ്ട്. പുഴയോരങ്ങളിൽ അവശേഷിക്കുന്ന സ്ഥലങ്ങളിൽ കൂടി കരിങ്കൽഭിത്തി കെട്ടി ഉടൻ സംരക്ഷിക്കുന്നതാണ്.

11. ബാവോട് വെള്ളുത്ത കുന്നത്ത് കാവിന്റെ പരിസരം മണ്ണിന്നടിയിൽ കരിങ്കൽപാറകളാണ്. ഈ പ്രദേശത്ത് ജല ദൗർലഭ്യമുണ്ട്. അനുയോജ്യമായ പദ്ധതി തയ്യാറാക്കി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.

12. വീട്ട് വളപ്പിൽ വാഴകൃഷി, പച്ചക്കറി കൃഷി എന്നിവ പ്രോൽസാഹിപ്പിക്കാൻ ആവശ്യമായ നടീൽ വസ്തുക്കൾ സൗജന്യമായി നൽകണം.

13. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ തോടുകളിൽ നിലവിലുള്ള വി.സി.ബി. റിപ്പയർ ചെയ്യുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ സൈഡ് കെട്ടുകയും വേണം.

14. പഞ്ചായത്തിൽ ഒരു കൊപ്ര സംഭരണ, സംസ്കരണ കേന്ദ്രം സഹകരണ മേഖലയിൽ ഉണ്ടാകണം.

15. തൃക്കപാലം ചിറ ആഴം കൂട്ടി വെള്ളം പമ്പുചെയ്ത് നെല്ല്, പച്ചക്കറി എന്നിവക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

16. പഞ്ചായത്തിൽ മിനി വാട്ടർഷെഡ് പ്രദേശങ്ങൾ (വടക്കുമ്പാട് വലിയ തോടിൻ പ്രദേശം പോലുള്ളവ) തിരിച്ചറിഞ്ഞ് കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കണം.

17. നിലവിലുള്ള കുളങ്ങൾ അറ്റകുറ്റപ്പണി തീർത്ത് ആഴം കൂട്ടി ജലസേചനത്തിന് യോഗ്യമാക്കണം. പമ്പുസെറ്റുകൾ സ്ഥാപിക്കാൻ അനുയോജ്യമായ കുളങ്ങളിൽ സാദ്ധ്യതകൾ പരിഗണിക്കണം.

18. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സർക്കാർ സൗജന്യമായി നൽകിയ പമ്പുസെറ്റുകൾ പ്രവർത്തനക്ഷമമല്ലാതെ തുരുമ്പെടുക്കുന്നു. അത് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടു വന്ന് പ്രവർത്തനക്ഷമമാക്കണം.

19. കാർഷിക സമിതികൾക്ക് സർക്കാർ സഹായ നിരക്കിൽ വിതരണം ചെയ്ത ടില്ലർ തുടങ്ങിയ കാർഷിക ഉപകരണങ്ങൾക്ക് പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണം ഉണ്ടാവണം.

20. നിലവിലുള്ള കാർഷിക സമിതികൾ (പാടശേഖര-കേര) കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണം.

21. നെൽപാടങ്ങൾ നികത്തി പറമ്പുകളാക്കുന്ന പ്രവണത പൂർണ്ണമായും തടയണം. ശേഷിക്കുന്ന വയലുകളെങ്കിലും നിലനിർത്താൻ കർശന നടപടികൾ വേണം.

22. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.

23. പ്രകൃതിക്ഷോഭ ദുരിതാശ്വാസം എല്ലാവിധ കൃഷി നാശത്തിനും ലഭിക്കുന്നില്ല. ഉദാഹരണത്തിന് മൈസൂർ വാഴ. കൃഷി നശിച്ച മുഴുവൻ കർഷകർക്കും നിശ്ചിത തുക ലഭിക്കുമെന്ന് ഉറപ്പുവരുത്തണം.

24. കുരുമുളക് എല്ലാവിധ താങ്ങുമരങ്ങളിലും വെച്ചുപിടിപ്പിക്കുന്നത് ശീലമാക്കി മാറ്റിയെടുക്കാനുള്ള ഊർജ്ജിത പരിശ്രമവും അതിനുള്ള സഹായവും നൽകണം.

25. ജൈവവളം സുലഭമായി ഉൽപാദിപ്പിക്കാനുള്ള പ്രോത്സാഹന പദ്ധതികൾ വേണം. ഇതിനെല്ലാം പുറമേ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം ഫീൽഡ്തലത്തിൽ പൂർണ്ണമായും ലഭിക്കാനുതകുന്ന വിധം കൃഷി ഭവന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കണം.

മൃഗ പരിപാലനം

വിശാലമായ നെൽവയലുകളും തോടുകളും പുൽത്തകിടികളും നിറഞ്ഞ ഭൂപ്രദേശമാണ് പെരളശ്ശേരി പഞ്ചായത്തിലുള്ളത്. കാർഷിക വൃത്തിയോടൊന്നിച്ച് കന്നുകാലി വളർത്തലും പണ്ട് കാലം മുതലേ ഇവിടെ തുടർന്നു വന്നിരുന്നു. അതുകൊണ്ട് കൃഷിക്കാവശ്യമായ ജൈവവളം കന്നുകാലി വളർത്തലിലൂടെ ലഭ്യമായിരുന്നു. മുൻകാലങ്ങളിൽ വീടിനോട് തൊട്ട് കൊണ്ടാണ് കാലിത്തൊഴുത്തും ഉണ്ടായിരുന്നത്. അവക്ക് പച്ചപ്പുല്ലും തവിടും മാത്രമാണ് ആഹാരമായി കിട്ടിയിരുന്നത്.

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട വളർത്ത് മൃഗങ്ങളാണ് പശു, ആട്, മുതലായവ. നാമമാത്രമായി നായകളെയും വളർത്തപ്പെടുന്നുണ്ട്. മുൻകാലങ്ങളിൽ ധാരാളം കാളകളെ ഈ പ്രദേശത്ത് വളർത്തിയിരുന്നു. വിത്ത് കാളകളായും വണ്ടിക്കാളകളായും ഉഴവു കാളകളായും ഇവയെ ഉപയോഗിച്ചിരുന്നു. മുൻകാലങ്ങളിൽ വളർത്ത് മൃഗങ്ങൾക്ക് അസുഖം ബാധിച്ചാൽ നാമമാത്രമായ ചികിത്സയേ ലഭ്യമായിരുന്നുള്ളൂ. നാട്ട് വൈദ്യൻമാരെയാണ് ചികിത്സക്കായി ആശ്രയിക്കാറ്.

1962-ൽ ഒരു ഫസ്റ്റ് എയിഡ് കേന്ദ്രം മാത്രമായി ആരംഭിച്ചതാണ് ഇന്നത്തെ മാവിലായി മൃഗാശുപത്രി. എന്നാൽ ഇന്ന് ചികിത്സാ സൗകര്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും അതിനെ എല്ലാ കർഷകരും ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ഈ കാര്യത്തിൽ കർഷകരുടെ മേഖലയിൽ കൂടുതൽ ബോധവൽക്കരണം അത്യാശ്യമാണ്. മാവിലായി വില്ലേജിൽ മൂന്നു പെരിയയിലുള്ള മൃഗാശുപത്രിയെയാണ് ഭൂരിഭാഗം കർഷകരും ചികിത്സാ സൗകര്യത്തിനായി ആശ്രയിക്കുന്നത്. ഇത് കൂടാതെ വെള്ളച്ചാലിൽ ഒരു ഐ.സി.ഡി.പി. കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾ ഇവിടെ ഉണ്ടായത് കൊണ്ട് നല്ല ഗുണമുള്ള കാലി സമ്പത്ത് പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. മൂന്നുപെരിയയിലെ ആശുപത്രിയോടനുബന്ധിച്ച് മൊബൈൽ ഫാം എയ്ഡ് യൂനിറ്റ് കൂടി നിലവിൽ വന്നിട്ടുണ്ടെങ്കിലും അത് ഇന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ആശുപത്രിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായും ഉപകാരപ്രദവുമായും നടത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്യണം. ആശുപത്രിയിൽ കൂടുതൽ മരുന്ന് ലഭ്യമാക്കാനാവശ്യമായ നടപടിയുണ്ടാവണം.

പഞ്ചായത്തിൽ 2138 പശുക്കളാണ് നിലവിലുള്ളത്. അതിൽ 500 കന്നുകുട്ടികളാണ്. 400 എണ്ണം നാടൻ പശുക്കളും പാലുൽപാദനക്ഷമത കുറഞ്ഞവയുമാണ്. 1738 സങ്കരയിനം പശുക്കളാണെങ്കിലും പാലുൽപാദനക്ഷമത കുറഞ്ഞവയെയും കാണാൻ കഴിയും. നാടൻ പശുക്കളിൽ നിന്നും ശരാശരി 2 ലിറ്ററോളം പാൽ മാത്രമാണ് ലഭിക്കുന്നത്. സങ്കരയിനം പശുക്കളിൽ നിന്നും ശരാശരി 6 ലിറ്റർ പാൽ ലഭിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു വർഷം 62 ലക്ഷം രൂപയുടെ പാൽ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ബഹുഭൂരിപക്ഷം പശുക്കളെയും കൃത്രിമ ബീജസങ്കലനം വഴിയാണ് ഗർഭധാരണം നടത്താറ്. എന്നാൽ ഇത് പല പ്പോഴും പരാജയപ്പെടുന്നതായും കണ്ടുവരുന്നു. ഗുണനിലവാരം കുറഞ്ഞ ബീജമാണെന്ന പരാതിയുമുണ്ട്. ബാവോട് പ്രദേശത്തുള്ള വിത്ത് കാളയെയും ബീജസങ്കലനത്തിനായി ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ വർഷം പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട് 697 കേസുകൾ ഉണ്ടായതായി ആശുപത്രി രേഖകൾ പറയുന്നു. ശരിയായി പരിചരണം കിട്ടാത്തതും പോഷകാഹാരക്കുറവുമാണ് ഇത്തരം തകരാറുകൾക്ക് കാരണം. പഞ്ചായത്തിലെല്ലായിടത്തും പശുക്കളെ വളർത്തുന്നുണ്ടെങ്കിലും ഒന്നും രണ്ടും വാർഡുകളിലാണ് കൂടുതലായി വളർത്തുന്നത്. ആടുകളെ വ്യാപകമായി വളർത്തുന്നില്ല. 499 ആടുകൾ മാത്രമേ ഈ പഞ്ചായത്തിലുള്ളൂ. വലിയ സാമ്പത്തിക ബാധ്യതയില്ലാതെ വളർത്താൻ കഴിയുന്ന മൃഗമാണ് ആട്. പച്ചപ്പുല്ല് ധാരാളമുള്ള കുന്നിൻ പ്രദേശം പശ്ചാത്തലമായുള്ള സ്ഥലം ആടുവളർത്തലിന് തിരഞ്ഞെടുക്കാം. പഞ്ചായത്തിൽ 3-ാം വാർഡിൽ നല്ല നിലയിൽ നടത്തുന്ന ഒരു ആട് വളർത്തു കേന്ദ്രമുണ്ട്. അത്തരത്തിലുള്ള യൂനിറ്റുകൾ ഉണ്ടാക്കാനാവശ്യമായ പ്രോത്സാഹനം ആവശ്യമാണ്.

മുയലുകളെ കൗതുകത്തിന് ചുരുക്കം ചില വീടുകളിലെങ്കിലും വളർത്തുന്നുണ്ട്. മാംസാവശ്യത്തിനു മാത്രമായി വളർത്തുന്നില്ല. എന്നാൽ ഇവക്ക് പ്രത്യുൽപാദന നിരക്ക് കൂടുതലായതുകൊണ്ട് മാംസാവശ്യത്തിന് മുയലുക്കളെ വളർത്തുന്നത് ലാഭകരമായിരിക്കും.

ഇന്ന് വളർത്തുന്ന മൃഗങ്ങളെ വേണ്ടരീതിയിൽ പരിപാലിക്കാനും സംരക്ഷിക്കാനും കഴിയാത്ത സ്ഥിതിയാണ് വളർന്നു വരുന്നത്. കാർഷിക രംഗത്ത് നെൽകൃഷി കുറഞ്ഞുവരുന്നത് കൊണ്ട് നാടൻ വൈക്കോലിന്റെ ലഭ്യത കുറഞ്ഞ് വരുന്നു. മറ്റ് സ്ഥലങ്ങളിൽ നിന്ന് വൈക്കോൽ കൊണ്ടു വന്നാണ് ഈ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നത്. അതിന് ഉയർന്ന വില നൽകേണ്ടി വരുന്നു. പിണ്ണാക്ക്, കാലിത്തീറ്റ, തുടങ്ങിയവയും അന്യസംസ്ഥാനങ്ങളിൽ നിന്നും അന്യ ജില്ലകളിൽ നിന്നുമാണ് കൊണ്ടു വരുന്നത്. നമ്മുടെ പ്രദേശത്ത് ഇടവിളയായി കൂടുതൽ തീറ്റപ്പുല്ല് വളർത്താൻ കഴിയും. അതിന് വേണ്ടിയുള്ള ബോധവൽക്കരണവും പ്രോൽസാഹനവും അത്യാവശ്യമാണ്.

പെരളശ്ശേരി പഞ്ചായത്തിലെ വെള്ളച്ചാൽ കേന്ദ്രമാക്കി 1,2, വാർഡുകൾ ഉൾക്കൊള്ളുന്ന ഒരു ക്ഷീരോൽപാദക സഹകരണ സംഘവും മൂന്നുമുതൽ പതിനൊന്ന് വരെ വാർഡുകൾ ഉൾക്കൊള്ളുന്ന പെരളശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. രണ്ട് സഹകരണ സംഘങ്ങൾക്ക് കീഴിലും പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഓരോ യൂനിറ്റുകൾ ഉണ്ട്. ഇതിൽ പെരളശ്ശേരി ക്ഷീര സഹകരണ സംഘത്തിന് ചില സ്ഥലങ്ങളിൽ പാൽ സംഭരിക്കാനും വിതരണം ചെയ്യാനും വേണ്ട സംവിധാനം ഇല്ല. പെരളശ്ശേരി പഞ്ചായത്തിലെ ഭൂരിഭാഗം പശുക്കളും വെള്ളച്ചാൽ സഹകരണ സംഘത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലാണ് വളർത്തപ്പെടുന്നത്. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ മുഴുവനായും സംഭരിക്കാനും വിതരണം ചെയ്യാനും കഴിയണം. അല്ലെങ്കിൽ സമീപഭാവിയിൽ ഇവിടുത്തെ കർഷകർ പശുക്കളെ വളർത്തുന്നതിന് വിമുഖത കാണിക്കാൻ സാധ്യതയുണ്ട്. പഞ്ചായത്തിൽ സംഘടിത മേഖലയിൽ ഒരു ദിവസം ഉൽപാദിപ്പിക്കപ്പെടുന്നത് 1615 ലിറ്റർ പാലാണ്. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ഒരാൾക്ക് 280 മി.ലി. പാൽ എന്ന തോതിൽ 7280 ലി. പാലെങ്കിലും ലഭ്യമാവണം. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ പാലുൽപാദനം തുലോം കുറവാണെന്ന് കാണാം. അതിന്റെ ഉപഭോഗവും കുറവാണ്. മിൽമ പാലും മിൽക്ക് പൗഡറും വാങ്ങിയാണ് ആളുകൾ പാലിന്റെ ആവശ്യം നിർവ്വഹിക്കുന്നത്.

കന്നുകാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങളാണ് ഉദരരോഗം, ശ്വാസകോശരോഗങ്ങൾ, അകിട് വീക്കം, കുളമ്പ് രോഗം, കാലിവസന്ത, വാതരോഗങ്ങൾ, പ്രത്യുൽപാദന സംബന്ധമായ രോഗങ്ങൾ തുടങ്ങിയവ. ത്വക്ക് രോഗം, പനി മുതലായ രോഗങ്ങളും ധാതുലവണങ്ങളുടെ അഭാവം കൊണ്ടുണ്ടാകുന്ന പ്രയാസങ്ങളും കണ്ടുവരുന്നു. കാലികളെ പരിപാലിക്കുന്നതിലുള്ള അപാകതയും കർഷകരുടെ അജ്ഞതയും തുടക്കത്തിലേ ചികിത്സിക്കാൻ തയ്യാറാകാത്തതും രോഗശമനത്തിന് വിഘാതമാവുന്നു. രോഗങ്ങൾ മൂലം കാലികൾ മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടം സംഭവിക്കാതിരിക്കാൻ അവയെ ഇൻഷൂർ ചെയ്യാവുന്നതാണ്. നല്ല തൊഴുത്തിന്റെ അഭാവവും തൊഴുത്ത് വൃത്തിയായി സൂക്ഷിക്കാത്തതും കാലികളിൽ രോഗമുണ്ടാവാൻ കാരണമാകുന്നുണ്ട്.

അഞ്ച് ഗോബർ ഗ്യാസ് പ്ലാന്റുകളേ നിലവിലുള്ളൂ. കൂടുതൽ പശുക്കളെ വളർത്തുന്ന വീടുകളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്താൻ വേണ്ട പ്രോത്സാഹനവും ബോധവൽക്കരണവും ആവശ്യമാണ്. കൃഷിവകുപ്പ് മുഖേന ഇത്തരം ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡിയുണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തുന്നില്ല. ജൈവ വളത്തിന്റെ ലഭ്യത കുറഞ്ഞ് വരുന്ന ഇന്നത്തെ അവസ്ഥയിൽ ജൈവ വളം ലഭിക്കാൻ കാലികളെ വളർത്താൻ കൂടുതൽ പ്രോത്സാഹനവും സഹായവും ഉണ്ടാവേണ്ടതാണ്. ഭൂരിഭാഗം വീടുകളിലും ശാസ്ത്രീയമായി പണിതീർത്ത കാലിത്തൊഴുത്തല്ല നിലവിലുള്ളത്. അതുകൊണ്ട് നല്ല രീതിയിലുള്ള കാലിത്തൊഴുത്ത് ഉണ്ടാക്കാൻ സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. കന്നുകാലി കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകുന്നുണ്ടെങ്കിലും അത് നല്ല രീതിയിൽ ഉപയോഗപ്പെടുത്തുകയും സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

ക്ഷീര വികസന വകുപ്പ് മുഖേന വിവിധ തുറകളിൽ കാലി സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 50% സബ്സിഡി നിരക്കിൽ മീനെണ്ണയും ധാതുലവണമിശ്രിതവും വിതരണം ചെയ്യപ്പെടുന്നുണ്ട്. നാമമാത്രമായി മാത്രമേ നമ്മുടെ പഞ്ചായത്തിൽ പുൽകൃഷി നടത്തപ്പെടുന്നുള്ളൂ. തുണ്ടം തുണ്ടമായി കിടക്കുന്ന ഭൂമികളിലും തരിശായി കിടക്കുന്ന ഭൂമികളിലും ഊർജ്ജിത പുല്ല് കൃഷി വികസന പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇതിനും സാമ്പത്തിക സഹായം നൽകണം.

മുൻകാലങ്ങളിൽ മിക്ക വീടുകളിലും കോഴി വളർത്തിയിരുന്നു. കോഴി ഇറച്ചിക്ക് വേണ്ടി വളർത്തുന്ന കേന്ദ്രങ്ങൾ ഉയർന്ന് വരുന്നുണ്ടെങ്കിലും മുട്ടയ്ക്ക് വേണ്ടി കോഴി ഷെഡ്ഡുകൾ സ്ഥാപിക്കപ്പെടുന്നില്ല. മുമ്പത്തേക്കാൾ വിപുലമായ രീതിയിൽ കോഴി ഇറച്ചിക്ക് ഇന്ന് പഞ്ചായത്തിൽ വികസന സാദ്ധ്യതയുണ്ട്. പഞ്ചായത്തതിർത്തിയിൽ 12 കോഴി വളർത്തു കേന്ദ്രങ്ങൾ ഇറച്ചി ആവശ്യത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അവയിൽ മിക്കവയും ലാഭകരമാണ്. കോഴി വസന്ത പോലുള്ള രോഗങ്ങൾ മുട്ട കോഴി വളർത്തലിന് വിഘാതമാവാറുണ്ട്. കൂടുതൽ ഫാമുകളുണ്ടാക്കാൻ ശാസ്ത്രീയമായ രീതിയിലുള്ള സംരക്ഷണസൗകര്യങ്ങളും പ്രോൽസാഹനങ്ങളും അത്യാവശ്യമാണ്.

താറാവ് വളർത്തൽ നാമമാത്രമാണ് പുഴയോരങ്ങളും ഉൾനാടൻ ജലാശയങ്ങളുമുള്ള നമ്മുടെ പഞ്ചായത്തിൽ താറാവ് വളർത്തലിന് സാദ്ധ്യതകളുണ്ട്. വീടുകളിൽ വളർത്തപ്പെടുന്ന നായ്ക്കൾക്ക് കുത്തിവെപ്പ് സൗകര്യം പ്രയോജനപ്പെടുത്താറുണ്ട്. പഞ്ചായത്തിൽ അലഞ്ഞു തിരിയുന്ന നായ്ക്കളുമുണ്ട്. അലഞ്ഞു തിരിയുന്ന നായ്ക്കൾ ആടുമാടുകളെ ആക്രമിച്ച് ഭക്ഷിക്കുന്ന സ്വഭാവമുള്ളവയുമുണ്ട്. അതുകൊണ്ട് അവയെ നശിപ്പിക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം.

പ്രശ്നങ്ങൾ

1. കാലി വളർത്തൽ ലാഭകരമല്ലാത്തതുകൊണ്ടാണ് കർഷകൻ അതിൽ നിന്നും പിൻതിരിയുന്നത്.
2. കൃത്രിമ ബീജ സങ്കലനം മിക്കപ്പോഴും പരാജയപ്പെടുന്നത്.
3. അത്യുൽപാദനശേഷിയുള്ള കന്നുകാലികളുടെ ലഭ്യതക്കുറവ്.
4. ശാസ്ത്രീയമായ കാലിത്തൊഴുത്തിന്റെ അഭാവം.
5. കാലിത്തീറ്റകളുടെ വില കൂടുതൽ, പച്ചപ്പുൽ, വൈക്കോൽ ഇവയുടെ ദൗർലഭ്യം.
6. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും ആശുപത്രിയിൽ മരുന്ന് ലഭ്യമല്ലാത്തതും.

7. പാലുൽപാദനത്തിലെ കുറവ്, ചില പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന പാൽ സംഭരിക്കാത്തത്.
8. പേപ്പട്ടി ശല്യം ഉണ്ടാകുന്നത്.
9. കോഴി വസന്ത പോലുള്ള സാംക്രമിക രോഗങ്ങൾ.
10. ഇറച്ചി, മുട്ട എന്നിവയുടെ വിപണി കണ്ടെത്തൽ.

നിർദ്ദേശങ്ങൾ

1. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും സഹായത്തോടെ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന കാലി വളർത്തൽ [illegible]ായകരമാക്കുന്നതിന്നും ഈ വകുപ്പുകളുടെ സഹകരണത്തോടെ കർഷകർക്കാവശ്യമായ ബോധ വൽക്കരണം നടത്താവുന്നതാണ്.

2. ഡോക്ടർമാരുടെ സേവന ലഭ്യത ഉറപ്പുവരുത്തുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക. മൃഗാശുപത്രിയിൽ നിന്നും വേണ്ടത്ര മരുന്ന് ലഭ്യമാക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക. ഐ.സി.ഡി.പി. കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. പെരളശ്ശേരിയിലുള്ള മൊബൈൽ ഫാം എയ്ഡ് യൂനിറ്റ് കാര്യക്ഷമമാക്കുക. മൃഗാശുപത്രിയോടനുബന്ധിച്ച് ക്വാർട്ടേർസ് നിർമ്മിച്ചാൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവന ലഭ്യത ഉറപ്പുവരുത്താം.

3. ആശുപത്രിയോടനുബന്ധിച്ച് ഒരു കിണർ കുഴിക്കാൻ നടപടിയുണ്ടാവണം. ആശുപത്രിയിൽ ലാബട്ടറി സൗകര്യം ഉണ്ടാക്കണം. ആശുപത്രിയുടെ വികസനത്തിനായി ഒരു വികസന സമിതി ഉണ്ടാവണം.

4. കാലിത്തീറ്റ വിപണന രംഗത്തുള്ള ഇടത്തട്ടുകാരെ ഒഴിവാക്കാൻ സഹകരണ സംഘത്തിലൂടെയുള്ള വിൽപന കാര്യക്ഷമമാക്കുക.. ഔഷധഗുണമുള്ള മിനറൽ മിക്സ്ചർ, മീനെണ്ണ, എന്നിവ എല്ലാ കാലികൾക്കും ലഭിക്കാനാവശ്യമായ നടപടി ഉണ്ടാവണം. തെങ്ങിൻ തോപ്പിലും പുറമ്പോക്കിലും തരിശുഭൂമിയിലും ഊർജ്ജിത തീറ്റപ്പുല്ല് കൃഷി പ്രസ്തുത വകുപ്പ് സഹകരണ സംഘം മുഖേന പ്രോൽസാഹിപ്പിക്കണം. വൈക്കോൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന സംവിധാനം ഏർപ്പെടുത്തുക. ക്ഷീര ഉൽപ്പന്നങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെടുത്തി ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവർമെന്റ് പ്രോത്സാഹനം നൽകുന്നുണ്ട്. അത് ഉപയോഗപ്പെടുത്തണം. ശാസ്ത്രീയമായ രീതിയിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.

5. പഞ്ചായത്തിൽ ഓരോമാസവും അഞ്ഞൂറ് ചാക്ക് കാലിത്തീറ്റ വിപണനം ചെയ്യുന്നുണ്ട്. അതുകൊണ്ട് ഒരു ചെറുകിട കാലിത്തീറ്റ മിക്സിങ്ങ് യൂനിറ്റ് ആരംഭിക്കാം.

6. ക്ഷീര വികസന വകുപ്പിന് ബ്ലോക്ക് തലത്തിൽ അപ്പീസുകൾ പ്രവർത്തിക്കുന്നുണ്ട്. കാർഷികരംഗം പോലെ പരിപോഷിപ്പിക്കേണ്ട ഒരു മേഖല ആയതുകൊണ്ട് ഈ പഞ്ചായത്തിൽ കൂടുതൽ കാലിസമ്പത്ത് ഉണ്ട് എന്നുള്ളത് കൊണ്ടും ഈ പഞ്ചായത്തിൽ ഒരു കൃഷിഭവൻ മാതൃകയിൽ ക്ഷീരഭവൻ സ്ഥാപിച്ചാൽ ക്ഷീര വികസന പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ കഴിയും.
7. സൊസൈറ്റികൾക്ക് ക്ഷീരകർഷകർക്കായി പാലുൽപാദന പ്രോത്സാഹന നിധി ഏർപ്പെടുത്താവുന്നതാണ്.
8. മൃഗ ചികിത്സാ രംഗത്ത് നാടൻ ഹോമിയോ രീതികൾ പ്രയോഗത്തിൽ വരുത്താവുന്നതാണ്.
9. പ്രത്യേക കന്നുകാലി പരിപാലന പരിപാടിയിൽ എല്ലാ കന്നുകുട്ടികളെയും കാലാകാലം ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.
10. രോഗപ്രതിരോധ കുത്തിവെപ്പ് ഊർജ്ജിതമാക്കുക.
11. കന്നുകാലികൾക്ക് സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.
12. ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട മാതൃകാ ഡയറി യൂനിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക
13. പട്ടികജാതിക്കാർക്ക് കറവപ്പശുക്കളെയും തൊഴുത്ത് നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായവും നൽകുക.
14. മൂരിക്കുട്ടി, പോത്തിൻ കുട്ടി ഇവയെ ശാസ്ത്രീയമായി വളർത്തി ഇറച്ചി ആവശ്യം നിർവ്വഹിക്കുക.
15. കൂടുതൽ ആട് വളർത്ത് യൂനിറ്റുണ്ടാക്കാൻ പ്രോത്സാഹനം വേണം.
16. പേപ്പട്ടി ശല്യം തടയുക, അലഞ്ഞുതിരിയുന്നതും ലൈസൻസില്ലാത്തതുമായ പട്ടികളെ നശിപ്പിക്കണം.
17. ഇറച്ചിക്കോഴി മുട്ടക്കോഴി വളർത്തലിനും കൂടുതൽ സാധ്യതകളുണ്ട്. ഇതിനു വേണ്ടി ഒരു മൾട്ടി പർപ്പസ് സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. കോഴിക്കുഞ്ഞുങ്ങളെ വളരെ ദൂരെ നിന്നും കൊണ്ടു വരികയാണിന്ന്. മുണ്ടയാട്ടുള്ള കോഴി വളർത്തുകേന്ദ്രം വികസിപ്പിച്ചാൽ ഈ പ്രശ്നം പരിഹരിക്കാം. വീടുകളിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം. സ്കൂൾ പൗൾട്രി ക്ലബ്ബുകൾ പ്രോൽസാഹിപ്പിക്കാം.
18. മുയലിനെ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
19. കൂടുതൽ പുഴയോരവും ജലാശയവും ഉള്ള പ്രദേശങ്ങളിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മത്സ്യമേഖല

നമ്മുടെ പ്രദേശത്ത് ഉൾനാടൻ പ്രദേശങ്ങൾ കുറവായത് കൊണ്ട് മത്സ്യ സമ്പത്ത് കുറവാണ്. പഴയ കാലഘട്ടത്തിൽ കുറച്ചാളുകളെങ്കിലും മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിരുന്നു. എന്നാൽ ഇന്ന് നാലോ അഞ്ചോ ആളുകൾ മാത്രമേ മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചവരായിട്ടുള്ളൂ. മുൻകാലങ്ങളിൽ മുണ്ടലൂർകണ്ടി, വലിയകണ്ടി പ്രദേശത്ത് മത്സ്യം വളർത്താനാവശ്യമായ വിസ്തൃതിയുള്ള പ്രദേശങ്ങൾ ഉണ്ടായിരുന്നു. മുണ്ടലൂർകണ്ടി പ്രദേശം ഭൂരിഭാഗവും മണ്ണിട്ട് നികത്തി തെങ്ങിൻ തോപ്പുകളാക്കിക്കഴിഞ്ഞു. മാവിലായിക്കണ്ടി പ്രദേശത്തും കുറേ ഭാഗങ്ങൾ ഇങ്ങനെ തെങ്ങിൻ തോപ്പായി മാറ്റിക്കൊണ്ടിരിക്കുന്നു. ഇനിയും 40 ഏക്കറോളം സ്ഥലം ചെറുമാവിലായി ഒടുങ്ങോട് ഭാഗത്തായി മത്സ്യകൃഷിക്ക് അനുയോജ്യമായിട്ടുണ്ട്. വിസ്തൃതിയേറിയ ചുരുക്കം ചില കുളങ്ങളും നമ്മുടെ പ്രദേശത്തുണ്ട്. മുണ്ടലൂർ കുളം, തൃക്കപാലം കുളം, ചേനാരത്ത് കുളം തുടങ്ങിയ വിസ്തൃതിയേറിയ കുളങ്ങളും ചില ചെറിയ കുളങ്ങളും, ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ ശുദ്ധജലമത്സ്യം വളർത്താൻ കഴിയുന്നതാണ്.

വലിയകണ്ടി പ്രദേശത്ത് ചളിമാറ്റി പാകപ്പെടുത്തിവേണം ചെമ്മീൻ കൃഷിക്ക് ഉപയുക്തമാക്കാൻ. അതിന് നല്ല മുതൽ മുടക്ക് വേണം. ചില സീസണിൽ മത്സ്യരോഗം കണ്ട് വരുന്നത് കൊണ്ടും ഈ പ്രദേശങ്ങളിൽ കൂട്ടം കൂട്ടമായി നീർനായകളുടെ ശല്യം കണ്ടുവരുന്നത് കൊണ്ടും കർഷകർ മത്സ്യം കൃഷിചെയ്യാൻ തയ്യാറാകുന്നില്ല. ഈ സ്ഥലത്ത് നാല് മാസം ശുദ്ധജലവും 8മാസം ഓര് ജലവുമാണ് ഉണ്ടാവുന്നത്. ഈ സാഹചര്യങ്ങളൊക്കെ കണക്കിലെടുത്ത് വേണം മത്സ്യകൃഷിക്ക് കർഷകരെ തയ്യാറാക്കാൻ. ഈ പ്രദേശം ഞണ്ട് കൃഷിക്ക് ഉപയുക്തമാക്കാം. പുഴയിൽ നിന്നും മത്സ്യബന്ധനം നടത്താറുണ്ടെങ്കിലും, ഇതൊരു ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവർ ചുരുക്കമാണ്. ചെറു സംഘങ്ങളായി മറ്റു സ്ഥലങ്ങളിൽ നിന്നു വന്ന് ആഴ്ചകളോളം പുഴയോരത്ത് താമസിച്ച് മത്സ്യം പിടിക്കുന്നവർ ഇവിടെയും വരാറുണ്ട്. ചെമ്പല്ലി, കരിമീൻ, കണ്ണിക്കൻ, തിരുത, ഏട്ട, ചെമ്മീൻ, ഞണ്ട് ഇവയാണ് പുഴയിൽ നിന്നും ലഭിക്കുന്നവ. ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് കൈച്ചൽ(വരാൽ) മുശു തുടങ്ങിയ മത്സ്യങ്ങൾ ലഭിക്കുന്നു. വർഷകാലത്ത് പുഴയിലും, ജലാശയങ്ങളിലും മത്സ്യരോഗം കണ്ടുവരുന്നു.. ജൂൺ, ജൂലായി മാസങ്ങളിൽ മത്സ്യ ലഭ്യത വളരെ കുറവാണ്. കുറച്ച് വർഷങ്ങൾക്കു മുമ്പേ പുഴയിൽ വ്യാപകമായി മണൽ വാരാൻ ആരംഭിച്ചതോടെ അവയിന്ന് കിട്ടാനില്ലാതായിരിക്കുന്നു.

പഞ്ചായത്തിനകത്തുള്ള വിപണനം ചെയ്യുന്നവയിൽ ഏറിയ പങ്കും കടൽമത്സ്യമാണ്. മത്സ്യം വിൽപന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരുണ്ട്. പഞ്ചായത്തിൽ ഒരു മത്സ്യ മാർക്കറ്റ് മാത്രമേ നിലവിലുള്ളൂ. മറ്റു സ്ഥലങ്ങളിൽ പൊതുസ്ഥലത്തും റോഡരികിലും വെച്ച് മത്സ്യം കച്ചവടം നടത്തുന്നു. മൂന്നാം പാലം, വെള്ളച്ചാൽ, മക്രേരി തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യ മാർക്കറ്റ് ആവശ്യമാണ്. പെരളശ്ശേരിയിലുള്ള മാർക്കറ്റ് കെട്ടിടം സുരക്ഷിതമല്ല. മത്സ്യം കേടു കൂടാതെ സൂക്ഷിക്കാനാവശ്യമായ സൗകര്യങ്ങളില്ലാത്തതുമൂലം, ചിലപ്പോൾ ഉപയോഗശൂന്യമായ മത്സ്യങ്ങളും വിറ്റഴിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. വലിയ കണ്ടി തോടിന്റെ കൈവഴികൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു.
2. ഉൾനാടൻ ജലാശയങ്ങളും മറ്റും ഉപയോഗിക്കാൻ വ്യക്തികളെ സന്നദ്ധമാക്കാൻ ആവശ്യമായ പ്രോത്സാഹനത്തിന്റെ കുറവ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സഹായം ഉപയോഗപ്പെടുത്തായ്മ.
3. നീർനായയുടെ ശല്യം.
4. ചില സീസണിൽ മത്സ്യ രോഗം കണ്ടുവരുന്നു.
5. പുഴയിൽ നിന്നും വൻതോതിൽ പൂഴി എടുക്കുന്നതിന്റെ ഫലമായി കരയിടിച്ചൽ ഉണ്ടാവുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. വലിയകണ്ടി തോടിന്റെ കൈവഴികൾ കെട്ടി ഭദ്രമാക്കിയാൽ സ്വകാര്യ വ്യക്തികളും അവരുടെ സ്ഥലങ്ങൾ ചളിമാറ്റി ചിറകെട്ടി പാകമാക്കി ചെമ്മീൻ കൃഷിക്ക് സന്നദ്ധരാവും. പാകപ്പെടുത്തിയ പ്രദേശങ്ങളിൽ മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്താം. നീർനായയിൽ നിന്ന് ഇവക്ക് സംരക്ഷണം വേണം.

2. കൂടുതൽ വിപണന സാദ്ധ്യതയുള്ള ഞണ്ട് കൃഷിക്ക് അനുയോജ്യമായ പ്രദേശമാണ് വലിയകണ്ടി.

3. പഞ്ചായത്തിലെ വിസ്തൃതിയേറിയ കുളങ്ങളിൽ മത്സ്യം കൃഷിചെയ്യാൻ ഉടമസ്ഥരെ പ്രോൽസാഹിപ്പിക്കുകയോ കൃഷി ചെയ്യാൻ തയ്യാറാകുന്ന വ്യക്തികളെ ഉപയോഗപ്പെടുത്തുകയോ വേണം.. അവിടങ്ങളിൽ നല്ലയിനം ശുദ്ധജലമത്സ്യം വളർത്താൻ സാദ്ധ്യതയുണ്ട്.

4. മത്സ്യ വിപണനത്തിനായി ആവശ്യമുള്ളിടത്ത് പൊതുമാർക്കറ്റ് സൗകര്യം ഉണ്ടാക്കണം. മത്സ്യം കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

5. ശുദ്ധജല-ഓര് ജല മത്സ്യം വളർത്താനും ഫിഷറീസ് വകുപ്പ് നൽകുന്ന പ്രോത്സാഹനവും മറ്റ് സഹായങ്ങളും ഉപയോഗപ്പെടുത്താൻ തയ്യാറാകണം.

വിദ്യാഭ്യാസം

ഇന്ത്യയുടെ ദേശീയ ജീവിതത്തിൽ കരുത്തുറ്റ പ്രവാഹധാരകൾ ഉണ്ടായപ്പോഴൊക്കെ അതിന്റെ ശക്തിയേറിയ അലയിളക്കങ്ങൾ വിദ്യാഭ്യാസ രംഗത്തും അനുഭവപ്പെട്ടിട്ടുണ്ട്. ദേശീയ പ്രസ്ഥാനവും സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങളും ഉടലെടുക്കുന്നതിനും വളരെ മുമ്പുതന്നെ പെരളശ്ശേരി പഞ്ചായത്തിൽ അറിവിന്റെ അഗ്നിജ്വാലകളായി വർത്തിച്ചവർ ചുറ്റുമുള്ള ചെറുകൈത്തിരികളിലേക്ക് അവ പകർന്നു നൽകാൻ തുടങ്ങിയിരുന്നു.

സാമൂഹ്യ സേവന രംഗത്ത് വിദ്യാഭ്യാസം പോലെ മഹത്തരമായി മറ്റൊന്നും കരുതപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ വിദ്യാ ദാതാക്കൾ സമൂഹത്തിൽ ആദരണീയരായിരുന്നു. 'ഗുരുക്കൾ' എന്ന പേരിലാണ് അവർ അറിയപ്പെട്ടത്. ഗുരുക്കൻമാർ സ്ഥാപിച്ച ഗുരുകുലങ്ങളായിരുന്നു ഈ നാടിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്ന സ്ഥാപനങ്ങൾ. ഭാഷയും ഗണിതവുമായിരുന്നു പ്രധാന വിഷയങ്ങൾ. ഇത്തരം ഗുരുകുലങ്ങളിൽ പലതും പിന്നീട് വിദ്യാലയങ്ങളായി രൂപാന്തരപ്പെട്ടു. കാലത്തിന്റെ മാറ്റത്തിനൊത്ത് അവയുടെ രൂപവും ഭാവവും മാറുകയായിരുന്നു.

പെരളശ്ശേരിയിൽ ആദ്യമായി ഒരു ഗുരുകുലം സ്ഥാപിച്ചത് വടവിൽ കമ്മാരൻ നമ്പ്യാരാണ്. ഇന്ന് എ.കെ.ജി. മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്ന പറമ്പിനടുത്തായിരുന്നു ഈ ഗുരുകുലം സ്ഥാപിക്കപ്പെട്ടത്. അത് പിന്നീട് ലോവർ പ്രൈമറി സ്കൂൾ ആവുകയും ഇന്ന് സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് സ്കൂളിന് അംഗീകാരം ലഭിക്കുകയും ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയും ചെയ്തു. കോവിലകത്ത് കൃഷ്ണൻ തങ്ങൾ ആയിരുന്നു സ്കൂളിനാവശ്യമായ സ്ഥലം ദാനം ചെയ്തത്. പിന്നീട് യു.പി.സ്കൂൾ ആയി മാറിയ സ്ഥാപനം, 1956-ൽ ഡിസ്ട്രിക്ട് ബോർഡ് ഹൈസ്കൂൾ ആയി ഉയർന്നു. 1957-ൽ ഗവർമെന്റ് ഏറ്റെടുക്കുകയും ഇന്നത്തെ നിലയിൽ വളർന്ന് വികസിക്കുകയും ചെയ്തു.

ഏതാണ്ട് ഇതേ സമയത്ത് തന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തദ്ദേശീയരായ വിദ്യാസമ്പന്നർ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഏരൻകണ്ടി പൊക്കൻ ഗുരുക്കൾ മുണ്ടലൂർ വെസ്റ്റ് എൽ.പി.സ്കൂളും ശ്രീ. കൊല്ലനാണ്ടി കൃഷ്ണൻ ഗുരുക്കൾ കോട്ടം ഈസ്റ്റ് എൽ.പി.സ്കൂളും രയിരു ഗുരുക്കൾ കോട്ടം എൽ.പി. സ്കൂളും, ശ്രീ. വടവിൽ കമ്മാരൻ നമ്പ്യാർ ചെറുമാവിലായി യു.പി. സ്കൂളും ശ്രീ. പുത്തൻപുരയിൽ ബാപ്പു മുണ്ടലൂർ ന്യൂ എൽ.പി.സ്കൂളും ശ്രീ. മീത്തലെ വീട്ടിൽ രാമൻ മുണ്ടലൂർ രാമവിലാസം സ്കൂളും, ശ്രീ. തിരുത്തേരി കുഞ്ഞിരാമൻ നമ്പ്യാർ വടക്കുമ്പാട് എൽ.പി. സ്കൂളും, ശ്രീ. രാമൻ ഗുരുക്കൾ പൊതുവാച്ചേരി രാമർ വിലാസം സ്കൂളും, ശ്രീ. കണ്ണൻ ഗുരുക്കൾ മാവിലായി എൽ.പി. സ്കൂളും, ശ്രീ കുങ്കു ഗുരിക്കൾ മക്രേരി എൽ.പി. സ്കൂളും സ്ഥാപിച്ചു. ഗുരുകുലം എന്ന പേരിൽ നടത്തിയ സ്ഥാപനങ്ങൾ പിൽക്കാലത്ത് വിദ്യാലയങ്ങൾ ആവുകയായിരുന്നു.

അക്ഷരത്തിന്റെ ലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ച അനേകം അപൂർവ്വ പ്രതിഭകൾക്ക് ജൻമം നൽകിയ പഞ്ചായത്ത് കൂടിയാണ് പെരളശ്ശേരി. വിദ്യാഭ്യാസത്തിന്റെ വളർച്ചയിൽ ഇവരുടെ പങ്ക് നിസ്തുലമാണ്. കോഴിക്കോട് സാമൂതിരി കോളേജിലെ മലയാളം വിദ്വാനും സംസ്കൃതപണ്ഡിതനുമായിരുന്ന കെ.സി. കുട്ട്യപ്പ നമ്പ്യാർ പ്രസിദ്ധ കവിയും മലയാളം വിദ്വാനുമായിരുന്ന ശ്രീ. വി.വി.കെ., സംസ്കൃതപണ്ഡിതനായ ശ്രീ. ചെറിയത്ത് അനന്തൻ മാസ്റ്റർ, ശ്രീ.എ.കെ. ശങ്കരൻ നമ്പ്യാർ, ശ്രീ. എ.കെ. ഗോവിന്ദൻ നമ്പ്യാർ, സംസ്കൃത പണ്ഡിതനും ആയുർവ്വേദ വൈദ്യനുമായിരുന്ന ശ്രീ. കെ.വി.കുഞ്ഞിരാമൻ വൈദ്യർ, പത്രാധിപർ എന്ന പേരിൽ അറിയപ്പെടുന്ന ശ്രീ. എംകെ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ, മാതൃഭൂമി പത്രാധിപസമിതി അംഗമായിരുന്ന

ശ്രീ. സി.എച്ച് കുഞ്ഞപ്പ, എക്സ്പ്രസ്സ് ദിനപത്രത്തിന്റെ എഡിറ്ററായിരുന്ന വി. കരുണാകരൻ നമ്പ്യാർ എന്നിവർ അക്കൂട്ടത്തിൽപ്പെടുന്നു. ദേശീയ പ്രസ്ഥാനവും അയിത്തോച്ചാടന പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച അദ്ധ്യാപകനായിരുന്നു മഹാനായ എ.കെ.ജി.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി എ.കെ. ശങ്കരൻ മാസ്റ്റർ നൽകിയ സംഭാവനകൾ പ്രത്യേകം സ്മരണീയമാണ്. പഴയ തലമുറയിൽപ്പെട്ട ഇന്നത്തെ പല അദ്ധ്യാപകരും അദ്ദേഹം സൗജന്യമായി നടത്തിവന്നിരുന്ന ക്ലാസിൽ നിന്നും ജൻമം കൊണ്ട വരാണ്. എസ്.എസ്. എൽ.സി. വരെ കുട്ടികളെ സൗജന്യമായി പഠിപ്പിക്കാൻ സമയം കണ്ടെത്തിയിരുന്നു, ശങ്കരൻ മാസ്റ്റർ. ദരിദ്ര വിദ്യാർത്ഥികൾക്ക് ഫീസും പുസ്തകവും നൽകി പഠിപ്പിച്ച സ്കൂൾ ഹെഡ്മാസ്റ്റർ കൂടിയായിരുന്നു അദ്ദേഹം. ഇദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി മക്രേരിയിലും ഐവർകുളത്തും സ്ഥാപിക്കപ്പെട്ട പാഠശാലകൾ ഇന്നും ഗ്രാമീണ പാഠശാലകൾ ആയിത്തന്നെ അറിയപ്പെടുന്നു. നിശാപാഠശാലകൾ സംഘടിപ്പിച്ച് ധാരാളം പേരെ അദ്ധ്യാപകരാക്കാൻ സഹായിച്ച മറ്റൊരു മഹദ്വ്യക്തി ശ്രീ. കെ.കെ. ഗോപാലനാണ്. പലരുടെയും സ്മരണകളിൽ ഈ നിശാപാഠശാലകൾ ഇന്നും തത്തിക്കളിക്കുന്നു. പഞ്ചായ്തിൽ കിലാലൂർ, പെരളശ്ശേരി എന്നിവിടങ്ങളിലാണ് നിശാപാഠശാലകൾ പ്രവർത്തിച്ചിരുന്നത്. 1940-41 കാലം മുതൽ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് ചെറുമാവിലായി പൊതുജന വായനശാല. 1943-ൽ ആരംഭിച്ച മൂന്നാം പാലം മൊയ്തു മെമ്മോറിയൽ വായനശാലയും 1946 മുതൽ പ്രവർത്തിച്ചു വരുന്ന പെരളശ്ശേരി എ.കെ.ജി. മന്ദിരവും സാംസ്കാരികരംഗത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്. ഇപ്പോൾ ഗ്രന്ഥശാലാ സംഘത്തിനു കീഴിൽ പ്രവർത്തിക്കുന്ന എ.കെ.ജി. മന്ദിരം വായനയിലൂടെ അറിവിന്റെ ലോകത്തേക്ക് പഞ്ചായത്തിലെ വലിയൊരുഭാഗം ജനതയെ കൈപിടിച്ചുയർത്താൻ സഹായിച്ചിട്ടുണ്ട്. ഗ്രാമശാസ്ത്ര സമിതിയുടെ ആഭിമുഖ്യത്തിൽ തുടങ്ങി പിന്നീട് തനതായ വ്യക്തിത്വം പുലർത്തിയ നിശാപാഠശാലകൾ പഞ്ചായത്തിൽ അടുത്തകാലം വരെ ഉണ്ടായിരുന്നു. ദാരിദ്ര്യം, തുടങ്ങിയ പലകാരണങ്ങൾ പഠനം നിർത്തിയ പലർക്കും തൊഴിലെടുത്തുകൊണ്ട് ഉന്നത വിദ്യാഭ്യാസം നേടാൻ ഇവ സഹായിച്ചിട്ടുണ്ട്.

അദ്ധ്യാപകവൃത്തി ദാരിദ്ര്യത്തിന്റെ പര്യായമായി മാറിയ കാലഘട്ടത്തിൽ മാനേജർമാരുടെ ചൂഷണത്തിൽ നിന്നും അദ്ധ്യാപകരെ മോചിപ്പിക്കുന്നതിനായി രൂപം കൊണ്ട മലബാർ അദ്ധ്യാപക പ്രസ്ഥാനത്തിന്റെ കരുത്തുറ്റ പ്രവർത്തകരും ഈ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. ശ്രീ. കെ.സി. കണാരൻ മാസ്റ്റർ, ശ്രീ. ഇ. നാരായണൻ നായർ, ശ്രീ. എം.കെ. കോരൂട്ടി മാസ്റ്റർ, എന്നിവർ ഈ പ്രസ്ഥാനത്തിന്റെ നേതാക്കൻമാർ ആയിരുന്നു. ദാരിദ്ര്യത്തിന്റെ കയ്പുനീർ കുടിക്കുന്നതിനിടയിലും 'അദ്ധ്യാപനം രാഷ്ട്ര സേവനം, രാഷ്ട്രസേവനം ജീവിതലക്ഷ്യം' എന്ന മുദ്രാവാക്യം മറ്റെന്തിനെക്കാളും ഉയർത്തിപ്പിടിച്ചവരായിരുന്നു ഇവർ. ദേശീയ പ്രസ്ഥാനത്തിന്റെ ആഹ്വാനം ഉൾക്കൊണ്ട് സാമ്രാജ്യത്വത്തിനും ജൻമിത്വത്തിനുമെതിരായ പോരാട്ടം കൂടിയായിരുന്നു മലബാർ അദ്ധ്യാപക പ്രസ്ഥാനം.

പ്രാഥമിക വിദ്യാഭ്യാസമാണ് ആധുനിക സമുദായത്തിന്റെ അസ്ഥിവാരം. അതിൻമേൽ വേണം സാംസ്കാരികവും സാമ്പത്തികവുമായ വികാസമത്രയും കെട്ടിയുയർത്താൻ. ഇന്നത്തെ വിദ്യാഭ്യാസ സംവിധാനത്തിലെ ഏറ്റവും ശക്തികുറഞ്ഞ കണ്ണിയാണ് സമൂഹത്തിന്റെ പങ്കാളിത്തം എന്നാൽ അടുത്തകാലത്തായിവിദ്യാലയങ്ങളുടെ നടത്തിപ്പിലും വികസനത്തിലും പ്രാദേശികസമൂഹം കൂടുതൽ താൽപര്യം കാണിച്ചു തുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസരംഗം സജീവവും പരിവർത്തനാത്മകവുമാകണമെങ്കിൽ അത് കൂടുതൽ ജനകീയമായേ തീരൂ. വിദ്യാലയം രക്ഷിതാക്കളുടെ മാത്രമെല്ലെന്നും മൊത്തം സമൂഹത്തിന്റെതാണെന്നും നാം തിരിച്ചറിയണം. മെച്ചപ്പെട്ട അക്കാദമിക് നിലവാരവും ഭൗതികസൗകര്യവും ഉണ്ടാക്കുക എന്നത് അദ്ധ്യാപകന്റെ മാത്രമല്ല സമൂഹത്തിന്റെയും ചുമതലയാണ്. നിലവിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ജനങ്ങളുടെ വിശ്വാസമാർജ്ജിക്കണമെങ്കിൽ പാഠ്യപദ്ധതി, അദ്ധ്യാപകർ, സ്കൂളിലെ ഭൗതികസാഹചര്യങ്ങൾ, സമൂഹം എന്നീ ഘടകങ്ങളിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ ബോധപൂർവ്വം ഇടപെടണം.

പൊതുവിദ്യാഭ്യാസം

പെരളശ്ശേരിയിലെ ഔപചാരിക വിദ്യാഭ്യാസ രംഗത്ത് 18 എൽ.പി.സ്കൂൾ, 6 യുപി. സ്കൂൾ, ഒരു ഹയർസെക്കന്ററി സ്കൂൾ എന്നിങ്ങനെ 25 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ ഒരു ഹയർ സെക്കന്ററി സ്കൂൾ മാത്രമാണ് ഗവൺമെന്റ് ഉടമസ്ഥതയിലുള്ളത്. ഇതിനുപുറമേ വിവിധ വാർഡുകളിലായി 16 അംഗൻവാടികളും ഒരു പഞ്ചായത്ത് ശിശുമന്ദിരവും പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ഇല്ലാത്ത വാർഡുകൾ പഞ്ചായത്തിലില്ല. മുഴുവൻ വിദ്യാലയങ്ങൾക്കും നിശ്ചിത ദൂരപരിധിക്കകത്ത് തന്നെ വിദ്യാലയ സൗകര്യങ്ങൾ ഉണ്ട്. 1 മുതൽ 10 ാം തരം വരെയുള്ള പൊതുവിദ്യാഭ്യാസ രംഗത്ത് 1996-97 വർഷത്തിൽ 4978 വിദ്യാർത്ഥികൾ പഞ്ചായത്തിനകത്ത് പഠനം നടത്തുന്നു. 25 സ്കൂളുകളിലായി 229 അദ്ധ്യാപകരുള്ളതിൽ ഭൂരിപക്ഷവും അദ്ധ്യാപികമാരാണ്.

എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ എണ്ണം

ആകെ വിദ്യാർത്ഥികൾ	എൽ.പി.			യുപി			ഹൈസ്കൂൾ		
	ആൺ	പെൺ	ശതമാനം	ആൺ	പെൺ	ശതമാനം	ആൺ	പെൺ	ശതമാനം
4978	1096	1064	49.25	910	800	46.78	563	545	49.18

പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

എൽ.പി			യു.പി.			ഹൈസ്കൂൾ		
ആകെ	എസ്.സി/എസ്.ടി.	%	ആകെ	എസ്.സി/എസ്.ടി	%	ആകെ	എസ്.സി/എസ്.ടി.	%
2160	36	1.67	1710	43	2.51	1108	47	2.75

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂൾ കോഡ്	വിദ്യാലയത്തിന്റെ പേര്	ഉടമസ്ഥത	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	01	ബാവോട് എൽ.പി.	സ്വകാര്യം	80	66	146	3	4	7
2	02	മക്രേരി എൽ.പി	"	76	67	143	2	4	6
3	03	വടക്കുമ്പാട് എൽ.പി.	"	32	26	58	1	4	5
4	04	വടക്കുമ്പാട് സെൻട്രൽ എൽ.പി.	"	57	47	104	1	3	4
5	05	കോട്ടം എൽ.പി.	"	48	39	87	2	3	5
6	06	കോട്ടം ഈസ്റ്റ് എൽ.പി.	"	60	52	112	1	3	4
7	07	മുണ്ടലൂർ മാപ്പിള എൽ.പി.	"	90	68	158	3	3	6
8	08	ഷണ്മുഖ വിലാസം എൽ.പി	"	27	42	69	-	4	4
9	09	മുണ്ടലൂർ സ്കൂ എൽ.പി.	"	40	52	96	1	4	5
10	10	പൊതുവാച്ചേരി രാമർ വിലാസം	"	73	53	126	4	2	6
11	11	മാവിലായി നോർത്ത് എൽ.പി.	"	33	42	75	3	1	4
12	12	മുണ്ടയോട് എൽ.പി.	"	67	71	138	3	4	7
13	13	മാവിലായി എൽ.പി.	"	30	24	54	2	2	4
14	14	മാവിലായി സെൻട്രൽ എൽ.പി.	"	76	74	150	2	5	7
15	15	ഒടുങ്ങോട് അച്യുതവിലാസം എൽ.പി.	"	29	30	59	1	3	4
16	16	മാവിലായി സൗത്ത് എൽ.പി.	"	56	54	110	1	5	6
17	17	മുണ്ടലൂർ രാമ വിലാസം എൽ.പി	"	56	59	109	2	3	5
18	18	മുണ്ടലൂർ വെസ്റ്റ് എൽ.പി	"	37	43	80	1	2	3
19	10	ബാവോട് ഈസ്റ്റ് യു.പി.	"	168	167	335	7	6	13
20	20	ശങ്കരവിലാസം യു.പി. മക്രേരി	"	68	81	149	6	5	10
21	21	ഐവർകുളം ജി.യു.പി.	"	88	87	175	-	11	11
22	22	പൊതുവാച്ചേരി സെൻട്രൽ യു.പി.	"	201	207	408	9	9	18
23	23	മാവിലായി യു.പി.	"	103	91	194	3	6	9
24	24	ചെറുമാവിലായി യു.പി.	"	174	171	345	4	11	15
25	25	പെരളശ്ശേരി എ.കെ.ജി. മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ	സർക്കാർ	849	822	1671	24	36	60

നിലവിലുള്ള ഹയർസെക്കന്ററി സ്കൂളിൽ കമ്പ്യൂട്ടർ പഠന സൗകര്യമുണ്ട്. മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഗവൺമെന്റ് ഉടമയിൽ പഞ്ചായത്തിലില്ല. സാങ്കേതിക വിദ്യാഭ്യാസത്തിനായി ഐ.ടി.ഐ, പോളിടെക്നിക്, ഐ.ടി.സി.കൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. എസ്.എസ്.എൽ.സി വിജയിക്കുന്നവരിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രമേ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കാറുള്ളൂ. കണ്ണൂർ എസ്.എൻ., ഗവ: വനിതാ കോളേജ്, പഴശ്ശിരാജ എൻ.എസ്.എസ്. കോളേജ് മട്ടന്നൂർ, നിർമ്മലഗിരി കോളേജ്, ഗവ: ബ്രണ്ണൻ കോളേജ് എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഗ്രാമത്തിലെയും നഗരങ്ങളിലെയും പാരലൽ കോളേജുകളെയും ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ ആശ്രയിക്കുന്നു. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമടക്കം രണ്ട് ട്യൂട്ടോറിയൽ കോളേജുകളും മൂന്ന് ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും പഞ്ചായത്തിലുണ്ട്. ഇംഗ്ലീഷ് മീഡിയം അൺ എയിഡഡ് സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലില്ലെങ്കിലും പട്ടണങ്ങളിലെ ഇത്തരം സ്ഥാപനങ്ങളിലേക്കും കുട്ടികൾ പഠനത്തിനായി പോകുന്നുണ്ട്. സമീപ പഞ്ചായത്തുകളായ അഞ്ചരക്കണ്ടി, കടമ്പൂർ, ചെമ്പിലോട്, വേങ്ങാട് എന്നിവിടങ്ങളിലെ ഹൈസ്കൂളുകളിലും വിദ്യാർത്ഥികൾ സൗകര്യാർത്ഥം പഠനം നടത്തുന്നു.

ഭൗതിക സാഹചര്യങ്ങൾ

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഏറ്റവും അവഗണിക്കപ്പെടുന്ന ഒരു വിഭാഗമാണ് പൊതുവിൽ വിദ്യാലയങ്ങൾ. ഇതിൽ തന്നെ ഈ അവഗണന ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നതും പ്രൈമറി വിദ്യാലയങ്ങൾക്കാണെന്ന് കാണാം. ഏറ്റവും നല്ല ഭൗതിക സാഹചര്യങ്ങൾ ലഭിക്കേണ്ട നമ്മുടെ പ്രൈമറി വിദ്യാലയങ്ങളുടെ ഇന്നത്തെ അവസ്ഥ പരിശോധിക്കുമ്പോൾ അവ വളരെ പരിമിതമാണെന്ന് കാണാം.

ഭൂരിഭാഗം വിദ്യാലയങ്ങളുടെ കെട്ടിടങ്ങളും പ്രീ-കെ.ഇ.ആർ. ആനുകൂല്യത്തിൽ നിലവിലുള്ളവയാണ്. വിദ്യാലയങ്ങൾക്കെല്ലാം ചുറുങ്ങിയത് ഒരു കെട്ടിടമെങ്കിലും സ്ഥിരമായുണ്ട്. താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളില്ല. സ്ഥിരം കെട്ടിടങ്ങൾ സ്കൂളുകൾക്ക് ഉണ്ടെങ്കിലും അതിൽ ക്ലാസ്സുകൾക്കാവശ്യമായ ചുറ്റളവ് പരിമിതമാണ്. മിക്കവാറും കെട്ടിടങ്ങൾക്ക് സ്ഥിതിചെയ്യുവാനുള്ള സ്ഥലം മാത്രമേ ഉള്ളൂ എന്നത് കൊണ്ട് തന്നെ പകുതിയിലധികം വിദ്യാലയങ്ങളിലും സ്വന്തമായി കളിസ്ഥലമില്ല. വിദ്യാലയങ്ങളുടെ സ്ഥലം വിസ്തീർണ്ണത്തിന്റെ കാര്യത്തിൽ ഏറ്റവും കുറവ് മൂന്ന് സെന്റും കൂടിയത് 2 ഹെക്ടറുമാണ്. ക്ലാസ്സുകൾ വിഭജിക്കുന്ന തട്ടുകളോ സ്ക്രീനുകളോ ഇല്ലാത്ത സ്കൂളുകളുമുണ്ട്. 19 സ്കൂളുകളിൽ ലാബ്/സയൻസ് കോർണർ പ്രവർത്തിക്കുന്നുവെങ്കിലും ലൈബ്രറി സൗകര്യമില്ലാത്തവയാണ് ഭൂരിഭാഗവും.

ഭൗതിക സാഹചര്യങ്ങൾ

ക്രമനമ്പർ	സ്കൂൾ കോഡ്	സ്ഥലം വിസ്തീർണ്ണം	കെട്ടിടം(മുറികൾ)		കെട്ടിടങ്ങളുടെ വിനിയോഗം				കക്കൂസ്		മൂത്രപ്പുര		കിണർ		പാചകമുറി		വൈദ്യുതി		സ്റ്റാഫ് റൂം		കുടിവെള്ളം
			സ്വന്തം	വാടക	ലാബ്/സയൻസ് കോർണർ		ലൈബ്രറി		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല		
					ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല														
1	01	19.5 സെ.	1	1	✓		✓			✓	✓		✓			✓		✓		✓		ഉണ്ട്
2	02	3 സെ.	3	1		✓	✓			✓	✓			✓		✓		✓		✓		ഇല്ല
3	03	1 ഏക്ര	4	-	✓		✓			✓		✓	✓		✓			✓	✓			ഉണ്ട്
4	04	4 സെ.	1	-	✓			✓		✓		✓	✓			✓		✓	✓			ഇല്ല
5	05	43 സെന്റ്	2		✓			✓		✓	✓		✓			✓		✓		✓		ഉണ്ട്
6	06	21.6 സെ	1	-	✓			✓					✓			✓		✓		✓		ഉണ്ട്
7	07	1 ഏക്ര 2സെ.	1		✓			✓	✓			✓	✓			✓		✓	✓			ഉണ്ട്
8	08	850 ച. അടി	1		✓		✓			✓		✓		✓		✓		✓		✓		ഇല്ല
9	09	203 ച.മീ.	1			✓	✓			✓		✓	✓			✓		✓		✓		ഇല്ല
10	10	3 സെ.	1			✓	✓			✓		✓	✓			✓		✓		✓		ഇല്ല
11	11	7 സെ.	1			✓	✓			✓		✓	✓		✓			✓		✓		ഇല്ല
12	12	വിവരം ലഭ്യമല്ല	2			✓	✓			✓		✓		✓		✓		✓		✓		ഇല്ല
13	13	80 ച.മീ.	1				✓	✓		✓		✓	✓			✓		✓		✓		ഇല്ല
14	14	10 സെ.	1		✓		✓			✓		✓		✓		✓		✓		✓		ഇല്ല
15	15	5സെന്റ്	1	1	✓		✓			✓	✓			✓		✓		✓		✓		ഇല്ല
16	16	1.68 ഏക്ര	1		✓		✓			✓		✓		✓		✓		✓		✓		ഇല്ല
17	17	11 സെ.	5		✓		✓					✓	✓			✓		✓		✓		ഇല്ല
18	18	30 സെ.	6		✓		✓			✓		✓		✓		✓		✓		✓		ഇല്ല
19	19	61 സെ.	4		✓		✓			✓	✓		✓		✓			✓	✓			ഉണ്ട്
20	20	6 സെ.	5		✓		✓			✓		✓		✓	✓			✓		✓		ഉണ്ട്
21	21	17 സെ.	5			✓		✓		✓	✓			✓		✓		✓		✓		ഉണ്ട്
22	22	10സെ.	4		✓		✓			✓	✓		✓		✓				✓			ഉണ്ട്
23	23	40 സെ.	9		✓		✓		✓		✓					✓		✓		✓		ഉണ്ട്
24	24	6 സെ.	4		✓		✓		✓		✓		✓		✓			✓	✓			ഉണ്ട്
25	25	7 ഏക്ര	30		✓		✓		✓		✓		✓			✓			✓			ഉണ്ട്

വൈദ്യുതി സൗകര്യം രണ്ടു സ്കൂളുകളിലും കുടിവെള്ള സൗകര്യം പത്ത് സ്കൂളുകളിലും ഒതുങ്ങുന്നു. മിക്ക വിദ്യാലയങ്ങൾക്കും കക്കൂസ്, മൂത്രപ്പുര, പാചകപ്പുര, സ്റ്റാഫ് മുറി എന്നിവയില്ല. തങ്ങളുടെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ അത്യാവശ്യ സൗകര്യങ്ങളെങ്കിലും ഉണ്ടാക്കിക്കൊടുക്കണമെന്നബോധം രക്ഷിതാക്കൾക്കില്ല. എന്നാൽ അദ്ധ്യാപക രക്ഷാകർതൃ സമിതികൾ ശക്തമായിടത്തെല്ലാം ഭൗതിക സാഹചര്യം ഒരുക്കുന്നതിൽ ഒരളവു വരെ വിജയിച്ചിട്ടുണ്ട്. അത്യാവശ്യം വേണ്ട അറ്റ കുറ്റപ്പണികൾ, മൂത്രപ്പുര ശുചീകരണം തുടങ്ങിയവ സന്നദ്ധപ്രവർത്തനത്തിലൂടെ നടത്താവുന്നതേയുള്ളൂ. അദ്ധ്യാപക രക്ഷാകർതൃസമിതികൾ മിക്ക വിദ്യാലയങ്ങളിലും സജീവമല്ല. എന്നാൽ പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ എ.കെ.ജി മെമ്മോറിയൽ ഗവ: ഹയർ സെക്കന്ററി സ്കൂൾ, മാവിലായി സൗത്ത് എൽ.പി.സ്കൂൾ, മാവിലായി സെൻട്രൽ എൽ.പി. എന്നീ സ്കൂളുകളിലെ പി.ടി.എ. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മാതൃക കാണിച്ചിട്ടുണ്ട്.

അക്കാദമികം. പാരാഅക്കാദമികം

വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരണം മൂലം ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്ന പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തി അത്തരം സ്ഥാപനങ്ങളെ കൂടുതൽ ആകർഷകമാക്കണം. കഴിഞ്ഞ മൂന്ന് വർഷത്തെ മൊത്തം കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞു വരുന്നതായി കാണാം. 13 വിദ്യാലയങ്ങളിൽ ഒന്നാം തരത്തിലെ വിദ്യാർത്ഥികളുടെ എണ്ണം 25ൽ താഴെയാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിദ്യാലയങ്ങളുടെ എണ്ണത്തിൽ മാറ്റം വന്നിട്ടില്ലെങ്കിലും 12 സ്കൂളുകൾ അൺ-ഇക്കണോമിക് ലിസ്റ്റിൽ പെട്ടതാണ്. കൊഴിഞ്ഞുപോക്ക് നിരക്ക് പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം. കുട്ടികളുടെ എണ്ണത്തിൽ വരുന്ന വ്യതിയാനം ശാസ്ത്രീയമായി തന്നെ പഠനം നടത്തേണ്ടതാണ്.

ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം

ക്രമ.നം	സ്കൂൾ																								
	വർഷം	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1	1994-95	27	25	17	24	10	26	55	17	15	23	12	21	8	26	15	21	16	20	32	19	15	34		22	
2	95-96	28	31	12	15	10	28	19	18	20	23	24	24	16	21	15	26	20	16	40	14	24	37		20	
3	96-97	26	25	14	28	15	27	33	15	13	27	20	27	16	17	12	24	15	19	34	21	24	60		34	

മൊത്തം കുട്ടികളുടെ എണ്ണം

ക്രമ.നം	സ്കൂൾ																									
	വർഷം	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1	1994-95	146	152	60	101	86	104	194	70	106	130	71	148	47	181	70	114	118	80	354	158	176	407		326	1680
2	95-96	142	147	58	91	87	104	179	72	104	122	75	140	54	168	66	119	111	80	348	155	177	410		354	1727
3	96-97	146	143	58	104	87	112	158	69	96	126	75	138	54	150	59	127	110	80	335	141	175	408	194	345	1671

അദ്ധ്യാപകരുടെ ലഭ്യത

ക്രമ.നം	സ്കൂൾ																										
	വർഷം	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	ആകെ
1	ആകെ അനുവദിച്ച പോസ്റ്റ്	6	6	5	4	5	4	6	4	5	6	4	7	4	7	4	6	5	4	12	12	12	18	8	16	60	231
2	നിലവിലുള്ളവരുടെ എണ്ണം	6	6	5	4	5	4	6	4	5	6	4	7	3	7	4	6	5	4	11	12	12	18			60	229
3	ഒഴിവുകളുടെ എണ്ണം													1						1	1						3
4	ദീർഘകാല ലീവുള്ളവർ							1												1							2

1996-97 വർഷത്തെ പാദവാർഷിക പരീക്ഷക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ 9,10 ക്ലാസുകളൊഴിച്ച് മറ്റെല്ലാ ക്ലാസുകളിലും 60%-ൽ കൂടുതൽ മാർക്ക് നേടിയ കുട്ടികളാണ് ഭൂരിപക്ഷവും. 1995-96-ലെ എസ്.എസ് എൽ.സി. റിസൾട്ട് നമുക്ക് പ്രതീക്ഷക്ക് വകനൽകുന്നതായിരുന്നു. കഴിഞ്ഞ 3 വർഷത്തിൽ നിന്നും വ്യത്യസ്ഥമായി റിസൾട്ടിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എൽ.എസ്.എസ്. - യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹരായവർ നാമമാത്രമാണ്. എന്നാൽ ശാസ്ത്ര പ്രവൃത്തി പരിചയ രംഗത്തും, കാലാ-കായികരംഗത്തും സബ്ജില്ലാടിസ്ഥാനത്തിൽ പഞ്ചായത്തിലെ സ്കൂളുകൾ മികവ് കാട്ടാറുണ്ട്.

അക്കാദമിക നിലവാരം

ക്രമനമ്പർ	വിഭാഗം	ക്ലാസ്							
		3	4	5	6	7	8	9	10
1	30% ൽ താഴെ	55	27	63	123	121	100	107	140
2	30 - 40	56	59	78	119	95	118	61	31
3	40 - 50	97	85	109	72	96	90	100	101
4	50 - 60	83	97	107	73	85	44	53	30
5	60 നു മുകളിൽ	209	255	192	80	118	82	30	20

എസ്.എസ്.എൽ.സി. വിജയശതമാനം

സ്കൂൾ 25	
വർഷം	ശതമാനം
1991-92	59%
1992-93	42%
1993-94	35%
1994-95	38%
1995-96	59%

പൊതുവിദ്യാഭ്യാസരംഗത്ത് സാധാരണയായി ഉയർത്തപ്പെടുന്ന പ്രശ്നം ഗുണമേൻമയുടെതാണ്. വിദ്യാലയത്തിലെ നിരക്ഷരത ഒരു പ്രശ്നമാണ്. നമ്മുടെ പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്നത് ജനങ്ങളുടെ ആവശ്യമാണെന്ന് ബോധ്യപ്പെട്ടുവരുന്നുവെന്നത് ശുഭസൂചകമാണ്. 1993-94 ലെ അക്ഷരപ്പുലരി പരിപാടിയും 'ഒന്നാംതരം ഒന്നാംതരമാക്കൽ' പരിപാടിയും 95-96 ലെ സ്കൂൾ കോംപ്ലക്സ് പരിപാടിയും ആദ്യഘട്ടത്തിൽ പഞ്ചായത്തിൽ മെച്ചമായി നടന്നിരുന്നു. 1995-96 അദ്ധ്യയനവർഷാവസാനം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലാരംഭിച്ച ജനകീയ വികസനം പരിപാടിയുടെ ഭാഗമായി നടന്ന വിദ്യാഭ്യാസ പരിപാടിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിരുന്നു. ജനപങ്കാളിത്തത്തോടെ വിപുലമായ തോതിൽ നടത്തുന്ന പരിപാടികൾ വിജയിക്കും എന്നതിന് ഉദാഹരണമാണ് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന സമഗ്രവിദ്യാഭ്യാസ വികസന പദ്ധതിയായ 'ഗുരുകുലം'. ഈ പദ്ധതി ഏറെ മുന്നോക്കം പോയ പഞ്ചായത്താണ് നമ്മുടേത്. ഇതിന്റെ ഭാഗമായി മുഴുവൻ വിദ്യാലയങ്ങളിലും സ്കൂൾ വിദ്യാഭ്യാസ സമിതി, മാതൃസംഘം എന്നിവ രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പഠനം രസകരമാക്കുന്നതിനുമുള്ള പരിശീലന പരിപാടികൾ പഠനോപകരണ നിർമ്മാണ ശിൽപശാല, അദ്ധ്യാപക സംഗമങ്ങൾ, വിവിധ ദിനാചരണങ്ങൾ, ക്വിസ്സ്, സഞ്ചരിക്കുന്ന കൈയ്യെഴുത്ത് മാസിക തുടങ്ങി തനതായ പരിപാടികൾ ആവിഷ്കരിക്കാൻ പഞ്ചായത്ത് ഗുരുകുലം വിദ്യാഭ്യാസ സമിതിക്ക് സാധിച്ചിട്ടുണ്ട്. ഗുരുകുലം പരിപാടി സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ജനകീയ പങ്കാളിത്തത്തിന്റെ സാദ്ധ്യത സുവ്യക്തമാക്കിയിട്ടുണ്ട്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

സ്വതന്ത്രവും ആസൂത്രിതവുമായ പല കളികളിൽ കൂടിയും പ്രവർത്തനങ്ങളിൽകൂടിയും കുട്ടികൾ അറിയാതെ അവരുടെ വ്യക്തി വികാസവും ബുദ്ധിവികാസവും സാധിച്ചെടുക്കുകയാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിലൂടെ നാം ചെയ്യേണ്ടത്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടത്തുന്ന അംഗനവാടികളിൽ ഭൂരിഭാഗവും പ്രീ-പ്രൈമറി വിദ്യാഭ്യാസ സങ്കൽപത്തോട് നീതിചെയ്യുന്ന പ്രവർത്തനങ്ങളല്ല നടക്കുന്നതെന്ന് ഈ രംഗം വിലയിരുത്തുമ്പോൾ മനസ്സിലാവുന്നു. പഞ്ചായത്തിൽ 16 അംഗനവാടികളും, ഒരു പഞ്ചായത്ത് നഴ്സറി സ്കൂളും ആർ.ഡി.സി. കേന്ദ്രമായി ഒരു സ്വകാര്യം നഴ്സറി സ്കൂളും വർത്തിക്കുന്നു. ശരിയായ പഠനത്തിന്റെയോ ആവശ്യങ്ങളുടെയോ അടിസ്ഥാനത്തിലല്ല നിലവിലുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടത് എന്ന് കാണാൻ കഴിയും. നൂറ്റമ്പതിലധികം ശിശുക്കൾ ഉള്ള 4-ാം വാർഡിൽ ഒരു അംഗൻവാടി പോലുമില്ല. 1000 ജനസംഖ്യക്ക് ഒരു കേന്ദ്രമെന്ന നിലയിൽ ഇനിയും 9 കേന്ദ്രങ്ങളെങ്കിലും ആരംഭിക്കേണ്ടതുണ്ട്. ശിശു വിഹാരകേന്ദ്രത്തിന് ഏതാണ്ട് 30 ച.മീ. തറ വിസ്തീർണ്ണമുള്ള ഒരുകെട്ടിടവും 10 സെന്റ് കളിസ്ഥലവും കുട്ടികൾക്കുള്ള കളിക്കോപ്പുകളും ഉണ്ടായിരിക്കണം. എന്നാൽ പഞ്ചായത്തിലെ മിക്ക അംഗൻവാടികളും നല്ലകെട്ടിടമോ സ്വന്തം കളിസ്ഥലമോ ആവശ്യത്തിനുള്ള കളിക്കോപ്പുകളോ ഇല്ലെന്നതാണ് സത്യം. എന്നാൽ ചുരുക്കം ചില അംഗൻവാടികൾ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരിക വിദ്യാഭ്യാസവും വയോജനവിദ്യാഭ്യാസവും മറ്റ് സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക എന്നുള്ളത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണല്ലോ. നവോത്ഥാന പ്രസ്ഥാനവും അതിന്റെ തുടർച്ചയായി ദേശീയ പ്രസ്ഥാനവും ശക്തിപ്പെട്ടതോടെ ജനകീയ വിദ്യാഭ്യാസ കേന്ദ്രങ്ങളായി പെരളശ്ശേരിയിലെ വായനശാലകൾ മാറിയിരുന്നു. എന്നാൽ ഈ രംഗത്ത് വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പങ്ക് നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുകയാണ്. 1990-കളിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ പരിപാടി പഞ്ചായത്തിൽ ഒരു ബഹുജന പരിപാടിയായി നടത്തിയിരുന്നു. പ്രതിഫലേച്ഛ കൂടാതെ നിസ്വാർത്ഥൻമാരായ 268 ഇൻസ്ട്രക്ടർമാരും സാക്ഷരതാപ്രവർത്തകരും നിശ്ചിത സമയത്തിനുള്ളിൽ തന്നെ നിരക്ഷരരായിരുന്ന 1444 പേരെയും സാക്ഷരരാക്കിയിട്ടുണ്ട്. എന്നാൽ 90-കളിലെ സാക്ഷരതാ യജ്ഞത്തിന്റെ ആവേശം രണ്ടാം ഘട്ട പ്രവർത്തനത്തിൽ തുടരാൻ കഴിയാതെ പോയതിനാൽ നവ സാക്ഷരർ തന്നെ ക്രമേണ നിരക്ഷരതയിലേക്ക് പോയി.

പ്രശ്നങ്ങൾ

പൊതുവിദ്യാഭ്യാസരംഗം

1. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നു
2. ഹയർസെക്കന്ററി സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം കുട്ടികളുടെ പഠനപ്രവർത്തനങ്ങളെയും പാഠ്യേതരപ്രവർത്തനങ്ങളെയും ബാധിക്കുന്നു.
3. കലാ-കായിക രംഗത്ത് ഹയർസെക്കന്ററി സ്കൂളിന്റെ സംഭാവന വളരെ കുറവാണ്.
4. എസ്.എസ്.എൽ.സി. കഴിഞ്ഞ കുട്ടികൾക്ക് കരിയർ ഗൈഡൻസിന്റെ അഭാവമുണ്ട്.
5. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം കൂടി വരുന്നു.
6. പഞ്ചായത്തിൽ ഒരു തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമില്ല.
7. വയൽക്കരയുമായി ബന്ധപ്പെടുന്ന വിദ്യാലയങ്ങളിലെ കുട്ടികൾ മഴക്കാലത്ത് സ്കൂളിലെത്തിച്ചേരാൻ കഷ്ടപ്പെടുന്നു.
8. അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ സജീവമല്ല.
9. അയൽക്കൂട്ടങ്ങൾ രൂപീകരിക്കാത്ത പ്രദേശങ്ങളുണ്ട്.

ഭൗതിക സാഹചര്യങ്ങൾ

1. പഞ്ചായത്തിലെ സ്കൂൾ കെട്ടിടങ്ങൾ ഭൂരിഭാഗവും പ്രീ-കെ.ഇ.ആർ. ആനുകൂല്യത്തിലുള്ളവയാണ്.
2. മിക്ക സ്കൂളുകൾക്കും സ്വന്തമായി കളിസ്ഥലമില്ല.
3. അത്യാവശ്യം വേണ്ട ഭൗതിക സൗകര്യങ്ങളുടെ കുറവുണ്ട്.
4. ഭൗതിക സാഹചര്യം ഒരുക്കുന്നതിൽ സമൂഹ പങ്കാളിത്തമില്ല.
5. മിക്ക സ്കൂളുകളിലും ലൈബ്രറി, വായനാകോർണർ സൗകര്യമില്ല.

അക്കാദമികം

1. പഠന ബോധന പ്രവർത്തനങ്ങൾ ശിശുകേന്ദ്രീകൃതമോ പ്രവർത്തന കേന്ദ്രീകൃതമോ അല്ല.
2. സ്കൂളുകളിൽ വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ല.
3. പഠനപ്രവർത്തനങ്ങൾ ജീവിതഗന്ധിയല്ല.
4. തൊഴിൽ പരിചയം നേടുന്നില്ല.
5. പ്രൈമറി വിദ്യാലയങ്ങളിലെ കായികാദ്ധ്യാപകരുടെ അഭാവം ഒരു പ്രശ്നമാണ്.
6. സ്കൂളുകളിലെ നിരക്ഷരത.
7. ഗ്രാമീണ വിദ്യാലയങ്ങളിലെ ഒന്നാം തരത്തിലെ പ്രവേശന നിരക്ക് കുറഞ്ഞു വരുന്നു.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

1. നിലവിലുള്ള അംഗൻവാടികളുടെ സ്ഥാപനം ശാസ്ത്രീയമല്ല.
2. മിക്ക അംഗൻവാടികൾക്കും നല്ല കെട്ടിടങ്ങളും കളിക്കോപ്പുകളും കളിസ്ഥലങ്ങളുമില്ല.
3. അംഗനവാടികൾ എൽ.കെ.ജി./യു.കെ.ജി. നഴ്സറികളായി മാറുന്നു.
4. ശാസ്ത്രീയമായ ശിശുപരിചരണം ലഭിക്കുന്നില്ല.
5. അംഗനവാടി കേന്ദ്രങ്ങൾ ആകർഷകമല്ല.

അനൗപചാരിക വിദ്യാഭ്യാസരംഗം

1. അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വായനശാലകൾ, ഗ്രന്ഥാലയങ്ങൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
2. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമല്ല.
3. നവസാക്ഷരൻ വീണ്ടും നിരക്ഷരതയിലേക്ക്.

നിർദ്ദേശങ്ങൾ

പൊതുവിദ്യാഭ്യാസം

1. വെള്ളച്ചാൽ കേന്ദ്രമാക്കി ഒരു തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കേണ്ടതാണ്.
2. പെരളശ്ശേരി ഹയർ സെക്കന്ററിയിലെ കെട്ടിടസൗകര്യം വർദ്ധിപ്പിച്ച് നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം എടുത്തുകളയണം.

3. ഹയർസെക്കന്ററി സ്കൂളിലെ ഗ്രൗണ്ട് മിനി സ്റ്റേഡിയമായി ഉയർത്തുക.
4. പെരളശ്ശേരി ഹയർ സെക്കന്ററി സ്കൂൾ കേന്ദ്രമാക്കി കരിയർ ഗൈഡിങ്ങ് സെന്റർ പ്രവർത്തിക്കുക.
5. മഴക്കാലത്ത് യാത്രാക്ലേശം അനുഭവപ്പെടുന്ന സ്കൂളുകൾ കണ്ടെത്തി അവ പരിഹരിക്കുക.
6. വിദ്യാലയത്തിൽ വിദ്യാർത്ഥികൾ കുറഞ്ഞു വരുന്നത് ശാസ്ത്രീയമായി പഠന വിധേയമാക്കുക.
7. അദ്ധ്യാപക-രക്ഷാകർതൃസമിതികൾ സജീവമാക്കുക.
8. അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക.

ഭൗതിക സാഹചര്യങ്ങൾ

1. സ്കൂൾ മാനേജ്മെന്റ്, പി.ടി.എ. എന്നിവ സഹകരിച്ച് സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
2. നിരപ്പില്ലാത്ത കളിസ്ഥലങ്ങളുള്ള സ്കൂൾ ഗ്രൗണ്ടുകൾ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഉപയോഗക്ഷമമാക്കുക.
3. സ്കൂളുകളിൽ ലൈബ്രറി, വായനാ കോർണർ എന്നിവ നിർബന്ധമാക്കുക.

അക്കാദമികം, പാരഅക്കാദമികം

1. അദ്ധ്യാപക സംഗമങ്ങൾ നിർബന്ധമാക്കുക.
2. അദ്ധ്യാപക പുന:പരിശീലനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുക.
3. സ്കൂളുകൾക്കാവശ്യമായ പഠനോപകരണങ്ങൾ, ശിൽപ ശാലകളിലൂടെ കണ്ടെത്തുക.
4. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പി.ടി.എ. സജീവമാക്കുക.
5. മലയാളം, കണക്ക്, എന്നിവക്ക് പുറമേ ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രാധാന്യം നൽകുക.
6. ഓരോ അയൽകൂട്ടത്തിലും കുട്ടികളുടെ സമിതി രൂപീകരിക്കുക.
7. മാതൃസംഘം ശക്തിപ്പെടുത്തുക.

പ്രീ-പ്രൈമറി രംഗം

1. ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ ഇനി പ്രീ-പ്രൈമറി വിദ്യാഭ്യാസകേന്ദ്രങ്ങൾ ഏതൊക്കെ സ്ഥലത്ത് ആരംഭിക്കണമെന്ന് തീരുമാനിക്കുക.
2. നിലവിലുള്ള അംഗൻവാടിയുടെ സൗകര്യം മെച്ചപ്പെടുത്തുവാൻ വേണ്ടി ഓരോ അംഗൻവാടിയുമായും ബന്ധപ്പെട്ട് ജനകീയ സമിതികൾ രൂപീകരിക്കുക.
3. കളിക്കോപ്പുകൾ, ഫർണിച്ചറുകൾ എന്നിവ ഈ സമിതികളുടെ പ്രവർത്തനം വഴി ശേഖരിക്കണം.
4. അംഗൻവാടി കേന്ദ്രങ്ങളുടെ കെട്ടിടങ്ങൾ പണിയാൻ സഹകരണസ്ഥാപനങ്ങളുടെ സംഭാവനകൾ പ്രയോജനപ്പെടുത്തുക.
5. കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ വിലയിരുത്തുന്നതിനും ദിശാനിർണ്ണയത്തിനും ഒരു വിദഗ്ദ സമിതി പഞ്ചായത്ത് തലത്തിലുണ്ടാവണം,
6. നിലവിലുള്ള അംഗൻവാടി കേന്ദ്രങ്ങളിലെ അദ്ധ്യാപികമാർക്ക് പുന:പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
7. കേന്ദ്രങ്ങൾ അക്ഷരം, അക്ക പഠനത്തിന് അമിത പ്രാധാന്യം നൽകുന്നതിന് പകരം കളിയിലൂടെ കുട്ടികളുടെ വിജ്ഞാന സമ്പാദനത്തിനുള്ള നൈസർഗ്ഗികമായ സിദ്ധികൾ തൊട്ടുണർത്തുന്നതിലാണ് ശ്രദ്ധപതിയേണ്ടത്.
8. വ്യവഹാരഭാഷ നിർബന്ധമായും മാതൃഭാഷയാക്കണം.
9. സാമൂഹ്യ ക്ഷേമ വകുപ്പ്, ശിശുക്ഷേമസമിതി, വിദ്യാഭ്യാസവകുപ്പ് തുടങ്ങിയ വിവിധ ലൈൻ ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന ശിശുവികസന കേന്ദ്രങ്ങളെല്ലാം തന്നെ ഏകീകരിച്ച് പഞ്ചായത്തിന് കൈമാറണം. അവയ്ക്കായി ഇന്ന് ചിലവാക്കുന്ന പണവും (സ്റ്റാഫും) പഞ്ചായത്തിന് കൈമാറണം.

അനൗപചാരിക വിദ്യാഭ്യാസ രംഗം

1. സാക്ഷരതാപ്രവർത്തനങ്ങളുടെ പ്രധാന വേദികളായി ഗ്രന്ഥശാലകളെ ഉപയോഗപ്പെടുത്തണം.
2. സാക്ഷരതാ പ്രവർത്തകരെ ഗ്രന്ഥശാല വഴി പരിശീലിപ്പിക്കാം.
3. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമാക്കണം.
4. അയൽകൂട്ടം അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് സജീവമായി ഇടപെടണം.
5. നവസാക്ഷരർക്ക് പുസ്തകങ്ങൾ എത്തിച്ചുകൊടുക്കണം.

സാധ്യതകൾ

1. പ്രൈമറി സ്കൂളുകൾ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വന്നതോടെ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് രൂപീകരിച്ച് അതിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരുടെ പുനർവിദ്യാഭ്യാസം തുടർച്ചയായി നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ സാദ്ധ്യതയുണ്ട്.
2. വിദ്യാഭ്യാസ വകുപ്പിനെ സഹായിക്കാൻ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന ഗ്രാമപഞ്ചായത്ത് അംഗം അദ്ധ്യക്ഷനായി പഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപീകരിക്കണം.
3. സ്കൂൾ കോംപ്ലക്സ് പരിപാടികൾ ഈ സമിതിയുടെ മേൽനോട്ടത്തിൽ നടത്താം.
4. സ്കൂൾ കലാ-കായിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിക്കാവും.
5. അയൽവക്ക സ്കൂൾ സമ്പ്രദായം പ്രാവർത്തികമാക്കുന്ന രീതിയിൽ ബോധവൽക്കരണം വേണം.
6. അനൗപചാരിക വിദ്യാഭ്യാസം നടത്താൻ പറ്റിയ ഏജൻസികളായി ഗ്രന്ഥാലയങ്ങളെ മാറ്റാം.

കുടിവെള്ളം ആരോഗ്യം പരിസരശുചിത്വം



ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്. ആരോഗ്യത്തെക്കുറിച്ചുള്ള ലോകാരോഗ്യ സംഘടനയുടെ നിർവ്വചനം തന്നെ മനുഷ്യന്റെ ശാരീരികവും മാനസീകവും സാമൂഹികവുമായ സന്തുലിതാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. അല്ലാതെ രോഗത്തിന്റെയോ ദൗർബല്യത്തിന്റെയോ അഭാവം മാത്രമല്ല. ഒരു സമൂഹത്തിന്റെ ആരോഗ്യ നിലവാരം അതിലെ ഓരോ വ്യക്തിയുടെയും ആരോഗ്യാവസ്ഥയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

ആരോഗ്യം

മൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തോടുകൂടി പെരളശ്ശേരിയിൽ നിന്നും 8 കി.മീ. ദൂരത്തായി ചക്കരക്കല്ലിൽ സ്ഥിതിചെയ്യുന്ന ഇരിവേരി പ്രാഥമിക ആരോഗ്യകേന്ദ്രമായിരുന്നു ഈ പ്രദേശത്തെ ആദ്യത്തെ ആധുനിക ചികിത്സാകേന്ദ്രം. അതുവരെ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ നിസ്വാർത്ഥസേവകരായിരുന്ന പാരമ്പര്യ വൈദ്യൻമാരായിരുന്നു ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആതുര സേവകർ. ഇവരുടെ നിസ്വാർത്ഥസേവനങ്ങൾ ഇന്നും ജനങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. 1948 കാലഘട്ടങ്ങളിൽ നിരവധി ജീവൻ അപഹരിച്ച കോളറ എന്ന മാരകരോഗം ഈ പഞ്ചായത്തിലുണ്ടായപ്പോൾ, ശാസ്ത്രം ഇന്നത്തേപ്പോലെ പുരോഗമിച്ചിട്ടില്ലാത്ത കാലത്ത് പ്രബലമായ രാഷ്ട്രീയബോധമുള്ള സംഘടനകളായിരുന്നു സ്വന്തം ജീവൻ അവഗണിച്ചുകൊണ്ട് ആതുര സേവനത്തിന് നേതൃത്വം നൽകിയിരുന്നത് എന്ന് സ്മരിക്കപ്പെടുന്നു.

ഇന്ന് പെരളശ്ശേരി പഞ്ചായത്ത് പരിധിയിൽ 4-ാം വാർഡിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും 6-ാം വാർഡിൽ പ്രാഥമിക ആരോഗ്യകേന്ദ്രവും സ്ഥിതിചെയ്യുന്നു. 5-ാം വാർഡിൽ സഹകരണമേഖലയിൽ മഹാനായ എ.കെ.ജി.യുടെ നാമധേയത്തിൽ ഉള്ള സഹകരണ ആശുപത്രിയുമാണ് പഞ്ചായത്തിലെ ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ.

സ്ഥാപനങ്ങളും സേവനങ്ങളും

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	വാർഡ്	സ്ഥാപിച്ച വർഷം	കെട്ടിടം വാടകയോ സ്വന്തമോ	ജീവനക്കാരുടെ എണ്ണം	ഒഴിഞ്ഞുകിടക്കുന്ന തസ്തിക
1	പ്രാഥമിക ആരോഗ്യ കേന്ദ്രം പൊതുവാച്ചേരി	അലോപ്പതി (4 ഉപകേന്ദ്രങ്ങൾ ഉൾപ്പടെ)	6	1989	വാടക	17	2
	കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ						
	1) പൊതുവാച്ചേരി	”	6		സ്വന്തം	1	-
	2)മൂന്ന് പെരിയ	”	9		”	1	-
	3)കോട്ടം	”			കെട്ടിടമില്ല	1	-
	4) കുഴിക്കിലായി	”			”	1	-
2	ഗവ: ആയുർവ്വേദ ഡിസ്പൻസറി, മുണ്ടലൂർ	ആയുർവ്വേദം	4	1971	വാടക	3	-
	മറ്റ് ചികിത്സാ സ്ഥാപനങ്ങൾ						
3	എ.കെ.ജി.മെമ്മോറിയൽ കോ-ഓപ് ഡിസ്പൻസറി	അലോപ്പതി	5	1974	സ്വന്തം	11	-

മേൽക്കാണിച്ച പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ കഴിഞ്ഞാൽ മറ്റ് അസുഖങ്ങൾക്ക് പഞ്ചായത്തിലെ ജനങ്ങൾ ആശ്ര യിക്കേണ്ടി വരുന്നത് കണ്ണൂർ ജില്ലാ ആശുപത്രിയെയാണ്. എന്നാൽ പലപ്പോഴും സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം പ്രത്യ ക്ഷിച്ച് അവിടെ എത്തുന്ന രോഗികൾക്ക് ഒ.പി. വിഭാഗത്തിൽ ഡോക്ടർമാരെ കാണുവാൻ പോലും കഴിയാതെ തൊട്ടടുത്തുള്ള സ്വകാര്യ ആശുപത്രികളിലേക്ക് അഭയം തേടാൻ നിർബ്ബന്ധിതരാവുന്നു. അതുമൂലം നിസ്വാർത്ഥസേവനം ചെയ്യുന്ന ഡോക്ടർ മാർക്കുപോലും ജനങ്ങളിൽ നിന്ന് അവമതിപ്പു നേരിടേണ്ടിവരുന്നു. സർക്കാർ ആശുപത്രികളിലെ വാർഡുകൾ മിക്കതും ഒഴി ഞ്ഞുകിടക്കുമ്പോഴും സ്വകാര്യ ആശുപത്രികളിൽ രോഗികളുടെ തള്ളിക്കയറ്റം ഉണ്ടാവുന്നത് ഇത് കാരണമാണ്. ഇത് പരിഹരി ക്കപ്പെടണം.

ചികിത്സാച്ചെലവ്

ഒരു സാധാരണ രോഗത്തിന് ചികിത്സക്കായി അഡ്മിഷന് വിധേയനാവുന്ന രോഗിക്ക്, പ്രാഥമിക പരിശോധന, ലാബ ട്ടറി പരിശോധന, എന്നിവ സർക്കാർ ആശുപത്രിയിൽ സൗജന്യമായിരിക്കേ അവഗണനമൂലം സ്വകാര്യ ആശുപത്രിയെ സമീ പിക്കേണ്ടി വരുന്നു. ഇന്ന് വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന സ്വകാര്യ ആശുപത്രി രംഗം ചൂഷണത്തിന്റെ തലത്തിലേ ക്ക് അധ:പതിച്ചിരിക്കുകയാണ്. ചികിത്സാഫീസുകൾ കുറച്ച് ഏകീകരിക്കുന്നതോടൊപ്പം സ്വകാര്യ ആശുപത്രികൾക്ക് കടുത്ത നിയന്ത്രണങ്ങൾ സർക്കാർ തലത്തിൽ ഉണ്ടാവേണ്ടതുണ്ട്. അതോടൊപ്പം തന്നെ സർക്കാർ സേവനങ്ങൾ പരമാവധി ഉപ യോഗപ്പെടുത്തുവാനുള്ള മനോഭാവം ജനങ്ങളിൽ നിന്നും ഉണ്ടാവേണ്ടതുണ്ട്.

പഞ്ചായത്തിലെ ആരോഗ്യസേവനങ്ങളിൽ ഡോക്ടർമാരുടെ സേവനം പരിമിതമായ സമയങ്ങളിൽ മാത്രമേ ലഭിക്കുന്നു ള്ളൂ എന്ന് മിക്ക വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും പരാമർശമുണ്ടായി. പൊതുജനാരോഗ്യ-രോഗപ്രതിരോധ പ്രവർത്ത നങ്ങളിൽ ജീവനക്കാർ വിമുഖത കാണിക്കുന്നതായി മിക്ക വാർഡുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടു. പൊതുജനാരോഗ്യ സേവന രംഗം കൂടുതൽ ജനോപകാരപ്രദമാക്കാൻ അർപ്പണബോധം ജീവനക്കാരിൽ നിന്നും ഉണ്ടാവേണ്ടതോടൊപ്പം സേവ നം ഉപയോഗപ്പെടുത്തുവാൻ പൊതുജനങ്ങളും താൽപര്യം കാട്ടേണ്ടതുണ്ട്.

പകർച്ചവ്യാധികൾ

കഴിഞ്ഞ 3 വർഷക്കാലത്ത് പെരളശ്ശേരി പഞ്ചായത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും എ.കെ.ജി. ആശുപത്ര യിൽ നിന്നും ചികിത്സിച്ച പകർച്ച വ്യാധികളുടെ കണക്കുകൾ താഴെ ചേർക്കുന്നു.

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ
1993-94	7796	717	19
1994-95	6547	415	13
1995-96	6354	549	19

ഇത് ആശുപത്രി സ്ഥിതിചെയ്യുന്ന സമീപപ്രദേശങ്ങളിലെ രോഗികൾ മാത്രമാണ്.

കഴിഞ്ഞ 4 വർഷത്തിൽ പഞ്ചായത്ത്പരിധിയിലുള്ള ആശുപത്രികളിലെ രോഗികളുടെ തരം തിരിച്ചുള്ള കണക്ക്

വർഷം	ഐ.പി. വിഭാഗം	ഒ.പി.വിഭാഗം	രോഗം സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം)			
			ത്വക്ക് രോഗം	വാതരോഗം	പകർച്ചവ്യാധികൾ	മറ്റുള്ള രോഗങ്ങൾ
1992-93	2026	40031	6790	6745	8157	18339
1993-94	708	40607	7128	7250	8513	17716
1994-95	771	38048	6590	7897	7012	16549
1995-96	605	42218	7650	9830	6903	17835

കഴിഞ്ഞ 5 വർഷക്കാലത്തേക്ക് പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ രോഗികളുടെയും ഔഷധച്ചിലവുക ളുടെയും കണക്ക്. (പൊതുജനാരോഗ്യ-കുടുംബക്ഷേമ പ്രവർത്തനങ്ങൾ ഉൾപ്പടെ)

വർഷം	മൊത്തം രോഗികൾ	മരുന്നിന് ചിലവായ തുക	മറ്റു ചിലവുകൾ	
			പ്ലാൻ	നോൺപ്ലാൻ
1991-92	13322	6900	കണക്കുകൾ ലഭ്യമല്ല	
1992-93	9271	5208	-	
1993-94	8316	15482	203030	388705
1994-95	7571	43394	220726	320975
1995-96	8406	23868	189875	400975

അവലംബം: പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ദ്വിതീയ വിവര ശേഖരണം.

ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ടു നടത്തുന്ന ഇതര പ്രവർത്തനങ്ങൾ

വർദ്ധിച്ചു വരുന്ന ജനസംഖ്യ നിയന്ത്രിക്കുന്നതിന് ചെറിയ കുടുംബം സന്തുഷ്ട കുടുംബം എന്ന ആശയത്തിലൂന്നിക്കൊണ്ട് നടത്തുന്ന കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ ആരോഗ്യകേന്ദ്രം വിവിധ വർഷങ്ങളിൽ നടത്തിയ വിവിധയിനം കുടുംബക്ഷേമ പ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു.

1993-94 സർവ്വേ പ്രകാരം പഞ്ചായത്ത് പരിധിയിലെ യോഗ്യരായ ദമ്പതികളും അവർ സ്വീകരിച്ച സ്ഥിരവും താൽക്കാലികവുമായ കുടുംബക്ഷേമ മാർഗ്ഗങ്ങളും.

വർഷം 1993-94

ജീവിച്ചിരിക്കുന്ന കുട്ടികൾ	അർഹരായ ദമ്പതികൾ	സ്ഥിരമായ മാർഗ്ഗം		താൽക്കാലിക മാർഗ്ഗങ്ങൾ			
		വാസക്ടമി	ട്യൂബക്ടമി	കോപ്പർ ടി	ഉറകൾ	ഗുളികകൾ	ആകെ
2	1208	31	709	28	32	18	818
3	894	49	692	7	15	8	771
4	417	17	269	4	4	2	296
5നു മേൽ	220	8	139	2	2	-	151
ആകെ	2739	105	1809	41	53	23	2031
വർഷം 1994-95							
2	1175	51	796	26	35	13	921
3	953	53	755	15	20	5	848
4	429	32	369	7	10	7	425
5നു മുകളിൽ	238	18	140	-	6	7	171
ആകെ	2845	154	2060	48	71	32	2365
വർഷം 1995-96							
2	1165	51	830	27	37	13	958
3	948	53	745	15	21	5	839
4	486	32	369	7	11	7	426
5ന് മേൽ	232	18	146	-	7	5	176
ആകെ	2831	154	2090	49	76	30	2399

ഒ.ആർ.എസ് ഡിപ്പോ

ചിലകാലാവസ്ഥകളിൽ കാണപ്പെടുന്ന ജലജന്യരോഗമായ വയറിളക്കം, ഛർദ്ദി തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പ്രാഥമിക ശുശ്രൂഷ എന്ന നിലയിൽ ഒ.ആർ.എസ്. ലായനി ഉപയോഗപ്പെടുത്തുന്നതിനും 32 ഒ.ആർ.എസ് ഡിപ്പോകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആർക്കും ഏതുസമയത്തും ഈ ഡിപ്പോകളിൽ വച്ച് ഒ.ആർ.എസ്. ലഭിക്കുന്നതാണ്. എന്നാൽ ഈ ഡിപ്പോകൾ പൊതുജനങ്ങൾ വേണ്ടത്ര ഉപയോഗപ്പെടുത്തിയില്ല.

പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

പൊതുജനാരോഗ്യ ബോധവൽക്കരണത്തിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നടത്തിവരാറുണ്ട്. 1996-ൽ നടത്തിയ ക്ലാസുകളുടെ വിവരങ്ങൾ.

1. ഓറിയന്റേഷൻ ട്രെയിനിങ്ങ് ക്യാമ്പ് - 1
2. അമ്മമാർക്കുള്ള ക്ലാസ്സുകൾ - 132
3. മലമ്പനി നിർമ്മാർജ്ജന വാരം - 1

മഹിളാ സ്വാസ്ഥ് സംഘം

വിവിധ മേഖലയിൽ ജോലിചെയ്യുന്ന മഹിളകളിൽ നിന്ന് 5പേരും സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന 5 പ്രതിനിധികളും അടങ്ങുന്ന 15 പേർ ഉൾക്കൊള്ളുന്ന ഒരു വാർഡിൽ 1 എന്ന കണക്കിൽ ജെ.പി.എച്ച്.എൻ കൺവീനറായി പ്രവർത്തിക്കുന്നതും ഗർഭകാല പരിചരണം, ശിശുപരിപാലനം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മറ്റിതര സാമൂഹ്യ പ്രവർത്തനങ്ങളിൽ

ബോധവൽക്കരണം നടത്തുക എന്നിവയാണ് ഈ സംഘം കൊണ്ട് ഉദ്ദേശിക്കുന്നത്.

രോഗപ്രതിരോധ കുത്തിവെപ്പ്

കഴിഞ്ഞ പദ്ധതിക്കാലങ്ങളിൽ നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി 6 മാരകരോഗങ്ങൾക്കെതിരായി ജനങ്ങൾ ബോധവാൻമാരാകുകയും മുന്നോട്ടുവരികയും ചെയ്യുന്നുണ്ട്. ഈ സേവനം ശരിയായ രീതിയിൽ വാക്സിനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ശരിയായ ശീതീകരണ ശൃംഖലയിൽ സൂക്ഷിച്ചുകൊണ്ടും അണുവിമുക്തമായ സൂചികൾ,സിറിഞ്ചുകൾ ഉപയോഗിച്ചും ദേശവ്യാപകമായി നടത്തുന്ന പദ്ധതിയാണ്. ഈ വർഷത്തിൽ പഞ്ചായത്തിൽ കുത്തിവെപ്പ് നടത്താത്ത ഒരു കുട്ടിപോലുമില്ലെന്നുള്ളത് എടുത്തുപറയാവുന്നതാണ്.

കഴിഞ്ഞ അഞ്ചു വർഷക്കാലമായി നടത്തിയ കുത്തിവെപ്പുകൾ

വർഷം	ഡി.പി.ടി.	പോളിയോ	ബി.സി.ജി.	ഡി.ടി.	ടി.ടി.	മീസിൽസ്
1991-92	250	250	156	255	260	222
1992-93	213	213	212	248	200	213
1993-94	428	428	245	225	364	284
1994-95	335	335	340	268	319	309
1995-96	329	329	305	268	362	316

വിളർച്ചക്കെതിരായി അമ്മമാർക്കും കുട്ടികൾക്കും നൽകിയ ഇരുമ്പ് സത്ത് അടങ്ങിയ ഗുളികകൾ

വർഷം	അമ്മമാർക്ക്	കുട്ടികൾക്ക്
1991-92	187	291
1992-93	798	355
1993-94	432	538
1994-95	309	372
1995-96	320	375

പഞ്ചായത്ത് പരിധിയിലെ അംഗവൈകല്യമുള്ളവർ

അന്ധർ	:	12
ബധിരർ	:	13
മൂകർ	:	14
ബധിര മൂകർ	:	11
ചലന വൈകല്യം	:	47
ആകെ	:	93

അവലംബം : പി.എച്ച്.സി.

ഗവ: ആയുർവ്വേദ ഡിസ്പൻസറിയുടെ ശോച്യാവസ്ഥ

1971-ൽ ആരംഭിച്ചതും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നതുമായ ഗവ: ആയുർവ്വേദ ഡിസ്പൻസറി മുണ്ടലൂരിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഒരു ഡോക്ടർ, ഒരു അറ്റൻഡർ, ഒരു സ്വീപ്പർ, എന്നിങ്ങനെ 3 ജീവനക്കാർ മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. ആവശ്യത്തിന് മരുന്നോ മറ്റ് സൗകര്യങ്ങളോ ഇല്ല. സമീപപഞ്ചായത്തുകളിൽ നിന്നുപോലും രോഗികൾ എത്തിപ്പെടുന്നുണ്ട്. ഡിസ്പൻസറിയുടെ രജതജൂബിലി ആഘോഷിക്കേണ്ടിയിരുന്ന ഈ വർഷത്തിലെങ്കിലും സൗകര്യപ്രദമായ സ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിച്ച് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് ആശുപത്രിയായി ഉയർത്താനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണം.

ഹോമിയോ ആശുപത്രി സ്ഥാപിക്കണം

അടുത്തകാലത്തായി വളരെയേറെ പ്രചാരത്തിൽ വന്നിട്ടുള്ള ഒരു ചികിത്സാ ശാഖയാണ് ഹോമിയോപ്പതി. ഈ ചികിത്സാരീതിക്ക് അർഹമായ പ്രോൽസാഹനം നൽകുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

എ.കെ.ജി. മെമ്മോറിയൽ സഹകരണ ആശുപത്രി

മുണ്ടലൂരിൽ 1974-ൽ സഹകരണ മേഖലയിൽ സ്ഥാപിച്ചതും നിരവധി ജനങ്ങൾക്ക് ആശാകേന്ദ്രവുമായി ഈ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി വിപുലപ്പെടുത്താനും, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം

ലഭ്യമാക്കാനും, കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെപ്പുകൾ ഇവിടെ വച്ച് നടത്തുവാനും ഭരണസമിതിയോട് പഞ്ചായത്ത് ശുപാർശ ചെയ്യണം.

ഏറ്റവും കൂടുതൽ ബീഡിതൊഴിലാളികൾ അധിവസിക്കുന്ന ഈ പ്രദേശത്ത് ബീഡിതൊഴിലാളികൾക്കായി ആശുപത്രി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് വക സ്ഥലം അനുവദിക്കുകയും ആശുപത്രി നിർമ്മാണത്തിൽ ഗവൺമെന്റിൽ സ്വാധീനം ചെലുത്തേണ്ടതുമാണ്. ആരോഗ്യ സംരക്ഷണത്തിന്റെ കാര്യത്തിൽ ജനങ്ങളെ സ്വയം പര്യാപ്തമാക്കാനുള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടിയിരിക്കുന്നു. ഇതിനായി പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരുടെ (ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ) സേവനം കൂടുതൽ കാര്യക്ഷമമാക്കുവാനും ആ സേവനങ്ങൾ പരമാവധി ഉപയുക്തമാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാനും ഇപ്പോൾ പഞ്ചായത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള മൂന്ന് ജെ.എച്ച്.ഐ. മാർക്ക് ഓഫീസ് സൗകര്യം ഏർപ്പെടുത്തണം. വായനശാല/ക്ലബ്ബുകൾ എന്നിവയോടനുബന്ധിച്ച് ഒറ്റമുറി മാത്രം മതിയാവും. 2 മണി മുതൽ 4 മണി വരെയുള്ള ഓഫീസ് ജോലി സമയത്ത് ജെ.എച്ച്.ഐ. മാർക്ക് ഇരിക്കാനും പൊതുജനാരോഗ്യ പ്രശ്നങ്ങളിൽ ജനങ്ങൾക്ക് അവരുമായി ബന്ധപ്പെടുവാനും ഇതുകൊണ്ട് ഉതകുന്നതാണ്.

കെട്ടിടമില്ലാത്ത കുഴിക്കിലായി ഉപകേന്ദ്രത്തിന് അതിന്റെ പരിധിയിൽ വരുന്ന 4,5 വാർഡുകളിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു ഉപകേന്ദ്ര കെട്ടിടം പണിയണം. ജനസംഖ്യാനുപാതികമായി (5000 ജനസംഖ്യക്ക് 1 എന്ന രീതിയിൽ ഒരു ജെ.പി.എച്ച്.എൻ., ഒരു ജെ.എച്ച്.ഐ.) എന്ന തോതിൽ 22 ജെ.എച്ച്.ഐ. തസ്തികകളും ഒരു ജെ.പി.എച്ച്.എൻ. തസ്തികയും ഈ പഞ്ചായത്തിൽ കൂടുതലായി അനുവദിക്കപ്പേടേണ്ടതുണ്ട്.

ആരോഗ്യ സന്നദ്ധസേന രൂപീകരണം

ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കും അടിയന്തരഘട്ടങ്ങളിൽ ആശ്വാസപ്രവർത്തനം നടത്തുന്നതിനും അതാത് വാർഡുകളിൽ നിന്നും സന്നദ്ധരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകി വായനശാല/ക്ലബ്ബുകൾ തുടങ്ങിയ പൊതുസ്ഥാപനവുമായി ബന്ധപ്പെടുത്തി പത്തുപേരിൽകുറയാത്ത ആരോഗ്യ സന്നദ്ധ സേനകളെ സംഘടിപ്പിക്കണം.

പോഷണം പരിസരശുചിത്വം, രോഗപ്രതിരോധ ചികിത്സ, പ്രഥമ ശുശ്രൂഷ, പകർച്ചവ്യാധി നിയന്ത്രണം, പാനീയ ചികിത്സ, നേത്രദാനം, രക്തദാനം, ദുശ്ശീല വിരുദ്ധ ബോധവൽക്കരണം, ക്യാൻസർ പ്രതിരോധം, ദേശീയാരോഗ്യപദ്ധതികളുടെ ശരിയായ വിനിയോഗം, എയ്ഡ്സ് ബോധവൽക്കരണം എന്നിവയിൽ പരിശീലനം നൽകുകയും വേണം. ഇതിനാവശ്യമായ കൈപ്പുസ്തകങ്ങൾ , ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണം. സ്ഥിരം പ്രവർത്തന സജ്ജമായ ഇത്തരം പ്രാദേശികാരോഗ്യസേനക്ക്, പ്രാഥമികാരോഗ്യസംരക്ഷണത്തിലും ആരോഗ്യാവബോധം മാറ്റിയെടുക്കുന്നതിലും ജനങ്ങളെ ആരോഗ്യ സാക്ഷരർ ആക്കുന്നതിനും ഗണ്യമായ പങ്ക് വഹിക്കാനാവും. ഇതിനെറ മേൽനോട്ടം അതത് പ്രദേശത്തുള്ള ആരോഗ്യ പ്രവർത്തകരെ ഏൽപ്പിക്കാവുന്നതാണ്. പരിശീലനത്തിന്റെ ഉത്തരവാദിത്തം, ജെ.പി.എച്ച്.എൻ./ജെ.എച്ച്.ഐ./എച്ച്.ഐ./എൽ.എച്ച്.ഐ/എം.ഒ/ഗ്രാമപഞ്ചായത്ത് എന്നിവർ വഹിക്കേണ്ടതാണ്. ഇത് സംഘടിപ്പിക്കുന്നതിനുള്ള ചിലവ് ഗ്രാമപഞ്ചായത്ത് വഹിക്കണം. തുടർപ്രവർത്തനങ്ങൾക്കുള്ള ചിലവ് ആവശ്യമായി വന്നാൽ പ്രാദേശികമായി സ്വരൂപിക്കാവുന്നതാണ്.

പരിസര മലിനീകരണം, കുടിവെള്ള ക്ഷാമം, കക്കൂസുകളുടെ അഭാവം, എന്നിവ പരിഹരിക്കുന്നതിന് വാർഡ്മെമ്പർമാരുടെ നേതൃത്വത്തിൽ ഒരു സംഘടന പ്രവർത്തിക്കേണ്ടതാണ്.

ഉയർന്ന തോതിലുള്ള പകർച്ചവ്യാധികൾ, പോഷണവൈകല്യങ്ങൾ, ഉയർന്ന ജനനനിരക്ക് എന്നിവ നിലവിലുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ പരിഹാര നടപടികൾക്ക് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ലഭ്യമായ സേവനങ്ങൾ പരമാവധി ഉപയോഗിക്കുവാൻ ജനങ്ങളെ ഉൽബുദ്ധരാക്കുവാൻ ഈ സംഘടനകൾക്ക് കഴിയണം. പഞ്ചായത്തിലെ ചില പ്രദേശങ്ങൾ (ഉദാ: 6-ാം വാർഡ്) ഈ മേഖലകളിൽ താരതമ്യേന പിന്നോക്കമാണ്. ഈ സന്നദ്ധ സേവകർക്ക് ജനവിദ്യാകേന്ദ്രങ്ങളായും ജനാരോഗ്യ കേന്ദ്രങ്ങളായും പ്രവർത്തിക്കാവുന്നതാണ്.

മരണനിരക്ക്

പഞ്ചായത്തിലെ പൊതുമരണനിരക്ക് 4.5 ആണ്. ഇത് സംസ്ഥാന പൊതുമരണ നിരക്കിനേക്കാൾ താഴെയാണ്. പഞ്ചായത്ത് പരിധിയിൽ കഴിഞ്ഞ വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട 122 മരണങ്ങളിൽ 16 എണ്ണം ആത്മഹത്യയാണ്. ഇത് മൊത്തം മരണത്തിന്റെ 13% വരും. ഇത് പൗരൻമാരുടെ മാനസികവും സാമൂഹ്യവുമായ അസന്തുലിതാവസ്ഥയെയാണ് കാണിക്കുന്നത്. ജനങ്ങളുടെ മാനസികാരോഗ്യനിലവാരം ഉയർത്തുന്നതിനുള്ള ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു.

പി.എച്ച്.സി.കെട്ടിടം

പൊതുവാച്ചേരി പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്ഥിരം കെട്ടിടം പണി ആരംഭിച്ച് അഞ്ചുവർഷം കഴിഞ്ഞെങ്കിലും പണി പൂർത്തിയാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. കെട്ടിടം സ്ഥിതിചെയ്യുന്നത് രോഗികൾക്ക് എത്തിച്ചേരാൻ പ്രയാസമുള്ളതും പഞ്ചായത്തിന്റെ ഒരറ്റത്തുമായാണ് സ്ഥിതിചെയ്യുന്നത്. പലവാർഡുകളിൽ നിന്നും ഇതിനെപ്പറ്റി ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. എങ്കിലും 6-ാം വാർഡിലെ പകർച്ചവ്യാധികളുടെ ഉയർന്ന നിരക്ക്, പരിസര മലിനീകരണ പ്രശ്നം, കക്കൂസുകളുടെ അഭാവം, അടുപ്പിച്ചടുപ്പിച്ചുള്ള പ്രസവം, ഉയർന്ന ജനനനിരക്ക്, പൊതു ആരോഗ്യ പിന്നോക്കാവസ്ഥ, ഇവ കണക്കിലെടുത്ത് ഈകെട്ടിടത്തിന്റെ പണി എത്രയും വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ ഉണ്ടാവണം.

വ്യായാമകേന്ദ്രം

ഡബ്ല്യൂ. എച്ച്. ഒ. നിർദ്ദേശിച്ചതുപോലെ പൗരന്റെ മാനസികവും ശാരീരികവും ആയ വളർച്ചക്ക് വ്യായാമം ആവശ്യമാ

ണ്. പ്രത്യേകിച്ചും പെരളശ്ശേരി പഞ്ചായത്ത് പോലുള്ള ബീഡിതൊഴിലാളികൾ അധിവസിക്കുന്ന പ്രദേശത്ത് വ്യായാമകേന്ദ്രം ആരംഭിക്കേണ്ടതാണ്. പ്രായഭേദമെന്യേ, യോഗാസനം, കളരി അഭ്യാസം തുടങ്ങിയ പരമ്പരാഗത വ്യായാമമുറകൾ പരിശീലിപ്പിക്കാൻ മുൻകൈ എടുക്കണം.

പഞ്ചായത്ത് ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതരീതിക്ക് ആരോഗ്യ സംരക്ഷണത്തിന് തുടർച്ചയായ ബോധവൽക്കരണ പരിപാടികൾ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ നടത്തേണ്ടതാണ്.

കുടിവെള്ളം

ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം, ഒരു ജനതയുടെ ആരോഗ്യ കാര്യങ്ങളിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. ആരോഗ്യകരമല്ലാത്ത കിണറുകളും മലിനമായ മറ്റ് ജലസ്രോതസ്സുകളും ജല ജന്യ രോഗങ്ങളായ കോളറ, വയറിളക്കം, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം, പോളിയോ തുടങ്ങിയ രോഗങ്ങളുടെ ഉറവിടങ്ങളായി മാറുന്നു. അതിനാൽ കുടിവെള്ളം മലിനമാവാതെ സംരക്ഷിക്കുവാനുള്ള ചുമതല ജനങ്ങളിൽ തന്നെ നിക്ഷിപ്തമാണ്. പഞ്ചായത്തിലെ 95% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള 4558 കിണറുകളിൽ 1367 കിണറുകൾ വേനൽക്കാലത്ത് വറ്റുന്നവയാണ്. 4-ാം വാർഡിലെ കോട്ടം പ്രദേശത്ത് കാർഷികാവശ്യത്തിലേക്കായി നിർമ്മിക്കപ്പെട്ട ജലവിതരണ പദ്ധതി ആ പ്രദേശത്തിലെ 45 ഓളം വീടുകളിലെ 250 ഓളം ആളുകൾ കുടിവെള്ളത്തിനു കൂടി ഉപയോഗിക്കുന്നു. ഈ 'കോട്ടം മോഡൽ പദ്ധതി' പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ജലവിതരണപദ്ധതിക്ക് മാതൃകയാക്കാവുന്നതാണ്. നിർമ്മാണത്തിനുള്ള പ്രാരംഭചെലവുകളെ 85% ഗ്രാന്റായും 15% തുക ഗുണഭോക്താക്കളും തുടർന്നുള്ള ആവർത്തനച്ചെലവും നിയന്ത്രണവും ഗുണഭോക്താക്കളടങ്ങുന്ന കമ്മറ്റി സ്വയം വഹിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

പഞ്ചായത്തിലെ ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ	വെള്ളമുള്ളത്	വെള്ളമില്ലാത്തത്
പൊതുകിണർ	27	-
സ്വകാര്യ കിണർ	4558	
കുഴൽകിണറുകൾ	21	
ടേപ്പ്	4	
മൊത്തം കിണറുകൾ	4610	

ഈ പഞ്ചായത്തിന്റെ പരിധിയിൽ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള പദ്ധതികൾ ഒന്നും തന്നെയില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും കുടിവെള്ളത്തിന്റെ ദൗർലഭ്യം ഉള്ള സ്ഥലങ്ങളെപ്പറ്റി പരാമർശങ്ങളും നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. അതാത് പ്രദേശത്തിന് അനുയോജ്യമായ വിധത്തിൽ അവക്ക് പരിഹാരം തേടേണ്ടതുണ്ട്.

കുടിവെള്ള സംരക്ഷണത്തിന് പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലത്ത് നീർക്കുഴികൾ കുഴിക്കുകയും വരമ്പുകളിട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.
2. ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുക.
3. നിലവിലുള്ള തോടുകളിൽ തടയണകെട്ടി ഒഴുക്ക് തടയുക
4. മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടക്കിണറുകളും ഉപയോഗിക്കുക.

പഞ്ചായത്തിലെ ഇന്നത്തെ പൊതുകിണറുകൾ

വാർഡുകൾ	1	2	3	4	5	6	7	8	9	10	11
കുഴൽകിണർ	3	2	2	2	1	-	2	3	0	4	2
പൊതുകിണർ	4	1	3	1	1	-	6	2	3	4	2

പൊതുജനാരോഗ്യവും പരിസരശുചിത്വവും

പൊതുജനാരോഗ്യത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ പ്രാധാന്യമർഹിക്കുന്നതാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പരമപ്രധാനമായി വേണ്ടതാണ് കക്കൂസ്. പഞ്ചായത്തിലെ 30% വീടുകളിൽ കക്കൂസ് എല്ല എന്നതാണ് ലഭ്യമായ കണക്ക്. ഈ കണക്ക് വെച്ച് നോക്കുമ്പോൾ കഴിഞ്ഞ 3 വർഷങ്ങളിലുണ്ടായ ജലജന്യരോഗങ്ങൾ താഴെപറയും വിധമാണ്.

1993-94	:	7796
1994-95	:	6547
1995-96	:	6354

(അവലംബം : ആരോഗ്യസ്ഥാപനങ്ങളിലെ ദ്വിതീയ വിവര റിപ്പോർട്ട്)

പരിസര മലിനീകരണപ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

വ്യവസായവൽക്കരണം വളരെക്കുറഞ്ഞ പ്രദേശമാകയാൽ പരിസര മലിനീകരണം ഗുരുതരമല്ല. എന്നാൽ പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ ശുചീകരണത്തിന്റെ അഭാവത്തിലുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. മുണ്ടലൂരിലുള്ള ആലമ്പന ടെക്സ്റ്റൈൽസിൽ നിന്നും രാസമിശ്രിതങ്ങളും ചായങ്ങളും ശുദ്ധീകരണം നടത്താതെ പുറത്തേക്ക് വർഷങ്ങളായി ഒഴുക്കുന്നത് മുണ്ടലൂരിലും പരിസരങ്ങളിലുമായി 3 കി.മീ. ചുറ്റളവിൽ ഭീഷണിയാകുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള 5465 വീടുകളിൽ കക്കൂസില്ലാത്ത വീടുകൾ 1450 എണ്ണം ഉണ്ട് എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇത് മൊത്തം വീടിന്റെ 26% വരും. പുഴയോര പ്രദേശങ്ങളിൽ പുഴയിൽ മലവിസർജ്ജനം നടത്തുന്നതും ജല-പരിസര-മലിനീകരണത്തിന് കാരണമാവുന്നുണ്ട്.

ഓടകളുടെ അഭാവവും മലിനീകരണത്തിന് കാരണമാവുന്നു. മലിനജലം കിണറുകളിൽ ഒലിച്ചിറങ്ങുന്നത് കുടിവെള്ള മലിനീകരണവും, കൊതുകുകളുടെ പെരുപ്പവും ഉണ്ടാക്കുന്നുണ്ട്. കച്ചവട സ്ഥാപനങ്ങളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ പൊതുനിരത്തിലും മറ്റു തുറസ്സായ സ്ഥലത്തും നിക്ഷേപിക്കുന്നത് പരിസര മലിനീകരണത്തിന് ഒരു കാരണമാണ്. കച്ചവടക്കാർ അതാത് സ്ഥാപനങ്ങളിലെ അവശിഷ്ടങ്ങൾ അവരവർ തന്നെ സംസ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും അല്ലാത്തവർക്ക് എതിരെ പിഴകൾ ചുമത്തുവാനും പഞ്ചായത്ത് മുന്നോട്ട് വരേണ്ടതാണ്. 2-ാം വാർഡിൽ വെള്ളച്ചാലിലും 3-ാം വാർഡിൽ മുണ്ടലൂരിലും 8-ാം വാർഡിൽ മൂന്നാം പാലത്തും പൊതുനിരത്തിൽ മത്സ്യം വിൽക്കുന്നതും പരിസര മലിനീകരണത്തിനും കൊതുകുകൾ പെരുകുന്നതിനും കാരണമാകുന്നു എന്ന് അതാത് വാർഡുകളിലെ ഗ്രാമവാസികളിൽ നിന്ന് പരാതി ഉയർന്നുവന്നു. ആവശ്യമായ സ്ഥലങ്ങളിൽ പൊതു മത്സ്യ മാർക്കറ്റ് നിർമ്മിച്ച് പ്രശ്നം പരിഹരിക്കാൻ നിർദ്ദേശം ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ ജനസാന്ദ്രതയുള്ള സ്ഥലങ്ങളായ മുണ്ടലൂർ, മൂന്ന്പെരിയ, മൂന്നാംപാലം, വെള്ളച്ചാൽ എന്നിവിടങ്ങളിൽ പൊതുമൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കാൻ ഗ്രാമസഭകളിൽ ആവശ്യമുന്നയിച്ചിട്ടുണ്ട്.

പല ആവശ്യങ്ങൾക്കുമായി തീർത്ഥാടന കേന്ദ്രം കൂടിയായ പെരളശ്ശേരിയിലും പരിസരങ്ങളിലും വരുന്നവർക്ക് അടിയന്തിരമായും പ്രാഥമിക സൗകര്യങ്ങൾക്ക് വേണ്ടി കക്കൂസുകൾ നിർമ്മിക്കണമെന്ന് മിക്ക ഗ്രാമസഭകളും ആവശ്യപ്പെട്ടു.

കോഴിവളർത്ത് കേന്ദ്രങ്ങൾ വിവിധ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ടെങ്കിലും അവയിലെ മാലിന്യങ്ങൾ വേണ്ടരീതിയിൽ സംസ്കരിക്കാത്തത് പരിസരമലിനീകരണത്തിനും മറ്റു പല രോഗങ്ങൾക്കും കാരണമാകുന്നുണ്ട്. മലിനീകരണ നിയന്ത്രണബോർഡ് നിർദ്ദേശിക്കുന്ന രീതിയിൽ സംസ്കരണം നടത്തേണ്ട 9-ാം വാർഡിലെ ഒടുങ്ങോട്-മുട്ടും റോഡിന്റെ വശങ്ങളിലായി മലിനജലം റോഡിൽ ഒഴുക്കുന്നതായി ഗ്രാമസഭ പരാതിപ്പെട്ടു.

പഞ്ചായത്തിലെ 26% വീടുകൾക്കും ആരോഗ്യകരമായ കക്കൂസുകൾ ഇല്ല എന്നതാണ് ഗ്രാമസഭകളിൽ നിന്നുമുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ഗ്രാമസഭയുടെ ചർച്ചയുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവിക്കുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരങ്ങളും താഴെപ്പറയും വിധം സംഗ്രഹിക്കുന്നു.

തടസ്സകാരണം	പരിഹാര മാർഗ്ഗങ്ങൾ	നിലവിലുള്ള സ്കീമുകളും ഏജൻസികളും
സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.	CAPART PADCO CRSP, SCP
സ്ഥലപരിമിതി (ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ)	പൊതുവായി സെപ്റ്റിക് ടാങ്ക് നിർമ്മിച്ചുകൊണ്ട് (അഞ്ചാറു വീട്ടുകാർക്ക് ഒന്ന് എന്ന തോതിൽ)	
ആവശ്യകത ബോധ്യപ്പെടാത്തതിനാൽ (ബോധവൽക്കരണം)	ആരോഗ്യ ബോധവൽക്കരണ യൂനിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക (ആരോഗ്യ പ്രവർത്തകരെ ഉൾപ്പെടുത്തി അയൽകൂട്ടങ്ങൾ, ചർച്ചാക്ലാസുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ എന്നിവ)	

കക്കൂസ് ഇല്ലാത്ത 26% വീടുകളെ സാമ്പത്തികമായി തഴെ പറയും വിധം 3 ഗ്രൂപ്പുകളായി തിരിച്ച് സഹായങ്ങൾ നൽകണം.

ഗ്രൂപ്പ്	സാമ്പത്തിക സഹായം
നിർദ്ധനർ	പൂർണ്ണ സാമ്പത്തിക സഹായം നൽകണം
ഇടത്തരം വരുമാനക്കാർ	50% സാമ്പത്തിക സഹായം നൽകുക
സാമ്പത്തിക ശേഷിയുള്ളവർ	സാങ്കേതിക സഹായം നൽകുക

പഞ്ചായത്തിൽ വിവിധ ഇനം കക്കൂസുകൾ ആവശ്യമുള്ളവരുടെ യഥാർത്ഥ വിവരങ്ങൾ ശേഖരിക്കുകയും പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് നിർമ്മാണ സാമഗ്രികൾ മൊത്തമായി സമാഹരിച്ചു വിതരണം ചെയ്യുന്നതുൾപ്പടെയുള്ള നിർമ്മാണ ജോലികൾക്ക് പഞ്ചായത്ത് തലത്തിൽ ഒരു ഏജൻസിക്ക് രൂപം നൽകി ചുമതല ഏറ്റെടുത്ത് നടത്താവുന്നതാണ്.

നഗരവൽക്കരണം മൂലവും സ്ഥലപരിമിതിമൂലവും സ്വന്തം വീട്ടുവളപ്പിൽ ചുരുങ്ങിയ സ്ഥലത്ത് ശവം മറവ് ചെയ്യുന്നതും ദഹിപ്പിക്കുന്നതും പഞ്ചായത്തിൽ നിത്യസംഭവമാണ്. ഇത് പരിസരമലിനീകരണത്തിനും കുടിവെള്ളത്തിനും ഭീഷണിയാകുന്നു. എല്ലാ വാർഡുകളിലെയും ഗ്രാമസഭകളിൽ നിന്നും, 8-ാം വാർഡിൽ പഞ്ചായത്തിൽ സ്വന്തമായി പൊതു ശ്മശാനം ഉണ്ടായിരിക്കേ പൊതുശ്മശാനത്തിൽ ശവം മറവ് ചെയ്യാൻ നിയമനിർമ്മാണം നടത്തണമെന്ന് മിക്ക ഗ്രാമസഭകളിൽ നിന്നും ആവശ്യം ഉന്നയിച്ചു. അതിനാവശ്യമായ മറ്റ് സജ്ജീകരണങ്ങൾ പഞ്ചായത്ത് ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ എന്നിവയിലെ ഭക്ഷണ വിൽപന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്. ആയത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലിചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. അങ്ങാടികൾ ശുചിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും നിയമങ്ങൾ പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

കഴിഞ്ഞവർഷം ഇരിവേരി ഹെൽത്ത് സെന്ററിൽ ചികിത്സിച്ച 114 മലമ്പനി രോഗികളിൽ 10 എണ്ണവും 1996-ലെ 101-ൽ പത്ത് എണ്ണവും പെരളശ്ശേരി പഞ്ചായത്തിൽ നിന്നുള്ളവരായിരുന്നു. ഇതിൽ ഒരു രോഗിക്ക് തദ്ദേശീയമായ കൊതുകുകളിൽ നിന്നും ലഭിച്ചതാണ്. ഇത് പെരളശ്ശേരി പഞ്ചായത്തിൽ മലമ്പനി ഭീഷണി നിലനിൽക്കുന്ന പ്രദേശമായി കാണാവുന്നതാണ്. മുഴുവൻ ജനങ്ങളുടെയും സജീവശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്.

പൊതുനിർദ്ദേശങ്ങൾ

1. കച്ചവടസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന മുണ്ടലൂർ, മൂന്ന് പെരിയ, മൂന്നാംപാലം, കീഴറ, വെള്ളച്ചാൽ, കോട്ടം തുടങ്ങിയ സ്ഥലങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കുകയും അതുപയോഗപ്പെടുത്താൻ കച്ചവടക്കാരെ നിർബന്ധിക്കുകയും വേണം.

2. പൊതുമലിനീകരണ നിരോധന നിയമങ്ങൾ പാലിക്കാൻ കച്ചവടക്കാർക്ക് നിയമബോധവൽക്കരണ ക്ലാസ്സുകൾ നൽകേണ്ടതാണ്.

3. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങൾ വൃത്തിയാക്കുവാൻ പാർട്ട് ടൈം ജോലിക്കാരെ നിയമിക്കണം.

4. പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ -കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് തുടങ്ങിയ നിയമാവലികൾ കാലോചിതമായി പുതുക്കി ആരോഗ്യരംഗത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പിലാക്കേണ്ടതാണ്.

5. പരിസര മലിനീകരണം നടത്തുന്നവരിൽ നിന്ന് ലഘുവായ പിഴ ഈടാക്കുവാൻ പഞ്ചായത്തിന് അധികാരം നൽകുന്ന ഫലപ്രദമായ നിയമനിർമ്മാണം നടത്തണം.

6. മണ്ണിന്റെ സന്തുലിതാവസ്ഥക്ക് ഭീഷണിയാവുന്നതും പരിസ്ഥിതി പ്രശ്നവും മാരകരോഗങ്ങൾ സൃഷ്ടിക്കുന്നതുമായ പ്ലാസ്റ്റിക് സഞ്ചികൾ, മറ്റ് പ്ലാസ്റ്റിക് സാധനങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുവാനും ഹിമാചൽ പ്രദേശിൽ നടപ്പാക്കിയതുപോലുള്ള നിരോധന നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തും നടപ്പാക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

7. പഞ്ചായത്ത് പരിധിയിൽ ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന മാലിന്യങ്ങളും അവശിഷ്ടങ്ങളും അവരവർ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുവാനുള്ള സജ്ജീകരണങ്ങൾ ബോധ്യപ്പെട്ടാൽ മാത്രമേ ലൈസൻസ് നൽകാവൂ. ഇതിന് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ തേടാവുന്നതാണ്.

8. നിലവിലുള്ള പഞ്ചായത്ത് പൊതുശ്മശാനം ഉപയോഗപ്പെടുത്തുവാൻ താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പൊതുശ്മശാനത്തിൽ ശവം സംസ്കരിക്കുവാനുള്ള നിയമനിർമ്മാണം കർശനമായി നടപ്പിലാക്കേണ്ടതുമാണ്.

1) സൗകര്യപ്രദമായ വൈദ്യുതീകരിച്ച ഷെഡ് നിർമ്മിക്കുക.
2) വിറക് ലഭ്യത ഉറപ്പാക്കുക.
3) ശവപ്പെട്ടിയോടുകൂടിയ ഉന്തുവണ്ടി ഏർപ്പെടുത്തുക.
4) ശ്മശാന സംരക്ഷകനെ നിയമിക്കുക.

ശവസംസ്കാരത്തിനു വരുന്ന ചിലവുകൾ ബന്ധപ്പെട്ടവർ തന്നെ വഹിക്കേണ്ടതാണ്.

9. പഞ്ചായത്തിലെ ഖരമാലിന്യം നീക്കം ചെയ്യുന്നതിന് ബ്ലോക്ക് തലത്തിൽ പദ്ധതി ആവശ്യമാണ്. മാലിന്യ സംസ്കരണം മൂന്ന് രീതിയിൽ നിർദ്ദേശിക്കുന്നു.

1) ലാന്റ് ഫില്ലിങ്ങ് :- ചപ്പുചവറുകൾ കുഴികളിൽ നിക്ഷേപിച്ച് കുഴികൾ നികത്തുന്ന രീതിയിൽ
2) ഇൻസിനറേറ്റിങ്ങ് രീതി :- ചപ്പുചവറുകൾ കത്തിച്ചുകളയുന്ന രീതി
3) കമ്പോസ്റ്റിങ്ങ് രീതി :- ചപ്പുചവറുകൾ വളമാക്കിമാറ്റുന്ന രീതി

ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ബ്ലോക്ക്തല പദ്ധതി ഗുണപ്രദമാണ്. പ്രധാനകേന്ദ്രങ്ങളിൽ ശേഖരിച്ചിട്ടുള്ള മാലിന്യങ്ങൾ തരം തിരിച്ച് അതാത് സ്ഥലത്ത് തന്നെ സംസ്കരിക്കുകയോ അല്ലാത്തപക്ഷം പഞ്ചായത്ത് തലത്തിൽ തന്നെ ഉചിതമായ സ്ഥലത്ത് സംസ്കരിക്കുകയോ കമ്പോസ്റ്റാക്കി മാറ്റുകയോ ചെയ്യാവുന്നതാണ്. ഇതിന് വാഹന സൗകര്യവും ജീവനക്കാരെ നിയമിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നിയന്ത്രണവും ചുമതലയും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്.

10) അണുകുടുംബങ്ങൾ വർദ്ധിച്ചുവരുന്ന നമ്മുടെ സമൂഹത്തിൽ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ഭാവിയിൽ ചില പരിപാടികൾ ചില പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ഓരോ വ്യക്തിയുടെ ഗൃഹവും പരിസരവും ആരോഗ്യപൂർണ്ണവും സുരക്ഷിതവുമായാൽ സമൂഹവും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ പൊതുവേയും ആരോഗ്യസംരക്ഷണത്തിൽ പുരോഗമനപരമായ ഒരു വീഥിയിലേക്ക് നയിക്കപ്പെടും. അതിനാവശ്യമായ പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ കടമ.

എല്ലാവർക്കും ആരോഗ്യം !
ആരോഗ്യത്തിനു വേണ്ടി എല്ലാം !!



വ്യവസായം

വ്യവസായ രംഗത്ത് വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളായ ബീഡി, കൈത്തറി, കയർ എന്നീ മേഖലകളിലുള്ള യൂനിറ്റുകളാണ് പെരളശ്ശേരി പഞ്ചായത്തിൽ പ്രധാനമായും പ്രവർത്തിക്കുന്നത്. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ രൈരു നമ്പ്യാർ എന്നവരുടെ ഉടമസ്ഥതയിൽ ഒറ്റക്കരമുണ്ടിന് പേരുകേട്ട കൈത്തറി നെയ്ത്ത് ശാല, സാമുവൽ ആറോൺ എന്ന വ്യവസായി സ്ഥാപിച്ച കൈത്തറി നെയ്ത്ത് ശാല, സ്വകാര്യ മേഖലയിൽ പി.വി.എസ്., ഗണേശ് തുടങ്ങിയ ബീഡി വ്യവസായ ശാലകളും ആയിരുന്നു ഈ പഞ്ചായത്തിലെ ആദ്യകാല യൂനിറ്റുകൾ. ബീഡിതൊഴിലാളികളുടെ മാന്യാകാർട്ട എന്നറിയപ്പെടുന്ന 1966-ൽ പാർലിമെന്റ് പാസ്സാക്കിയ ബീഡി-സിഗാർ വർക്കേർസ് ആക്റ്റ് കേരളത്തിൽ നടപ്പാക്കുന്നതിന് 1968-ൽ കേരള സർക്കാർ തീരുമാനമെടുത്തതോടുകൂടി, പി.വി.എസ്., ഗണേശ് ബീഡിക്കമ്പനികൾ രംഗം വിട്ടൊഴിയുന്ന അവസ്ഥയുണ്ടായി. ഇത് വഴി വഴിയാധാരമായ കണ്ണൂർജില്ലയിലെ 12,000 ഓളം തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് കേരളാ ദിനേശ് ബീഡി തൊഴിലാളി സഹകരണസംഘം രൂപീകരിച്ചു. ദിനേശ് ബീഡി തൊഴിലാളി സഹകരണസംഘം രൂപീകരിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ സംഘടിത തൊഴിലാളി വിഭാഗം മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിലെ വ്യവസായ തൊഴിലാളികളിൽ ഭൂരിപക്ഷം പേരും ഏർപ്പെട്ടിരിക്കുന്നത് ബീഡിമേഖലയിലെ തൊഴിലിലാണ്. സാമുവൽ ആറോൺ സ്ഥാപിച്ച നെയ്ത്ത് ശാല പിന്നീട് സുബ്ബറാവു എന്നയാളുടെ കയ്യിൽ വന്നെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനം കൊണ്ടുപോകാൻ സാധിക്കാതെ വന്നു. ഈ പഞ്ചായത്തിലെ സംഘടിത പ്രസ്ഥാനത്തിന്റെ പ്രവർത്തന ഫലമായി 1958-ൽ ഈ സ്ഥാപനം കെ.കെ.എസ്. വീവേഴ്സ് ഇന്റസ്ട്രിയൽ കോ-ഓപ്. സൊസൈറ്റിയായി രൂപം കൊണ്ടു. ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ കീഴിലുള്ള 14 സബ്സെന്ററുകൾ, സാധു ബീഡിയുടെ 16 സബ്ബ് സെന്ററുകൾ, കൈത്തറിമേഖലയിൽ കെ.കെ.എസ് വീവേഴ്സ് ഇന്റസ്ട്രിയൽ കോ-ഓപ്. സൊസൈറ്റി, ആലമ്പന ടെക്സ്റ്റൈൽസ്, 8-ാം വാർഡിലെ പവർലൂം തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വ്യവസായ സ്ഥാപനങ്ങൾ.

പെരളശ്ശേരി പഞ്ചായത്തിൽ വിവിധ മേഖലകളിലായി 7339 പേർ ജോലിചെയ്യുന്നു. ഇതിൽ 5134 പേർ പുരുഷൻമാരും 2205 പേർ സ്ത്രീകളുമാണ്. ആകെ വ്യവസായ തൊഴിലാളികൾ 3628 പേർ. ഇതിൽ പുരുഷൻമാർ 2283. സ്ത്രീകൾ 1345 ഉം ആണ്. (അവലംബം 1991ലെ സെൻസസ് റിപ്പോർട്ട്)

ക്രമനമ്പർ	ഇനം	ആകെ യൂനിറ്റുകൾ	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
	<u>സ്വകാര്യമേഖല</u>				
1	കൈത്തറി നെയ്ത്ത്	6	240	68	308
2	പവർലൂം	1	18	4	22
3	റൈസ്,ഫ്ളവർ, ഓയിൽമിൽ	11	22	3	25
4	ഗ്രിൽസ് മെറ്റൽ എഞ്ചിനീയറിങ്ങ്	5	14	-	14
5	സ്റ്റീൽ ഫർണിച്ചർ യൂനിറ്റ്	1	11	-	11
6	ചിരട്ടപൊടിക്കൽ, കറിപൗഡർ	1	3	3	6
7	പ്ലാസ്റ്റിക് ബാഗ് നിർമ്മാണം	1	3	-	3
8	ബേക്കറി യൂനിറ്റ്	4	5	3	8

ക്രമനമ്പർ	ഇനം	ആകെ യൂനിറ്റുകൾ	തൊഴിലാളികളുടെ എണ്ണം പുരുഷൻ	സ്ത്രീ	ആകെ
9	ഗാർമെന്റ് മേക്കിങ്ങ്	2	-	15	15
10	പ്രിന്റിങ്ങ് പ്രസ്സ്	2	4	5	9
11	സോഡ നിർമ്മാണം	3	3	2	5
12	കാപ്പിക്കുരു പൊടിക്കൽ	1	2	1	3
13	അവൽ ഉണ്ടാക്കൽ	1	2	2	4
14	ഹലുവ നിർമ്മാണം	1	-	2	2
15	മരഫർണിച്ചർ നിർമ്മാണം	4	17	-	17
16	പപ്പട നിർമ്മാണം	1	5	-	5
17	ബീഡിതെറുപ്പ് - സാധു	16			
	മറ്റുള്ളവ	3	520	445	965
	<u>സഹകരണമേഖല</u>				
18	ദിനേശ് ബീഡി സബ്സെന്റർ	14	845	581	1426
19	കൈത്തറി-നെയ്ത്ത് ശാല	1	37	40	77
20	കയർ	1	2	5	7
	<u>ഖാദിമേഖല</u>				
21	കൈക്കടലാസ് നിർമ്മാണം (സഹ.സംഘം)	1	6	5	11
22	പോളി. വസ്ത്ര യൂണിറ്റ്	1	2	26	28
23	നൂൽനൂൽപ് കേന്ദ്രം	1	-	15	15
24	പോട്ടറി സൊസൈറ്റി (സഹ.സംഘം)	1	3	2	5
	<u>കുടിൽ വ്യവസായം</u>				
25	കയർപിരിക്കൽ	38	15	125	140

പരമ്പരാഗത വ്യവസായ മേഖല

നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത വ്യവസായ മേഖലയായ ബീഡിതെറുപ്പ്, കൈത്തറി, കയർ, എന്നീ രംഗങ്ങളിൽ ശക്തമായ അടിത്തറയുണ്ട്. സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ദിനേശ് ബീഡിയുടെ 14 സബ്സെന്ററുകളിലായി 1426 പേർ പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യ ബീഡി മേഖലയിൽ സാധു, യോഗി എന്നിവയുടെ സബ്സെന്ററുകളിലായി 965 പേർ ജോലിചെയ്യുന്നുണ്ട്.

കൈത്തറി മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു യൂനിറ്റും സ്വകാര്യ മേഖലയിൽ 6 യൂനിറ്റുകളിലും കൂടി ആകെ 385 പേർ ജോലിചെയ്യുന്നു. 1958-ൽ സഹകരണ സംഘമായി രൂപംകൊണ്ട് കെ.കെ.എസ്. ഇൻഡസ്ട്രിയൽ കോ-ഓപ്. സൊസൈറ്റിയിൽ 77 പേർക്ക് ജോലി ലഭിക്കുന്നു. വർഷങ്ങളുടെ പാരമ്പര്യമുള്ള യൂനിറ്റാണെങ്കിലും ജില്ലയിലെ അറിയപ്പെടുന്ന കൈത്തറി സ്ഥാപനമായി മാറാൻ ഈ സ്ഥാപനത്തിന് ഇതുവരെയും സാധിച്ചിട്ടില്ല. നിലവിൽ വിദേശ ഓർഡർ ലഭിക്കുന്ന ഈ സ്ഥാപനത്തിൽ പരിചയ സമ്പന്നരായ തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കാത്തത് സ്ഥാപനത്തിന്റെ വിപുലീകരണത്തിന് തടസ്സമായി നിൽക്കുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി, ഡൈയിങ്ങ്, പ്രിന്റിങ്ങ് ഉൾപ്പടെയുള്ള ജോലികൾ ചെയ്യുന്ന ആലമ്പന ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം ഈ മേഖലയിൽ എടുത്ത് പറയാവുന്ന സ്ഥാപനമായി മാറിയിട്ടുണ്ട്. ഔട്ട് വർക്ക് ഉൾപ്പടെ മൊത്തം 240 - ഓളം പേർക്ക് ഇവിടെ ജോലി ലഭിക്കുന്നുണ്ട്.

കയർമേഖലയിൽ പെരളശ്ശേരി പഞ്ചായത്തിൽ 4,5,10,11 വാർഡുകളിലായി മൊത്തം 155 പേർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 15 പേർ തൊണ്ടു തല്ലുന്ന ജോലിയിലും 140 പേർ കുടിൽ വ്യവസായം എന്ന നിലയിൽ കയർപിരിക്കുന്ന ജോലിയിലും ഏർപ്പെടുന്നു. പഞ്ചായത്തിൽ ഒരു കയർ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. നല്ല നിലയിലുള്ള പ്രവർത്തനം കാഴ്ച വെക്കാൻ ഈ സ്ഥാപനത്തിന് ഇതുവരെയുമായിട്ടില്ല. പരമ്പരാഗതമായ രീതിയിൽ ഈ രംഗത്ത് ജോലിചെയ്യാൻ തൊഴിലാളികളെ ലഭിക്കാത്തതാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം.

പരമ്പരാഗത മേഖല

ക്രമനമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം പുരുഷൻ	സ്ത്രീ	ആകെ
1	ബീഡി (സഹകരണം)	845	581	1426
2	ബീഡി (സ്വകാര്യം)	520	445	965
3	കൈത്തറി (സഹകരണം)	37	40	77
4	കൈത്തറി (സ്വകാര്യം)	240	68	308
5	കയർ (സഹകരണം)	2	5	7
6	കയർ (കുടിൽ വ്യവസായം)	15	125	140
7	കള്ള് ചെത്ത്	52	-	52
	ആകെ	1708	1264	2972

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ സഹകരണ മേഖലയിൽ ഒരു കൈക്കടലാസ് നിർമ്മാണ യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. 1962-ൽ പ്രവർത്തനമാരംഭിച്ച ഈ യൂനിറ്റിന് മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ ഇതുവരെ സാധിച്ചിട്ടില്ല. നിലവിൽ 11 പേർക്ക് ജോലി നൽകുന്നുണ്ട്. പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ കീഴിൽ നാലാം വാർഡിൽ ഒരു പോളി വസ്ത്ര യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 26 സ്ത്രീകളും രണ്ട് പുരുഷൻമാരും ജോലിചെയ്യുന്നുണ്ട്. കൂടാതെ പത്താം വാർഡിൽ പ്രവർത്തിക്കുന്ന നൂൽനൂൽപ് കേന്ദ്രത്തിൽ 15 സ്ത്രീകൾ ജോലിചെയ്യുന്നു. മൂന്നാം പാലത്ത് പ്രവർത്തിക്കുന്ന പോട്ടറി സൊസൈറ്റിയുടെ പ്രവർത്തനവും കാര്യക്ഷമമല്ല. ഗ്രാമീണതൊഴിലുകളെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യം വച്ച് നടത്തുന്ന ഈ മേഖലയിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും മറ്റ് സൗകര്യങ്ങളും ലഭിക്കേണ്ടിയിരിക്കുന്നു.

വ്യവസായ മേഖലയിലെ സ്ത്രീപങ്കാളിത്തം

പെരളശ്ശേരി പഞ്ചായത്തിലെ തൊഴിലെടുക്കുന്ന പുരുഷൻമാരുടെ എണ്ണത്തിന്റെ (5134) പകുതിയിൽ താഴെ സ്ത്രീകൾ മാത്രമേ (2205) തൊഴിലെടുക്കുന്നവരായുള്ളൂ. ഇതിൽ വ്യവസായമേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിന്റെ 94%വും പരമ്പരാഗത തൊഴിൽ മേഖലയായ ബീഡി, കൈത്തറി, കയർ എന്നിവയിലാണ്. കാർഷിക മേഖലയിലെ ജോലിയിൽ സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരുന്നതായും കാണാം. കൈത്തറി മേഖലയിൽ താരതമ്യേന മെച്ചപ്പെട്ട ആനുകൂല്യങ്ങളും തൊഴിൽ സുരക്ഷിതത്വവുമുള്ളതുകൊണ്ട് സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. ഖാദി മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് വളരെ തുച്ഛമായ വേതനം മാത്രമേ ലഭിക്കുന്നുള്ളൂ.

വിവിധ രംഗങ്ങളിൽ പുരുഷൻമാരുടെയും സ്ത്രീകളുടെയും കൂലി നിരക്ക്

ക്രമനമ്പർ	തൊഴിൽ മേഖല	കൂലി	
		പുരുഷൻ	സ്ത്രീ
1	ബീഡി	45	45
2	കൈത്തറി/നെയ്ത്ത്	70	70
3	കയർ	20	20
4	പവർലൂം	75	-
5	ഗാർമെന്റ് മേക്കിങ്ങ്	-	30
6	കൈക്കടലാസ്	35	24
7	ഖാദി	-	18
8	പ്രിന്റിങ്ങ് പ്രസ്സ്	60	30
9	ബേക്കറി	50	22
10	റൈസ്മിൽ, ഓയിൽമിൽ	60	25

പ്രശ്നങ്ങൾ

പരമ്പരാഗത വ്യവസായ മേഖല, ഖാദിമേഖല

1. കേന്ദ്ര സർക്കാറിന്റെ സെൻട്രൽ എക്സൈസ് നയത്തിന്റെയും നീളം കുറഞ്ഞ സിഗരറ്റിന്റെ നികുതിയിളവ്, പുകവലി വിരുദ്ധ കേമ്പയിൻ എന്നിവയുടെയും ഫലമായി ബീഡി വ്യവസായ മേഖല പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. ബീഡിമേഖലയിലെ ഈ പ്രതിസന്ധി തൊഴിലാളികളുടെ കൊഴിഞ്ഞുപോകലിന് കാരണമായിരിക്കുന്നു.

2. കൈത്തറി രംഗത്ത് നൂൽ, ചായം, എന്നിവയുടെ വിലവർദ്ധനവ്, വിദഗ്ധതൊഴിലാളികളുടെ അഭാവം, ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമല്ലാത്തത്, എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നമായി നിൽക്കുന്നു.

3. കയർമേഖലയിൽ തുച്ഛമായ കൂലിയും മാർക്കറ്റിങ്ങ് സൗകര്യമില്ലാത്തതും ആധുനീകവൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും അഭാവവും സംഘടിതമായ ശ്രമങ്ങൾ ഇല്ലായ്മയും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്.

4. മൺപാത്രം, പൂച്ചട്ടി, എന്നിവയുടെ നിർമ്മാണ രംഗത്ത് പുതുതായി ആളുകൾ കടന്നുവരാത്തത്.

5. കയർ, കൈത്തറി എന്നീ മേഖലയിൽ പുതുതായി വരുന്നവർക്ക് ആവശ്യമായ പരിശീലനം ലഭിക്കാനുള്ള സാധ്യതയില്ലായ്മ.

6. ഖാദി മേഖലയിൽ ലഭിക്കുന്ന തുച്ഛമായ കൂലി, വൈവിധ്യമില്ലായ്മ എന്നിവ ഈ രംഗത്ത് ആളുകളെ ആകർഷിക്കുന്നില്ല.

ചെറുകിട വ്യവസായ മേഖല

7. വൈദ്യുതി കണക്ഷൻ ലഭിക്കായ്മ, വോൾട്ടേജ് കുറവ്, ലോഡ് ഷെഡ്ഡിങ്ങ് മുതലായവ
8. പ്രവർത്തന മൂലധനമില്ലായ്മ, ധനകാര്യ സ്ഥാപനങ്ങളുടെ അയവില്ലാത്ത സമീപനം എന്നിവ.
9. ലൈസൻസ് ക്ലിയറൻസ് ലഭിക്കാനുള്ള കാലതാമസം.
10. സാങ്കേതിക വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവം.

11. വ്യവസായ സംരഭകർക്ക് ആവശ്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും ലഭിക്കാത്തത്.
12. സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കാവുന്ന സബ്സിഡി, മറ്റാനുകൂല്യങ്ങൾ, എന്നിവ യഥാസമയത്ത് ലഭിക്കാത്തത്.
13. അസംസ്കൃത സാധനങ്ങളുടെ ലഭ്യതയില്ലായ്മ.
14. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ അഭാവം.

സാധ്യതകൾ

നിലവിലുള്ള സ്ഥാപനങ്ങളുടെ വിപുലീകരണം

1. കൈത്തറി സഹകരണ സംഘമായ കെ.കെ.എസ് വീവേഴ്സ് ഇൻറസ്ട്രിയൽ കോ-ഓപ് സൊസൈറ്റിക്ക് സാമ്പത്തിക സഹായവും സാങ്കേതിക നിർദ്ദേശവും നൽകി വിപുലീകരിക്കണം. ഈ സ്ഥാപനത്തിൽ ഉൽപ്പന്നങ്ങളുടെ തുടർച്ചയായ നവീകരണവും വൈവിധ്യവൽക്കരണവും ഉണ്ടാകണം. ഇതിനാവശ്യമുള്ള വൈദഗ്ധ്യമുള്ള തൊഴിലാളികളെ എടുക്കേണ്ടതാണ്. വിദേശ ഓർഡറുകൾ പരമാവധി ഉണ്ടാക്കാനുള്ള ശ്രമം ഉണ്ടാകണം.

2. കൈത്തറിമേഖലയിലുള്ള തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന -വേതന വ്യവസ്ഥയുണ്ടാക്കി, ഈ രംഗത്ത് പരമാവധി ജോലിക്കാരെ ആകർഷിപ്പിക്കാൻ സാധിക്കും.

3. കൈത്തറി നെയ്ത്ത് രംഗത്ത് സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകി ജോലി കൊടുക്കുവാൻ സാധിക്കണം

4. പഞ്ചായത്ത് പരിധിയിലുള്ള കൈത്തറി സ്ഥാപനമായ ആലമ്പന ടെക്സ്റ്റൈൽസ്, മറ്റ് സ്വകാര്യ കൈത്തറി സ്ഥാപനങ്ങൾ എന്നിവയുടെ മാനേജ് മെന്റിന്റെ യോഗം പഞ്ചായത്ത് തലത്തിൽ വിളിച്ചുചേർത്ത് സ്ഥാപനങ്ങളുടെ വിപുലീകരണത്തിന് ആവശ്യമായ സാങ്കേതികവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ കൊടുക്കണം.

5. കയർ മേഖലയിൽ നിലവിലുള്ള തൊഴിൽ നഷ്ടപ്പെടാതെ യന്ത്രവൽക്കരണം വഴി ഉൽപ്പന്നങ്ങളിൽ വൈവിധ്യവൽക്കരണമുണ്ടാക്കി മെച്ചപ്പെട്ട തൊഴിൽ സൗകര്യങ്ങളും വേതനവർദ്ധനവും ഉണ്ടാവുന്ന തരത്തിൽ കേന്ദ്രീകൃതമായ രീതിയിൽ ഈ വ്യവസായം നവീകരിക്കണം.

6. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ യൂനിറ്റായ കൈക്കടലാസ് നിർമ്മാണ യൂനിറ്റിന്റെ ഇപ്പോഴുള്ള പശ്ചാത്തല സൗകര്യം പരമാവധി ഉപയോഗിച്ച് ഇപ്പോഴുള്ള ഉൽപ്പന്നങ്ങൾക്ക് പുറമേ വൈവിധ്യങ്ങളായ മറ്റ് ഉൽപ്പന്നങ്ങളും ഉണ്ടാക്കി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കണം. ഇവിടെ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ സഹായത്തോടെ ഇലക്ട്രോണിക് സാമഗ്രികളുടെ അസംബ്ലിങ്ങ് യൂനിറ്റ് സ്ഥാപിക്കാവുന്നതാണ്. (ഉദാ- സ്റ്റെപ്-അപ്, ട്രാൻസ്ഫോമർ, വെൽഡിങ്ങ് ഉപകരണം, എമർജൻസി ലാമ്പ്, എന്നിവ)

7. ചെറുമാവിലായിയിൽ പ്രവർത്തിക്കുന്ന ഖാദി നൂൽനൂൽപ് കേന്ദ്രത്തോടനുബന്ധിച്ച് 15 തറികളുള്ള നെയ്ത്തുശാല കൂടി സ്ഥാപിക്കുകയും തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുകയും വേണം.

8. മൂന്നാം പാലത്ത് പ്രവർത്തിക്കുന്ന പോട്ടറി സൊസൈറ്റിയുടെ പ്രവർത്തന വിപുലീകരണത്തിന് സാധ്യതയുണ്ട്. നിലവിൽ കളിമണ്ണുകൊണ്ടുണ്ടാക്കുന്ന മൺപാത്രം, പൂച്ചട്ടി എന്നിവയ്ക്ക് പുറമേ സിമന്റുപയോഗിച്ച് ഗൃഹനിർമ്മാണത്തിനാവശ്യമായ കട്ടിള, ജനൽ, ഡിസൈൻ കാലുകൾ, പൂച്ചട്ടി എന്നിവ നിർമ്മിക്കാവുന്നതാണ്.

പുതിയ വ്യവസായ യൂനിറ്റുകളുടെ സാധ്യതകൾ

1. സഹകരണ മേഖലയിൽ ഒരു സ്പിന്നിങ്ങ് മിൽ സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കുക.
2. കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ കോംപ്ലക്സ്.
3. ചകിരിയും ഫൈബറും ഉപയോഗിച്ച് ആധുനികരീതിയിലുള്ള കിടക്കനിർമ്മാണ യൂനിറ്റ്.
4. കള്ള് ചെത്ത് വിപുലപ്പെടുത്തി ചെറുകിട യന്ത്രമുപയോഗിച്ച് ചക്കര നിർമ്മാണ യൂനിറ്റ് പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ഥാപിക്കാൻ സാധ്യതയുണ്ട്. ഇതിനാവശ്യമായ സാങ്കേതിക സഹായം മൈസൂരിലുള്ള സി.എഫ്.ടി.ആർ.ഐ.യുടെ സഹായം തേടാവുന്നതാണ്.
5. പഴ സംസ്കരണ യൂനിറ്റ് (പഞ്ചായത്തിൽ ലഭ്യമായ എല്ലാതരം പഴങ്ങളും)
6. ഓലസംസ്കരണം, സോഫ്റ്റ് വുഡ് സംസ്കരണം എന്നിവ നാട്ടിൽ തന്നെയുള്ള വിദഗ്ധരുടെ സഹായത്താൽ ആരംഭിക്കാവുന്നതാണ്.
7. പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളുപയോഗിച്ച് കാലിത്തീറ്റ ഉൽപാദന കേന്ദ്രം.
8. പഞ്ചായത്ത് കേന്ദ്രീകരിച്ച് വനിതാ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഖാദി ബോർഡിന്റെ സഹായത്തോടെ മൽബറി കൃഷി പ്രോൽസാഹിപ്പിച്ച് പട്ടുനൂൽ പുഴു വളർത്തലും പട്ടുനൂൽ സംസ്കരണവും ആരംഭിക്കാവുന്നതാണ്.
9. ഖാദി ഗ്രാമവ്യവസായത്തിന്റെ കീഴിൽ കുട, പ്ലാസ്റ്റിക് സാമഗ്രികൾ, എന്നിവ ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു യൂനിറ്റ്.
10. 50 പേർക്ക് ജോലി ചെയ്യാവുന്ന ഒരു പവർലൂം സഹകരണ മേഖലയിൽ സ്ഥാപിക്കാവുന്നതാണ്.
11. നമ്മുടെ പഞ്ചായത്തിലെ പുഴയോരപ്രദേശത്ത് ഒരു ഈർച്ചമിൽ സ്ഥാപിക്കുവാനും ഇതിനോടനുബന്ധിച്ച് ഗൃഹനിർമ്മാണത്തിനാവശ്യമായ കട്ടിള, ജാലകം, മറ്റ് മരഫർണിച്ചറുകൾ എന്നിവ നിർമ്മിക്കുന്ന ഒരു യൂനിറ്റ് സഹകരണ മേഖലയിൽ സ്ഥാപിക്കാവുന്നതാണ്.
12. ഗൃഹനിർമ്മാണത്തിനാവശ്യമായ ഗ്രിൽസ്,തുടങ്ങിയ ഇരുമ്പ് സാമഗ്രികളും, സ്റ്റീൽ കട്ടിള,ജാലകം, എന്നിവ നിർമ്മിക്കാവുന്ന മൂന്ന് എഞ്ചിനീയറിങ്ങ് യൂനിറ്റിനും സാധ്യതയുണ്ട്.

13. അലൂമിനിയം ഫാബ്രിക്കേഷൻ ജോലി, സ്റ്റീൽ അലമാര, മേശ തുടങ്ങിയവ ഉണ്ടാക്കാവുന്ന ഒരു എഞ്ചിനീയറിങ്ങ് യൂനിറ്റ് സ്ഥാപിക്കാവുന്നതാണ്.

14. കയറ്റുമതി ലക്ഷ്യമാക്കിയും ആഭ്യന്തര ഉപയോഗത്തിനും പറ്റുന്ന വിധത്തിൽ ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് കൊണ്ടുള്ള റെഡീമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്.

15. എല്ലാവിധ ജോലികളും ചെയ്യാവുന്നതും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൊണ്ടുമുള്ള ഒരു ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് സ്ഥാപിക്കാവുന്നതാണ്. റെയ്ഡ്കോയുടെ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

16. റബ്ബർ ഉപയോഗിച്ച് വാഹനങ്ങൾക്കാവശ്യമായ റബ്ബർ ബുഷുകൾ നിർമ്മിക്കുന്ന യൂനിറ്റ് സ്ഥാപിക്കാവുന്നതാണ്.

17. വിവിധയിനം കാർഷിക വിളവുകളുടെ വിത്ത് ശേഖരിച്ച് മുളപ്പിച്ച് വിതരണം നടത്താവുന്ന ഒരു നഴ്സറിയുണ്ടാവണം. ഇതോടനുബന്ധിച്ച് ഔഷധ സസ്യങ്ങൾ വളർത്തി വിപണനം ചെയ്യാനുള്ള സാധ്യത.

18. ജൈവവള നിർമ്മാണ യൂനിറ്റിന് സാധ്യതയുണ്ട്.

19. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കണം. ഈ സൊസൈറ്റി പഞ്ചായത്തിലെ വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ പേർ രജിസ്റ്റർ ചെയ്യിപ്പിക്കുക.

20. സഹകരണ മേഖലയിൽ ഒരു ചുടുകട്ട നിർമ്മാണ യൂനിറ്റിനുള്ള സാധ്യത പരിശോധിക്കുക. (ആവശ്യമായ കളിമണ്ണ് ലഭ്യമാണോ എന്ന് പരിശോധിച്ചുവേണം)

21. പഞ്ചായത്ത് തലത്തിൽ കർഷകരുടെ സഹകരണസംഘം രൂപീകരിക്കുക. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ പച്ചക്കറികൃഷി നടത്തി വിപണനം നടത്തുക.

22. പാലുൽപാദനം വർദ്ധിപ്പിച്ച് വിവിധ തരത്തിലുള്ള പാലുൽപന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാവുന്നതാണ്. (വനിതകൾക്കായി)

23. ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴിവളർത്തൽ, ആട് വളർത്തൽ എന്നിവ പ്രോൽസാഹിപ്പിക്കുക. ഇവയുടെ വിപണനത്തിന് കേന്ദ്രീകൃത സംവിധാനം ഉണ്ടാക്കുക.

24. വനിതകളുടെ ആഭിമുഖ്യത്തിൽ വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക - പ്രിന്റിങ്ങ് പ്രസ്സ്, ഇലക്ട്രോണിക്സ് സാധനങ്ങളുടെ റിപ്പയർഷോപ്പ് തുടങ്ങിയ വ്യത്യസ്ഥങ്ങളായ യൂനിറ്റുകൾ ആരംഭിക്കാവുന്നതാണ്.

വ്യവസായ എസ്റ്റേറ്റ്

പെരളശ്ശേരി പഞ്ചായത്തിൽ, ആലക്കാട്ട് മല, പിലാഞ്ഞി എന്നീ പ്രദേശങ്ങളിൽ ലഭ്യമായ 10 ഏക്കർ സ്ഥലം ഏറ്റെടുത്ത് പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റ് ആക്കി മാറ്റുക. ഈ പ്രദേശത്ത് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക. ഇവിടെ ആരംഭിക്കാവുന്ന യൂനിറ്റുകളുടെ വിവരം പ്രസിദ്ധീകരിക്കുക. ആവശ്യമായ വ്യവസായ സംരംഭകരെ കണ്ടെത്തുക.

* സഹകരണ ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ എന്നിവയുമായി ബന്ധപ്പെടുത്തി വ്യവസായ സംരംഭകർക്ക് വായ്പ നൽകാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക.

* വ്യവസായ സംരംഭകർ ആകാൻ തൽപരരായവരെ കണ്ടെത്തുക. അവരിൽ പണം മുടക്കാൻ ശേഷിയുള്ളവർ, സംരംഭം കണ്ടെത്താൻ കഴിവുള്ളവർ തുടങ്ങി ഇനം തിരിച്ച് ഓരോ വിഭാഗത്തിനും മുന്നോട്ടു പോകാൻ കർമ്മ പരിപാടികൾ ആവിഷ്കരിക്കുക.

* വ്യാവസായികമായി സംസ്കരിക്കുവാൻ കഴിയുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെക്കുറിച്ച് സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് സൂക്ഷിക്കുക.

* ഉപയോഗിക്കപ്പെടാതെ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ വ്യവസായ വാണിജ്യാവശ്യങ്ങൾക്ക് വാടകക്ക് ഏർപ്പാട് ചെയ്ത് കൊടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

* വായനശാലകൾ, ക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് സ്വയം തൊഴിൽ കണ്ടെത്തലിന്റെ മാഹാത്മ്യവും പ്രസക്തിയും പ്രചരിപ്പിക്കുക. സംരംഭകത്വ വികസനം ലക്ഷ്യമാക്കി പഠന ക്ലാസ്സുകളും ഒഴിവുകാല ക്യാമ്പുകളും സംഘടിപ്പിക്കുക.

* പഞ്ചായത്ത് തലത്തിൽ വ്യവസായ വികസന സമിതി രൂപീകരിക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ നടപ്പാക്കിയാൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ മാറ്റം ഉണ്ടാക്കാൻ കഴിയും. ഇതുവഴി നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും തൊഴിലില്ലായ്മക്കും ഒരളവോളം പരിഹാരവും കണ്ടെത്താൻ നമുക്ക് സാധിക്കും.



✧പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ശിശുമന്ദിരം



✧പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ശിശുമന്ദിരം
എടക്കാട് എം.എൽ.എ. ശ്രീ. എം.വി. ജയരാജൻ നിർവ്വഹിക്കുന്നു.

✧ലോകാരോഗ്യദിനത്തിൽ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽപെട്ട
എൽ.പി. സ്കൂൾ വിദ്യാർത്ഥികളുടെ കേമ്പിൽ കുട്ടികൾക്ക്
ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നു.

✧ഒക്ടോബർ 2 ന് ഹിമാചൽപ്രദേശ് പ്രതിനിധികൾക്ക് പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ നൽകിയ സ്വീകരണം



✧പെരളശ്ശേരി ഗ്രാമപഞ്ചായത്ത് വിശേഷാൽ ഗ്രാമസഭ

✧ഗ്രാമസഭയിൽ പഞ്ചായത്ത് പ്രസിഡന്റ് സംസാരിക്കുന്നു

പെരളശ്ശേരി പഞ്ചായത്ത് 42



ഗതാഗതം

നാടിന്റെ വികസനത്തിൽ ഗതാഗത മാർഗങ്ങൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. ഒരു നാട് എത്ര കണ്ട് പുരോഗമിച്ചു എന്നത് അവിടത്തെ റോഡുകളുടെയും മറ്റ് ഗതാഗത മാർഗങ്ങളുടെയും കണക്കുകൾ നോക്കിയാൽ മതി. പെരളശ്ശേരി പഞ്ചായത്തിലും പണ്ടുകാലത്ത് ജലഗതാഗതത്തിനായിരുന്നു പ്രാധാന്യം. പഞ്ചായത്തിലെ അതിരിലൂടെ ഒഴുകുന്ന അഞ്ചരക്കണ്ടി പുഴയിലൂടെയായിരുന്നു പഴയകാലത്തെ സംഘടിത കടത്തുമാർഗം. വേങ്ങാട് മുതൽ ധർമ്മടം വരെ നാളികേരവും വിറകും തടിയും എത്തിക്കാൻ കടത്തുവള്ളങ്ങൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. തെങ്ങിൻ തൊണ്ട്, വിറക് തുടങ്ങിയവ പാണ്ടികെട്ടിയായിരുന്നു കടത്തിയത്. പഴയ കാലങ്ങളിൽ ഈ പുഴയിലൂടെ ബോട്ട് സർവീസ് പോലും നടത്തിയിരുന്നു. ഈ ചരക്ക് കടത്തുമാർഗവുമായി ബന്ധപ്പെട്ടു കിടക്കുന്ന അഞ്ചരക്കണ്ടി പുഴയോരത്ത് കിടക്കുന്ന പാലക്കടവ്, ഓടക്കടവ്, വടക്കുമ്പാട്, മമ്പറം, എടക്കടവ്, മമ്മാക്കുന്ന് എന്നീ സ്ഥലങ്ങൾ കാർഷിക വാണിജ്യ കേന്ദ്രങ്ങളായിരുന്നു. നൂറുകണക്കിന് ആളുകൾ വൈകുന്നേരങ്ങളിൽ ഇവിടങ്ങളിൽ വാണിജ്യാവശ്യങ്ങൾക്ക് എത്താറുണ്ടായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തോടെ റോഡ് ഗതാഗതത്തിന് പ്രാധാന്യം കിട്ടി. അതോടെ ജലമാർഗത്തിന്റെ പ്രാധാന്യം കുറയാൻ തുടങ്ങി. എന്നാൽ ചെലവ് കുറഞ്ഞ ഒരു മാർഗം എന്ന നിലക്ക് ജലമാർഗത്തിന് ഇന്നും പ്രസക്തിയുണ്ട്. മാവിലായി വലിയ തോടിലൂടെയും ഇക്കാലങ്ങളിൽ ചരക്ക് കടത്തൽ ഉണ്ടായിരുന്നു. തോടിന് ക്രോസ്ബാർ വന്നതിനുശേഷമാണ് ആ വഴി മുടക്കമായത്.

റോഡുകൾ വഴി കാളവണ്ടികളും കുതിരവണ്ടികളും സഞ്ചാരത്തിനും ചരക്ക് കടത്തലിനും ഉപയോഗിച്ചിരുന്നു. വലിയ പ്രമാണിമാരായ ആളുകൾ വാല്യക്കാർ ചുമക്കുന്ന മഞ്ചലുകൾ ഉപയോഗിച്ചിരുന്നു. രോഗികളെ കൊണ്ടുപോകാൻ കവുങ്ങും മുളയും ഉപയോഗിച്ച് മഞ്ചൽ കെട്ടാറുണ്ടായിരുന്നു. കണ്ണൂരിൽ നിന്നും കരിവണ്ടി മമ്പറം വരെയും തിരിച്ച് കണ്ണൂരിലേക്കും ദിവസത്തിൽ ഒരു പ്രാവശ്യം– അതാണ് ആദ്യത്തെ റോഡ് വഴിയുള്ള യന്ത്രവാഹനം. കരിവണ്ടിയും തുടർന്ന് പെട്രോൾ വണ്ടിയും ഓടിച്ചിരുന്ന രാമുണ്ണി ഡ്രൈവറും കണാരി ഡ്രൈവറും ഇന്നും പഴമക്കാരുടെ മനസ്സുകളിൽ തെളിയുന്നു. പഴയ ചെമ്മൺ പാതകൾക്ക്

വശങ്ങളിലായി തണ്ണീർ പന്തലുകളും ചുമടു താങ്ങികളും ഉണ്ടായിരുന്നു. ചില പ്രാദേശിക നാമങ്ങളുടെ കൂട്ടത്തിൽ വെള്ളപ്പന്തൽ എന്ന പേര് ഇന്നും നിലനിൽക്കുന്നത് ഈ സേവനങ്ങളുടെ ചരിത്ര സ്മാരകങ്ങളാണ്. 1949 ഓടുകൂടി ബസ് ഗതാഗതം കണ്ണൂർ മുതൽ മമ്പറം വരെ ഉണ്ടായിരുന്നു. 1968ൽ മമ്പറം പാലം തുറന്നതോടെ ബസുകളുടെ എണ്ണത്തിൽ വലിയ മുന്നേറ്റമുണ്ടായി. ഇന്ന് മിനിട്ടുകൾ തോറും ബസുകൾ സ്ഥിരമായി ഓടുന്ന വളരെ തിരക്കേറിയ പ്രധാന ഗതാഗത മാർഗമാണ് ഇത്. കണ്ണൂർ – കൂത്തുപറമ്പ് റോഡ് സംസ്ഥാന ഹൈവേ ആയി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതിന്റെ പ്രയോജനം ലഭിക്കാനുള്ള തുടർനടപടികൾ ഇനിയും വരേണ്ടിയിരിക്കുന്നു.

മറ്റൊരു പ്രധാന നിരത്തായ മൂന്നുപെരിയ- ചക്കരക്കല്ല് റോഡ് ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കൂടി കടന്നു പോകുന്നു. സ്വാതന്ത്ര്യ സമരകാലത്ത് സന്നദ്ധ പ്രവർത്തനം വഴി ഉണ്ടാക്കിയ റോഡാണിത്. ഈ റോഡിന്റെ വികസനം ഇരിക്കൂർ മുതൽ തലശ്ശേരി വരെയുള്ള ഒരു പ്രധാന വഴിയാക്കി മാറ്റാവുന്നതാണ്.

ഇവ കൂടാതെ വെള്ളച്ചാൽ- ഓടക്കടവ്, കീഴറ- മുണ്ടയോട്- പൊതുവാച്ചേരി- ആർ വി മെട്ട റോഡ്, ചാലതന്നട വഴി പൊതുവാച്ചേരി റോഡ് തുടങ്ങിയവ ചെറിയ തോതിലുള്ള ബസ് ഗതാഗതം നടക്കുന്ന റോഡാണ്. നേരത്തെ ബസ് സൗകര്യമുണ്ടായിരുന്ന മാവിലാക്കാവ്- ഗുരുക്കൻമാർകാവ് റോഡ്; മൂന്നുപെരിയ- ചെറുമാവിലായി റോഡ് എന്നിവയിൽ ഇന്ന് ബസ് സർവീസ് നിലച്ചിരിക്കുന്നു. പാളയം- ഓടക്കടവ് റോഡ് അടുത്തകാലത്ത് ഉണ്ടാക്കി ടാർ ചെയ്തു ബസ് ഗതാഗതം നടക്കുന്ന ഒരു റോഡാണ്. ഐവർകുളം എ കെ ജി റോഡ് ടാർ ചെയ്തു. ബസ് സർവീസ് നടത്തുന്ന ലിങ്ക് റോഡാണ്.

പഞ്ചായത്തിൽ ആകെ 48 കിലോമീറ്റർ പഞ്ചായത്ത് ഏറ്റെടുത്ത റോഡ് ഉണ്ട്. പഞ്ചായത്തിന്റെ വിസ്തീർണ്ണം 19.04 സ്കയർ കിലോമീറ്റർ ആണ്. പ്രദേശത്തിന്റെ ശരാശരി റോഡ് വികസനം സംസ്ഥാന ശരാശരിയോടടുത്ത് വരും. പ്രധാന പാതകളെ കൂടാതെ ധാരാളം ചെമ്മൺ പാതകൾ-എല്ലാം നാട്ടുകാരുടെ സേവന പ്രവർത്തനത്തിലൂടെ- ഉണ്ടായിട്ടുണ്ട്.

ചെമ്മൺപാതകൾ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തലങ്ങും വിലങ്ങുമായി നിരവധി ചെമ്മൺ പാതകൾ ഉണ്ട്. ഏറ്റവും പ്രാഥമികവും പരിമിതവുമായ യാത്രാ സൗകര്യം ഈ പാതകൾ വഴി ലഭിക്കുന്നു. നമ്മുടെ എല്ലാ ഗ്രാമസഭകളിലും ഈ റോഡുകളുടെ സംരക്ഷണത്തെക്കുറിച്ച് ആവശ്യങ്ങളും പരാതികളും ഉയർന്നു വന്നിട്ടുണ്ട്. ഈ റോഡുകൾ എല്ലാം തന്നെ ജനങ്ങളുടെ ശ്രമദാനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. എ കെ ജി നേരിട്ട് നേതൃത്വം നൽകിയ മൂന്നുപെരിയ- ചെറുമാവിലായി റോഡ് ഗ്രാമീണരുടെ കൂട്ടായ്മയുടെ സാക്ഷ്യപത്രമാണ്. കാലവർഷം ഏൽപിക്കുന്ന കെടുതികൾ മൂലം വർഷംതോറും സംരക്ഷണം ആവശ്യമായി വരുന്നവയാണ് എല്ലാ റോഡുകളും. വേണ്ടത്ര ഓവുചാലുകൾ ഇല്ലാതെയും കലുങ്കുകൾ ഇല്ലാതെയും വെള്ളം കെട്ടിനിൽക്കുന്നവയും ഉണ്ട്.

റോഡ് ഗതാഗത പ്രശ്നങ്ങൾ

കണ്ണൂർ- കൂത്തുപറമ്പ് റോഡിൽ വാഹനപ്പെരുപ്പം അനുദിനം വർദ്ധിച്ചു വരുന്നു. അതനുസരിച്ച് റോഡ് വീതി കൂട്ടിയിട്ടില്ല. ഇത് സുഗമമായ ഗതാഗതത്തെ തടസ്സപ്പെടുത്തുന്നുണ്ട്. കീഴറ ഭാഗത്തെ വളവും വീതികുറവും ഗതാഗത പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. പഴയകാലത്ത് നാട്ടിയിട്ടിരിക്കുന്ന വൈദ്യുതി, ടെലഫോൺ പോസ്റ്റുകൾ മാറ്റി സുരക്ഷിതമായ അകലത്തിൽ സ്ഥാപിക്കണം. അതുപോലെ പെരളശ്ശേരി അമ്പലത്തിലേക്ക് പ്രവേശിക്കുന്ന ഭാഗത്തും വാഹനതടസം ഉണ്ടാകാറുണ്ട്. റോഡിന് അമ്പലം വരെയെങ്കിലും വീതികൂട്ടണം.

മലയോര മേഖലയും തീരദേശമേഖലയും ബന്ധിപ്പിക്കുവാൻ ഉതകുന്ന മൂന്നുപെരിയ പാറപ്രം റോഡ് ഉദ്ഘാടനം ചെയ്തെങ്കിലും സൗകര്യം ഉപയോഗപ്പെടുത്താൻ ശ്രമം നടത്തുന്നില്ല.

ഗ്രാമീണ ചെമ്മൺ റോഡുകളുടെ സ്ഥിതി പൊതുവായി സംഗ്രഹിക്കാം. കാലവർഷക്കെടുതികൾ എല്ലാ റോഡുകളെയും ബാധിക്കുന്നു. റോഡ് സംരക്ഷണത്തിന് ദേശവാസികളുടെ സന്ദർഭോചിതമായ ഇടപെടലുകൾ ആവശ്യമാണ്. അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്ത് ചിലവ് ചെയ്യുന്ന തുകയുടെ എത്രയോ മടങ്ങ് മൂല്യമുള്ള അധ്വാനം ഈ മേഖലയിൽ സന്നദ്ധ സേവനം വഴി പ്രയോജനപ്പെടുത്താം. റോഡിന്റെ ഓരങ്ങളിൽ നടക്കുന്ന ഭവനനിർമ്മാണത്തിന് ഓവുചാലുകൾ ഇല്ലാതാക്കിക്കൊണ്ട് ചെറിയ റോഡുകൾ ഉണ്ടാക്കുന്നത് റോഡിന്റെ സംരക്ഷണത്തെ ബാധിക്കുന്നുണ്ട്. എല്ലാ റോഡുകളുടെയും ഓവുചാലുകൾ നിലനിർത്തുക എന്നത് ഒരു വലിയ പ്രശ്നം തന്നെയാണ്.

റോഡ് സംരക്ഷണത്തിന് ഗ്രാമസഭകളിൽ നിന്നും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതുപോലെ തന്നെ വാർഡടിസ്ഥാനത്തിൽ റോഡ് സംരക്ഷണ സമിതികളും ഉണ്ടാക്കാവുന്നതാണ്.

പുതിയ റോഡുകൾ, പൊതുവഴികൾ, കലുങ്കുകൾ, പാലങ്ങൾ, നടപ്പാതകൾ ഇവയുടെ നിർമ്മാണത്തിന് പൊതുവായ പല നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. അവ പട്ടികാ രൂപത്തിൽ അനുബന്ധമായി കൊടുക്കുന്നു.

ഗതാഗതം– ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ്	റോഡുകൾ നില വിലുള്ളവ നന്നാ ക്കേണ്ടത് താർ ചെയ്യലടക്കം	റോഡുകൾ പുതുതായി നിർമിക്കേണ്ടത്	നടപ്പാതകൾ നിർമ്മിക്കേണ്ടത്	പുതിയ പാലങ്ങൾ വേണ്ടത്	കൽവർട്ടുകൾ വേണ്ടത്	പൊതുവഴി ആവശ്യമായത്	പുതിയ ബസ് റൂട്ടുകൾവേണ്ടത് ബസ്ഷെൽട്ടറുകൾ
08)1	ഐവർകുളം-കൊടേനാലി	കൊടേനാലി-കുഴിക്കിലായി	കൊടേനാലി അണക്കെട്ട്	മേലാംകുളം-നടപ്പാലം കുഴിക്കിലായി വായന ശാലക്ക് സമീപം	ഐവർകുളം കയറ്റത്തിൽ		
08)2	ദാസൻമുക്ക് റോഡ്	കിളച്ചപറമ്പ്- ആയൻ കോട്, സ്കൂൾചിറ	ചോരക്കുളംപീടിക കുഴിക്കിലായി വഴി				
08)3	സ്കൂൾചിറ-മൂന്നുപെരിയ	പി.സി.മുക്ക് ആയർ കോട്, ആറാട്ടുതറ-കണ്ണൂർ റോഡ് പനത്തറ സ്കൂൾ-കുഴിക്കിലായി					
09)01	ഒടുങ്ങോട്ട് എളവന	കിഴക്കെപാലം-മോച്ചേരി	ഒടുങ്ങോട് കൈപ്രത്ത് താഴെ	എളവനപ്രദേശത്ത് തോടിനു കുറുകെ	മൂന്നാംപാലത്തിന്		
02	ഒരികരമുട്ടുചിറ സ്രാമ്പി എളവന റോഡ്	പടിഞ്ഞാറെപാലം-ഒടുങ്ങോട് തൃക്കപാലം-ബാലിക്കാവ്		മൂന്നാംപാലം തെക്ക് ഭാഗം തോടിനു കുറുകെ	കിഴക്കെ പാലത്തിന് സമീപം		
10) 01	മൂന്നുപെരിയ-മമ്മാക്കുന്ന്	ചെറുമാവിലായി-കമ്പനി പീടിക	ചെറുമാവിലായി-വടക്കേടത്ത് താഴെ വയൽ		മുള്ള്യാട്ട്താഴെ ഇടവഴി		
02	ചെറുമാവിലായി-മോച്ചേരി	ഒ സി മുക്ക്- മണിയേരിച്ചാൽ നടക്കാവ് റോഡ് ഖാദി പാറക്കുന്നുമ്പ്രം	വാണവയൽ ഫുട്ട്പാത്ത് നള്ളക്കണ്ടിതാഴ-കുഞ്ഞിപീടിക മുക്ക്				
11		പെരളശ്ശേരി റോഡ്-മാവിലായി പുതിയ റോഡ് മഞ്ചക്കുന്ന്-മുളിയിൽ ചിറ					മൂന്നുപെരിയ-പാറപ്രം തലശ്ശേരി-ചക്കരക്കല്ല് ഇരിക്കൂർ (KSRTC)

പെരളശ്ശേരി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡുകൾ

1. കണ്ണൂർ- കൂത്തുപറമ്പ് റോഡ്
2. മൂന്നുപെരിയ ചക്കരക്കല്ല് റോഡ്
3. മൂന്നുപെരിയ പാറപ്രം റോഡ്
4. കീഴറ- മുണ്ടയോട്, പൊതുവാച്ചേരി റോഡ്
5. മാവിലാക്കാവ് ഗുരിക്കൻമാർകാവ് റോഡ്
6. ഓടക്കടവ് പാളയം റോഡ്
7. ആർ വി മെട്ട പൊതുവാച്ചേരി റോഡ്
8. എ കെ ജി റോഡ്
9. വെള്ളച്ചാൽ ഓടക്കടവ് റോഡ്
10. പൊതുവാച്ചേരി തന്നട റോഡ്
11. പൊനത്തുംകണ്ടിമുക്ക് ചെറുമാവിലായി റോഡ്

വാർഡുകളിലെ ചെമ്മൺ റോഡുകൾ

വാർഡ് I
1. പാനേരിച്ചാൽ പരിയാരം റോഡ്
2. ചെക്കിച്ചാൽ കുറ്റിവയൽ റോഡ്
3. അമ്പലമെട്ട വെളുത്തകുന്നത്ത് ക്ഷേത്രം റോഡ്
4. കുറുക്കൻ കുന്നുമ്മൽ കൊവ്വൽ റോഡ്
5. മക്രേരി വായനശാല ബാവോഡ് വയൽ റോഡ്
6. മുക്കിലെപീടിക വെളുത്തകുന്നത്ത് റോഡ്
7. വടക്കണ്ടി പോസ്റ്റാപ്പീസ് റോഡ്
8. ചെക്കിച്ചാൽ ബാവോസ് യു പി സ്കൂൾ റോഡ്.

വാർഡ് II
1. വെള്ളച്ചാൽ ഗുരിക്കൾമുക്ക് മക്രേരി വയൽ റോഡ്
2. പാറമ്മൽപീടിക റോഡ്
3. മെട്ട മക്രേരി റോഡ്
4. മക്രേരിവയൽ അമ്പലമട്ട റോഡ്
5. വെള്ളപ്പന്തൽ, പിലാഞ്ഞിറോഡ്
6. അയ്യപ്പൻകാവ് ചെറക്കര പൊയിൽ റോഡ്
7. മക്രേരി കുയിച്ചാലിമുക്ക് അമ്പലമട്ട റോഡ്
8. മക്രേരി അമ്പലമുക്ക് ശങ്കരവിലാസം സ്കൂൾ റോഡ്.

വാർഡ് III
1. വടക്കുമ്പാട് പിലാഞ്ഞി റോഡ്
2. വടക്കുമ്പാട് കടവ് റോഡ്
3. കോളനി റോഡ്
4. ഐവർകുളം പിലാഞ്ഞി റോഡ്
5. വടക്കുമ്പാട് ബാലവാടി ക്രോസ് റോഡ്
6. കൃഷി ഓഫീസ് കിളച്ചപറമ്പ് റോഡ്
7. ചാപ്പമുക്ക് എളേട്ടിൽമുക്ക് റോഡ്

വാർഡ് IV
1. മൂടുപ്പിലായി കറ്റിപ്രം റോഡ്
2. വാണിയൻകുനി രാഘവൻ സ്മാരക റോഡ്
3. പള്ള്യത്ത് പുഴക്കര റോഡ്
4. പെരിങ്ങവയൽ റോഡ്
5. ഖാദി വസ്ത്ര യൂനിറ്റ് റോഡ്

വാർഡ് V
1. എ കെ ജി ആശുപത്രി എടക്കടവ് റോഡ്
2. പള്ള്യത്ത് പൊട്ടക്കുളം റോഡ്
3. സെൻട്രൽ ബേങ്ക് പുതിയകാവ് റോഡ്
4. പള്ള്യത്ത് കയ്യാലതാഴെ റോഡ്
5. മങ്ക്യാവിൽ റോഡ്

വാർഡ് VI
1. പൊതുവാച്ചേരി പള്ളി റോഡ്
2. കടന്നപ്പള്ളി റോഡ്
3. സെൻട്രൽ യു പി സ്കൂൾ റോഡ്
4. മണിക്കീയിൽ റോഡ്
5. ചാലിൽ റോഡ്
6. പാറേകുണ്ട് റോഡ്

വാർഡ് VII
1. കീഴറ ദിനേശ് മുണ്ടയോട് റോഡ്
2. മുണ്ടയോട് ദിനേശ് കക്കററോഡ്
3. കീഴറ പുന്തോട്ടത്തിൽ റോഡ്
4. മുണ്ടയോട് എൽ പി സ്കൂൾ റോഡ്
5. കീഴറ കോളനി റോഡ്

വാർഡ് VIII
1. ശിശുമന്ദിരം നെയ്യോത്ത് റോഡ്
2. ഐവർകുളം കൊടേനാലി റോഡ്
3. ദാസൻമുക്ക് കുയിക്കിലായി റോഡ്
4. വെള്ളപ്പന്തൽ പനത്തറ റോഡ്
വാർഡ് IX
1. ഒടുങ്ങോട്ട് എളവന റോഡ്
2. മോച്ചേരി മൗവ്വഞ്ചേരി താഴെ എളവന റോഡ്
3. ഒരികര മുട്ടുചിറ സ്രാമ്പി റോഡ്
വാർഡ് X
1. ചെറുമാവിലായി യു പി സ്കൂൾ സ്രാമ്പി റോഡ്
2. മൂന്നുപെരിയ മോച്ചേരി റോഡ്
വാർഡ് XI
1. മുണ്ടലൂർ പടിഞ്ഞാറ് മയ്യിക്കര റോഡ്
2. പറമ്പൻ ഗോപാലൻ പീടിക റോഡ്
3. മഞ്ചക്കുന്ന് റോഡ്
4. കേളോച്ചാൽ റോഡ്.

ഊർജ്ജം

നമ്മുടെ ഊർജ്ജ ആവശ്യങ്ങളിൽ പ്രധാനമായും വിറക്, വൈദ്യുതി, ബയോഗ്യാസ്, കുക്കിങ്ങ് ഗ്യാസ്, മണ്ണെണ്ണ, തെങ്ങിന്റെ ഉണങ്ങിയ ഭാഗങ്ങൾ മറ്റ് ഉണക്ക് വസ്തുക്കൾ ഇവയിൽ നിന്നാണ് നിറവേറ്റുന്നത്. ഇതിൽ സാധാരണ ജനങ്ങളുടെ പ്രധാന ഊർജ്ജ ആവശ്യം നിറവേറ്റുന്നത് വിറകും മണ്ണെണ്ണയും തന്നെയാണ്. വേനൽക്കാലത്ത് പല പാവപ്പെട്ട കുടുംബങ്ങളുടെയും ആശ്രയം കരിയിലകളാണ്. വൈദ്യുതി പാചക ആവശ്യത്തിന് ഏതാനും ചില കുടുംബങ്ങൾ ഉപയോഗിക്കുന്നു- സമ്പന്നൻമാരായ ആളുകൾ.

വൈദ്യുതിയുടെ ഉൽപാദനത്തിലും ഉപഭോഗത്തിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ പിന്നണിയിലാണ് എന്ന അറിവ് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. അതുകൊണ്ട് ലഭിക്കുന്ന വൈദ്യുതി വളരെ കരുതലോടെ ഉപയോഗിക്കേണ്ടത് ഒരു ശീലമാക്കേണ്ടതാണ്.

1958ൽ ആണ് ആദ്യമായി വൈദ്യുതി നമ്മുടെ പഞ്ചായത്തിൽ വരുന്നത്. 26662 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 5465 വീടുകളിൽ ഏതാണ്ട് 65%ത്തോളം വീടുകളും വൈദ്യുതീകരിച്ചതാണ്. മുണ്ടയാട് സബ്സ്റ്റേഷനിൽ നിന്നും 110 കെ വി ലൈനിൽ നിന്ന് നമുക്ക് വൈദ്യുതി ലഭിക്കുന്നു. ഏച്ചൂർ ഡിവിഷന്റെ കീഴിലുള്ള ചക്കരക്കൽ സെക്ഷൻ, ചൊവ്വ ഡിവിഷന്റെ കീഴിലുള്ള കാടാച്ചിറ സെക്ഷൻ എന്നീ ഓഫീസുകളുമായാണ് ഈ പ്രദേശത്തുകാർ വൈദ്യുത ആവശ്യങ്ങൾക്ക് ബന്ധപ്പെടുന്നത്. പഞ്ചായത്ത് അതിർത്തിയിൽ 16 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ട്രാൻസ്ഫോമറുകളിലും കണക്റ്റഡ് ലോഡുകൾ വളരെ കൂടുതലാണ്. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. മിക്ക സ്ഥലങ്ങളിലും രാത്രി 9 മണി വരെ 110 വോൾട്ട് ബൾബുകൾ ഉപയോഗിക്കുന്നു.

ഇന്ധനക്ഷമത കൂടിയ പരിഷത്ത് അടുപ്പുകൾ 400ഓളം സ്ഥാപിച്ചിട്ടുണ്ട്. നല്ല ബോധവൽക്കരണം നടത്തിയാൽ ഇനിയും വ്യാപിപ്പിക്കാൻ കഴിയും. വേഗം തീപിടിപ്പിക്കാൻ കഴിയുന്നില്ല എന്ന ഒരു പരാതി പൊതുവെ ഇത്തരം അടുപ്പുകളെക്കുറിച്ച് പറയപ്പെടുന്നു- യാഥാർഥ്യമില്ലെങ്കിലും. 4 വീടുകളിൽ മാത്രമേ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചിട്ടുള്ളൂ. സുമാർ 5% വീടുകളിൽ മണ്ണെണ്ണ അടുപ്പ് ഉപയോഗിക്കുന്നു. പാചകവാതകം ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിവരുന്നുണ്ട്. സമ്പന്നരും ഇടത്തരക്കാരുമാണ് ഈ ഉപഭോക്താക്കൾ. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾ വിറകടുപ്പുകൾ ഉപയോഗിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വാർഡുകളിൽ എല്ലായിടത്തും വൈദ്യുതി എത്തിയിട്ടില്ല.
2. മരച്ചില്ലകളിൽ തട്ടി ലൈനുകളിൽ വലിയ തോതിൽ പ്രസരണ നഷ്ടം ഉണ്ടാകാറുണ്ട്.
3. വൈദ്യുത ജീവനക്കാരുടെ സേവനം യഥാസമയം ലഭിക്കാറില്ല.
4. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
5. വിറകിന്റെ ക്ഷാമം അനുഭവപ്പെടുന്നു. സാധാരണക്കാരന്റെ സാമ്പത്തിക ബാധ്യത ഇതുമൂലം വർധിക്കുന്നു.
6. വൈദ്യുത ലൈനുകളിലെ തകരാറുകൾ യഥാസമയം ജീവനക്കാരെ അറിയിക്കുന്നില്ല വേണ്ട രീതിയിൽ ലൈനിന്റെ പേരും പോസ്റ്റിന്റെ നമ്പറും രേഖപ്പെടുത്തിയ പരാതികൾ കൊടുക്കണം.
7. സമ്പന്ന കുടുംബങ്ങളുടെ Step-up ഉപയോഗം മറ്റുള്ളവർക്ക് വിഷമത സൃഷ്ടിക്കുന്നു.

സാധ്യതകൾ

1. വൈദ്യുതി കിട്ടാത്ത സ്ഥലങ്ങളിൽ ഗ്രാമസഭാ പങ്കാളിത്തത്തോടെ കൊണ്ടുവരാനുള്ള സംഘടിത ശ്രമം നടത്തുക.
2. വൈദ്യുത ഉപഭോഗം കുറക്കാൻ ഇലക്ട്രോണിക് ചോക്ക് സബ്സിഡി നൽകി വ്യാപകമാക്കാൻ ശ്രമിക്കുക.

3. വൈദ്യുത ഉപയോഗം കുറക്കാൻ ജനപങ്കാളിത്തത്തോടെ പ്രചാരണം നടത്തുക. അത്യാവശ്യമായി മൂന്ന് ബൾബുകൾ മാത്രം ഒരു വീട്ടിൽ ഉപയോഗിക്കുക, കക്കൂസ്, കുളിമുറികൾ ഇവയിൽ Zero Wat ബൾബുകൾ ഉപയോഗിക്കുക. അലങ്കാര വിളക്കുകളുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുക.
4. സാമ്പത്തിക ശേഷിയുള്ളവരെക്കൊണ്ട് ഫ്ളൂറസൻറ് ബൾബുകൾക്ക് വാങ്ങാൻ പ്രേരിപ്പിക്കുക, സാധാരണ ജനങ്ങൾക്ക് ഫ്ളൂറസൻറ് ബൾബുകൾ സബ്സിഡി നൽകുക.
5. തെരുവ് വിളക്കുകൾക്ക് ഇപ്പോൾ പഞ്ചായത്ത് നൽകുന്ന തുക സോഡിയം വേപ്പർ വിളക്കുകൾ വഴി കുറക്കാം.
6. കാർഷിക പമ്പുകൾക്ക് ലോഹക്കുഴലുകൾക്ക് പകരം പി വി സി പൈപ്പുകൾ ഉപയോഗിക്കുക.
7. പുറമ്പോക്കുകളിൽ വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുക ഇവയുടെ സംരക്ഷണം വിദ്യാലയങ്ങൾ, സന്നദ്ധ സംഘങ്ങൾ, വായനശാലകൾ ഇവയെക്കൊണ്ട് നടത്തിക്കാം.
8. വൈദ്യുത അലങ്കാരങ്ങൾ പൂർണമായും നിരോധിക്കുക.
9. അനർട്ടിൻെറ സൗരോർജ വിളക്കുകൾ പ്രചരിപ്പിക്കുക.
10. തെരുവ് വിളക്കുകളുടെ സംരക്ഷണത്തിന് ഗ്രാമസഭകളെ ചുമതലപ്പെടുത്തുക. സോഡിയം വേപ്പർ വിളക്കുകൾ അന്തരിച്ചവരുടെ സ്മരണക്കായി കുടുംബാംഗങ്ങളെക്കൊണ്ട് സംഭാവന ചെയ്യിക്കാം.
11. വിറക് ലഭിക്കാനായി രൂക്ഷത കൂടിയ അടുപ്പുകൾ വ്യാപിപ്പിക്കാം.
12. അടുക്കളയിൽ പ്രഷർ കുക്കറുകളുടെ ഉപയോഗം, കച്ചിപ്പെട്ടികളുടെ ഉപയോഗം ഇവ വ്യാപിപ്പിക്കാം.

മാർക്കറ്റ്

പഞ്ചായത്തിന് പൊതുവായി ആഴ്ചച്ചന്തകൾ ഇന്നില്ല. പഴയകാലത്ത് ആഴ്ചച്ചന്തകൾ കാർഷിക ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള ഒരു നല്ല വേദിയായിരുന്നു. പെരളശ്ശേരി കേന്ദ്രമാക്കി ഒരു പൊതുമാർക്കറ്റിന് രൂപം കൊടുക്കാം. ഇതോടനുബന്ധിച്ച് ആഴ്ചച്ചന്തകളും കൊണ്ടുവരാം. പച്ചക്കറികൾ, പഴങ്ങൾ, മത്സ്യം, മാംസം, മുട്ട, പാൽ തുടങ്ങിയവയുടെ വിപണനം ഇതു വഴി സാധിക്കും. കൂടാതെ പെരളശ്ശേരി അമ്പലത്തിലെ വിശേഷ ദിവസങ്ങളെ കൂടി ബന്ധപ്പെടുത്തി ചന്ത വിപുലീകരിക്കാവുന്നതാണ്.

മത്സ്യമാർക്കറ്റ് പരിഷ്കരിക്കുകയും വൃത്തിയായി സൂക്ഷിക്കാനാവശ്യമായ ഭൗതിക സഹായം ചെയ്തുകൊടുക്കുകയും വേണം. വെള്ളച്ചാൽ, മൂന്നുപെരിയ, മൂന്നാംപാലം എന്നീ സ്ഥലങ്ങളിൽ പൊതുസ്ഥലങ്ങളിൽ വെച്ചാണ് മത്സ്യവിപണനം നടക്കുന്നത്. അത് മാർക്കറ്റ് ഉണ്ടാക്കിക്കൊണ്ട് അവസാനിപ്പിക്കാൻ കഴിയണം. പഴയ ഗ്രാമചന്തകൾ നമ്മുടെ സ്വാശ്രയ മനോഭാവത്തിൻെറ ഉറച്ച മാതൃകകളാണ് എന്നത് ഇവിടെ സ്മരിക്കാവുന്നതാണ്.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണ് വീട്. സ്വന്തമായൊരു വീട് എന്നത് എല്ലാവരുടെയും ജീവിത സ്വപ്നമാണ്. ഈ നൂറ്റാണ്ടിന്റെ മധ്യം വരെ നമ്മുടെ പഞ്ചായത്തിലെ മിക്കവാറും വീടുകൾ ഓലമേഞ്ഞതും ഭാഗികമായി ഓടിട്ടതുമായിരുന്നു. വളരെ ചുരുക്കം വരുന്ന സമ്പന്നരുടെയും ഇടത്തരം കർഷകരുടെയും വീടുകൾക്ക് മാത്രമേ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടായിരുന്നുള്ളൂ. ഭൂരിഭാഗം വീടുകളുടെയും അവസ്ഥ ശോചനീയമായിരുന്നു. കിണർ, കുളിമുറി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പൊതുവെ ഇല്ലായിരുന്നു. ഇപ്പോഴും നമ്മുടെ പഞ്ചായത്തിലെ 23 ശതമാനത്തോളം വീടുകൾക്ക് കക്കൂസ്, കുളിമുറി എന്നിവ ഇല്ല. 18 ശതമാനത്തോളം വീടുകൾക്ക് കിണറില്ല. (അവലംബം – സാമ്പിൾ സർവ്വേ)

1970കൾക്ക് ശേഷം നമ്മുടെ പഞ്ചായത്തിലെ വീടുകളുടെ നിർമ്മാണ രീതിയിൽ പ്രകടമായ മാറ്റമുണ്ടായി. ആധുനിക സൗകര്യങ്ങളോടുകൂടിയ വീടുകളുടെ നിർമ്മാണം ആരംഭിച്ചു. ഇതിന് അടിസ്ഥാനപരമായ കാരണം സാമൂഹിക- സാമ്പത്തിക രംഗത്ത് വന്ന മാറ്റങ്ങളാണ്. വിദ്യാഭ്യാസം സാർവത്രികമായതിന്റെ ഫലമായി സാധാരണ കുടുംബങ്ങളിലെ ആളുകൾക്ക് സർക്കാർ, അർധസർക്കാർ, ബാങ്കിംഗ് മറ്റു സർവീസ് മേഖലകളിൽ തൊഴിൽ ലഭിച്ചതും അതിലുപരി ഗൾഫ് പണത്തിന്റെ സ്വാധീനവും ഇടത്തരക്കാരെ പോലെ തന്നെ സാധാരണ ജനങ്ങളുടെ പാർപ്പിട നിർമ്മാണ രീതിയിൽ സമൂലമായ മാറ്റമുണ്ടാക്കി. അതോടൊപ്പം നമ്മുടെ പഞ്ചായത്തിലെ ജനങ്ങളിൽ ഗണ്യമായ ബിഡിത്തൊഴിലാളികളും ഭവനനിർമ്മാണത്തിന് ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സാമാന്യം നല്ല വീടുകൾ പണിയാൻ ആരംഭിച്ചു. ഇത്തരം സാഹചര്യങ്ങളിൽ നമ്മുടെ ജനങ്ങളിൽ പാർപ്പിട പ്രശ്നം പൊതുവെ രൂക്ഷമല്ലാതായി. എന്നാൽ വളരെ ചുരുക്കം വരുന്ന ദുർബല വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീട് ഇന്നും ഒരു സ്വപ്നമായി തന്നെ അവശേഷിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ആകെ 5216 വീടുകളാണുള്ളത്. ഭൂരിഭാഗം വീടുകളും മേൽപുര ഓടിട്ടതും ചുമർ മൺകട്ടകൊണ്ട് തീർത്തതുമാണ്. കുടിലുകൾ, കൂര എന്നിവ കുറവാണ്. കോൺക്രീറ്റ് വീടുകളുടെ നിർമ്മാണം അടുത്തകാലത്തായി വർധിച്ചുവരുന്നു. മിക്ക വീടുകളുടെയും തറ സിമൻറിട്ടതും ചാണകം മെഴുകിയതുമാണ്. വളരെ കുറച്ച് വീടുകളുടെ തറക്ക് മൊസൈക്ക്, മാർബിൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. വീടുകൾ പണിയുന്നതിന് സാധനങ്ങൾ കൊണ്ടുവരുന്നതിനും ഗതാഗതസൗകര്യം കണക്കിലെടുത്തും റോഡിന്റെ സാമീപ്യം ആളുകൾ ഇഷ്ടപ്പെടുന്നു. കൂടാതെ വീട് സ്വന്തം കഴിവിനും ആവശ്യത്തിനും ചേർന്ന ഒരു പാർപ്പിടം എന്നതിലുപരി അന്തസ്സിന്റെയും പൊങ്ങച്ചത്തിന്റെയും ആർഭാടത്തിന്റെയും പ്രതീകമായി മാറിയിരിക്കുന്നു. സമീപകാലത്ത് സാധാരണ ജനങ്ങളും ഈ വികല സംസ്കാരം അനുകരിച്ച് കടം വാങ്ങിയും ഒരു പുരുഷായുസ്സിൽ നേടിയതൊക്കെ പാർപ്പിട നിർമ്മാണത്തിനുപയോഗിക്കുന്ന പ്രവണത ആരംഭിച്ചിരിക്കുന്നു. ഇതിന് പകരം വെക്കാവുന്നത് ഒരു കുടുംബത്തിന്റെ കഴിവും ആവശ്യവും കണക്കിലെടുത്ത് പ്രാദേശിക വിഭവങ്ങളും പരമ്പരാഗത രീതികളും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുന്ന ചെലവുകുറഞ്ഞ വീടുകൾ ആണ്.

വീടുകളുടെ തരംതിരിച്ച പട്ടിക (പഞ്ചായത്തുതലം)

തരം	കോൺക്രീറ്റ്	ഓട്	ഭാഗികമായി ഓട്	ഓല	കൂര/കുടിൽ	ഇരുനില
എണ്ണം	1896	2656	340	258	56	2064

നമ്മുടെ പഞ്ചായത്തിൽ ഭവനനിർമ്മാണ സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല. ഭവനനിർമ്മാണ സഹായത്തിന് ഭവനനിർമ്മാണ ബോർഡ്, ജില്ലാ സഹകരണ ബേങ്ക്, കാർഷിക ബേങ്ക്, LIC, ചേലോറ ഹൗസിങ്ങ് സൊസൈറ്റി എന്നിവയെ ആശ്രയിക്കുന്നു. ഈ പഞ്ചായത്തിൽ 100ഓളം കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന നിർമ്മിച്ച വീടുകളുടെ എണ്ണം വേണ്ടത്ര പോര.

വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപട്ടിക

വർഷം	RLEGP	MREP	IAY	MWS	JRY	ആകെ
87-88	5					5
88-89		5				5
89-90			2		7	9
90-91				5	4	9
91-92					6	6
92-93					2	2
93-94						
94-95			4			4
95-96			2		3	5
ആകെ						45

1987 മുതൽ 96 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ 45 വീടുകളാണ് സർക്കാർ സ്കീം പ്രകാരം ലഭിച്ചത്. ഇതിൽ 28 എണ്ണം പട്ടികജാതിക്കനുവദിച്ചതാണ്. പട്ടികജാതിക്കാരായ അപേക്ഷകർ ഇപ്പോൾ ആരുമില്ല. സ്വന്തമായി 4 സെൻറ് ഭൂമിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ പദ്ധതി അനുവദിച്ചു കിട്ടുകയുള്ളൂ. നമ്മുടെ പഞ്ചായത്തിൽ പുനരധിവാസ ഭവന നിർമ്മാണ പദ്ധതി പ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ 7-ാം വാർഡ്, 3-ാം വാർഡ് എന്നിവിടങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ 6, 9, 11 വാർഡുകളിൽ 5-ൽ കൂടുതൽ SC കുടുംബം ഒന്നിച്ചു താമസിക്കുന്നുണ്ട്. മേൽപറഞ്ഞ കേന്ദ്രങ്ങൾ SC കോളനിയാകാൻ സാധ്യതയുണ്ട്.

ഭവന നിർമ്മാണത്തിനാവശ്യമായ ചെങ്കല്ല്, ഇഷ്ടിക, സിമൻറ്, കടപ്പ, ടൈൽസ്, മാർബിൾ, എന്നിവയ്ക്ക് ആശ്രയിക്കുന്നത് മറ്റു ജില്ലകളെയും സംസ്ഥാനങ്ങളെയുമാണ്. മണൽ പഞ്ചായത്തിൽ ലഭ്യമാണ്. 1985-95 വരെയുള്ള 10 വർഷ കാലയളവിൽ സാധന സാമഗ്രികൾക്ക് വലിയ വിലവർധനവ് പ്രകടമാക്കുന്നു.

നിർമ്മാണ ചെലവിലുണ്ടായ വർധനവിൻെറ പട്ടിക ചുവടെ കൊടുക്കുന്നു.

ഇനം	1985	1990	1995
ചെങ്കല്ല് (1000)	1400	2600	7000
സിമൻറ് (1 ചാക്ക്)	67	98	186
കമ്പി (കി.)	1060	1280	1600
ഓട് (1000)	1200	3000	4800

ഭവനനിർമ്മാണത്തിനാവശ്യമായ വിദഗ്ധ തൊഴിലാളികളായ ആശാരി, പെരുതേരി എന്നിവരുടെ കുറവ് നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ കോൺക്രീറ്റ് രംഗത്തേക്ക് മറ്റു തൊഴിൽ മേഖലകളിൽ നിന്നും ആളുകൾ കടന്നു വരുന്നുണ്ട്. ഇതിനുകാരണം കോൺക്രീറ്റ് രംഗത്തെ ഉയർന്ന കൂലിനിരക്കാണ്. കഴിഞ്ഞ 10 വർഷക്കാലയളവിൽ നിർമ്മാണ തൊഴലാളികൾക്ക് ലഭിച്ച കൂലിനിരക്ക് പട്ടികയായി ചുവടെ കൊടുക്കുന്നു.

	കൂലി ഒരു ദിവസം		
തൊഴിൽ	1985	1990	1995
കാർപെൻറർ	40 രൂ.	60 രൂ.	120 രൂ.
പെരുതേരി	35 രൂ.	60 രൂ.	120 രൂ.
കോൺക്രീറ്റ്: പു.	30	60	110
സ്ത്രീ	18	35	70
മറ്റു തൊഴിലാളികൾ പു.	30	55	90
സ്ത്രീ	16	30	60

പ്രശ്നങ്ങൾ:

1. ഭവന നിർമ്മാണ സഹായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ല

2. ഭവനരഹിതർ വീടുവെക്കുന്നതിന് വായ്പക്ക് അപേക്ഷിക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക തടസ്സം ലഘൂകരിക്കാത്തത് നിമിത്തം ആനുകൂല്യം പലർക്കും കിട്ടുന്നില്ല.
3. കെട്ടിട നിർമ്മാണ സാമഗ്രികൾ ആദായവിലക്ക് കിട്ടുന്നതിന് സഹകരണ സ്ഥാപനങ്ങൾ പങ്ക് വഹിക്കുന്നില്ല
4. ഭവനരഹിതർക്ക് വീടുവെക്കുന്നതിന് പഞ്ചായത്തിന്റെതായ പദ്ധതിയില്ല.
5. വയലുകൾ നികത്തി വീടുകൾ ഉണ്ടാക്കുന്ന പ്രവണത കൂടി വരുന്നു.
6. കള്ളപ്പണം മറച്ചുപിടിക്കാനുള്ള ഉപാധിയായി വീട് നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന അമിതമായ ധൂർത്തും ഉല്പാദനക്ഷമമല്ലാത്ത മുതൽമുടക്കും സമൂഹത്തിന് പ്രശ്നം സൃഷ്ടിക്കുന്നു.
7. പ്രാദേശികമായ അന്ധവിശ്വാസങ്ങളും ആചാരങ്ങളും പരിമിതമായ ഭൂമി കൈവശമുള്ളവർക്ക് വീടു വെക്കുന്നതിന് തടസ്സമാകുന്നു.

സാധ്യതകൾ

1. ദുർബല വിഭാഗങ്ങൾക്കായി ഒരു ഭവന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക
2. സർക്കാർ പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിന് അർഹരായവർക്ക് ഭൂമി പതിച്ചു നൽകുകയോ അല്ലെങ്കിൽ നിബന്ധനക്ക് ഇളവ് നൽകുകയോ ചെയ്യുക.
3. പരിധിയിൽ കവിഞ്ഞ തറ വിസ്തൃതിയിൽ കെട്ടിടം പണിയുന്ന ആളുകൾക്ക് പ്രത്യേക നികുതി ചുമത്തുക
4. വർധിച്ചുവരുന്ന പരിസ്ഥിതി പ്രശ്നം പരിഹരിക്കാൻ ബിൽഡിംഗ് ആക്ട് പഞ്ചായത്തിൽ നടപ്പിലാക്കുക. അതിൽ നിന്നുള്ള വരുമാനം ദുർബല വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുത്തുക.
5. കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കർശന നിയമനടപടികളിലൂടെ വയലുകൾ നികത്തി വീടുണ്ടാക്കുന്ന പ്രവണത തടയുക.
6. പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന പ്രാദേശിക വിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുക.
7. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിനും പഞ്ചായത്തിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുക.
8. വീട് അമിതമായ ആഡംബരമാക്കുന്നതിനെതിരായും നിർമ്മാണ ദോഷം മുതലായ അന്ധവിശ്വാസങ്ങൾക്കെതിരെയും ബോധവൽക്കരണം നടത്തുക.

വരാൻപോകുന്ന 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതോടൊപ്പം ജനങ്ങളിൽ ഒരു പുതിയ പാർപ്പിട സംസ്കാരം വളർത്തിയെടുക്കുന്നതിനും നമുക്ക് കൂട്ടായി ശ്രമിക്കാം.

സാമൂഹ്യക്ഷേമം

കേരളത്തിലെ ഏതൊരു ഗ്രാമത്തിലേയും പോലെ നമ്മുടെ ഗ്രാമത്തിലെ ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിവന്നവരാണ്. നമ്മുടെ സർക്കാർ നടപ്പിലാക്കിയ കാർഷിക പരിഷ്കാരങ്ങളും സാമൂഹ്യരംഗത്തെ നിയമനടപടികളും അതിലുപരി ബോധപൂർവമായ ജനകീയ ഇടപെടലുകളും സാധാരണ ജനങ്ങളെയും അവശതയനുഭവിക്കുന്നവരെയും സാമൂഹിക -സാമ്പത്തിക തുല്യത കൈവരിക്കുന്നതിന് ഏറെ സഹായിച്ചു. കാർഷിക മേഖലയിൽ നിന്നും ജനങ്ങൾ ബീഡി, കയർ, കൈത്തറി തുടങ്ങിയ തൊഴിൽ മേഖലകളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ ദാരിദ്ര്യം ഏറെക്കുറെ ഇല്ലാതായി. എന്നാൽ നഷ്ടത്തിലാവുന്ന കൃഷിയും പരമ്പരാഗത വ്യവസായങ്ങളും വർധിച്ചുവരുന്ന തൊഴിലില്ലായ്മയും ദാരിദ്ര്യത്തെ വീണ്ടും സ്ഥായിയായ ഒരനുഭവമാക്കുന്നു. നമ്മുടെ സമൂഹത്തിൽ ഇന്ന് ഏറെ കഷ്ടത അനുഭവിക്കുന്ന വിഭാഗം കർഷക തൊഴിലാളികളാണ്. അവർക്ക് ശരാശരി ഒരുവർഷം 180 ദിവസങ്ങൾ മാത്രമാണ് തൊഴിൽ കിട്ടുന്നത്. അത് തന്നെ ഉച്ചപ്പണി മാത്രം. മാറി വരുന്ന സാമൂഹികാവസ്ഥകളോട് പൊരുത്തപ്പെടാൻ അവരുടെ വരുമാനം ഉതകുന്നില്ല. അതേസമയം മധ്യവർഗ തൊഴിൽ താൽപര്യം രൂഢമായ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ സംരക്ഷിക്കേണ്ട ബാധ്യതയും അവരുടെ സാമ്പത്തിക പരാധീനതക്ക് കാരണമാകുന്നു.

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന മക്രേരി, മാവിലായി വി ഇ ഒ സർക്കിളുകൾ വഴിയാണ് നമ്മുടെ പഞ്ചായത്തിൽ പഞ്ചവൽസര പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്. ഈ രണ്ടു സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ പ്രതിപാദിക്കുന്നു.

IRDP 1991 ൽ നടത്തിയ IRDP സർവെയാണ് എട്ടാം പഞ്ചവൽസരണ പദ്ധതിക്കാലത്ത് ധനസഹായം നൽകേണ്ടവരെ നിശ്ചയിച്ചത്. വാർഷിക വരുമാനം 11000 രൂപയിൽ താഴെയുള്ളവരെയാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1995 ലെ അഡീഷനൽ സർവേ ഉൾപ്പെടെ 1653 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി കണ്ടെത്തി. ഇതിൽ 66 കുടുംബങ്ങൾ പട്ടികജാതിയിൽപ്പെട്ടവരാണ്. 91-95 വരെയുള്ള കാലയളവിൽ 139 കുടുംബങ്ങൾക്കായി 9,87,155 രൂപ ലോണായും 4,44,625 രൂപ സബ്സിഡിയായും വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

സഹായ ലഭ്യതാ കണക്ക്

മാവിലായി വി ഇ ഒ

വർഷം	എണ്ണം	വായ്പ	സബ്സിഡി	റിമാർക്സ്
91-92	9	40125	18075	10DWCRA
92-93	5	16471	9472	
93-94	19	106455	57534	
94-95	25	344022	122682	
FCP	5			
ആകെ	63	507073	207763	

മക്രേരി വി ഇ ഒ

91-92	15	94567	51033
92-93	13	48601	27499
93-94	25	119618	68030
94-95	18	217296	90300
FCP	5		
ആകെ	76	480082	236862

1994 -95 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് FCP (ഫാമിലി ക്രെഡിറ്റ് പ്രോഗ്രാം).

DWCRA (**ഗ്രാമീണ വനിതാ ശിശുവികസന പരിപാടി):** കുടുംബ ശ്രേയസ്സ് വർധിപ്പിക്കണമെങ്കിൽ സ്ത്രീകൾക്ക് സഹായം ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് യൂണിസെഫിന്റെ സഹായത്തോടെ ഈ പരിപാടി ആവിഷ്കരിച്ചത്. പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഇത്. മക്രേരി, വി ഇ ഒ സർക്കിളിൽ ഒരു കൊപ്ര സംസ്കരണ യൂനിറ്റും മാവിലായി സർക്കിളിന് കീഴിൽ ഒരു ഗാർമെൻറ് നിർമാണ യൂനിറ്റും നടപ്പിലാക്കി. ഇതിൽ കൊപ്ര സംസ്കരണ യൂനിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഗാർമെൻറ് യൂനിറ്റിന്റെ പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ പ്രയാസം നേരിടുന്നു.

DWCRA സഹായ ലഭ്യതാകണക്ക്

വർഷം	വി ഇ ഒ	സ്കീം	വായ്പാതുക	സബ്സിഡിതുക
93-94	മക്രേരി	കൊപ്ര സംസ്കരണ യൂനിറ്റ്	56000 രൂപ	36000 രൂപ
94-95	മാവിലായി	ഗാർമൻറ് നിർമാണ യൂനിറ്റ്	77318 രൂപ	42682രൂപ

TRYSEM (ഗ്രാമീണ യുവജനങ്ങൾക്കുള്ള സ്വയംതൊഴിൽ പരിശീലന പരിപാടി): 18 മുതൽ 35 വയസ്സുവരെയുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് 87 ട്രേഡുകളിലായി മൂന്നുമാസം ഒരുവർഷം വരെയുള്ള കാലയളവിൽ സ്വയംതൊഴിൽ പരിശീലനം നൽകുന്നു. 91 മുതൽ 95 വരെ വർഷങ്ങളിൽ മക്രേരി വില്ലേജിൽ 9 പേർക്കും മാവിലായി വില്ലേജിൽ 14 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ തൊഴിൽ പരിശീലനം കഴിഞ്ഞ ആളുകൾ സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നില്ല. കിട്ടുന്ന പരിശീലനം ഗുണഭോക്താവിന് ആത്മവിശ്വാസം നൽകാൻ പര്യാപ്തമല്ല.

'ട്രൈസം' പരിശീലനം നേടിയവരുടെ വിവര പട്ടിക:

വർഷം	വി ഇ ഒ	കൂലി തൊഴിൽ	സ്വയംതൊഴിൽ	ആകെ
91-92		3	2	5
92-93		-	-	-
93-94	മക്രേരി	-	-	-
94-95	-	-	4	4
91-92				
92-93		3	1	4
93-94	മാവിലായി			
94-95		3	7	10

ടൂൾ കിറ്റ്: (NAP -ദാരിദ്ര്യരേഖക്ക് താഴെയുള്ള ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പരിപാടി): മക്രേരി വില്ലേജിൽ 93-94 വർഷത്തിൽ 10952 രൂപയും മാവിലായി വില്ലേജിൽ 93-94, 94-95 വർഷങ്ങളിൽ 42561 രൂപയും വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

വർഷം	വി ഇ ഒ	എണ്ണം	തൊഴിലിന്റെ പേര്	തുക
94-95	മക്രേരി	7	3 കാർപന്റർ 4 പെരുതേരി	10,952 രൂപ
93-94		13	8 കാർപന്റർ	
	മാവിലായി		2 കൊല്ലൻ 3 പെരുതേരി	26061 രൂപ
94-95	മാവിലായി		3 പെരുതേരി 2 കാർപന്റർ	16,500 രൂപ

CRSP: **ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമിക്കാനുള്ള ധനസഹായ പദ്ധതി:** 2000 രൂപയാണ് ഗ്രാന്റായി നൽകുന്നത്. 94 -95 വർഷം മക്രേരി വി ഇ ഒ 5 പേർക്കായി 10000 രൂപയും 93 -94, 94-95 വർഷങ്ങളിൽ മാവിലായി വി ഇ ഒ 25 പേർക്കായി 44000 രൂപയും ഗ്രാന്റായി നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ:

1. IRDP സർവേ ലിസ്റ്റിൽ ധാരാളം അനർഹർ ഉൾപ്പെടുന്നു. അതിനാൽ അർഹതപ്പെട്ടവർക്ക് ആനുകൂല്യം കിട്ടാതാകുന്നു.
2. IRDP , ട്രൈസം തുടങ്ങിയ സ്കീമുകളെക്കുറിച്ച് ജനങ്ങൾ തികച്ചും ബോധവാന്മാരല്ല.
3. CRSP പ്രകാരം ലഭ്യമാകുന്ന തുക കക്കൂസുകളുടെ നിർമാണത്തിന് പര്യാപ്തമല്ല.
4. IRDP, DWCRA എന്നീ പദ്ധതികൾക്ക് സംസ്ഥാന -ജില്ലാ സഹകരണ ബേങ്കുകൾ പ്രൈമറി ബേങ്കുകൾക്ക് ആവശ്യമായ തുക അനുവദിക്കുന്നില്ല.
5. 'ട്രൈസം' സ്വയംതൊഴിൽ പരിശീലനം നേടിയവർക്ക് സ്വന്തമായ സംരംഭങ്ങളിൽ ഏർപ്പെടാൻ ആത്മവിശ്വാസക്കുറവുണ്ടാകുന്നു.

നിർദേശങ്ങൾ:

1. ഗ്രാമസഭകളിലൂടെ വിവിധ പരിപാടികൾക്ക് അർഹരായവരെ തെരഞ്ഞെടുക്കുക.
2. വി ഇ ഒ മാർ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുക.

റവന്യൂവകുപ്പിൻ കീഴിൽ നടത്തിവരുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ

1996 വരെയുള്ള വർഷങ്ങളിൽ റവന്യൂവകുപ്പ് നമ്മുടെ പഞ്ചായത്തിൽ നൽകിവരുന്ന വിവിധ പെൻഷനുകളുടെയും സഹായധനങ്ങളുടെയും വിവര പട്ടിക താഴെ കൊടുക്കുന്നു:

വർഷം	അഗതി പെൻഷൻ	വിധവപെൻഷൻ	വാർധക്യ പെൻഷൻ	വികലാംഗ പെൻഷൻ	അവശകലാ പെൻഷൻ	ക്ഷയ രോഗ പെൻഷൻ	കാൻസർ രോഗ പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മാവേവതനം	അവശ കായിക പെൻഷൻ
96 വരെ		157	74	7	2	-	1	356	646	-

വിധവാ പെൻഷൻ/ വാർധക്യ പെൻഷൻ:

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഗുണഭോക്താവിന് ആനുകൂല്യം ലഭിക്കുന്നില്ല. ഈ നിബന്ധന മാറ്റണം. അപേക്ഷകന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം പെൻഷൻ അനുവദിക്കേണ്ടത്. 96 വർഷത്തിൽ അനുവദിച്ച 38 പേരടക്കം പഞ്ചായത്തിൽ 157 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

വികലാംഗപെൻഷൻ:

അനേകം വികലാംഗർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും പെൻഷൻ ലഭിക്കുന്നത് വളരെ ചുരുക്കം പേർക്ക് മാത്രമാണ്. ശാരീരിക വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വരുമാന പരിധി എന്നീ കാരണങ്ങളാൽ പലർക്കും പെൻഷൻ കിട്ടുന്നില്ല. ഏഴു പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

ക്ഷയം, കാൻസർ എന്നീ രോഗികൾക്കുള്ള പെൻഷൻ:

അനേകം ക്ഷയരോഗികളും കാൻസർ രോഗികളും നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നില്ല. വർധിച്ച ചികിത്സാ ചെലവും രോഗിയുടെ വരുമാനവും തീരെ പൊരുത്തപ്പെടുന്നില്ല. ഒരാൾക്ക് മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂ. വരുമാന പരിധി കാലോചിതമായി മാറ്റപ്പെടണം.

തൊഴിലില്ലായ്മാവേതനം:

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മാവേതനം വാങ്ങുന്നവർ 646 ആണ്. അർഹരായ ആളുകൾക്ക് ഇനിയും തൊഴിലില്ലായ്മാവേതനം ലഭിക്കാനുണ്ട്. തൊഴിൽ രഹിതർക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഇൻഫർമേഷൻ ബ്യൂറോ ആരംഭിക്കണം.

കർഷകത്തൊഴിലാളി പെൻഷൻ:

കർഷകത്തൊഴിലാളി പെൻഷൻ 356 പേർക്ക് കിട്ടുന്നുണ്ട്. അനർഹരായ ധാരാളം പേർക്ക് അപേക്ഷ നൽകിയിട്ടും പെൻഷൻ അനുവദിച്ചു കിട്ടിയിട്ടില്ല. വാർഷിക വരുമാനം 1500 രൂപയിൽ നിന്നും ഉയർത്തപ്പെടണം.

മേൽപ്പറഞ്ഞ പെൻഷനുകൾ കൂടാതെ അവശ കലാകാരന്മാർക്കുള്ള പെൻഷൻ, പ്രകൃതിക്ഷോഭം, അപകട ഇൻഷുറൻസ് തുടങ്ങിയ ധനസഹായങ്ങളും നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്.

നിർദേശങ്ങൾ:

1. പ്രകൃതിക്ഷോഭത്തിന് നൽകിവരുന്ന ആനുകൂല്യങ്ങൾ വരുമാന പരിധി നിശ്ചയിക്കാതെ നൽകണം.
2. പെൻഷൻ, ധനസഹായം എന്നിവക്ക് ഗുണഭോക്താക്കളെ ഗ്രാമസഭയുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കണം.

ക്ഷേമപദ്ധതികൾ:

കർഷകതൊഴിലാളി ക്ഷേമനിധി: നമ്മുടെ പഞ്ചായത്തിലെ രണ്ട് റവന്യൂ വില്ലേജുകളിലായി 960 പേർ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണ്. വിഹിതം അടക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നുണ്ട്.

നിർമാണ തൊഴിലാളി ക്ഷേമനിധി: നിർമാണ തൊഴിലാളി ക്ഷേമനിധിയിൽ 200 ഓളം പേർ അംഗങ്ങളാണ്.

അങ്കൺ വാടികൾ: സാമൂഹ്യക്ഷേമ രംഗത്ത് വളരെയേറെ പ്രവർത്തനങ്ങൾ അങ്കൺവാടികൾ മുഖേന നടപ്പാക്കുന്നു. അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം, പോഷണം, ആരോഗ്യ വിദ്യാഭ്യാസം, രോഗ പ്രതിരോധ നടപടികൾ, ആരോഗ്യ പരിശോധന, പ്രാഥമികാരോഗ്യ രക്ഷ എന്നിങ്ങനെ ഒട്ടനേകം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ അങ്കൺവാടികൾ നടത്തുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ 4-ാം വാഡിൽ ഒഴികെ എല്ലാ വാഡുകളിലും അങ്കൺവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആകെ 16 അങ്കൺവാടികൾ. 1000 പേർക്ക് ഒരു അങ്കൺവാടി എന്ന ഐ സി ഡി എസ് ന്റെ ലക്ഷ്യം നമ്മുടെ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ല.

അങ്കൺവാടികളുടെ വിവരപട്ടിക

വാഡ്	എണ്ണം	നമ്പർ	കുട്ടികളുടെ എണ്ണം
I	2	58	48
		59	46
II	2	61	35
		63	44
III	2	60	40
		62	48
IV	No		
V	1	70	50
VI	2	64	45
		65	62
VII	2	67	37
		71	29
VIII	1	57	32
IX	2	66	28
		69	33
X	1	72	55
XI	1	68	47

പ്രശ്നങ്ങൾ:

1. ഇപ്പോൾ പ്രവർത്തിക്കുന്ന അങ്കൺവാടികളിൽ ഭൂരിഭാഗവും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയാണ്.
2. പഞ്ചായത്തിലെ 1,3,4,10,11 വാഡുകളിൽ അങ്കൺവാടികൾ അനുവദിക്കണം.
3. അങ്കൺവാടികളിൽ കളിക്കോപ്പുകൾ ആവശ്യത്തിന് നൽകുക.



സംസ്കാരം

മനുഷ്യസമൂഹത്തിന്റെ സാർവ്വത്രികമായ നന്മയെ ലക്ഷ്യം വെക്കുന്ന ഒരു സാംസ്കാരികാന്തരീക്ഷവും സമ്പന്നമായ ഒരു ഭൂതകാലവും പെരളശ്ശേരിക്കുണ്ട്. അവനവൻ വരച്ചിടുന്ന വൃത്തങ്ങളിൽ ജീവിതം കെട്ടിപ്പൊക്കുന്ന ഉപഭോഗസംസ്ക്കാരത്തിന്റെ കാലമാണിത്. ഈ കാലത്ത് പോലും, സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ കൂട്ടായ്മയിലും സംഘടിത പ്രസ്ഥാനങ്ങളുടെ മുന്നേറ്റങ്ങളിലും പെരളശ്ശേരിയിലെ മനുഷ്യർ അന്ധമായ വിശ്വാസം രേഖപ്പെടുത്തുന്നുണ്ട്. ഒരു ഇടതുപക്ഷ സാംസ്ക്കാരിക മനസ്സ് പെരളശ്ശേരിക്കുണ്ട്. അത് മനുഷ്യന്റെ വളർച്ചയിൽ ലക്ഷ്യം വെക്കുന്നു. അവന്റെ പുരോഗതിക്ക് സഹായകരമായ ഏത് സാംസ്കാരിക പ്രവർത്തനവും ഇവിടെ സ്വാഗതം ചെയ്യപ്പെടുന്നുണ്ട്.

പെരളശ്ശേരിയുടെ ഭൂതകാലം അതീവ സമ്പന്നമാണ്. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ നല്ല കൈവഴികൾ ഈ ഗ്രാമത്തിലൂടെയും ഒഴുകിയിട്ടുണ്ട്. നായർ സമുദായത്തിലെ അനാചരങ്ങൾക്കെതിരെ ഉണ്ടായ പ്രസ്ഥാനങ്ങൾ, അയിത്തത്തിനെതിരായ എ കെ ജിയുടെ ധീരമായ പ്രവർത്തനങ്ങൾ, ആദ്യകാലത്തെ വായനശാലാ സംരംഭങ്ങൾ, കോളറ തുടങ്ങിയ രോഗങ്ങളുടെ വ്യാപനത്തിനെതിരെയും, രോഗികൾക്ക് ആശ്വാസമായും ചെറുപ്പക്കാരുടെ സംഘങ്ങളുടെ പ്രവർത്തനം, സാക്ഷരത പ്രവർത്തനങ്ങൾ, ശ്രീനാരായണ സന്ദേശം പ്രചരിപ്പിക്കാനുള്ള കൂട്ടായ്മകൾ ഇതൊക്കെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഭാഗമായിരുന്നു. അങ്ങിനെയൊരു വളക്കൂറുള്ള മണ്ണിലാണ് തൊഴിലാളി പ്രസ്ഥാനങ്ങളുടെ ആരംഭവും വളർച്ചയും. പെരളശ്ശേരിയിലെ ബീഡി തൊഴിലാളികളുടെ സാംസ്കാരികാവബോധം ഈ പ്രസ്ഥാനങ്ങളുടെ ജീവവായു ശ്വസിച്ചുണ്ടായതാണ്. രാഷ്ട്രീയമായി ഉന്നതവും, ശരിമയാർന്നതുമായ ദിശാബോധം പെരളശ്ശേരിക്ക് കൈവന്നിട്ടുണ്ടെങ്കിൽ അതിനർത്ഥം, സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങളുടെയും സാംസ്കാരിക സത്തയാണ് അതെന്നാണ്.

ഒരു പെരളശ്ശേരിക്കാരൻ-എ കെ ജിയുടെ പിതാവ് രൈരുനമ്പ്യാർ ആണെന്നോർക്കുക-അദ്ദേഹത്തിന്റെ യൗവനത്തിൽ, ഒരു പത്രം തുടങ്ങിയിരുന്നു. അതിന്റെ പേര് സമുദായദീപിക എന്നായിരുന്നു. സമുദായ പരിഷ്കരണമായിരുന്നു അതിന്റെ ലക്ഷ്യം. പത്രങ്ങളുടെ ബാല്യദശയിൽ ഒരു പെരളശ്ശേരിക്കാരൻ ഒരു പത്രം തുടങ്ങി എന്നത് ഈ നാടിന്റെ നല്ല സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്നു. നായർ സമുദായത്തിലെ അനാചരങ്ങൾക്കെതിരായിരുന്നു പത്രം. ജാതി ഉച്ചനീചത്വങ്ങൾ നിലവിലിരുന്ന കാലത്ത് ഉണ്ടായ ഈ സാഹസികയത്നം പെരളശ്ശേരിയുടെ ചരിത്രത്തിലെ പൊൻതൂവലാണ്.

ഹിന്ദുമുസ്ലിം മതവിഭാഗങ്ങളിൽ പെടുന്നവരാണ് പ്രധാനമായും ഇവിടെ താമസിക്കുന്നത്. അവരവരുടെ ആരാധനാലയങ്ങൾ, വിശ്വാസങ്ങൾ, ഉത്സവങ്ങൾ എന്നിവ അവരുടെ ജീവിതത്തിന്റെ ഭാഗമായുണ്ട്. മതങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകളോ ചെറിയ സ്പർദ്ധകളോ ഈ നാടിനെ തെല്ലും ബാധിച്ചിട്ടില്ല. മതങ്ങൾ തമ്മിൽ അകൽച്ചയും, സംഘർഷങ്ങളും നാൾക്കു നാൾ പെരുകുന്ന ഈ കാലത്ത് പെരളശ്ശേരിയിൽ അതിന്റെ പ്രതിഫലനമുണ്ടായിട്ടില്ല. അത് ഈ നാടിന്റെ ഉന്നതമായ സാംസ്കാരിക ബോധത്തെതന്നെയാണ് സൂചിപ്പിക്കുന്നത്. കണ്ണിലെണ്ണയൊഴിച്ച് ഈയൊരു നന്മക്ക് നമുക്ക് കാവൽ നിൽക്കേണ്ടതുണ്ട്. വർഗ്ഗീയതയുടെ വിഷാംശങ്ങൾ ഒരു പാടു വഴികളിലൂടെ മനുഷ്യമനസ്സിലേക്ക് കടന്നുവരുന്ന കാലമാണിത്. അതു കൊണ്ട് തന്നെ നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങളുടെ മുഖ്യകേന്ദ്രം വർഗ്ഗീയക്കെതിരായ കൂട്ടായ്മയിൽ ഊന്നണം. വർഗ്ഗീയ സംഘർഷങ്ങൾ കത്തിപ്പടരുന്ന ഒരു ജനതയുടെ മനസ്സിലേക്ക് വികസനത്തിന്റെയോ, മനുഷ്യനന്മയുടെയോ പ്രവർത്തനങ്ങൾ എത്തിക്കുക അതീവ ദുഷ്കരമായിരിക്കും.

പെരളശ്ശേരി പഞ്ചായത്തിൽ 9 പള്ളികളും 4 അമ്പലങ്ങളും 31 കാവുകളും നിലവിലുണ്ട്. സ്വന്തം മതങ്ങളുടെ ഉത്സവങ്ങളിൽ അന്യമതക്കാരുടെ പങ്കാളിത്തമുണ്ടാക്കുന്ന മനുഷ്യനന്മയിലൂന്നുന്ന മതപ്രവർത്തനം ചിലേടങ്ങളിലെങ്കിലും നടക്കുന്നുണ്ട്. മതപരമായ ചടങ്ങുകൾ മനുഷ്യസഹോദര്യത്തിന്റെ അടയാളങ്ങളായി മാറേണ്ടതുണ്ട്.

പള്ളികളിൽ, പൊതുവാച്ചേരി പള്ളിയെക്കുറിച്ച് പ്രത്യേകം പറയേണ്ടതുണ്ട്. അത് നമ്മുടെ മതമൈത്രിയുടെ പ്രതീകമാണ്. ആരാധനക്കും ശവസംസ്ക്കാരത്തിനും ഇടമില്ലാതിരുന്ന ആ പ്രദേശത്തെ മുസ്ലീങ്ങൾക്ക് പള്ളി സ്ഥാപിക്കാൻ ഒരു ഹിന്ദു കുടുംബം സഹായം നൽകിയത്രെ. അങ്ങിനെ ലഭിച്ച ഒരു സ്ഥലത്താണ് പൊതുവാച്ചേരി പള്ളി സ്ഥാപിച്ചത്.

പെരളശ്ശേരി ശ്രീ സുബ്രഹ്മണ്യൻ ക്ഷേത്രം പ്രസിദ്ധമാണ്. സർപ്പാരാധാനക്കാണ് ഇവിടെ ഏറെ പ്രശസ്തി. തുലാം സംക്രമം, തുലാം പത്ത്, പതിനൊന്ന്, ധനു ഒന്നു മുതൽ പത്ത് വരെ ഈ ദിവസങ്ങളിലാണ് ഉത്സവം. തിരക്ക് നാൾക്ക് നാൾ ഇവിടെ വർദ്ധിച്ചു വരുന്നുണ്ട്. പെരളശ്ശേരി എന്ന സ്ഥലനാമം വീണതിന് പിന്നിൽ ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യമുണ്ട്. സീതാസമേതനായി മനോഹരമായ ഈ കുന്നിൻ പുറത്തെത്തിയ ശ്രീരാമൻ ഇവിടെ ഒരു പ്രതിഷ്ഠ നടത്താൻ ആഗ്രഹിച്ചു. വിഗ്രഹത്തിന് ഹനുമാരെ പറഞ്ഞയച്ചു. ഹനുമാൻ മുഹൂർത്ത സമയത്ത് എത്തിയില്ല. ശ്രീരാമൻ ആ സമയത്ത് തന്റെ കയ്യിലെ പെരുവള ഊരി പ്രതിഷ്ഠ നടത്തി. അങ്ങിനെ പെരുവളശ്ശേരിയും, പിന്നീട് പെരളശ്ശേരിയും ഉണ്ടായി. മുഹൂർത്ത സമയത്ത് ഹനുമാൻ എത്തിയ സ്ഥലത്തും പ്രതിഷ്ഠ നടന്നു. അതാണ് മർക്കടശ്ശേരി. പെരളശ്ശേരിക്ക് ഏതാണ്ട് രണ്ട് നാഴിക അകലെയുള്ള മക്രേരിയാണ് മർക്കടശ്ശേരി. സുബ്രഹ്മണ്യൻ തന്നെയാണ് മക്രേരി അമ്പലത്തിലെയും ആരാധനമൂർത്തി.

പെരളശ്ശേരിയുടെ മറ്റൊരു പ്രത്യേകത മാവിലാക്കാവിലെ അടിയാണ്. വളരെ വ്യത്യസ്തമായ ഒരു ഉത്സവം. ഇങ്ങിനെയൊന്ന് മറ്റെവിടെയും കാണാനില്ല. ദൈവത്താറാണ് പ്രധാനപ്പെട്ട ആരാധനമൂർത്തി. വില്ലാട്ടമാണ് പ്രധാന വഴിപാട്. ഉത്സവത്തിലെ പ്രധാന ഇനമാണ് അടി. മാവിലായിലെ കേൾവിപ്പെട്ട ഒരു ഇല്ലത്തിലേക്ക് കാഴ്ചയായി വന്ന അവിൽ പൊതിയെക്കുറിച്ച് കുട്ടികൾ തമ്മിൽ തർക്കം നടന്നു. അതുകണ്ട ദൈവത്താർ തന്റെ ഉത്സവത്തിലെ പ്രധാനചടങ്ങായി അടി ഉണ്ടാവണമെന്ന് കൽപ്പിച്ചരുളിയത്രെ. മേടം രണ്ടിനു കച്ചേരിക്കാവിലും, നാലിന് മാവിലാക്കാവിനടുത്ത നിലാഞ്ചിറയിലുമാണ് അടി. കച്ചേരിക്കാവിലെ അടിസ്ഥലത്ത് ബ്രാഹ്മണകാരണവർ, തിയ്യനിൽ നിന്നു ഏറ്റു വാങ്ങിയ അവിൽക്കൂട് തിങ്ങികൂടിയ പുരുഷാരത്തിലേക്ക് എറിയുന്നു. അവിൽകൂടിനു പിടിയും വലിയും നടക്കുന്നു. ജനങ്ങൾ മൂത്തകൂർപാട്, ഇളയകൂർപാട് എന്നിങ്ങനെ രണ്ടായി തരം തിരിഞ്ഞു അടിപിടി കൂടുന്ന ഈ ഉത്സവം രസകരമാണ്. മേടം നാലിന്ന് അടിക്കൈക്കോന്മാർ ചുമലിൽ കയറിയിരുന്നു ഇരുവശങ്ങളിലുമായി നിന്ന് അടിക്കുക തന്നെയാണ്. പതിനായിരക്കണക്കിനു കാണികൾ ആർപ്പുവിളികളോടെ ഇതിനു കാവൽ നിൽക്കുന്നു. തികച്ചും സൗഹാർദ്ദപരമായാണ് അടി നടക്കുന്നത്. എങ്കിലും മൂത്തവരും, ഇളയവരും തമ്മിലുള്ള ഈ പോരാട്ടത്തിന്റെ ഉത്സവം, ചെറിയവനും വലിയവനും തമ്മിലുള്ള നിരന്തരമായ സംഘർഷത്തിന്റെ ചരിത്രത്തിലേക്ക് തന്നെയാവാം വിരൽ ചൂണ്ടുന്നത്.

ശിവരാത്രി ഉത്സവം ആഘോഷിക്കുന്ന തൃക്കപൊലം ശിവക്ഷേത്രം, മക്രേരി അമ്പലം, മുണ്ടലൂർ ശിവക്ഷേത്രം തുടങ്ങിയവയാണ് പഞ്ചായത്തിലെ മറ്റു പ്രധാനപ്പെട്ട അമ്പലങ്ങൾ. 31 ഓളം കാവുകൾ പഞ്ചായത്തിലുണ്ട്. ഓരോ പ്രദേശത്തിന്റെയും ഉത്സവമായി ഈ തെയ്യം തിറകൾ മാറാറുണ്ട്. തെയ്യങ്ങൾ വിശ്വാസികൾക്ക് ആശ്രയം എന്നതുപോലെ തന്നെ, മനോഹരമായ പ്രാചീന കലകളുടെ അവതരണങ്ങൾ കൂടിയത്രെ. മുത്തപ്പനും ചാമുണ്ഡിയും, ഗുളികനും, പോതിയും, ഭഗവതിയും, കുങ്കിച്ചി തുടങ്ങി എണ്ണമറ്റ തെയ്യക്കോലങ്ങൾ ഉറഞ്ഞാടുന്ന രാത്രികളും പകലുകളും കൊണ്ട് ഈ നാടിന്റെ ജീവിതം ഉത്സാഹഭരിതമാണ്.

മഹാനായ എ കെ ജിയുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ നാടാണിത്. അധ്യാപകജോലി രാജിവെച്ച്, സ്വാതന്ത്ര്യ സമരത്തിന്റെ അഗ്നിജ്വാലകളിലേക്കെടുത്തുചാടി, തൊഴിലാളി-കർഷക വിഭാഗങ്ങളുടെ മോചനത്തിനുവേണ്ടി പോരാട്ടങ്ങൾ നയിച്ച് ഈ രാജ്യത്തിന്റെ മുഴുവൻ ജനതയുടെയും നായകനായി എ കെ ജി വളർന്നു. എ കെ ജിയുടെ പ്രത്യയശാസ്ത്രം പെരളശ്ശേരിയുടെ പ്രത്യയശാസ്ത്രവും, സംസ്കാരവുമായി മാറി. പെരളശ്ശേരിയുടെ രാഷ്ട്രീയവും സംസ്കാരവും ഇന്നു കാണുന്ന രീതിയിലേക്ക് വളർത്തിയതിന് പിന്നിൽ മഹാനായ എ കെ ജിയുടെ ത്യാഗനിർഭരമായ ജീവിതമുണ്ട്. എ കെ ജി നയിച്ച സാമൂഹ്യ പ്രവർത്തനങ്ങൾ, അനാചാരങ്ങൾക്കെതിരായ പ്രവർത്തനങ്ങൾ, നിർമ്മാണ-വികസന പ്രവർത്തനങ്ങൾ, ഗ്രന്ഥശാലാ സംരംഭങ്ങൾ, തൊഴിലാളി-കർഷകമുന്നേറ്റങ്ങൾ പാർലിമെന്ററി പ്രവർത്തനങ്ങൾ, നിരാഹാരസമരങ്ങൾ, അയിത്തത്തിനെതിരായ പ്രക്ഷോഭങ്ങൾ, ജനാധിപത്യാവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങൾ ഇവയെല്ലാം ഈ നാടിന്റെ ജീവിതത്തിലും, സംസ്ക്കാരത്തിലും പ്രതിഫലിച്ചിട്ടുണ്ട്. ഏറ്റവും പുതിയ തലമുറ മഹാനായ ഈ മനുഷ്യസ്നേഹിയുടെ ത്യാഗപൂർണ്ണമായ ജീവിതം എന്തുമാത്രം ഉൾക്കൊള്ളുന്നു എന്നത് ഇത്തിരി സ്വയം വിമർശനത്തോടെ നാം അറിയേണ്ടതുണ്ട്. വികസന സംസ്കാരത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്ന ഈ വേളയിൽ അങ്ങിനെയൊരു സ്വയം വിചാരണ വളരെ പ്രധാനമാണെന്നു കൂടി രേഖപ്പെടുത്തട്ടെ.

ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ നായകനായ ഇ എം എസ് മാസങ്ങളോളം ഒളിവിൽ കഴിഞ്ഞത് പെരളശ്ശേരിയിലെ ചെറുമാവിലായിലാണ്. 1942 ൽ നള്ളക്കണ്ടി പൊക്കൻ എന്നാളുടെ വീട്ടിലായിരുന്നു ഇ എം എസ് ഒളിവിൽ കഴിഞ്ഞത്. ചെറുമാവിലായി, കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് രൂപം കൊടുത്ത പാറപ്രം എന്ന സ്ഥലത്തിന് ഒരു പുഴക്കിക്കരെയാണ്. ചെറുമാവിലായി ഇ എം എസിന്റെ ഒളിവുജീവിതവുമായി ബന്ധപ്പെട്ട് ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നു. രാഷ്ട്രീയ രംഗം പോലെ തന്നെ പുരോഗമന സാഹിത്യത്തിനും, സാംസ്കാരിക പ്രവർത്തനങ്ങൾക്കും കേരളത്തിൽ ഉന്നതമായ സംഭാവനകൾ നൽകിയ ഇ എം എസിന്റെ ഒളിവു ജീവിതം ഈ നാടിന്റെ സാംസ്കാരിക വളർച്ചയിൽ പ്രതിഫലിച്ചിട്ടുണ്ട്.

മലയാള കാവ്യ ചരിത്രത്തിൽ തന്നെ സ്ഥാനം പിടിച്ച പ്രശസ്തരായ കവികൾ വി വി കെ, കവിമണി കെ സി കുട്ട്യപ്പനമ്പ്യാർ എന്നിവർ ജനിച്ച നാടാണിത്. മലയാള നാടകവേദിയിലെ പ്രശസ്തനായ നടനും സംവിധായകനുമായ പി കെ രാഘവൻ പെരളശ്ശേരിയുടെ അഭിമാനമാണ്. മലയാളത്തിലെ കുട്ടികളുടെ നാടകവേദിക്ക് അദ്ദേഹം നൽകിയ സംഭാവനകൾ നാടകവേദിയുടെ ചരിത്രത്തിന്റെ ഭാഗമാണ്. പാഴ്വസ്തുക്കളെക്കൊണ്ട് കൗതുകവസ്തുക്കളും, പഠനോപകരണങ്ങളും നിർമ്മിച്ച് കുട്ടികൾക്ക് പ്രിയങ്കരനായ 'കുഞ്ഞാൽക്കർ' എന്ന ഇ കുഞ്ഞികൃഷ്ണൻ മാസ്റ്റർ നമ്മുടെ പഞ്ചായത്തിലാണ്. 'പാവകളി'യിലും 'പാവനിർമ്മാണ'ത്തിലും അദ്ദേഹം പ്രശസ്തനാണ്. നാടകനടനും ഗാനരചയിതാവുമായ മുരളി കാടച്ചിറ പെരളശ്ശേരിയിലെ സാംസ്കാരിക രംഗത്തിലൂടെയാണ് വളർന്നു വന്നത്. കഥാകൃത്ത് എം കെ മനോഹരൻ പെരളശ്ശേരിയിലാണ്. ജില്ലയിലെ പ്രശസ്ത സംഗീത

സംവിധായകനായ ഒ സി രാഘവൻ, ഗാനരചയിതാവായിരുന്ന വി കെ രാഘവൻ എന്നിവർ ഇന്നു നമ്മോടൊപ്പമില്ല. അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞ ഈ കലാകാരന്മാർ പെരളശ്ശേരിക്കാർക്ക് മറക്കാനാവാത്ത പ്രതിഭകളാണ്. ഉയർന്ന വിദ്യാഭ്യാസം ലഭിക്കാത്ത സ്ഥിതിയിലും, വായനയിലൂടെയും ആസ്വാദനത്തിലൂടെയും ഈ രംഗത്ത് വളർന്ന തൊഴിലാളികൾ ഈ നാടിന്റെ പ്രത്യേകതയാണ്. നാടകകൃത്ത് പി കെ കുഞ്ഞികൃഷ്ണൻ, നടന്മാരായ വി കെ രാജൻ, കെ പി കരുണൻ, കെ സി കുഞ്ഞിരാമൻ, കോവിൽ ബാലൻ, കെ കുഞ്ഞാണ്ടി, സി രാഘവൻ(ഒടുങ്ങോട്), പി സി ബാലൻ എന്നിവർ അവരിൽ ചിലരാണ്. കെ എം പി നമ്പ്യാർ, കെ കെ സദാനന്ദൻ എന്നിവർ പെരളശ്ശേരിയിലെ അറിയപ്പെടുന്ന നടന്മാരായിരുന്നു. മയീക്കര ഗോപി, സി എൻ നമ്പ്യാർ, ബാലൻ നായർ എന്നിവരും നാടകരംഗത്ത് പ്രശസ്തരാണ്. കെ എം വിജയരാഘവകുറുപ്പ് പെരളശ്ശേരിയിലെ പഴയകാലത്തെ കവിയും ഗാനരചയിതാവുമാണ്. പ്രമോദ് വെള്ളച്ചാൽ, കെ പ്രസീത എന്നിവർ ഇളംമുറയിലെ എഴുത്തുകാരാണ്.

കളരി അഭ്യാസത്തിനു പ്രാധാന്യമുള്ള ഒരു കാലം ഈ നാടിനുണ്ടായിരുന്നു. ഗ്രാമങ്ങൾ തോറും കളരികൾ പ്രദർശിപ്പിച്ചിരുന്നു. മുരിങ്ങേരി കൃഷ്ണൻ ഗുരിക്കൾ പ്രശസ്തനായ കളരി അഭ്യാസി ആയിരുന്നു. കോൽക്കളി സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ചന്തുനായരും ശൃഷ്യന്മാരും ഇതിൽ പ്രധാനികളാണ്. ഇന്നും മക്രേരിയിൽ രണ്ട് കോൽക്കളി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാലുപുരയിൽ കുഞ്ഞിരാമൻ മാസ്റ്ററാണ് പ്രധാന ഗുരു. രാധ സർക്കസ്സ് ഉടമ ഗോവിന്ദൻ നായർ പെരളശ്ശേരിക്കാരനാണ്. ഫയർവാൻ കുഞ്ഞമ്പു, വി കെ രാമൻ എന്നിവർ പേരുകേട്ട ഗുസ്തിക്കാരാണ്.

നാൽപത്തിനാലോളം സാംസ്കാരിക സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 12 ഓളം വായനശാലകളും ബാക്കി ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകളുമാണ്.

മൊയ്തു മെമ്മോറിയൽ ലൈബ്രറി

വായനശാലകളിൽ ഏറ്റവും പഴയത് മൂന്നാം പാലത്തുള്ള മൊയ്തു മെമ്മോറിയൽ ലൈബ്രറി ആൻറ് റീഡിംഗ് റൂം ആണ്. ഇന്നും സജീവമായി വായനശാലാ പ്രവർത്തനം ഇവിടെ നടക്കുന്നുണ്ട്. ലൈബ്രറി പ്രവർത്തനവും താരതമ്യേന നല്ല രീതിയിലാണ്. വായനശാലയുടെ ആഭിമുഖ്യത്തിൽ മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളും സംഘടിപ്പിക്കാറുണ്ട്. 6000 ത്തിലധികം പുസ്തകങ്ങളുണ്ട്. കുട്ടികളുടെ ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. പുസ്തക സമാഹരണത്തിൽ ജില്ലയിൽ രണ്ടാം സ്ഥാനമുണ്ട്.

എ കെ ജി മന്ദിരം പൊതുജന വായനശാല പെരളശ്ശേരി

1946 ൽ ഏതാനും ചെറുപ്പക്കാർ ചേർന്ന് രൂപീകരിച്ച വായനശാല ഒരു കാലത്ത് പെരളശ്ശേരിയിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നു. വായനശാലയും, ലൈബ്രറി പ്രവർത്തനവും നടക്കുന്നുണ്ട്. ലൈബ്രറി വഴിയുള്ള പുസ്തക വിതരണം പഴയതുപോലെ സജീവമല്ല. അടിയന്തരാവസ്ഥകാലത്ത് സാമൂഹ്യദ്രോഹികൾ വായനശാല തകർക്കാൻ ശ്രമിച്ചിരുന്നു. നിരവധി പുസ്തകങ്ങൾ തീയിട്ട് നശിപ്പിച്ചിരുന്നു. എ കെ ജി ജീവിച്ചിരിക്കുമ്പോൾ എ കെ ജിക്ക് ഈ നാട്ടുകാർ നൽകിയ ആദരവിന്റെ പ്രതീകമായിരുന്നു ഈ വായനശാല. റൂറൽ ഗൈഡൻസ് സെൻററായ 'സേവന' ആരംഭിച്ചെങ്കിലും നിശ്ചലമാണ്.

പഞ്ചായത്തിലെ മറ്റ് വായനശാലകളിലും പുസ്തക വിതരണവും, പത്ര മാസികാദി വായനയും നടക്കുന്നു. വായനയോടുള്ള ആഭിമുഖ്യം നാൾക്കുനാൾ കുറഞ്ഞു വരുന്നുണ്ട്. ദൃശ്യ മാധ്യമങ്ങളുടെ കടന്നുകയറ്റം ഒരു കാരണമാകാം. പുസ്തക വായനയും ആനുകാലികങ്ങളുടെ വായനയും പൈങ്കിളികളിലേക്ക് ചുരുങ്ങുന്നുണ്ട്. കേരളത്തിന്റെ വർത്തമാനകാല അവസ്ഥയുടെ പ്രതിഫലനം തന്നെയാണ് ഇത്. കേരളം ഇന്നത്തെ കേരളമായി വളർന്നതിന് പിന്നിൽ ഗ്രന്ഥശാലകളുടെ സംഭാവനകൾ അനിഷേധ്യമാണ്. ഇന്ന് വായന ഗൗരവത്തിന്റെ തലങ്ങളിലേക്ക് ഉയരുന്നില്ല. അപ്പഴപോഴുള്ള നേരിയ സംതൃപ്തി മാത്രമായി വായനയുടെ ലക്ഷ്യം ചെറുതാകുന്നു. പുതിയ കാലത്തിന്റെ സാംസ്കാരിക പ്രശ്നങ്ങൾ മനസ്സിലാക്കാനും, നല്ല മനുഷ്യനെ വളർത്തിയെടുക്കാനുമുള്ള കേന്ദ്രങ്ങളായി വായനശാലകൾ മാറേണ്ടതുണ്ട്. ഗൗരവ പൂർണ്ണമായ വായനലക്ഷ്യം വെച്ച് ഗ്രന്ഥാലയങ്ങൾ പരിപാടികൾ ആവിഷ്കരിക്കണം. വായനശാല അതിർത്തിയിലെ നല്ല വായനക്കാരനെ കണ്ടെത്തുക, നല്ല പുസ്തകങ്ങൾ വായിക്കാനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ നടത്തുക. ശ്രദ്ധേയമായ പുസ്തകങ്ങളെ കുറിച്ച് ആശയ സംവാദങ്ങൾ സംഘടിപ്പിക്കുക. ഇത്തരം പ്രവർത്തനങ്ങൾകൂടി വായനശാലകൾ ഏറ്റെടുക്കേണ്ടതാണ്. ഗ്രാൻറ് വഴി ലഭിക്കുന്ന പുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ 'ജനവിരുദ്ധ പൈങ്കിളി അഭിരുചി'യെ തൃപ്തിപ്പെടുത്താനുള്ള പുസ്തകങ്ങൾ വാങ്ങേണ്ടി വരുന്നത്, തീർച്ചയായും ഒരു നല്ല വായനശാല പ്രവർത്തനമല്ല.

റൂറൽ ഡവലപ്പ്മെൻറ് സെൻറർ മാവിലായി

കീഴറയിലെ ഈ സാംസ്കാരിക സ്ഥാപനം മാതൃകപരമായ പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വാർഷികാഘോഷ പരിപാടികൾ, നഴ്സറി സ്കൂൾ, കലാ-കായിക മത്സരങ്ങൾ, പ്രതിമാസ ചർച്ചകൾ, സംഗീത ചിത്രകല പരിശീലനം, ഗ്രാമോത്സവങ്ങൾ, വിവിധ പ്രോജക്റ്റുകൾ എന്നിവ പ്രവർത്തനങ്ങളുടെ ഭാഗമാണ്.

വോയ്സ് ഓഫ് മാവിലായി-മൂന്നാംപാലം

നാടകരംഗത്ത് ജില്ലയിൽ ശ്രദ്ധിക്കപ്പെട്ട ഒരു സ്ഥാപനമാണ് വോയ്സ് ഓഫ് മാവിലായി. സ്പോർട്സ് രംഗത്തും പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. സാംസ്കാരിക പ്രഭാഷണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. 1973 ൽ രൂപീകരിച്ച രക്തദാനസേന ഈ രംഗത്തെ ആദ്യകാല സംരംഭങ്ങളിൽപെടുന്നു. ഇത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

പി ബി എ സി പെരളശ്ശേരി

നാടക-സംഗീത രംഗങ്ങളിൽ ഒരു നല്ല പാരമ്പര്യം പി ബി എ സിക്കുണ്ട്. ശ്രദ്ധാർഹമായ നാടകാവതരണങ്ങൾ നടന്നിട്ടുണ്ട്. ആദ്യ കാലങ്ങളിൽ ജില്ലയിലുടനീളം ശ്രദ്ധിക്കപ്പെട്ട ഗാനമേള ട്രൂപ്പ് പി ബി എ സിക്കുണ്ടായിരുന്നു.

നാടക-സംഗീത രംഗത്ത് പ്രവർത്തിച്ച സംഘം മ്യൂസിക്കൽ തിയേറ്റർസ് ഇന്ന് നിശ്ചലമാണ്. നാടകരംഗത്തെ സജീവമായ ശ്രദ്ധ ഒരു കാലത്തുണ്ടായിരുന്ന കുഞ്ഞാലി എ എസ് ക്ലബ്ബ്, തെരുവ് നാടകാവതരണം വഴി ജില്ലയിൽ അടുത്തകാലത്തായി അറിയപ്പെട്ട ചിരത്തുംങ്കണ്ടി അഴീക്കോടൻ സ്മാരക കലാകേന്ദ്രം തുടങ്ങി നിരവധി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ പെരളശ്ശേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കോട്ടത്തെ സാംസ്കാരികനിലയത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. നാമമാത്രമായി അറിയപ്പെടുന്ന സ്ഥാപനങ്ങൾ തന്നെയാണ് ഭൂരിഭാഗവും. ഓരോ പ്രദേശത്തെയും സാംസ്കാരിക സാന്നിദ്ധ്യവുമായി ക്ലബ്ബുകൾ ഇനിയും ഉയരേണ്ടതുണ്ട്. ചിലത് വാർഷികാഘോഷങ്ങിൽ ഒരു വർഷത്തെ പ്രവർത്തനം ഒതുക്കുന്നു. മറ്റ് ചിലത് ഏറെ കാലമായി നിശ്ചലാവസ്ഥയിലാണ്. ഒരു കാലത്ത് ക്ലബ്ബുകളുടെ വാർഷികാഘോഷങ്ങൾ ആ പ്രദേശത്തെ കലാകാരന്മാരുടെ കഴിവുകൾ അവതരിപ്പിക്കാനുള്ള വേദികളായിരുന്നു. കൊച്ചുകുട്ടികളുടെ തൊട്ട് മുതിർന്നവരുടെ വരെ കലാപരമായ അഭിരുചികൾ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. ഇന്നത് വല്ലാതെ മാറിപ്പോയി. കാശ് പിരിച്ചുണ്ടാക്കി പ്രൊഫഷനൽ നാടക സംഘങ്ങൾക്ക് നൽകുന്ന സ്ഥിതിയായി. ചില പ്രൊഫഷനൽ നാടകസംഘങ്ങളുടെ 'മസാല നാടകങ്ങൾ' അവതരിപ്പിക്കാൻ സൗകര്യം ചെയ്തു കൊടുക്കുന്നതിലേക്ക് ക്ലബ്ബുകളുടെ പ്രവർത്തനം ചുരുങ്ങുകയാണ്. അമേച്വർ നാടകരംഗം അസ്തമിക്കുകയാണ്. ലക്ഷ്യബോധമുള്ള നല്ല നാടകങ്ങളുടെ അവതരണം എന്ന സാഹസിക യത്നത്തിലേക്ക് ഇത്തരം കലാസമിതികൾ ആഴ്ന്നിറങ്ങേണ്ടതാണ്. സമകാലിക സാംസ്കാരിക പ്രശ്നങ്ങളെ കുറിച്ചുള്ള ചർച്ചകളും, പ്രഭാഷണങ്ങളും നമ്മുടെ മിക്കവാറും സാംസ്കാരിക സ്ഥാപനങ്ങൾ ഉപേക്ഷിച്ചമട്ടാണ്. ആശയ സംവാദത്തിലൂടെ ആശയ വ്യക്തത കൈവരിക്കുക എന്ന പഴയരീതി, ഒരിക്കലും പഴകുന്നതല്ല. അത് വരും കാലങ്ങളിലും നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പരമപ്രധാനമായ കടമകളിൽ ഒന്നാണ്. ചില ക്ലബ്ബുകൾ വർഷത്തിലൊരിക്കൽ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. മത്സരങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം മുമ്പത്തേതിലും കുറഞ്ഞു വരുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം.

കായികരംഗം

പെരളശ്ശേരിയിലെ കായികരംഗത്തിനും, ഓർമ്മിക്കത്തക്കതും, അഭിമാനർഹവുമായ ഒരു കഴിഞ്ഞ കാലമുണ്ട്. പെരളശ്ശേരി സ്വദേശിയായ കുട്ടികൃഷ്ണൻ ഇന്ത്യൻ വോളിബോൾ ടീമിൻെറ അഭിമാനമായിരുന്നു. അദ്ദേഹം കായികരംഗത്തെ ഉന്നതബഹുമതിയായ അർജ്ജുൻ അവാർഡ് നേടിയിട്ടുണ്ട്. ഫുട്ബോൾ രംഗത്തും പെരളശ്ശേരിയിലെ കളിക്കാർ പ്രശസ്തരാണ്. കിക്കേർസ്, സാൽവോ ക്ലബ്ബുകളുടെ ഫുട്ബോൾ ടീം ജില്ലയിൽ അറിയപ്പെടുന്ന ടീമുകളിൽ പെടുന്നു. കിക്കേർസ്, സാൽവോ എന്നീ ക്ലബ്ബുകൾ സ്പോർട്സ് രംഗത്ത് പുതിയ കുട്ടികളെ കണ്ടെത്താനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. ഗ്രാമീണ മേഖലയിലെ സ്പോർട്സ് വളർച്ചക്ക് ഇത്തരം ക്ലബ്ബുകൾ നൽകുന്ന സംഭാവനകൾ ചെറുതല്ല. ചെറുമാവിലായിയിലെ എ കെ ജി സ്മാരക എ എസ് ക്ലബ്ബ്, ഗ്രാമീണ മേഖലയിലെ കുട്ടികളിൽ ശ്രദ്ധവെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നു. മുണ്ടയോട് ഫ്രൻഡ്സ് ക്ലബ്ബ്, കുളങ്ങരത്ത് സ്മാരക എ എസ് ക്ലബ്ബ് പള്ളിയത്ത്, യുവരശ്മി കോട്ടം, ചിരത്തുംങ്കണ്ടി അഴീക്കോടൻ സ്മാരക കലാ-കേന്ദ്രം എന്നിവ ഈ രംഗത്ത് ശ്രദ്ധിവെക്കാറുണ്ട്. പ്രസാദ് സ്പോർട്സ് ക്ലബ്ബ് വെള്ളച്ചാൽ, ടാസ്ക് മക്രേരി എന്നിവ വോളിബോൾ രംഗത്ത് പ്രശസ്തമായ സ്ഥാപനങ്ങളാണ്.

ബാഡ്മിൻറൻ രംഗത്ത് പെരളശ്ശേരിക്ക് ഒരു നല്ല പാരമ്പര്യമുണ്ട്. പെരളശ്ശേരി സ്പോർട്സ് ക്ലബ്ബ് ഈ രംഗത്ത് കണ്ണു വെച്ച പ്രവർത്തനം നടത്തുന്നുണ്ട്. പി വി കെ, എൻ കെ കുഞ്ഞിരാമൻ, കെ ടി പപ്പു എന്നിവർ പഴയ ബാഡ്മിൻറൻ കളിക്കാരാണ്. പെരളശ്ശേരിക്കാരനായ എടക്കാട് എം എൽ എ എം വി ജയരാജൻ ബാഡ്മിൻറനിൽ സംസ്ഥാനതലത്തിലടക്കം വിജയി ആയിരുന്നു. സ്പോർട്സ് രംഗത്തെ പ്രവർത്തനം സജീവമാക്കേണ്ടതുണ്ട്. കായികരംഗത്തെ ഒരു ഗ്രാമത്തിൻെറ മുന്നേറ്റം, ആരോഗ്യമുള്ള ഒരു ജനതയുടെ വളർച്ചയെ സൂചിപ്പിക്കും. സൗഹാർദ്ദപരമായ മത്സരങ്ങൾകൊണ്ട് നിറഞ്ഞ ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിൽ ഗ്രാമീണ സ്പോർട്സ് ക്ലബ്ബുകൾക്ക് വലിയ പങ്ക് നിർവ്വഹിക്കാൻ കഴിയും.

ഫിലിം സൊസൈറ്റി

ഏതാണ്ട് ഒന്നര വർഷകാലം സജീവമായി പ്രവർത്തിച്ച ഒരു ഫിലിം സൊസൈറ്റി പെരളശ്ശേരിയിലുണ്ടായിരുന്നു. ഇന്നത് നിശ്ചലമാണ്. മലീമസമായ ആശയങ്ങൾക്കൊണ്ട് നിറഞ്ഞ ഒരു ചലചിത്രലോകമാണ് നമുക്ക് ചുറ്റുമുള്ളത്. അവയെ നേരിയ തോതിലെങ്കിലും പ്രതികരിക്കാൻ നല്ല സിനിമകൾ പ്രദർശിപ്പിക്കുന്നതിലൂടെ ഒരു കാലത്ത് ഫിലിം സൊസൈറ്റിക്ക് കഴിഞ്ഞിരുന്നു. ഫിലിം സൊസൈറ്റിയുടെ പുനരുജ്ജീവനം നമ്മുടെ അജണ്ടയിൽ സ്ഥാനം പിടിക്കേണ്ടതുണ്ട്.

എ കെ ജി ദിനാചരണം

മഹാനായ എ കെ ജിയുടെ ചരമവാർഷികദിനാചരണ പരിപാടികൾക്ക് രാഷ്ട്രീയ രംഗത്തെന്നുപോലെ തന്നെ സാംസ്കാരിക മേഖലയിലും മുഖ്യ പ്രാധന്യമുണ്ട്. കലാ-കായിക മത്സരങ്ങൾ ജില്ലയിലുടനീളം ശ്രദ്ധിക്കപ്പെടുന്ന ഫുട്ബോൾ-തെരുവു നാടക മത്സരങ്ങൾ, സെമിനാറുകൾ എന്നിവ ഇതിൻെറ സാംസ്കാരിക പ്രാധാന്യം വിളിച്ചോതുന്നു. കലാ-കായിക മത്സരങ്ങൾ പഞ്ചായത്തിലെ ക്ലബ്ബുകളുടെ ഉണർച്ചക്കുള്ള ഉപാധിയായി കാണേണ്ടതുണ്ട്. ചില ക്ലബ്ബുകൾ ഈയൊരു ഗൗരവതലത്തിൽ എ കെ ജി ദാനാചരണപരിപാടികളെ സമീപിക്കുന്നുള്ളൂ എന്നത് ദു:ഖകരമായ സത്യമാണ്.

ബീഡിത്തൊഴിലാളികൾ

ഒരു പക്ഷേ, ജില്ലയിലെ നല്ല രാഷ്ട്രീയ സാംസ്കാരികാവബോധമുള്ള ബീഡി തൊഴിലാളികളാൽ സമ്പന്നമാണ് പെരളശ്ശേരി. വീഡിക്കമ്പനികളിലെ വായന ഉയർന്ന നിലവാരം പുലർത്തുന്ന ഒന്നായിരുന്നു. പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലെ ാഷ്ട്രീയാംശങ്ങൾ മാത്രമല്ല, കലാ-സാഹിത്യാദി വിഷയങ്ങൾകൂടി അവരുടെ വായനയുടെ പരിധിയിൽ വന്നിരുന്നു. മലയാള ത്തിലെ ക്ലാസ്സിക്കായ കാവ്യങ്ങൾ, നോവലുകൾ, കഥകൾ, വിദേശക്ലാസ്സിക്കുകളുടെ വിവർത്തനങ്ങൾ, ഏറ്റവും പുതിയ എഴു ത്തുകാരുടെ രചനകൾ എന്നിവ വായിക്കുകയും ചെയ്തിരുന്ന ബീഡികമ്പനികൾ പെരളശ്ശേരിയിലുണ്ടായിരുന്നു. അക്കാദമിക്ക് വിദ്യാഭ്യാസം നേടിയവരെക്കാളും ഉന്നതമായ സാഹിത്യ സാംസ്കാരിക അവബോധം വെച്ചു പുലർത്തിയ ബീഡിതൊഴിലാളികൾ ഈ നാടിന്റെ അഭിമാനമായിരുന്നു. ഇപ്പോൾ വായന പത്രപംക്തികളിലേക്ക് മാത്രം ഒതുങ്ങുന്ന സ്ഥിതിയുണ്ടായിട്ടുണ്ട് എന്നും രേഖപ്പെടുത്താതെ വയ്യ.

പത്രമാസികകളുടെ പ്രചാരണങ്ങൾ

ദേശാഭിമാനി, മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി എന്നീ പത്രങ്ങളാണ് പ്രധാനമായും പഞ്ചായത്തിനുള്ളിൽ ായിക്കപ്പെടുന്നത്. വാരികകളിൽ പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ വായനയ്ക്ക് തന്നെയാണ് മുഖ്യസ്ഥാനം. ദേശാഭിമാനി, ാതൃഭൂമി, മലയാള മനോരമ വാരികകളും വായിക്കപ്പെടാറുണ്ട്.

ഇലക്ട്രോണിക്ക് മാധ്യമം

ടെലിവിഷൻ സ്വാധീനം നാൾക്കുനാൾ ഈ പഞ്ചായത്തിലും വർദ്ധിച്ചു വരുന്നു. ഇടത്തരക്കാരന്റെ മാത്രമല്ല, തൊഴിലാളിക ുടെ മുറിയിലേക്കും ടെലിവിഷൻ വ്യാപിച്ചു വരുന്നുണ്ട്. നമ്മുടെ അഭിരുചിയെ മാറ്റിമറിക്കുന്നതിൽ ഈ ദൃശ്യ മാധ്യമത്തിനു ള്ള സ്വാധീനം വളരെ വലുതാണ്.

നാടൻ കലകൾ

കാവുകളുടെ അന്തരീക്ഷത്തിൽ തന്നെയാണ് ഇതിന്റെ സ്ഥാനം. വിശ്വാസത്തിന്റെ ഭാഗമായുള്ള അവതരണങ്ങളാണ് ാടക്കുന്നത്. ആടി, വേടൻ കെട്ടലുകൾ കുറഞ്ഞു വരികയാണ്. ക്ഷേത്രോത്സവത്തോടനുബന്ധിച്ച് കൂത്ത്, ഓട്ടം തുള്ളൽ എന്നിവ നടക്കാറുണ്ട്.

ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമന കലാ സാഹിത്യ സംഘം, മാതൃഭൂമി സ്റ്റഡി സർക്കിൾ എന്നീ സാംസ്കാരിക സംഘങ്ങൾ കൂടി പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്നുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്ത് ദൈനം ദിന പ്രവർത്തനങ്ങൾ സജീ വമായി ഏറ്റെടുത്തു നടത്താറുണ്ട്.

എല്ലാ കേരളീയ ഗ്രാമങ്ങളിലുമുള്ള സാംസ്കാരിക പ്രതിസന്ധി തന്നെയാണ് പെരളശ്ശേരിയിലുള്ളത്. ദൃശ്യമാധ്യമങ്ങളുടെ കടന്നു കയറ്റത്തിലൂടെ വന്ന പരസ്യ സംസ്കാരത്തിന്റെ വിപത്തുകൾ തിരിച്ചറിയപ്പെടണം. ഉപഭോഗ സംസ്കാരത്തിന്റെ ഭാഗ മായി എല്ലാം പണം കൊടുത്തു വാങ്ങാം എന്ന രീതിയുടെ വളർച്ചയുമുണ്ട്. ഹറുണ്ടികാ പലിശക്കാരുടെ ചെറിയ ചെറിയ നീക്കങ്ങ ളുമുണ്ട്. പണം കൊണ്ട് പണം വർദ്ധിപ്പിക്കാം എന്ന സിദ്ധാന്തത്തിന് ബലം കൂടുമ്പോൾ, താരതമ്യേന ലാഭം കുറഞ്ഞ ഉൽപ്പാദന രംഗത്തേക്ക് ആളുകൾ കടന്നുവരാൻ മടിക്കും. മൂല്യങ്ങൾക്ക് വിലയിടിയുകയും പണത്തിനും പ്രാധാന്യം കൈവരികയും ചെയ്യുന്ന അവസ്ഥയെ സാംസ്കാരിക മുന്നേറ്റങ്ങൾ വഴി മാത്രമേ പ്രതിരോധിക്കാൻ കഴിയുകയുള്ളൂ. ആരാധനാലയങ്ങളെ കേ ന്ദ്രീകരിച്ചുള്ള വർഗ്ഗീയ പ്രചരണങ്ങളെ അതെത്ര ചെറുതായാലും, തിരിച്ചറിയപ്പെടണം. നിർദ്ദോഷമെന്നു തോന്നുന്ന ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളെപോലും കുട്ടികൾ വർഗ്ഗീയ വിഷം കുത്തിവെക്കാനുള്ള അവസരമായി മാറ്റുന്നത് ലാഘവത്തോടെ കാണരുത്. പുതിയ തലമുറ പുസ്തകങ്ങളിൽ നിന്നും ഗ്രന്ഥശാലകളിൽ നിന്നും അകലം സൂക്ഷിക്കുന്നുണ്ട്. ഇത് അപകടകര മായ പ്രവണതയാണ്. അരാഷ്ട്രീയ മനസ്സുള്ളവരായി കുട്ടികളെ വളർത്തുന്നതും അരാജകത്വത്തിലേ നയിക്കൂ. ചുറ്റിലുള്ള സമൂ ഹത്തെക്കുറിച്ച് വേവലാതിപ്പെടാത്ത ഒരു തലമുറ വികസനത്തിന്റെയും വഴികളിലേക്ക് നടക്കാൻ വിസമ്മതിക്കും. 'അരാഷ്ട്രീ യത' കഴിഞ്ഞകാല ത്യാഗങ്ങളെ ബോധപൂർവ്വം മറക്കും. വരും കാല പോരാട്ടങ്ങളിൽ നിന്ന് അവർ അകന്ന് നിൽക്കും. അവർ സ്വന്തം വൃത്തത്തിലൊതുങ്ങും. മേൽ സൂചിപ്പിച്ച സാംസ്കാരിക പ്രശ്നങ്ങളെല്ലാം പെരളശ്ശേരിക്കുണ്ട്. ജനകീയാസൂത്രണ പ്രവർ ത്തനങ്ങളിലൂടെ നാം അതിനെ അതിജീവിക്കേണ്ടതുമുണ്ട്.

നിർദ്ദേശങ്ങൾ

സാംസ്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏകോപിക്കപ്പെടണം. അതിന് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വമുണ്ടാകണം.

സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വർഷം തോറും കലണ്ടർ തയ്യാറാക്കണം. ഓരോ സ്ഥാപനങ്ങളും ഓരോ മാസവും നടത്തേണ്ട പരിപാടികളുടെ രൂപരേഖ കലണ്ടറിലുണ്ടാവണം.

വായനശാലകൾ പുസ്തകങ്ങളുമായി വീടുകളിലേക്ക് കടന്നുചെല്ലണം. ചിത്ര വായനകൾ നിരുത്സാഹപ്പെടുത്തണം.

ക്ലബുകൾ സാമ്പത്തിക ചെലവ് താരതമേന്യ കുറഞ്ഞ പരിപാടികൾ പ്ലാൻ ചെയ്യണം. പ്രഭാഷണം, ചർച്ചകൾ, ചെറിയ സംവാദ ങ്ങൾ, വർത്തമാനകാല പ്രസക്തിയുള്ള കലാരൂപങ്ങൾ എന്നിവ നടപ്പാക്കണം.

അമേച്വർ നാടക പ്രവർത്തനങ്ങൾ കലാസമിതികൾ ഏറ്റെടുക്കണം.

സ്പോർട്സ്-കലാരംഗങ്ങളിലെ പഴയകാല പ്രതിഭകളെ ആദരിക്കണം. അവരുടെ അനുഭവങ്ങൾ പങ്കുവെക്കപ്പെടണം.

വിദ്യാവർജ്ജനത്തിനു വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നതുപോലെ തന്നെ ഇടപെടലുകളും നടക്കണം.

രണ്ടിനും തുല്യ പ്രധാന്യമുണ്ട്. വാർഡുകളിൽ കളിസ്ഥലങ്ങൾ കണ്ടെത്തണം. ഗ്രാമീണ സ്പോർട്സുകൾ സംഘടിപ്പിക്കണം. ഫിലിം സൊസൈറ്റികൾ സ്ഥാപിക്കണം.
ഗ്രന്ഥശാലകൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായി വളർത്തേണ്ടതുണ്ട്.
പെരളശ്ശേരിയുടെ ഹൃദയഭാഗത്തുള്ള എ കെ ജി മന്ദിരം പൊതുജനവായനശാലയുടെ പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടതുണ്ട്.
'സേവന'യുടെ സേവനം ഫലപ്രദമാക്കണം.
നാടകരംഗത്ത് പുതിയ തലമുറയുടെ സാന്നിദ്ധ്യമുണ്ടാക്കാൻ, കുട്ടികളുടെ നാടകവേദിക്ക് രൂപം നൽകണം.
വർഷത്തിലൊരിക്കൽ എന്ന രീതി വിട്ട്, ഗ്രാമങ്ങളിലെ കുട്ടികൾക്ക് കലാ-കായികരംഗത്ത് പ്രോത്സാഹനം നൽകാനുള്ള സ്ഥിരം പ്രവർത്തനങ്ങൾക്ക് ക്ലബുകൾ മുൻകയ്യെടുക്കണം.
വികസനരംഗത്ത് ജനകീയ മുന്നേറ്റം ശക്തമാകാൻ പോകുന്ന വരും നാളുകളിൽ സാംസ്കാരിക രംഗം സജീവമാക്കേണ്ടതുണ്ട്. മാധ്യമങ്ങളിലൂടെയുള്ള ജനവിരുദ്ധ ആശയങ്ങൾക്ക് നടുവിലാണ് ഇന്ന് ഓരോരുത്തരുടെയും ജീവിതം. കണ്ണുവെച്ചുള്ള സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിനെ പ്രതിരോധിക്കാൻ നമുക്ക് കഴിയുകയുള്ളൂ. കലയുടെയും സാംസ്കാരത്തിന്റെയും മേഖലകളിലുള്ള ഏത് ചലനവും മനുഷ്യ സമൂഹത്തിന്റെ വളർച്ചയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളാക്കി മാറ്റാൻ നമുക്ക് കഴിയണം. ജനകീയാസൂത്രണത്തിന്റെ ഇനിയുള്ള നാളുകളിൽ ഓരോ സാംസ്കാരിക സ്ഥാപനങ്ങളുടെയും ഉണർച്ചക്കും, വളർച്ചക്കും ഇടയാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

അനുബന്ധം

പ്രധാന സാംസ്കാരിക സ്ഥാപനങ്ങൾ, പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	അംഗങ്ങൾ	കെട്ടിടം
1.	പൊതുജനവായനശാല ആൻറ് മൊയ്തു മെമ്മോറിയൽ ലൈബ്രറി, മാവിലായി	VII	1943	205	സ്വന്തം
2.	എ കെ ജി മന്ദിരം പൊതുജന വായനശാല, പെരളശ്ശേരി	V	1946		സ്വന്തം
3.	റൂറൽ ഡവലപ്മെൻറ് സെൻറർ, മാവിലായി	VII			സ്വന്തം
4.	വോയ്സ് ഓഫ് മാവിലായി	IX			വാടക
5.	പെരളശ്ശേരി ബ്രദേർസ് ആർട്സ് ക്ലബ്ബ്	IV			വാടക
6.	ഹാശ്മി ക്ലബ്ബ്, കിലാലൂർ	I			
7.	സൂര്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ	I			
8.	ദേശസേവാ സംഘം വായനശാല ആൻറ് ഗ്രന്ഥാലയം	I			
9.	അഴീക്കോടൻ സ്മാരക എ എസ് ക്ലബ്ബ്	I			
10.	ശ്രീനാരായണ വായനശാല ആൻറ് ഗ്രന്ഥാലയം	II			
11.	കൃഷ്ണപിള്ള വായനശാല ആൻറ് ഗ്രന്ഥാലയം, വെള്ളച്ചാൽ	II			
12.	പെരളശ്ശേരി സ്പോർട്സ് ക്ലബ്ബ്	III			
13.	അഴീക്കോടൻ ക്ലബ്ബ്, ഐവർകുളം	III			
14.	പഞ്ചായത്ത് സാംസ്കാരിക നിലയം, കോട്ടം	IV			സ്വന്തം
15.	യുവരശ്മി എ എസ് ക്ലബ്ബ്, കോട്ടം	IV			വാടക
16.	കുഞ്ഞാലി എ എസ് ക്ലബ്ബ്	IV			സ്വന്തം
17.	പുലരി എ എസ് ക്ലബ്ബ്	IV			
18.	പ്രിയദർശനി എ എസ് ക്ലബ്ബ്	IV			
19.	പീറ്റക്കണ്ടി പ്രഭാകരൻ സ്മാരക ക്ലബ്ബ്	IV			
20.	എ കെ ജി ക്ലബ്ബ്	IV			
21.	റെഡ്സ്റ്റാർ	IV			
22.	ജവഹർ ബാലവേദി, കോട്ടം	IV			
23.	എ കെ ജി വായനശാല, കോട്ടം	IV			
24.	സ: കുളങ്ങരേത്ത് രാഘവൻ സ്മാരക എ എസ് ക്ലബ്ബ്, പള്ളിയത്ത്	V			വാടക
25.	അഴീക്കോടൻ സ്മാരക എ എസ് ക്ലബ്ബ്, ചീരത്തുംകണ്ടി	V			സ്വന്തം
26.	കിക്കേർസ് സ്പോർട്സ് ക്ലബ്ബ്	V			വാടക
27.	സാൽവോ സ്പോർട്സ് ക്ലബ്ബ്	V			വാടക
28.	ദേശോദ്ധാരണ വായനശാല	VI			
29.	പൊതുജന വായനശാല ആൻറ് ഗ്രന്ഥാലയം, മുണ്ടയാട്	VII			സ്വന്തം
30.	കുഴിക്കിലായി വായനശാല	VIII			
31.	മൂന്നു പെരിയ വായനശാല	VIII			സ്വന്തം
32.	യൂത്ത് റിക്രിയേഷൻ, ചോരക്കുളം	VIII			
33.	യുവരശ്മി, ചോരക്കുളം	VII			
34.	"ഏറോ", ഐവർകുളം	VIII			
35.	അഴീക്കോടൻ, കുഴിക്കിലായി	VIII			
36.	എ കെ ജി സ്മാരക ക്ലബ്ബ്, എളവന	IX			
37.	അഴീക്കോടൻ സ്മാരക ക്ലബ്ബ്, ഒടുങ്ങോട്	IX			
38.	എ കെ ജി വായനശാല, ചെറുമാവിലായി	X			സ്വന്തം
39.	എ കെ ജി സ്മാരക ക്ലബ്ബ് ആൻറ് വായനശാല, ചെറുമാവിലായി	X			സ്വന്തം
40.	വിക്ടറി എ എസ് ക്ലബ്ബ്, ചെറുമാവിലായി	X			വാടക
41.	ചിന്ത ആർട്സ് ക്ലബ്ബ് ആൻറ് വായനശാല	X			
42.	കൈരളി, ചെറുമാവിലായി	X			സ്വന്തം
43.	അഴീക്കോടൻ സ്മാരക വായനശാല	XI			

വനിത

കേരള ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളാണ്. എങ്കിലും സ്ത്രീകളുടെ ശബ്ദം ഇന്നും ഉയർന്നു കേൾക്കുന്നില്ല. പ്രാ
ചീനകാലം മുതൽ തന്നെ സ്ത്രീകളെ അബലകളും ചപലകളുമായി അടുക്കളയിലൊതുക്കിയിരുന്നു. കേരളത്തിൽ സാമൂഹ്യ
രാഷ്ട്രീയ രംഗങ്ങളിലുണ്ടായ മുന്നേറ്റം സ്ത്രീകളുടെ ഉന്നമനത്തിനുള്ള ചവിട്ടുപടിയായി മാറി. സാംസ്കാരിക ധാരയിലേക്ക്
പതുക്കെ പതുക്കെ സ്ത്രീകളും പങ്കാളികളായി. വിദ്യാഭ്യാസത്തിൽ കേരളത്തിലുണ്ടായ മുന്നേറ്റം കണക്കിലെടുക്കുമ്പോൾ
സാമൂഹിക- സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഇന്നും നാമമാത്രമാണെന്ന് കാണാം. സ്ത്രീ സമൂഹത്ത
ന്റെ ഉന്നമനത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ ഫലവത്താകണമെങ്കിൽ അടിസ്ഥാനപരമായ ഒരു ഘടനാമാറ്റം നമ്മുടെ സമൂ
ഹത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ത്രീകളെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാക്കുന്നതിന് സാമൂഹ്യ രാഷ്ട്രീയ
സംഘടനകൾ മുൻകൈ എടുക്കണം.

1930ൽ കാലഘട്ടത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഉജ്വലമായ വളർച്ചയോടൊപ്പം പുരോഗമന ആശയങ്ങൾ ഉൾക്കൊണ്ട്
പെരളശ്ശേരിയിലും ചുരുക്കം ചില സ്ത്രീകൾ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. ഒളിവിൽ താമസിച്ചിരുന്ന നേതാക്കൾക്ക്
ഭക്ഷണമെത്തിച്ചു കൊടുത്തും, സംരക്ഷണം നൽകിയും മറ്റും ത്യാഗപൂർണമായ പ്രവർത്തനങ്ങൾ നടത്തിയ വനിതകൾ നമ്മു
ടെ പഞ്ചായത്തിലുണ്ടായിരുന്നു. മാവിലായിയിലെ പൊയ്യിൽ മാതു, മാതയേടത്തി തുടങ്ങിയവർ ഇക്കൂട്ടത്തിൽപെട്ടവരായിരു
ന്നു. എ വി ജാനകിയാണ് ആദ്യമായി വനിതാ പഞ്ചായത്ത് മെമ്പറായി പ്രവർത്തിച്ചത്. 1958ലാണ് രജിസ്റ്റർ ചെയ്ത മഹിളാ സമാ
ജങ്ങൾ പ്രവർത്തനം തുടങ്ങിയത്. മഹിളാസമാജങ്ങൾ തുടക്കത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നവയാണ്. പിന്നിട് മിക്ക
തും നിർജീവമായി. ഇന്ന് പഞ്ചായത്തിൽ മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യമായൊന്നും നടക്കാറില്ല. പഞ്ചായത്തിൽ
മഹിളാ സംഘടനകൾ പ്രവർത്തനം നടത്തിവരുന്നുണ്ടെങ്കിലും ഇത്തരം സംഘടനാ പ്രവർത്തനങ്ങൾ പലപ്പോഴും ചുരുക്കം
സ്ത്രീകളിൽ മാത്രമൊതുങ്ങുന്നു. വർഗ്ഗ ബഹുജന സംഘടനാ നേതൃത്വത്തിൽ വിരലിലെണ്ണാവുന്ന വനിതകൾ മാത്രമാണുള്ള
ത്. മറ്റ് സംഘടനാ പ്രവർത്തനങ്ങളിലും നാമമാത്രമായ പങ്കാളിത്തം മാത്രമേ ഉണ്ടാവാറുള്ളു. പഞ്ചായത്തിൽ സ്ത്രീകളുടെ നിയ
ന്ത്രണത്തിലുള്ള കുടുംബങ്ങൾ ഏകദേശം 10 ശതമാനത്തോളം ഉണ്ടാവും. ഇത്തരം വീടുകളിലെ സ്ത്രീകൾക്ക് നിരവധി യാതന
കൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. കുടുംബം നിയന്ത്രിക്കുന്ന സ്ത്രീകൾ പരിഹസിക്കപ്പെടുന്ന അവസ്ഥയും ചില സന്ദർഭങ്ങ
ളിൽ ഉണ്ടാവാറുണ്ട്. അടുക്കളയിലെ ഉത്തരവാദിത്തങ്ങൾ മുഴുവനായും സ്ത്രീകൾക്കാണ്. റേഷൻകടകളിലും, ചന്തകളിലും
മറ്റും പോകുന്നത് മിക്കവാറും സ്ത്രീകൾ തന്നെയാണ്. സ്ത്രീകൾ വീടുകളിൽ ചെയ്യുന്ന വിറക് ശേഖരണം, പുല്ലുപറിക്കൽ തുട
ങ്ങിയ മിക്ക ജോലികളും കാണാപ്പണികളാണ്. വീടുകളിൽ സ്ത്രീകൾ ചെയ്യുന്ന പ്രവൃത്തിയും അവളുടെ അധ്വാനവും പലപ്പോ
ഴും അംഗീകരിക്കപ്പെടാറില്ല. സ്ത്രീ കുടുംബത്തിന് വേണ്ടി ചെയ്യുന്ന സ്നേഹോപഹാരം മാത്രമായിട്ടാണവ കണക്കാക്കപ്പെടുന്ന
ത്. അടുക്കളയിലെ ഉത്തരവാദിത്തങ്ങൾ പൂർണമായും നിർവഹിക്കേണ്ടി വരുന്നതോടൊപ്പം മറ്റ് ജോലികളും ഏറ്റെടുക്കേണ്ട
വരുന്നതുകൊണ്ട് പൊതുപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കഴിയാറില്ല. രാഷ്ട്രീയത്തിന്റെ അതിപ്രസരവും, ചേരിതിരിവും
രാഷ്ട്രീയേതര പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറയാൻ ഇടയാക്കുന്നു എന്നതും ഗ്രാമസഭകളിൽ സ്ത്രീകൾ ചർച്ച ചെയ്
തു. പെരളശേരി പഞ്ചായത്തിലെ സാഹചര്യങ്ങൾക്കും സാധ്യതകൾക്കുമനുസരിച്ച് ഉയർന്നുവരാൻ സ്ത്രീകൾക്ക് കഴിയണം.

അതിനുവേണ്ടിയുള്ള ബോധപൂർവമായ പ്രവർത്തനങ്ങൾ എല്ലാ വിഭാഗക്കാരും നടത്തേണ്ടതാണ്. 1991ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 26662 ആണ്. അതിൽ 13807 സ്ത്രീകളും 12855 പുരുഷൻമാരുമാണുള്ളത്. ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിലൂടെ മാത്രമേ നമുക്ക് സാമൂഹ്യ പുരോഗതി കൈവരിക്കാനാവൂ.

ആദ്യകാലങ്ങളിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യം നിഷേധിക്കപ്പെട്ടിരുന്നുവെങ്കിലും, പിന്നീട് പെൺകുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കുന്ന അവസ്ഥയുണ്ടായി. എങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾ വളരെ പിറകിലായിരുന്നു. മിക്കവാറും പെൺകുട്ടികൾ തങ്ങളുടെ അവകാശങ്ങളും കരുത്തുമറിയാതെ അടുക്കളകളിൽ തളച്ചിടപ്പെട്ടു. ഇന്ന് സ്ത്രീകൾ വിദ്യാഭ്യാസരംഗത്ത് പൊതുവെ ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യയുടെ 90.16% പേർ സാക്ഷരരാണ്. 1991ലെ സെൻസസനുസരിച്ച് ആകെ സ്ത്രീജനസംഖ്യ 13807 ആണ്. അതിൽ 12448 പേർ സാക്ഷരരാണ്. ഇന്നത്തെ സാഹചര്യത്തിൽ മുഴുവൻ കുട്ടികളും സ്കൂളിലെത്തുന്നുണ്ട്. എസ് എസ് എൽ സി കഴിഞ്ഞ ആൺകുട്ടികളിൽ മിക്കവരും തൊഴിൽമേഖല തേടി പോവുമ്പോൾ പെൺകുട്ടികൾ മിക്കവാറും കോളേജ് വിദ്യാഭ്യാസത്തിനായി പോവുന്നു. പഠനം തുടരാതെ തയ്യൽ, ബീഡി തുടങ്ങിയ തൊഴിൽ മേഖലകളിലേക്ക് പോവുന്നവരുമുണ്ട്. പെൺകുട്ടികൾ മിക്കവാറും പ്രീഡിഗ്രിയോടെ പഠനം നിർത്തുന്ന അവസ്ഥയാണുള്ളത്. പഞ്ചായത്തിൽ കോളേജ് വിദ്യാഭ്യാസം നടത്തുന്നത് കൂടുതലായും പെൺകുട്ടികളാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പെൺകുട്ടികളുടെ പങ്കാളിത്തം വളരെ കുറവാണ്. പെൺകുട്ടികൾ ഇതിന് പ്രാപ്തരല്ല എന്ന തെറ്റായ ധാരണയാണ് പ്രധാന കാരണം. വിദ്യാലയങ്ങളിലും എണ്ണത്തിലും, പഠനനിലവാരത്തിലും പെൺകുട്ടികൾ തന്നെയാണ് മുന്നിൽ. സാങ്കേതിക വിദ്യാഭ്യാസത്തിലൊഴികെ മറ്റ് വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകളും, പുരുഷൻമാരും തുല്യനിലവാരം പുലർത്തുന്നു. എന്നാൽ വിദ്യാഭ്യാസ രംഗത്തെ പെൺകുട്ടികളുടെ കഴിവ് പ്രയോജനപ്രദമായ രീതിയിൽ പരിഗണിക്കപ്പെടുന്നില്ല. വിവാഹപ്രായമെത്തുന്നതു വരെയോ, വിവാഹാലോചനകൾക്കുള്ള മാനദണ്ഡമെന്ന രീതിയിലോ ആണ് മിക്കവാറും രക്ഷിതാക്കൾ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നത്. അതുകൊണ്ടുതന്നെ സമൂഹ പുനഃസൃഷ്ടിക്കുതകുന്ന രീതിയിലുള്ള വിദ്യാഭ്യാസ സാഹചര്യം പെൺകുട്ടികൾക്ക് ലഭിക്കുന്നില്ല. പെൺകുട്ടികൾക്ക് ജീവിതത്തിന്റെ മറ്റ് മേഖലകളിൽ കാര്യമായ പങ്ക് നിർവഹിക്കാൻ കഴിയില്ല എന്ന തെറ്റായ ധാരണ തന്നെയാണ് ഇതിന് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലയളവിൽ തന്നെ പൊതുരംഗത്ത് പുരുഷൻമാരോടൊപ്പം പ്രവർത്തിക്കാൻ സജ്ജമാക്കുന്നതിന്, മാനസികമായ സന്നദ്ധത വളർത്താനുതകുന്ന ശിക്ഷണം പെൺകുട്ടികൾക്ക് ലഭ്യമാക്കണം. ആത്മവിശ്വാസത്തിന് പകരം അപകർഷതാ ബോധത്തിന് കീഴടങ്ങുന്ന പ്രവണത മാറേണ്ടതാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും തനിക്കും പ്രവർത്തിക്കാൻ കഴിയും എന്ന സ്വയം ബോധ്യം സ്ത്രീകൾക്കുണ്ടാവണം.

കഴിഞ്ഞ കാലങ്ങളിൽ നിന്നും ഭിന്നമായി ഇന്ന് സ്ത്രീകൾ കൂടുതലായി തൊഴിൽ രംഗത്തേക്ക് വരാൻ താൽപര്യം കാണിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിലും, മറ്റ് ഉയർന്ന ഉദ്യോഗങ്ങളിലും വനിതാ പങ്കാളിത്തം കുറവാണെങ്കിലും അധ്യാപനരംഗത്ത് സ്ത്രീകളാണ് മുൻപന്തിയിൽ. പഞ്ചായത്തിലെ സ്കൂളുകളിൽ അധ്യാപികമാരാണ് കൂടുതലുള്ളത്. ഇന്ന് മിക്കവാറും എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾ പങ്കാളികളാവുന്നുണ്ട്. കാർഷിക മേഖലയിലും, കെട്ടിട നിർമ്മാണ് മേഖലയിലും, ബീഡി മേഖലയിലുമാണ് കൂടുതൽ സ്ത്രീ തൊഴിലാളികളുള്ളത്. ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിൽ ചെയ്യുന്നത് ബീഡി മേഖലയിലാണ്. ദിനേശ് ബീഡി മേഖലയിൽ മാത്രമായി 587 സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. സാധു ബീഡിയിലും വീടുകളിൽ നിന്ന് പണിയെടുക്കുന്നവരുമായ അനവധി പേരുണ്ട്. ബീഡി, തയ്യൽ തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ എണ്ണം കൂടി വരികയും, കാർഷിക മേഖലയിൽ കുറയുന്ന അവസ്ഥയുമുണ്ട്. പഞ്ചായത്തിലുള്ള ഒരു കയർ സൊസൈറ്റിയിലും കൂടുതലും സ്ത്രീകളാണുള്ളത്.

സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർധിപ്പിക്കാൻ, അവർക്ക് കടന്നുവരാൻ പറ്റിയ പുതിയ വ്യവസായ യൂനിറ്റുകൾ തുടങ്ങണം. ചകിരി അടിസ്ഥാനമാക്കിയുള്ള യൂനിറ്റുകൾക്ക് പറ്റിയ സാഹചര്യം പഞ്ചായത്തിലുണ്ട്. കന്നുകാലി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം. വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം. വനിതകൾക്കായി തയ്യൽ പരിശീലനവും, അതിനുള്ള സഹായവും ലഭ്യമാക്കണം. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, സഹകരണ പ്രസ്, വനിതാ കാൻറീൻ, ലതർ ബാഗ് നിർമാണം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള യൂനിറ്റുകൾ വനിതകൾക്കായി ആരംഭിക്കണം. അതിന് പഞ്ചായത്ത് മുൻകൈയടുക്കണം.

തൊഴിൽ മേഖലയിലെ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991ലെ സെൻസസ് പട്ടിക താഴെ കൊടുത്തിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷൻമാരുടെ എണ്ണം	ആകെ
കർഷകൻ	54	149	203
കർഷകതൊഴിലാളി	300	360	660
മൃഗസംരക്ഷണം	46	183	229
ചെറുകിട വ്യവസായം	5	47	52
കെട്ടിട നിർമ്മാണം	27	217	244
ഗതാഗതം വാർത്താവിനിമയം	50	321	371
വ്യാപാരം	39	908	947
കുടിൽ വ്യവസായം	130	122	252
കുടിൽ വ്യവസായമല്ലാത്ത	1215	2161	3376
മറ്റുള്ള വ്യവസായം			
മറ്റുള്ളവ	339	669	1005

പട്ടികയുടെ അടിസ്ഥാനത്തിൽ തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പുരുഷൻമാരെ അപേക്ഷിച്ച് കുറവാണ് എന്ന് കാണാം. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ സ്ത്രീകളുടെ പൊതുജീവിതത്തെ ബാധിക്കുന്നു. സാമ്പത്തികഭദ്രതയില്ലായ്മ കാരണം സ്ത്രീകൾ ഏറെ ദുരിതങ്ങൾ അനുഭവിക്കേണ്ടി വരുന്നു. സ്ത്രീകൾ പൊതുരംഗത്ത് വരാതിരിക്കുന്നതിനുള്ള ഒരു കാരണം കൂടിയാണിത്. തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ് യാഥാർഥ്യം. ഇന്ന് അൽപമെങ്കിലും ഇത്തരം മനോഭാവത്തിന് മാറ്റം വന്നിട്ടുണ്ട്. എങ്കിലും സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ആൺകുട്ടികൾ സ്വകാര്യ മേഖലയിലെ തൊഴിൽ സ്ഥാപനങ്ങളിലേക്ക് കുടിയേറുമ്പോൾ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച പെൺകുട്ടികൾക്ക് അതിന് കഴിയാറില്ല. പാരലൽ കോളേജുകളിൽ പോലും അധ്യാപന വൃത്തിക്കായി പെൺകുട്ടികളെ നിയമിക്കുന്നതിന് അധികൃതർ തയ്യാറാകാത്ത അവസ്ഥ നമ്മുടെ പഞ്ചായത്തിലുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. നിലവിലുള്ള തൊഴിൽ മേഖലകളിൽ തന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു. ബീഡി മേഖല പോലുള്ള മേഖലകളിൽ തുല്യമായ കൂലി നിരക്കാണുള്ളതെങ്കിലും കാർഷിക മേഖലയിലും, നിർമ്മാണ മേഖലയിലും കൂലി നിരക്കിൽ സ്ത്രീപുരുഷ അന്തരം വലിയ തോതിലുണ്ട്, പുരുഷന് ലഭിക്കുന്ന കൂലിയുടെ പകുതിയോളം മാത്രമേ സ്ത്രീകൾക്ക് ലഭിക്കാറുള്ളൂ. കൂലി നിരക്ക് സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

തൊഴിൽ മേഖല	കൂലി നിരക്ക്	
	സ്ത്രീകൾ	പുരുഷൻമാർ
കർഷകതൊഴിലാളി	45-50	90-100
നിർമ്മാണ തൊഴിലാളി	50-60	100-125

കൂലി നിരക്കിലെ സ്ത്രീ പുരുഷ അന്തരം ഇല്ലാതാക്കണം, തുല്യവേതന നിയമം ഫലപ്രദമായി നടപ്പിലാക്കണം. സ്ത്രീയുടെ സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയും, ഭദ്രതയും കൂടാതെ പുരോഗതി കൈവരിക്കാനാവില്ല.

പഞ്ചായത്തിൽ നിലവിൽ രണ്ട് ഡി ഡബ്ല്യു സി ആർ എ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം പുതുതായി രണ്ട് യൂനിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, പ്രവർത്തനം തുടങ്ങിയിട്ടില്ല. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യൂനിറ്റുകളിൽ ഒന്ന്, ('കല്പ' സംസ്കരണ യൂനിറ്റ്) ഇന്ന് നിർജീവാവസ്ഥയിലാണ്. 1993-94 വർഷം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്നേഹ ഗാർമെൻറ്സ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ യൂനിറ്റിലെ പത്ത് പേരടങ്ങുന്ന ഗ്രൂപ്പിൽ അഞ്ചുപേർക്ക് മാത്രമാണ് ട്രൈസം പരിശീലനം ലഭിച്ചിട്ടുള്ളത്, ശേഷിക്കുന്ന അഞ്ചുപേർക്ക് കൂടി പരിശീലനം ലഭ്യമാക്കണം. ഗ്രൂപ്പിലുള്ള മുഴുവനാളുകൾക്കും പരിശീലനം ലഭിക്കാത്തതിൻെറ പോരായ്മ സ്നേഹ ഗാർമെൻറ്സിനെ സംബന്ധിച്ചിടത്തോളം ഉണ്ട്. കമ്പോളങ്ങളിലെ ഉൽപന്നങ്ങളോട് മത്സരിക്കത്തക്ക രീതിയിൽ ആധുനി രീതിയിലുള്ളതും, ഗുണനിലവാരമുള്ളതുമായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാനാവശ്യമായ പരിശീലനം ലഭ്യമാക്കണം. ഇത്തരം തൊഴിൽ സംരംഭങ്ങൾ നല്ല രീതിയിൽ കൊണ്ടുപോവുന്നതിന് മറ്റ് ഉത്തരവാദപ്പെട്ടവരുടെ നിരന്തരമായ ശ്രദ്ധയും, പ്രോത്സാഹനവും ഉണ്ടാവണം. ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് വനിതാ യൂനിറ്റുകൾ പഞ്ചായത്തിലുണ്ട്. വനിതകളുടെ നേതൃത്വത്തിലുള്ള തുന്നൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. തൊഴിൽ മേഖലയിലെ സ്ത്രീപങ്കാളിത്തം വർധിപ്പിക്കണം. സ്ത്രീകൾക്കായുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു തൊഴിൽ സാധ്യത വർധിപ്പിക്കണം.

ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ആരോഗ്യം പുരുഷൻമാരെ അപേക്ഷിച്ച് പിറകിലാണ്. സ്ത്രീകളുടെ അധ്വാനഭാരം അവളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. ശാരീരിക പ്രശ്നങ്ങളെ സംബന്ധിച്ച തെറ്റായ ധാരണകൾ ഇന്നും സ്ത്രീകൾക്കിടയിലുണ്ട്. സ്ത്രീകളുടേയും കുട്ടികളുടെയും ആരോഗ്യ പരിപാലനത്തിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം ഫലപ്രദമായ രീതിയിൽ ലഭ്യമാക്കണം. സ്ത്രീകൾക്ക് മാത്രമായി ആരോഗ്യ ക്ലാസുകളും, മറ്റ് ബോധവൽക്കരണ ക്ലാസുകളും നടത്തണം. മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും നല്ല നിലയിൽ പരിചരണവും, പോഷകാഹാരവും ലഭ്യമാവണം. കൂടെക്കൂടെയുള്ള പ്രസവം സ്ത്രീകളുടെ ആരോഗ്യം തകർക്കുന്നു. കുടുംബാസൂത്രണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതോടൊപ്പം തന്നെ ബോധവൽക്കരണവും ആവശ്യമാണ്. പെൺകുട്ടികൾക്ക് പ്രായപൂർത്തിയാവുന്നതിനു മുമ്പേ തന്നെ വിവാഹം നടത്തുന്ന പ്രവണത പലപ്പോഴും കണ്ടു വരുന്നു, കൂടുതലായും മുസ്ലിം മതവിഭാഗങ്ങൾക്കിടയിലാണിങ്ങനെ സംഭവിക്കുന്നത്. ഇത്തരം പ്രവണത തടയേണ്ടതാണ്. വിവാഹത്തിനുള്ള പ്രായപരിധി കർശനമായി നടപ്പിലാക്കണം. പഞ്ചായത്തിൽ 16 അംഗൻവാടികളും ഒരു ശിശുമന്ദിരവും ഒരു നഴ്സറിയുമുണ്ട്. ഇന്ന് അംഗൻവാടികളിൽ പരിമിതമായ സൗകര്യവും പ്രവർത്തന സാഹചര്യമാണുള്ളത്. തുച്ഛമായ തുകയാണ് അംഗൻവാടികളുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു കിട്ടുന്നത്, അംഗൻവാടികളിലൂടെയുള്ള പോഷകാഹാരവിതരണം ഇന്ന് വളരെ പരിമിതമാണ്. മുൻകാലങ്ങളിൽ കുട്ടികൾക്കും അമ്മമാർക്കും ലഭ്യമായിരുന്ന ആഹാര സാധനങ്ങൾ ഇന്ന് ലഭിക്കുന്നില്ല. അംഗൻവാടികൾ വഴിയുള്ള പോഷകാഹാര വിതരണവും, മറ്റ് അനുബന്ധ പ്രവർത്തനങ്ങളും ഫലപ്രദമായ രീതിയിൽ ഉണ്ടാവണം.

അമ്മമാരുടെ യോഗങ്ങൾ വിളിച്ചാൽ പങ്കാളിത്തം കുറയുന്നു എന്ന പരാതി ഉണ്ടാവാറുണ്ട്. യോഗങ്ങളിൽ അമ്മമാരെ പങ്കെടുപ്പിക്കാനും അതു വഴിയുള്ള പ്രവർത്തനങ്ങൾ സജീവമാക്കാനും ജനകീയ ഇടപെടലുകൾ ആവശ്യമാണ്. രജിസ്റ്റർ ചെയ്ത നാല് മഹിളാ സമാജങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അവയെല്ലാം മിക്കവാറും നിർജ്ജീവമാണ്. എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം, സ്ത്രീകൾക്കായുള്ള മൂത്രപ്പുരകളും കക്കൂസുകളും സ്ഥാപിക്കണം. ബീഡി കമ്പനികൾ പോലുള്ള തൊഴിൽ

സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി പഞ്ചായത്തിൽ ക്രഷുകൾ സ്ഥാപിക്കേണ്ടതാണ്. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് കുഞ്ഞുങ്ങളുടെ പരിചരണത്തിനുള്ള സൗകര്യം അത്യാവശ്യമാണ്, സ്ത്രീകൾ അമ്മമാർ ആവുന്നതോടെ ഉണ്ടായിരുന്ന ജോലി കൂടി ഉപേക്ഷിക്കേണ്ടി വരുന്ന സ്ഥിതി പലപ്പോഴും ഉണ്ടാവാറുണ്ട്. ഇത് ക്രഷുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നു. വിവിധ തരത്തിലുള്ള സഹായ പദ്ധതികളും ആനുകൂല്യങ്ങളും സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ മിക്ക സഹായ ധനങ്ങളും കൃത്യമായി ലഭിക്കാറില്ല. ആനുകൂല്യങ്ങൾക്കും മറ്റും അപേക്ഷ നൽകി കാത്തിരിക്കുന്നവർ പഞ്ചായത്തിലുണ്ട്. പല ആനുകൂല്യങ്ങളും ലഭിക്കുന്നതിന് പലതരത്തിലുള്ള സാങ്കേതിക പ്രയാസങ്ങൾ അനുഭവപ്പെടാറുണ്ട്. ഇത്തരത്തിലുള്ള സഹായ ധനങ്ങൾ അർഹതയുള്ളവർക്ക് ലഭിക്കാതാവുന്ന അവസ്ഥ തടയാൻ കഴിയണം. ജനങ്ങൾക്കിടയിൽ ആനുകൂല്യങ്ങളും, സഹായധനങ്ങളും സംബന്ധിച്ച കൃത്യമായ അറിവ് ഉണ്ടാക്കേണ്ടതാണ്. 119 പേർക്ക് വിധവാ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

ചാരായനിരോധനം മൂലം പഞ്ചായത്തിൽ കാര്യമായ ഗുണഫലങ്ങളൊന്നും ഉണ്ടായിട്ടില്ല. വ്യാജച്ചാരായവും, വിദേശ മദ്യവും സുലഭമായി ലഭിക്കുന്ന അവസ്ഥയാണുള്ളത്. സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കേണ്ടതാണ് എന്നാണ് ഗ്രാമസഭകളിൽ ഉയർന്നുവന്ന അഭിപ്രായം. നല്ല രീതിയിലുള്ള ബോധവൽക്കരണത്തിലൂടെ മാത്രമേ മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളു. പഞ്ചായത്തിൽ അശ്ലീല പോസ്റ്ററുകളൊന്നും കണ്ടുവരാറില്ല. റിപ്പോർട്ട് ചെയ്യപ്പെട്ട സ്ത്രീപീഡനങ്ങൾ പഞ്ചായത്തിലില്ല. എങ്കിലും പൊതുവെ മാനസീകമായും, ശാരീരികമായും പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾ ഉണ്ട്. സ്ത്രീധന സമ്പ്രദായം മുസ്ലീം മതവിഭാഗക്കാർക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഇവർക്കിടയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ തളർത്തുന്ന അവസ്ഥ സ്ത്രീധന സമ്പ്രദായം മൂലം ഉണ്ടാകാറുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾ ചില വിഭാഗങ്ങളിൽ കുറച്ചൊക്കെ ഉണ്ട്. സ്ത്രീധന നിരോധനനിയമം കർശനമായി നടപ്പിലാക്കണം. സ്ത്രീധനത്തിനെതിരെ ശക്തമായ ബോധവൽക്കരണവും, കർശനമായ നിയമനടപടികളും ആവശ്യമാണ്. സ്ത്രീധനമില്ലാത്ത സമൂഹവിവാഹങ്ങൾ നടത്താൻ പഞ്ചായത്ത് മുൻകൈ എടുക്കണം. മാധ്യമങ്ങളിൽ സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്നത് നിയമം മൂലം തടയണം. വീടുകളിൽ അടങ്ങിക്കൂടുന്ന സ്ത്രീകൾ കൂടുതലായും ദൃശ്യമാധ്യമങ്ങളുടെ സ്വാധീനത്തിൽപെട്ടു പോവുന്നുണ്ട്. ഇത്തരം മാധ്യമങ്ങൾ അവരുടെ സമയവും ബുദ്ധിയും അപഹരിക്കും. ദൃശ്യമാധ്യമങ്ങളുടെ അമിതമായ സ്വാധീനത്തിൽ നിന്നും യുവതലമുറയേയും സ്ത്രീകളേയും കുട്ടികളെയും മോചിപ്പിക്കണം.

പ്രശ്നങ്ങൾ

1. പുരുഷ മേധാവിത്വപരമായ സമൂഹത്തിലെ പ്രവണതകളും, സദാചാര ബോധവും നിലനിൽക്കുന്നു, അതുകൊണ്ടു തന്നെ പൊതുപ്രവർത്തന രംഗത്ത് വരുന്ന് സ്ത്രീകൾ പരിഹസിക്കപ്പെടുന്നു.
2. വീടുകളിൽ ഉത്തരവാദിത്തങ്ങൾ മുഴുവൻ സ്ത്രീകൾക്കായതുകൊണ്ട് സമയക്കുറവ് മൂലം പൊതുപ്രവർത്തന രംഗത്ത് വരാൻ സാധിക്കുന്നില്ല. താൽപര്യമുള്ള ചിലരെയെങ്കിലും പുരുഷൻമാർ അനുവദിക്കുന്നുമില്ല.
3. സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്, സാമ്പത്തിക ഭദ്രതയില്ലായ്മ സ്ത്രീയെ അടുക്കളയിലൊതുക്കുന്നു.
4. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള ആത്മവിശ്വാസക്കുറവ്.
5. സ്ത്രീകളുടെ കഴിവിനെ അംഗീകരിച്ച്, ഉത്തരവാദിത്തങ്ങൾ ഏൽപിക്കാൻ പുരുഷൻമാർ തയ്യാറാവുന്നില്ല.
6. തൊഴിൽ മേഖലകളിൽ ഏറെയും പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി നിരക്ക് കുറവാണ്.
7. സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും താൽപര്യക്കുറവും.
8. സ്ത്രീകൾക്ക് മാത്രമായുള്ള പരിശീലന കേന്ദ്രങ്ങളില്ല.
9. അംഗൻവാടികളുടെ പ്രവർത്തന സൗകര്യം പരിമിതമാണ്.
10. അഭ്യസ്തവിദ്യരായ സ്ത്രീകൾക്കിടയിൽ പോലും ശാസ്ത്രീയ ബോധനിലവാരം കുറയുന്നു.
11. സ്ത്രീകൾക്കിടയിൽ വായനാശീലം കുറയുന്നു. പൈങ്കിളി വാരികകളും മറ്റ് ദൃശ്യമാധ്യമങ്ങളും സ്ത്രീകളിൽ സ്വാധീനം ചെലുത്തുന്നു.
12. മദ്യപാനം മൂലം ദുരിതമനുഭവിക്കുന്നത് സ്ത്രീകളാണ്.
13. സ്ത്രീധന സമ്പ്രദായം മൂലം സ്ത്രീകൾ ദുരിതമനുഭവിക്കേണ്ടി വരുന്നു.
14. അദൃശ്യമായ വേലിക്കെട്ടുകൾക്കുള്ളിൽ ഒതുക്കിക്കൊണ്ടുള്ള ശിക്ഷണമാണ് പെൺകുട്ടികൾക്ക് ലഭിക്കുന്നത്.
15. വിദ്യാലയങ്ങളിലും, തൊഴിൽ സ്ഥാപനങ്ങളിലും പെൺകുട്ടികൾക്കായി മൂത്രപ്പുരകളും കക്കൂസുകളുമില്ല.
16. സ്ത്രീകൾക്കായുള്ള സഹായപദ്ധതികളെക്കുറിച്ച് അറിയുന്നില്ല.

സാധ്യതകൾ

1. പ്രാഥമിക വിദ്യാഭ്യാസ കാലയളവിൽ തന്നെ ആൺ- പെൺ വിവേചനം ഇല്ലാതെ, പൊതുപ്രവർത്തന രംഗത്തേക്ക് വരാനുതകുന്ന മാനസീകാവസ്ഥയും, ആത്മവിശ്വാസവും വളർത്തുന്ന രീതിയിലുള്ള ശിക്ഷണം പെൺകുട്ടികൾക്ക് ലഭ്യമാക്കണം.
2. കൂലി നിരക്കിലെ അന്തരം ഇല്ലാതാക്കണം.
3. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർധിപ്പിക്കണം, സാമ്പത്തിക ഭദ്രത ഉണ്ടാവണം.
4. ഓരോ പ്രദേശത്തിന്റെയും സാധ്യതകൾക്കനുസരിച്ച തൊഴിൽ പരിശീലനം ലഭ്യമാക്കണം.
5. സാധ്യതയുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിനുമേൽ പഞ്ചായത്തിന്റെ നിയന്ത്രണവും മേൽനോട്ടവും ഉണ്ടാവണം.
6. വനിതകൾക്കായുള്ള സ്വയംതൊഴിൽ സഹായ പദ്ധതികൾ ഉപയോഗിക്കണം (I.R.D.P, D.W.C.R.A/ W.I.P തുടങ്ങിയവ)
7. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രയോജനപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തണം.
8. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കണം.

9. സ്ത്രീകൾക്ക് മാത്രമായി ബോധവൽക്കരണ ക്ലാസുകൾ നടത്തി അവരിൽ ശാസ്ത്രീയാവബോധം വളർത്തണം.
10. അംഗൻവാടികളുടെ പ്രവർത്തന സൗകര്യം മെച്ചപ്പെടുത്തണം.
11. ആരോഗ്യത്തെ ബാധിക്കാത്ത അടുപ്പുകളും മറ്റും വ്യാപകമാക്കണം.
12. വിദ്യാലയങ്ങളിലും, പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങളേർപ്പെടുത്തണം.
13. തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ക്രഷുകൾ സ്ഥാപിക്കണം.
14. തൊഴിലവസരങ്ങളെക്കുറിച്ചും, നിയമങ്ങളെക്കുറിച്ചും സ്ത്രീകൾക്ക് അറിവ് നൽകണം.
15. സ്ത്രീകൾക്ക് കലാ-കായിക രംഗങ്ങളിൽ പരിശീലനം നൽകണം.
16. അർഹതയുള്ള മുഴുവൻ സ്ത്രീകൾക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണം.
17. വിവിധ മേഖലകളെ സംബന്ധിച്ച അറിവും, പരിശീലനവും നൽകി സ്ത്രീകളുടെ കഴിവും ആത്മവിശ്വാസവും വളർത്താൻ കഴിയണം.



സഹകരണം

'ഓരോരുത്തരും എല്ലാവർക്കും എല്ലാവരും ഓരോരുത്തർക്കും' (Each for all and all for each) എന്നതാണ്.

സഹകരണ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം 1904ലെ സഹകരണ നിയമത്തിന്റെ ആവിർഭാവത്തോടെ കടബാധ്യതയിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിന് വേണ്ടി രൂപീകരിച്ച ഐക്യനാണയ സംഘങ്ങളുടെ പ്രവർത്തനങ്ങളോടെയാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. അതിന് ശേഷം രൂപംകൊണ്ട മദിരാശി സഹകരണ നിയമത്തിന്റെ ആവിർഭാവത്തോടെയാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചു തുടങ്ങിയത്. 1918 ജൂൺ 4ന് രജിസ്റ്റർ ചെയ്യുകയും 1918 ഒക്ടോബർ 20ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പെരളശ്ശേരി ഐക്യനാണയ സഹകരണ സംഘമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. പഞ്ചായത്തിലെ മക്രേരി വില്ലേജാണ് സംഘത്തിന്റെ പ്രവർത്തന പരിധി. മാവിലായി വില്ലേജ് പ്രവർത്തന പരിധിയായി മാവിലായി ഐക്യനാണയ സഹകരണസംഘം 1920ൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ആദ്യകാലഘട്ടങ്ങളിൽ കാർഷിക വായ്പകളുടെ വിതരണമാണ് സംഘങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നത്.

സേവനത്തിന്റെയും വിശ്വാസത്തിന്റെയും പാതയിലൂടെ നീണ്ട മുക്കാൽ നൂറ്റാണ്ട് പിന്നിട്ട ഈ രണ്ട് സംഘങ്ങളുടെ ചുക്കാൻ പിടിച്ച ആദ്യകാല സഹകാരികൾ സർവശ്രീ കെ കുഞ്ഞിക്കൃഷ്ണൻ നമ്പ്യാർ, ടി വി കുഞ്ഞിരാമൻ മാസ്റ്റർ, എ കെ രൈരു നമ്പ്യാർ, ഇ കോരൻ മാസ്റ്റർ, എം വി രാമൻ, കെ കെ കുഞ്ഞിക്കണ്ണൻ മാസ്റ്റർ, ചാത്താടി രയരപ്പൻ നമ്പ്യാർ തുടങ്ങിയവർ ആയിരുന്നു. പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളിൽ അംഗത്വം എടുത്ത് അവയെ വളർത്തുന്നതിൽ എ കെ ജി വഹിച്ച പങ്ക് വളരെ വിലപ്പെട്ടതാണ്.

പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനമായ പെരളശ്ശേരി ഐക്യനാണയ സഹകരണ സംഘം വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ കടന്ന് 1977 മെയ് 2ന് സർവീസ് സഹകരണ ബേങ്കായും മാവിലായി ഐക്യനാണയ സംഘം 1983ലും സർവീസ് സഹകരണ ബേങ്കായി ഉയർത്തപ്പെട്ടു. ഈ രണ്ട് പ്രാഥമിക സർവീസ് സഹകരണ ബേങ്കുകൾ കൂടാതെ മൗവ്വഞ്ചേരി കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കിന്റെ ഒരു ശാഖ 28.10.1972 മുതൽ പെരളശ്ശേരിയിൽ പ്രവർത്തിച്ചു വരുന്നു. ജനങ്ങളുടെ ജീവൽസ്പർശിയായ കാര്യങ്ങളിൽ സജീവശ്രദ്ധ പതിപ്പിച്ചുകൊണ്ട് പെരളശ്ശേരിയിലെ ജനങ്ങൾക്ക് ആശ്വാസകേന്ദ്രങ്ങളായി വളർന്നു വരാൻ ഈ മൂന്ന് സഹകരണ ബേങ്കുകൾക്കും സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആദ്യകാലത്ത് രൂപീകരിച്ച മറ്റ് സംഘങ്ങൾ മാവിലായി തെങ്ങ് ചക്കര ഉൽപാദന പരസ്പര സഹായ സഹകരണ സംഘം, മോഗോർസ് സഹകരണ സംഘം എന്നിവ ആയിരുന്നു. 1957ന് ശേഷമാണ് പഞ്ചായത്തിൽ കൂടുതൽ സഹകരണ സംഘങ്ങൾ രൂപം കൊള്ളുന്നത്. ജനജീവിതത്തിന്റെ വിവിധ മേഖലകളിലായി 17 സഹകരണ സംഘങ്ങൾ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

1. പെരളശ്ശേരി സർവീസ് സഹകരണ ബേങ്ക് ലിമിറ്റഡ്.
2. മാവിലായി സർവീസ് സഹകരണ ബേങ്ക് ലിമിറ്റഡ്.
3. മൗവ്വഞ്ചേരി സഹകരണ റൂറൽ ബേങ്ക് ലിമിറ്റഡ്, പെരളശ്ശേരി ബ്രാഞ്ച്.
4. കെ. കെ. എസ്. വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

5. ചാല ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം വർക്ക് സെൻററുകൾ.
6. എടക്കടവ് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ്.
7. പെരളശ്ശേരി വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ലിമിറ്റഡ്.
8. മാവിലായി തെങ്ങ്- ചക്കര ഉൽപാദന പരസ്പര സഹായ സഹകരണസംഘം ലിമിറ്റഡ്.
9. മുഴപ്പിലങ്ങാട് മോഗേർസ് സഹകരണ സംഘം ലിമിറ്റഡ്.
10. മാവിലായി പോട്ടറി വർക്കേഴ്സ് സഹകരണ സംഘം ലിമിറ്റഡ്.
11. പെരളശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘം ലിമിറ്റഡ്.
12. വെള്ളച്ചാൽ ക്ഷീരോൽപാദക സഹകരണ സംഘം ലിമിറ്റഡ്.
13. പെരളശ്ശേരി എ കെ ജി സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർഥി സഹകരണ സംഘം.
14. പെരളശ്ശേരി പ്രൈമറി സ്കൂൾ ഗ്രൂപ്പ് വിദ്യാർത്ഥി സഹകരണ സംഘം.
15. ഐവർകുളം ഗ്രാമീണ പാഠശാല ഗ്രൂപ്പ് വിദ്യാർഥി സഹകരണ സംഘം.
16. എ കെ ജി മെമ്മോറിയൽ സഹകരണ പഞ്ചായത്ത് ഡിസ്പൻസറി സൊസൈറ്റി.
17. കണ്ണൂർ കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സൊസൈറ്റി- പെരളശ്ശേരി യൂനിറ്റ്.

നിലവിൽ പ്രവർത്തിക്കാത്ത സഹകരണ സംഘങ്ങൾ
1. ഓയൽ പ്രൊഡ്യൂസേർസ് സഹകരണസംഘം.
2. മുണ്ടലൂർ വീവേർസ് സഹകരണ സംഘം.
3. വെള്ളച്ചാൽ കോ-ഓപ്പറേറ്റീവ് സഹകരണ സ്റ്റോർ.
4. പെരളശ്ശേരി പഞ്ചായത്ത് സെറികൾച്ചറൽ സഹകരണ സംഘം.

ക്രഡിറ്റ് സംഘങ്ങൾ

പെരളശ്ശേരി സർവീസ് സഹകരണ ബേങ്ക്, മാവിലായി സർവീസ് സഹകരണ ബേങ്ക്, മൗവ്വഞ്ചേരി കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്, പെരളശ്ശേരി ബ്രാഞ്ച് എന്നിവയാണ് പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ക്രഡിറ്റ് സഹകരണ സംഘങ്ങൾ.

പെരളശ്ശേരി സർവ്വീസ് സഹകരണ ബേങ്ക്

തെങ്ങ്, നേന്ത്രവാഴ, നെല്ല് എന്നീ കൃഷികൾക്ക് വർഷം തോറും 10 ലക്ഷത്തോളം രൂപ ഹ്രസ്വകാല വായ്പയായി നൽകിവരുന്നു. ഇതിന് പുറമെ ജലസേചനം, ക്ഷീരവികസനം, വീട് റിപ്പേർ, വിദ്യാഭ്യാസം, വിവാഹം, കച്ചവടം, ഗൃഹോപകരണങ്ങൾ എന്നിവക്ക് ആൾ ജാമ്യത്തിലും സ്വത്ത് പണയത്തിലും വായ്പ നൽകിവരുന്നു. ഐ ആർ ഡി പി വായ്പകൾ, ജില്ലാ ബേങ്ക് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതി വായ്പകളും നൽകി വരുന്നു. ദുർബല വിഭാഗങ്ങളിലെ തൊഴിൽ രഹിതരായ യുവതികൾക്ക് തയ്യൽ മെഷീൻ വാങ്ങുന്നതിന് വേണ്ടി സ്വന്തം ഫണ്ടിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകിവരുന്നു. ബേങ്കിങ്ങ് പ്രവർത്തനത്തിന് പുറമെ സഹകരണ മാവേലി സ്റ്റോർ, സിമൻറ് ഡിപ്പോ, കൊപ്ര സംഭരണ ഡിപ്പോ എന്നിവ പെരളശ്ശേരിയിലും പെരളശ്ശേരി, വെള്ളച്ചാൽ എന്നീ കേന്ദ്രങ്ങളിൽ ഓരോ വളം ഡിപ്പോയും പ്രവർത്തിക്കുന്നു. കശുവണ്ടി കുത്തകസംഭരണം ഏറ്റെടുത്ത് നടത്താറുണ്ട്. ഓണക്കാലത്ത് പെരളശ്ശേരിയിലും മക്രേരിയിലും ഓണച്ചന്തകൾ നടത്തിവരാറുണ്ട്. പെരളശ്ശേരി എ കെ ജി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും എസ് എസ് എൽ സി പരീക്ഷക്ക് ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്ക് കേഷ് അവാർഡ് നൽകി വരുന്നു. ബേങ്കിലെ മുഴുവൻ അംഗങ്ങൾക്കും ജീവനക്കാർക്കും അപകട ഇൻഷുറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ബേങ്ക് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ബേങ്കിന് പെരളശ്ശേരിയിൽ ഹെഡ് ഓഫീസിന് വേണ്ടി സ്വന്തമായി കെട്ടിടം ഉണ്ട്. ബേങ്കിൻെറ ഹെഡ് ഓഫീസ് ബ്രാഞ്ച്, ഈവനിംഗ് ബ്രാഞ്ച് എന്നിവ പെരളശ്ശേരിയിലു വെള്ളച്ചാലിൽ മറ്റൊരു ബ്രാഞ്ചും പ്രവർത്തിക്കുന്നു.

മാവിലായി സർവ്വീസ് സഹകരണ ബേങ്ക്

അംഗങ്ങൾക്ക് ആവശ്യമായ വിവിധയിനം വായ്പകൾ നൽകിവരുന്നു. ഹ്രസ്വകാല കാർഷിക വായ്പകൾക്ക് പുറമെ പമ്പു സെറ്റ് സ്ഥാപിക്കാൻ, കിണർ കുഴിക്കൽ, വീട് റിപ്പേർ, ഗൃഹോപകരണ വായ്പ, വിദ്യാഭ്യാസം, സ്വയംതൊഴിൽ, വിവാഹം, രോഗ ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്കാണ് വായ്പ നൽകിവരുന്നത്. എല്ലാവിധ ബേങ്കിങ്ങ് ഇടപാടുകളും നടത്തിവരുന്ന ബേങ്ക് മൂന്നാംപാലത്ത് ഒരു കൺസ്യൂമർ സ്റ്റോർ നടത്തുന്നു. വളം, സിമൻറ് എന്നിവ വില്പന നടത്തുന്നതിന് സ്ഥിരം സംവിധാനമുണ്ട്. കശുവണ്ടി സംഭരണം, കൊപ്ര സംഭരണം എന്നിവ ഏറ്റെടുത്ത് നടത്തുന്നു. ഓണക്കാലത്ത് പ്രത്യേക ചന്തകൾ നടത്താറുണ്ട്. മാവിലായി വില്ലേജിൽ നിന്നും എസ് എസ് എൽ സി പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന 2 വിദ്യാർഥികൾക്ക് കേഷ് അവാർഡ് നൽകാറുണ്ട്. ഓരോ പ്രൈമറി സ്കൂളുകളിലെയും നിർധനരായ 2 വിദ്യാർഥികൾക്ക് രണ്ട് ജോഡി യൂനിഫോറം സൗജന്യമായി നൽകിവരുന്നു. ബേങ്ക് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മൂന്നാംപാലത്ത് ഹെഡ് ഓഫീസ് ബ്രാഞ്ച്, മൂന്നുപെരിയയിൽ സായാഹ്ന ബ്രാഞ്ച്, പൊതുവാച്ചേരിയിൽ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നു.

മൗവ്വഞ്ചേരി സഹകരണ റൂറൽ ബേങ്ക് ലിമിറ്റഡ്, പെരളശ്ശേരി ബ്രാഞ്ച്

28.10.1972ൽ ബേങ്കിൻെറ ശാഖ പെരളശ്ശേരിയിൽ ആരംഭിച്ചു. എ കെ ജിയാണ് ബേങ്കിൻെറ ഉൽഘാടനം നിർവഹിച്ചിരുന്നത്. വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ഒരംഗത്തിന് പരമാവധി 5 ലക്ഷം ഉറുപ്പിക വരെ വായ്പ നൽകിവരുന്നു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ ബേങ്ക് മുൻപന്തിയിൽ നിൽക്കുന്നു. പെരളശ്ശേരി ഗവർമെണ്ട് ഹൈസ്കൂൾ

വിദ്യാർഥികൾക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതി, സ്കൂൾ സ്റ്റേജ് നിർമ്മാണം, വായനശാലകൾക്ക് റേഡിയോ, ഫർണിച്ചറുകൾ എന്നിവ നൽകൽ തുടങ്ങിയ പരിപാടികൾ ബേങ്കിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടത്തിലാണ് ബേങ്ക് ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗത്വം	ഓഹരി മൂലധനം	നിക്ഷേപം	കടം	പ്രവർത്തന മൂലധനം	വായ്പകൾ	ലാഭമോ നഷ്ടമോ	ജീവനക്കാരുടെ എണ്ണം
പെരളശ്ശേരി SCB	4.6.1918	5200	9,80,912	1,96,00,000	15,45,950	2,15,00,000	2,04,00,000	ലാഭം	18
മാവിലായി SCB	1920	3470	766339	1,09,66,002	10,42,357		1,11,87,288	ലാഭം	12
മൗവ്വഞ്ചേരി CRB	1972			2,67,11,606			3,41,70,498	ലാഭം	14

ക്രഡിറ്റ് മേഖലാ പ്രശ്നങ്ങൾ

1. പ്രാഥമിക സർവീസ് സഹകരണ ബേങ്കുകൾ നൽകിവരുന്ന വായ്പകളിൽ മറ്റ് വായ്പകളെ അപേക്ഷിച്ച് കാർഷിക വായ്പകളുടെ വിതരണം വളരെ കുറവാണ്.
2. വായ്പാ കുടിശിക വർഷംതോറും കൂടിക്കൂടി വരുന്നു.
3. വായ്പകളുടെ വിനിയോഗത്തിൽ വേണ്ടത്ര പരിശോധന നടക്കുന്നില്ല.
4. കൃഷിഭൂമി കുറഞ്ഞവർഷക്ക് കാർഷിക വായ്പാ സൗകര്യങ്ങൾ നിലവിലുള്ള നിബന്ധനകൾ കൊണ്ട് ലഭ്യമാകുന്നില്ല.
5. വിവിധ വായ്പാപദ്ധതികളെക്കുറിച്ച് അംഗങ്ങളെ അറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നില്ല.

നിർദ്ദേശങ്ങൾ

1. പ്രാഥമിക സർവീസ് സഹകരണ ബേങ്കുകൾ നൽകിവരുന്ന കാർഷിക വായ്പകളിൽ വർധനവ് ഉണ്ടാക്കണം.
2. വായ്പ നിശ്ചിത ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തണം.
3. വായ്പാ നിബന്ധനകൾ സാധാരണക്കാർക്ക് ഉതകുന്ന രീതിയിൽ ഉദാരമാക്കണം.
4. ഓഹരി അനുപാതം കുറക്കണം.
5. വായ്പാ കാലതാമസം ഒഴിവാക്കണം.
6. വ്യാവസായിക ആവശ്യങ്ങൾക്ക് കൂടുതൽ വായ്പ നൽകണം.
7. വിദ്യാഭ്യാസ വായ്പകളുടെ നിബന്ധനകൾ ഉദാരമാക്കുക.
8. കുറഞ്ഞ പലിശനിരക്കിൽ ഭവനനിർമ്മാണ വായ്പ അനുവദിക്കണം.
9. വിവിധ വായ്പാ പദ്ധതികളെക്കുറിച്ച് അതാത് സമയം അംഗങ്ങളെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
10. ബേങ്ക് ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യകൾ എത്തിക്കുന്നതിനുള്ള പരിശീലനം നൽകണം.
11. കടം തിരിച്ചടക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

വ്യവസായ സഹകരണ സംഘങ്ങൾ

1. കെ കെ എസ് വീവേർസ് ഇൻഡസ്ട്രിയൽ സഹകരണ സംഘം

ഏതാണ്ട് 1/2 നൂറ്റാണ്ടുകാലത്തെ പ്രവർത്തന പാരമ്പര്യമുള്ള സഹകരണ സ്ഥാപനമാണിത്. കൈത്തറി തുണികൾ ഉൽപാദിപ്പിക്കുകയും അവ വിറ്റഴിക്കലുമാണ് സംഘം നടത്തിവരുന്ന പ്രവർത്തനം- കഴിഞ്ഞ കുറെ വർഷങ്ങളായി സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആകെ 72 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു.

വ്യവസായ സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗത്വം	ഓഹരി മൂലധനം	കടം	പ്രവർത്തന മൂലധനം	വായ്പകൾ	ലാഭമോ നഷ്ടമോ	തൊഴിലാളികളുടെ എണ്ണം
KKS	26.3.58	240	7,38,642	5,00,000	8,94,294		നഷ്ടം	72

പ്രശ്നങ്ങൾ
1. തുണി കയറ്റുമതി ചെയ്യുന്നതിൽ തടസ്സങ്ങൾ അനുഭവപ്പെടുന്നു.
2. തുടർച്ചയായ നഷ്ടം സ്ഥാപനത്തിന്റെ നിലനിൽപ് അപകടപ്പെടുത്തുന്നു.

നിർദ്ദേശങ്ങൾ
1. സംഘത്തിന്റെ ഉൽപാദനം വർധിപ്പിക്കുകയും മാനേജ്മെൻറ് കാര്യക്ഷമമാക്കുകയു ചെയ്യുക.
2. ഉൽപന്നങ്ങളിൽ വൈവിധ്യം ഉണ്ടാക്കുക.
3. വിപണനശൃംഖല ശക്തിപ്പെടുത്തുക.

2. കയർ വ്യവസായ സഹകരണ സംഘം

പെരളശ്ശേരി പഞ്ചായത്തിലെ മക്രേരി, മാവിലായി വില്ലേജുകളും പിണറായി പഞ്ചായത്തിലെ പിണറായിയുമാണ് പ്രവർത്തന പരിധി- കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിന് വേണ്ടിയും അംഗങ്ങൾക്ക് തൊഴിൽ നൽകുവാനും ഉദ്ദേശിച്ചു കൊണ്ടുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നു- കഴിഞ്ഞ കുറെ വർഷമായി സംഘം പ്രവർത്തനം നല്ല നിലയിൽ നടക്കുന്നില്ല.

പ്രശ്നങ്ങൾ
1. ചകിരി വ്യവസായത്തിന് പുതുതായി തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുണ്ട്.
2. നിലവിലുള്ള ജോലിക്കാർ തന്നെ മറ്റു ജോലിയിലേക്ക് മാറിപ്പോവുന്നു.
3. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ
1. സംഘത്തിൽ യന്ത്രവൽക്കൃത സംവിധാനം ഉണ്ടാക്കി വ്യവസായം ത്വരിത ഗതിയാക്കുക.
2. പുതിയ കയർ ഉൽപന്നങ്ങൾ നിർമ്മിക്കാനാവശ്യമായ പരിശീലനം നൽകുക.
3. സംഘം ഉൽപന്നങ്ങൾ വിൽപന നടത്താനുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കുക.

3. ഖാദി ഗ്രാമവ്യവസായ സഹകരണ സംഘം:

ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ 1962ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് പെരളശ്ശേരി വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘം. കൈകടലാസ് നിർമ്മാണ യൂണിറ്റാണിത്. ബോർഡുകളുടെ ഉൽപാദനമാണ് ഇപ്പോൾ നടത്തുന്ന ഏകപ്രവർത്തനം- സ്ഥലം, കെട്ടിടം തുടങ്ങിയ ഭൗതീക സാഹചര്യങ്ങൾ ഉണ്ടെങ്കിലും സംഘം പ്രവർത്തനം തൃപ്തികരമല്ല.

പ്രശ്നങ്ങൾ
1. ഉൽപാദിപ്പിക്കുന്ന ബോർഡ് കെട്ടിക്കിടക്കുന്നു.
2. കൂലി വളരെ കുറവായതിനാൽ ജോലിക്ക് പുതുതായി ആളുകളെ കിട്ടുന്നില്ല.
3. സംഘം നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

സാധ്യതകൾ
ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണം നടത്തി സ്ഥാപനം മെച്ചപ്പെടുത്താൻ കഴിയും.

4. ചക്കരസംഘം

1.4.1948ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് മാവിലായി തെങ്ങ് ചക്കര ഉൽപാദന പരസ്പര സഹായ സഹകരണ സംഘം. ആദ്യകാലഘട്ടത്തിൽ ചക്കര ഉൽപാദനം നടത്തിയിട്ടുള്ളു- പൊതുവിതരണ കേന്ദ്രത്തിന്റെ നടത്തിപ്പ് മാത്രമാണ് ഇപ്പോൾ നടത്തിവരുന്ന പ്രധാന പ്രവർത്തനം. പെരളശ്ശേരിയിൽ 2 എണ്ണവും മൂന്നുപെരിയയിൽ ഒന്നും റേഷൻകടകൾ സംഘം ഏറ്റെടുത്ത് നടത്തുന്നു. സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി പുതിയ സംരംഭങ്ങളിൽ ഏർപ്പെടണം- തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്- പുതിയ പ്രവർത്തന പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കണം.

3. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ- പഞ്ചായത്തിൽ 2 ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. 2 സംഘങ്ങളുടെയും പ്രവർത്തനം നല്ല നിലയിൽ നടക്കുന്നു.

പെരളശ്ശേരി ക്ഷീരോൽപാദന സഹകരണ സംഘം

1973 മാർച്ച് 30ന് രജിസ്റ്റർ ചെയ്യുകയും ഏപ്രിൽ 19ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പെരളശ്ശേരി, കോട്ടം, കീഴറ, കുഴിക്കിലായി, പൊതുവാച്ചേരി, ചെറുമാവിലായി തുടങ്ങിയ 6 കേന്ദ്രങ്ങളിൽ നിന്നായി ദിവസവും 500 ലിറ്റർ പാൽ സംഭരിക്കുകയും പ്രവർത്തന പരിധിയിൽ തന്നെ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. സമഗ്ര ക്ഷീരവികസനം ലക്ഷ്യമാക്കി ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ സംഘം ഏറ്റെടുത്ത് നടപ്പിലാക്കുന്നു. പെരളശ്ശേരി ടൗണിൽ സംഘത്തിന്റെ കീഴിൽ ഒരു വനിതാ പാലുൽപാദന യൂനിറ്റ് നടത്തുന്നു. സ്വന്തമായി നല്ല ഒരു കെട്ടിടമുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘത്തിന് നല്ല ഭാവിയുണ്ട്.

വെള്ളച്ചാൽ ക്ഷീരോൽപാദന സഹകരണ സംഘം

പെരളശ്ശേരി പഞ്ചായത്തിലെ 1, 2 വാർഡുകളാണ് പ്രവർത്തന പരിധി. പ്രതിദിനം 320 ലിറ്റർ പാൽ സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു- കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പാലുൽപാദനം വർധിപ്പിക്കാൻ സാധിക്കണം. സംഘം ലാഭത്തിൽ പ്രവർത്തിക്കുന്നു- സംഘത്തിന് സ്വന്തമായി കെട്ടിടമുണ്ട്.

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗത്വം	ഓഹരി മൂലധനം	പാൽ സംഭരണം (ദിവസംപ്രതി)	ലാഭമോ നഷ്ടമോ	ജീവനക്കാരുടെ എണ്ണം
പെരളശ്ശേരി ക്ഷീരോൽപാദക സഹകരണസംഘം	30.3.73	349	3850	500 ലിറ്റർ	ലാഭം	7
വെള്ളച്ചാൽ ക്ഷീരോൽപാദക സഹ. സംഘം	4.5.85	154	3340	320 ലി.	ലാഭം	4

പ്രശ്നങ്ങൾ

1. ഉൽപാദനച്ചെലവ് വർധിച്ചു കൊണ്ടിരിക്കുന്നതിനാൽ പാൽ സംഭരണം തകർച്ചയെ നേരിടുകയാണ്.
2. പഞ്ചായത്തിൽ ആവശ്യമായ പാലുൽപാദനം നടത്തുന്നില്ല.
3. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കാനും കഴിയുന്നില്ല.

സാധ്യതകൾ

1. അംഗങ്ങൾക്ക് നല്ലയിനം പശുക്കളെ വാങ്ങിക്കൊടുക്കുന്നതിന് വായ്പാ സൗകര്യം ഉപയോഗപ്പെടുത്തിക്കൊടുക്കണം.
2. ക്ഷീരവികസനവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുക. തീറ്റപ്പുൽ കൃഷി, കാലിത്തൊഴുത്ത് നിർമ്മാണം, മിനിഡയറി യൂനിറ്റുകൾ, പാലുൽപന്ന കേന്ദ്രങ്ങൾ, കാലിത്തീറ്റ ഉൽപാദന കേന്ദ്രങ്ങൾ എന്നിങ്ങനെ പ്രവർത്തന സാധ്യതകൾ ധാരാളമുണ്ട്.

ഏ കെ ജി മെമ്മോറിയൽ സഹകരണ ആശുപത്രി

1.3.1974ൽ പ്രവർത്തനം ആരംഭിച്ച പെരളശ്ശേരിയിലെയും തൊട്ടടുത്ത പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്ന സഹകരണ ആശുപത്രി- ആദ്യകാലഘട്ടത്തിൽ ആശുപത്രി പ്രവർത്തനം നല്ല നിലയിൽ നടന്നിരുന്നു. ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉള്ളതിനാൽ ആശുപത്രി പ്രവർത്തനം ഇനിയും മെച്ചപ്പെടുത്താൻ കഴിയും. 1995-96ൽ 605 രോഗികളെ കിടത്തി ചികിത്സിക്കുകയും 15365 രോഗികളെ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

ആശുപത്രിക്ക് സ്വന്തമായി നല്ല ഒരു കെട്ടിടവും ഡോക്ടർമാർക്ക് വേണ്ടി 2 ക്വാർട്ടേഴ്സുകളും ഉണ്ട്. 22 കിടക്കകൾ ഉണ്ട്.

പ്രശ്നങ്ങൾ

1. ഡോക്ടർമാരെ സ്ഥിരമായി കിട്ടാത്തതാണ് ആശുപത്രി നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നം.
2. സ്പെഷലിസ്റ്റ് ഡോക്ടർമാരെ കിട്ടുന്നില്ല.

സാധ്യതകളും നിർദ്ദേശങ്ങളും

1. ഒരു സ്ഥിരം മെഡിക്കൽ സ്പെഷലിസ്റ്റിനെയും വിസിറ്റിങ്ങ് ഡോക്ടർമാരായി വിവിധ വിഭാഗങ്ങളിലെ സ്പെഷലിസ്റ്റ് ഡോക്ടർമാരെയും ആഴ്ചയിൽ ചില ദിവസങ്ങളിൽ നിയമിച്ച് പ്രവർത്തനം വിപുലീകരിക്കുക.
2. ഗൈനക്കോളജി വിഭാഗം പ്രവർത്തിപ്പിക്കുക.
3. അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കുക.
4. കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി വിപുലീകരണം.

സ്കൂൾ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ ഇപ്പോൾ 3 സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. പുസ്തക വിതരണം മാത്രമാണ് ഇപ്പോൾ സംഘം നടത്തിവരുന്ന പ്രവർത്തനം. ഇതും തൃപ്തികരമല്ല. കുട്ടികൾക്ക് ആവശ്യമായ യൂനിഫോറം, സ്റ്റേഷനറി, പുസ്തകങ്ങൾ എന്നിവ വിതരണം നടത്തിക്കൊണ്ട് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

കോ-ഓപ്പറേറ്റീവ് എഡുക്കേഷൻ സെൻറർ

കണ്ണൂർ കോ-ഓപ്പറേറ്റീവ് എഡുക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ വിദ്യാഭ്യാസ സ്ഥാപനം- പെരളശ്ശേരി പഞ്ചായത്തിലെയും തൊട്ടടുത്ത പഞ്ചായത്തുകളിലെയും വിദ്യാർഥികൾക്ക് ഏറെ പ്രയോജനപ്പെടുന്ന സ്ഥാപ

നമാണിത്. സ്കൂൾ ഗോയിങ്ങ് ക്ലാസുകൾ, പ്രീഡിഗ്രി, ഡിഗ്രി പാരലൽ കോളേജ് പഠനമാണ് ഇപ്പോൾ നടത്തിവരുന്നത്- എല്ലാ വിഷയങ്ങൾക്കുമുള്ള പഠനസൗകര്യം ഇപ്പോൾ ഈ സ്ഥാപനത്തിനില്ല. ആവശ്യമായ അധ്യാപകരെ നിയമിച്ചുകൊണ്ട് സ്ഥാപനം നല്ല നിലയിൽ പ്രവർത്തിപ്പിക്കണം- വിവിധ ആധുനിക കോഴ്സുകളും സാങ്കേതിക പഠനവും നടത്താൻ തയ്യാറാവണം- മാനേജ്മെൻറ് കാര്യക്ഷമമാക്കിയാൽ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയും.

കേരള ദിനേശ് ബീഡി ബ്രാഞ്ചുകൾ

പാല ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘത്തിൻെറ കീഴിൽ പഞ്ചായത്തിൽ 14 വർക്ക് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. 1426 പേർ എല്ലാ ബ്രാഞ്ചുകളിലും കൂടി ജോലി ചെയ്തുവരുന്നു. മാവിലായി പോട്ടറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി, മോഗേർസ് സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം കുറെക്കാലമായി നടക്കാത്ത അവസ്ഥയാണുള്ളത്.

സഹകരണ സംരംഭങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ ഇനിയും സാധ്യതകൾ ഏറെയാണ്. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിനൊപ്പം കൈകോർത്ത് പിടിച്ചുകൊണ്ട് സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയണം.

മറ്റ് സാധ്യതകളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിൽ മാർക്കറ്റിങ്ങ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. കൊപ്ര, കുരുമുളക്, കശുവണ്ടി, അടക്ക തുടങ്ങിയവ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ടി അതാത് സഹകരണ ബേങ്കുകൾ മുൻകൈയെടുത്ത് പ്രവർത്തിക്കണം.
2. പഞ്ചായത്ത് അടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘം രൂപീകരിക്കുകയും വനിതകൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കാൻ പദ്ധതികൾ ആസൂത്രണം നടത്തുകയും ചെയ്യണം.
3. പഞ്ചായത്തടിസ്ഥാനത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.
4. പെരളശ്ശേരി ടൗണിൽ ഒരു സഹകരണ കേൻറീൻ ആരംഭിക്കുക.
5. പൊതുവാച്ചേരി, മൂന്നുപെരിയ, വെള്ളച്ചാൽ എന്നീ കേന്ദ്രങ്ങളിൽ കൺസ്യൂമർ യൂനിറ്റുകൾ അതാത് സഹകരണ ബേങ്കുകൾ തുടങ്ങുക.
6. ഹൈസ്കൂൾ സഹകരണ സംഘത്തെ കേന്ദ്രമാക്കി മറ്റുള്ള എല്ലാ സ്കൂളുകളിലും അതിൻെറ യൂനിറ്റുകൾ ഉണ്ടാക്കി പ്രവർത്തനം മെച്ചപ്പെടുത്തുക, പഠന ഉപകരണങ്ങൾ, പുസ്തകങ്ങൾ, യൂനിഫോറം, കുട, സ്റ്റേഷനറി എന്നിവയും വിതരണം നടത്തുക- ശമ്പളത്തിൽ ജീവനക്കാരനെ നിയമിക്കാവുന്നതാണ്.
7. പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട്റ്റ് സൊസൈറ്റി രൂപീകരിക്കുക.
8. ഓട്ടോറിക്ഷ- ടൂ വീലർ വർക്ക് ഷോപ്പ് സഹകരണ മേഖലയിൽ ആരംഭിക്കുക- ഡ്രൈവിങ്ങ് പരിശീലനം കൂടി സംഘത്തിൻെറ നേതൃത്വത്തിൽ നടത്തണം.
9. ഖാദി ബോർഡിൻെറ കീഴിൽ ഒരു സഹകരണ ബേക്കറി യൂനിറ്റ് ആരംഭിക്കുക.
10. കാർപെൻററി, ബ്ലാക്ക്സ്മിത്ത്- സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
11. ഇറച്ചിക്കോഴി, കോഴിക്കുഞ്ഞുങ്ങൾ, മുട്ട എന്നിവ ഉൽപാദിപ്പിക്കുന്ന സഹകരണ സംഘങ്ങൾ ആരംഭിക്കുക.
12. റബ്ബർ സ്പെയർ പാട്സ് വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
13. പട്ടുനൂൽകൃഷി വിപുലീകരിപ്പിച്ചുകൊണ്ട് ആരംഭത്തിൽ തന്നെ യാതൊരു പ്രവർത്തനവും നടത്താത്ത സെറികൾച്ചറൽ സഹകരണ സംഘം പ്രവർത്തിപ്പിക്കുവാൻ നടപടികൾ ശക്തമാക്കണം.
14. വനിതാ ഗാർമെൻറ് മേക്കിംഗ് യൂനിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കുക.
15. പഞ്ചായത്തിൽ നിലവിലുള്ള സംഘങ്ങളിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് വിപുലീകരിക്കുകയും പുതിയ സംഘങ്ങൾ രൂപീകരിക്കാൻ മുൻകൈ എടുക്കുകയും ചെയ്യുക- പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും സഹകരണ പ്രസ്ഥാനത്തിൻെറ നേട്ടങ്ങൾ എത്തിക്കുക.

പട്ടികജാതി – പട്ടികവർഗ ക്ഷേമം

കേരളത്തിലെ മറ്റു പഞ്ചായത്തുകളിലെന്നപോലെ ഏകദേശം മുപ്പത് വർഷങ്ങൾക്ക് മുമ്പുവരെ പട്ടികജാതി – പട്ടികവർഗക്കാരെ ജാതിയുടെ പേരിൽ അകറ്റിനിർത്തുന്ന ഒരു സ്ഥിതി വിശേഷം പെരളശ്ശേരി പഞ്ചായത്തിലും നിലനിന്നിരുന്നു. അന്ന് അവർക്ക് മറ്റ് വിഭാഗങ്ങളോടൊപ്പം സഞ്ചരിക്കാനോ ആരാധനാലയങ്ങളിൽ പോകാനോ ഒന്നിച്ച് സദ്യയുണ്ണാനോ പോലുമുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. എന്നാൽ പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയോടുകൂടി അവയുടെ നിരന്തരമായ പ്രവർത്തനഫലമായി ഈ ജാതിപരമായ വിവേചനം കുറെയേറെ അവസാനിച്ചു. ഈ പ്രസ്ഥാനങ്ങളുടെയൊക്കെ ശ്രമഫലമായിത്തന്നെ അവർക്ക് കുടികിടപ്പ് ഭൂമി സ്വന്തമായി കിട്ടുകയും മറ്റ് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാകുകയും ചെയ്തു. ഇന്ന് സാമൂഹ്യമായി ഏകദേശം ഇവർ മറ്റെല്ലാ വിഭാഗങ്ങളോടും ഒപ്പമെത്തിയിട്ടുണ്ടെങ്കിലും സാമ്പത്തികമായും വിദ്യാഭ്യാസപരമായും തൊഴിൽപരമായും സ്ഥിതി ഇന്നും പിന്നോക്കമാണ്.

നമ്മുടെ പഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 2.5% മാത്രമാണ് പടികജാതി – പട്ടികവർഗക്കാരായി ഉള്ളത്. ഇവിടെ നിലവിൽ പട്ടികജാതി – പട്ടികവർഗ കോളനികളില്ല. ഇവിടെയുള്ള കുടുംബങ്ങൾ മറ്റു വിഭാഗങ്ങളോടൊപ്പം ഇടകലർന്ന് താമസിക്കുന്നവരാണ്. 1991-ലെ സെൻസസ് പ്രകാരം ഈ വിഭാഗത്തിൽപ്പെടുന്ന 679 പേരാണ് പെരളശ്ശേരി പഞ്ചായത്തിലുള്ളത്. ഇതിൽ 331 പുരുഷന്മാരും 348 സ്ത്രീകളുമാണ്. പട്ടികവർഗത്തിൽപ്പെടുന്ന ഏഴ് പേരടങ്ങുന്ന ഒരു കുടുംബം പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലാകെയുള്ള ഈയൊരു കുടുംബത്തിന് സ്വന്തമായി കിണറോ വൈദ്യുതിയോ മറ്റ് പ്രാഥമിക സൗകര്യങ്ങളോ ഇല്ല. വീട് ഓട് മേഞ്ഞതാണ്. മറ്റ് ജനവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവരുടെ ജീവിതനിലവാരം താഴ്ന്ന നിലയിൽ തന്നെയാണ്. സാമൂഹ്യമായും മറ്റ് വിഭാഗങ്ങളോടൊപ്പം എത്തിയിട്ടില്ല. പണിയായുധങ്ങൾ വിറ്റാണ് ഇവർ ഉപജീവനം കഴിക്കുന്നത്. ഈ കുടുംബത്തിൽ നിരക്ഷരർ ഇല്ല. സാങ്കേതിക വിദ്യാഭ്യാസം കഴിഞ്ഞ ഒരു കുട്ടിയും ഈ കുടുംബത്തിലുണ്ട്. ഒരു പെൺകുട്ടി ഇടക്കുവെച്ച് പഠനം നിർത്തി. മറ്റ് കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നവരാണ്. പല പദ്ധതികളെക്കുറിച്ചും ബോധവാന്മാരല്ലാത്തതുകൊണ്ടും ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കാൻ ഓഫീസുകളുമായി ബന്ധപ്പെടുമ്പോഴുണ്ടാകുന്ന സാങ്കേതിക പ്രയാസങ്ങളാലും പറയത്തക്ക ആനുകൂല്യങ്ങളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല.

ഈ പഞ്ചായത്തിൽ ആകെയുള്ള നൂറോളം പട്ടികജാതി കുടുംബങ്ങളിൽ അറുപത്തിയാറ് കുടുംബങ്ങൾ ഐ ആർ ഡി പി സർവെ ലിസ്റ്റിൽ പെട്ടവരാണ്. ഇവർ വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നവരാണ്. ഇവരിൽത്തന്നെ വിവിധ ലോണുകൾ വാങ്ങി തിരിച്ചടക്കാൻ പറ്റാത്ത സ്ഥിതിയിലായവരുമുണ്ട്. ഇത്തരം കുടുംബങ്ങൾക്ക് സ്വന്തമായി വീടുവെക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി അനുവദിക്കപ്പെടുന്ന തുക അതിനു പര്യാപ്തമാവാത്ത സ്ഥിതിയിലുണ്ടാകുകയും അത്തരം സഹായങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇവർക്കായുള്ള സഹായ പദ്ധതികളൊന്നും തന്നെ പ്രയോജനപ്രദമായ രീതിയിൽ എത്തുന്നില്ല. ഈ സഹായപദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ജനകീയ ഇടപെടൽ ആവശ്യമാണ്.

പുനരധിവാസ ഭവനനിർമ്മാണ പദ്ധതിപ്രകാരം പഞ്ചായത്ത് പതിച്ചു നൽകിയ സ്ഥലത്ത് വീട് വെച്ച് താമസിക്കുന്നവരുടെ രണ്ട് കോളനികൾ ഇവിടെയുണ്ട്. ഇതിൽ കീഴറ കോളനിയിൽ 4 പട്ടികജാതികുടുംബങ്ങളും വടക്കുമ്പാട് കോളനിയിൽ 6 പട്ടികജാതികുടുംബങ്ങളുമുണ്ട്. അവിടെ ബാക്കിയുള്ള സ്ഥലം ഈ വിഭാഗക്കാർക്കു വേണ്ടി വീടുവെക്കാൻ അനുവദിക്കുകയാണെ

ങ്കിൽ അംഗീകരിക്കപ്പെടുന്ന പട്ടികജാതി കോളനിയാകുവാൻ സാധ്യതയുണ്ട്. അതുപോലെതന്നെ ആറ്, ഒമ്പത്, പതിനൊന്ന് വാർഡുകളിലും കോളനിയാകാൻ സാധ്യതയുള്ള സ്ഥലങ്ങളുണ്ട്. ഈ വാർഡുകളിൽ ആറോ ഏഴോ പട്ടികജാതി വീടുകൾ അടുത്തടുത്തായി സ്ഥിതിചെയ്യുന്നുണ്ട്. അങ്ങിനെ കോളനിയായി അംഗീകരിക്കപ്പെട്ടാൽ അവർക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുകയും അതുവഴി ജീവിതനിലവാരം ഉയർത്തുന്നതിനും സാധിക്കും.

ഈ വിഭാഗത്തിലെ പ്രായമായവർക്കിടയിൽ നിരക്ഷരർ ഉണ്ടെങ്കിലും മറ്റുള്ളവരെല്ലാംതന്നെ പൊതുവെ സാക്ഷരരാണ്. മുഴുവൻ കുട്ടികളും മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് സ്കൂളുകളിലെത്തുന്നുണ്ടെങ്കിലും ഇവരുടെ വിദ്യാഭ്യാസ നിലവാരം അത്ര ഉയർന്നതല്ല. ഇവർക്ക് വിവിധ പഠനാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ടുമാത്രം പഠന നിലവാരം ഉയരണമെന്നില്ല. അതുകൊണ്ട് ഈവിഭാഗത്തിലെ കുട്ടികൾക്ക് മാത്രമായി പ്രത്യേക പരിശീലന ക്ലാസുകൾ നടത്തേണ്ടതാണ്. ഈ വിഭാഗത്തിലുള്ള 107 കുട്ടികൾ വിവിധ ക്ലാസുകളിലായി സ്കൂളുകളിൽ പഠിക്കുന്നുണ്ട്. 2 കുട്ടികൾ എട്ടാം ക്ലാസിലെത്തി കൊഴിഞ്ഞുപോയവരുമുണ്ട്. പെരളശേരി ഹൈസ്കൂളിലെ പ്ലസ് ടു ക്ലാസിൽ പഞ്ചായത്തതിർത്തിയിലെ ഈ വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് സീറ്റു സംവരണം ഏർപ്പെടുത്തേണ്ടതാണ്. പൊതുവെ ഇന്ന് ഈ കുട്ടികൾ എസ് എസ് എൽ സി യോ പ്രീഡിഗ്രിയോ എത്തി പഠനം നിർത്തുന്ന അവസ്ഥയുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഇവരുടെ അവസ്ഥ വളരെ പിന്നോക്കമാണ്.

പട്ടികജാതി കുടുംബങ്ങളിലുള്ളവർ പരമ്പരാഗത തൊഴിലുകളോടൊപ്പം [illegible]പേർ കൂലപരമായ തെയ്യക്കലയിലും ഏർപ്പെടുന്നവരാണ്. കാർഷിക, ബീഡി, കൈത്തൊഴിൽ തുടങ്ങി മറ്റു തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്നവരുണ്ട്. വീടുകളിൽ തന്നെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടവരുമുണ്ട്. മറ്റുള്ള വിഭാഗങ്ങൾക്കിടയിലെന്ന പോലെ അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ ഇവരുടെയിടയിലുമുണ്ട്. സർക്കാർ ഉദ്യോഗസ്ഥൻമാരായി പ്രവർത്തിക്കുന്നവരും കുറച്ചൊക്കെയുണ്ട്. പ്രാദേശികമായ സാധ്യതകൾക്കനുസരിച്ച തൊഴിൽ പരിശീലനം ലഭ്യമാക്കണം. തൊഴിലില്ലായ്മ പരിഹരിക്കാൻ ചെറുകിട വ്യവസായ യൂനിറ്റുകൾ ആരംഭിക്കണം. സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

ഈ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർ പാർപ്പിടപ്രശ്നം രൂക്ഷമായി അനുഭവിക്കുന്നവരല്ല. എങ്കിലും ഇവർക്കിടയിൽ സ്വന്തമായി വീടില്ലാത്തവർ ഉണ്ട്. കൂട്ടുകുടുംബമായി താമസിക്കുന്നവരുമുണ്ട്. മിക്കവരുടേതും ഓടു മേഞ്ഞ വീടുകളാണ്. പ്രാഥമികസൗകര്യങ്ങൾ ഇല്ലാത്തതും വൈദ്യുതി എത്തിയിട്ടില്ലാത്തതുമായ വീടുകളും നിരവധിയുണ്ട്. കുടിവെള്ള പ്രശ്നവും പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ല. വീടുവെക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലമനുവദിച്ചുകൊടുത്ത് വീടു നിർമ്മിക്കാനാവശ്യമായ ധനസഹായം ലഭ്യമാക്കിയാൽ പാർപ്പിട പ്രശ്നം പരിഹരിക്കപ്പെടും.

സാമ്പത്തികമായി ഈ വിഭാഗത്തിൽ പെട്ട ചിലർ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മിക്കവരും ഇന്നും പിന്നോക്കാവസ്ഥയിലാണ്. കഴിഞ്ഞ കാലങ്ങളിൽ നിന്നും വിഭിന്നമായി ഇവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ മാറിയിട്ടുണ്ട്. ഉച്ചനീചത്വമോ മറ്റ് അനാചാരങ്ങളോ നിലവിലില്ല. വർഗ്ഗബഹുജനസംഘടനാ നേതൃത്വത്തിലും മറ്റ് സാമൂഹ്യ സാംസ്കാരിക മേഖലകളിലും പ്രവർത്തിക്കുന്ന നിരവധിപേർ ഇവിടെയുണ്ട്. കലാപരമായി നല്ല നിലവാരം പുലർത്തുന്നവരും സംഗീത-സാഹിത്യ രംഗങ്ങളിൽ പ്രഗൽഭരായവരും ഇവിടെയുണ്ട്.

പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ ഉണ്ട്.
2. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
3. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടില്ല. ഉള്ളതിൽ കൂടുതൽ വീടുകൾക്കും പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
4. വീട് വെക്കുവാൻ സ്ഥലമില്ല.
5. വീടു നിർമ്മിക്കുവാൻ അനുവദിക്കുന്ന ധനസഹായം പര്യാപ്തമല്ല, അതുകൊണ്ടുതന്നെ അനുവദിച്ചുകിട്ടുന്ന സൗകര്യങ്ങൾ ദുരുപയോഗം ചെയ്യുന്നു.
6. ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ മെച്ചപ്പെട്ടതല്ല.
7. ക്ഷേമ പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.
8. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

സാധ്യതകൾ

1. പെൺകുട്ടികൾക്ക് ആധുനിക ഡിസൈനുകൾ മറ്റു സാങ്കേതിക വിദ്യകൾ എന്നിവക്കുള്ള പ്രത്യേക പരിശീലനം.
2. നഴ്സറി ഗാർഡൻ വനിതകൾക്കായി പ്രത്യേകം.
3. പഠനം അവസാനിപ്പിച്ചവരുടെ തുടർ വിദ്യാഭ്യാസം.
4. പട്ടികജാതി കലാകാരൻമാർക്കുള്ള പ്രോത്സാഹനവും സംരക്ഷണവും.

വിഭവസമാഹരണം

സാമ്പത്തിക സ്വയംപര്യാപ്തി കൈവരിച്ചിട്ടില്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. കാർഷികമായും വ്യാവസായികമായും നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. ചെറുകിട വ്യവസായങ്ങളുടെ കാര്യത്തിലും പഞ്ചായത്ത് വളരെ പിറകിൽ നിൽക്കുന്നു. ഇവിടുത്തെ ഭൂരിഭാഗം ജനങ്ങളും പരമ്പരാഗത വ്യവസായങ്ങളായ ബീഡി, കൈത്തറി, കയർ എന്നിവയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്.

രണ്ട് സർവീസ് സഹകരണ ബേങ്കുകളും മൗവ്വഞ്ചേരി കോ -ഓപ്പ്. റൂറൽ ബേങ്ക്, സെൻട്രൽ ബേങ്ക് ഓഫ് ഇന്ത്യ, നോർത്ത് മലബാർ ഗ്രാമീൺ ബേങ്ക് എന്നിവയുടെ ഓരോ ശാഖയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ സർവീസ് സഹകരണബേങ്കുകളുടെ രണ്ട് വീതം ബ്രാഞ്ചുകളും ഇവിടെയുണ്ട്. നോർത്ത് മലബാർ ഗ്രാമീൺ ബേങ്കിന്റെ ചാല ശാഖയുടെ പ്രവർത്തനപരിധിയിൽ നമ്മുടെ പഞ്ചായത്തിലെ ചില പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ട്. മോഗേർസ് സൊസൈറ്റി എന്ന പേരിൽ ഒരു ക്രെഡിറ്റ് സൊസൈറ്റിയും ഇവിടെയുണ്ട്.

കെട്ടിട നികുതി, തൊഴിൽ നികുതി, വസ്ത്ര കൈമാറ്റ നികുതി എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ. പഞ്ചായത്തിന്റെ മൊത്തം വരവിൽ നല്ലൊരു ശതമാനം തുക ഗ്രാൻറുകൾ വഴിയാണെന്ന് കാണാം.

പട്ടിക -1
വരുമാനത്തിലെ വ്യതിയാനം

ഇനം	1987-88	1991-92	1994-95	1995-96	91-92, 95-96 എന്നീ വർഷങ്ങളിലെ തുകയിലെ വ്യത്യാസം	വർധനവ് (ശതമാനം)
കെട്ടിടനികുതി	58033.31	79239-06	121628.95	133665.91	54426.85	68.68
സർവീസ് ചാർജ്	8397.79	11444.20	17478.97	19080.17	7635.97	66.72
തൊഴിൽ നികുതി	41998.00	66750.00	106388.00	134206.00	67456.00	101.05
വാഹന നികുതി	153.00					
വിനോദനികുതി	28152.60	39072.50	37558.50	59181.45	20108.95	51.46
നികുതി വരുമാനം ആകെ	136734.70	196505.76	283054.42	346133.53	149627.77	76.14
പിന്തവരവ്	575.00	765.00	600.00	600.00	165.00	21.56

ലൈസൻസ്ഹീസ് വസ്തു	5688.50	10131.25	11817.00	12851.00	2719.75	26.84
കൈമാറ്റനികുതി	148399.00	119440.00	256345.00	274686.00	155246.00	129.97
മറ്റുവരവുകൾ	51369.40	92401.69	591818.88	190429.82	98028.13	106.08
ഡെപ്പോസിറ്റ്	31753.85	5206.75	7062.45	21884.05	16677.30	320.30
ഗ്രാൻറുകൾ	66896.00	269744.00	98460.00	498813.00	229069.00	84.92

1987-88, 91-92, 94-95, 95-96 എന്നീ വർഷങ്ങളിലെ വരവ് പട്ടിക 1 ലും ചെലവ് പട്ടിക 2 ലും കൊടുത്തിട്ടുണ്ട്. അതോടൊപ്പം 91-92, 95-96 എന്നീ വർഷങ്ങളിലെ തുകയിലെ വ്യത്യാസവും അതിൻെറ ശതമാനവും കൊടുത്തിട്ടുണ്ട്. നികുതി വരുമാനത്തിലെ വർധനവ് പരിശോധിച്ചാൽ കഴിഞ്ഞ 5 വർഷം കൊണ്ട് സ്വന്തം വരുമാനത്തിൽ മുഖ്യ ഇനമായ വിവിധ നികുതി വരുമാനം 76.14 ശതമാനം കണ്ട് വർധിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. ഇതിൽ തൊഴിൽ നികുതിയിനത്തിലുള്ള വരവാണ് കൂടുതൽ വർധിച്ചത്. വിനോദനികുതി, കെട്ടിട നികുതി എന്നിവയിലുള്ള വർധനവ് ശരാശരി നികുതി വർധനവിൽ നിന്ന് കുറവാണ്. ഇതിൽ തന്നെ വിനോദനികുതി വർധനവ് ശരാശരിയേക്കാൾ 25 ശതമാനത്തോളം കുറവാണ്. അതേസമയം നികുതിപ്പിരിവ് 100% ആക്കുന്നതിൽ വിജയിക്കുന്നു എന്നത് നല്ല കാര്യമാണ്. ഗ്രാൻറുകൾ വഴിയുള്ള വരുമാനത്തിൽ 84.92 ശതമാനത്തിൻെറ വർധനവ് ആണ് ഉണ്ടായിട്ടുള്ളത്. വരുമാന വർധനവിനുള്ള സാധ്യതകൾ എന്തൊക്കെയെന്ന് പരിശോധിക്കേണ്ടതുണ്ട്.

പട്ടിക -2
ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	1987-88	1991-92	1994-95	1995-96	91-92, 95-96 വർഷങ്ങളിലെ തുകയിലെ വ്യത്യാസം	വർധനവ് (ശതമാനം)
ഭരണം	189232.70	307329.80	373580.35	490298.00	182968.20	59.53
പൊതുമരാമത്ത്	9054.50	21745.00	-	106476.00	84731.00	389.65
വിദ്യാഭ്യാസം	5309.30	23050.40	-	35835.10	12744.70	55.29
ജലവിതരണം ഓടകൾ,						
പൊതുജനാരോഗ്യം	-	2903.00	-	3575.00	672.00	23.14
തെരുവുവിളക്ക്	29411.50	31608.00	39588.00	39588.00	7980.00	25.24
മറ്റുള്ളവ	222286.30	354736.90	161176.90	1485033.80	1130296.90	318.62

ചെലവിനങ്ങൾ പരിശോധിച്ചാൽ കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് പൊതുമരാമത്ത് ചെലവിൽ വലിയ വർധനവ് കാണാം. എന്നാൽ മൊത്തം ചെലവിൻെറ ഏകദേശം 5 ശതമാനമാണ് 95-96 ൽ പൊതുമരാമത്തിന് ചെലവാക്കിയത്. 'മറ്റുള്ളവ' എന്ന വിഭാഗത്തിലുള്ള ചെലവിൻെറ വർധനവ് കൂടി പരിശോധിക്കുമ്പോൾ ഇതു വളരെ കൂടും എന്നാണ് മനസിലാവുന്നത്.

പട്ടിക -3
വരവ് -ചെലവ് താരതമ്യം

വർഷം	വരവ്	ചെലവ്
1987-88	441416.45	455294.30
1991-92	694194.45	742073.10
1992-93	751030.72	546130.82
1993-94	961641.65	955084.55
1994-95	1249157.75	574345.25
1995-96	1345397.40	2160805.90

മൂന്നുവർഷം തുടർച്ചയായി ചെലവ് വരവിനേക്കാൾ കുറവായിരുന്നുവെന്ന് പട്ടിക മൂന്നു ഗ്രാഫും പരിശോധിച്ചാൽ വ്യക്തമാവും. എന്നാൽ 1995-96 വർഷത്തിൽ ചെലവ് വരവിനേക്കാൾ വളരെ ഉയർന്നതായി കാണുന്നു.

നമ്മുടെ പഞ്ചായത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നവർ 579 പേരാണ്. (പട്ടിക -4) ഇവർ വഴി ചുരുങ്ങിയത് ഒന്നേകാൽ കോടി രൂപയെങ്കിലും പ്രതിവർഷം പഞ്ചായത്തിൽ എത്തുന്നുണ്ടാവണം. ഉൽപാദന മേഖലയിലേക്ക് ഈ തുക എങ്ങിനെ പ്രയോജനപ്പെടുത്താം എന്ന് പരിശോധിക്കപ്പെടണം.

പ്രശ്നങ്ങൾ

1. നികുതി വരുമാനത്തിൽ വർധനവുണ്ടായിട്ടുണ്ടെങ്കിലും സാധ്യതക്കനുസരിച്ച് ഉയർന്നു എന്നു പറയാൻ കഴിയില്ല. വിനോദ നികുതിയിനത്തിലുള്ള വർധനവാണ് വളരെ കുറവ്.
2. നികുതിയേതര വരുമാനത്തിലും വലിയ വർധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.
3. എസ്റ്റാബ്ലിഷ്മെൻറ് ചെലവ് ഓരോ വർഷവും കൂടി വരികയാണ്.
4. പഞ്ചായത്തിൻെറ വരുമാനത്തിൽ നിന്ന് പ്രത്യൽപാദനപരമായ ആവശ്യങ്ങൾക്ക് തീരെ ചെലവഴിക്കുന്നില്ല.
5. പൊതുമരാമത്ത് പണികൾക്കായി പഞ്ചായത്ത് വലിയൊരു തുക ചെലവഴിക്കേണ്ടിവരുന്നു.
6. വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവക്കായി ചെലവഴിക്കുന്ന തുക വളരെ തുച്ഛമാണ്.
7. ഗൾഫ് വരുമാനം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

സാധ്യതകൾ; നിർദേശങ്ങൾ

1. കെട്ടിട നികുതി ചുമത്തുന്ന രീതിയിൽ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. പലപ്പോഴും അസ്സസ്മെൻറ് കൃത്യമായി നടക്കാറില്ല. ശാസ്ത്രീയമായ രീതിയിൽ കെട്ടിട നികുതി ചുമത്താനും കൃത്യമായി മോണിറ്റർ ചെയ്യാനുമുള്ള സംവിധാനം പഞ്ചായത്തിൽ ശക്തിപ്പെടുത്തേണ്ടതാണ്. കെട്ടിട നികുതി ചുമത്തുന്നത് സംബന്ധിച്ചുള്ള മാനദണ്ഡം കാര്യക്ഷമമായി നടപ്പാക്കണം. കെട്ടിടങ്ങൾ നിർമിക്കുന്നതിന് മുമ്പായി അതിൻെറ പ്ലാൻ പഞ്ചായത്തിൽ നൽകുകയും അംഗീകാരം വാങ്ങുകയും വേണമെന്ന് നിഷ്കർഷിക്കുക.
2. തൊഴിൽ നികുതി വ്യാപകമാക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഇപ്പോൾ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ചില വിഭാഗങ്ങളെയെങ്കിലും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്.
3. വിനോദനികുതി പരിശോധന കാര്യക്ഷമമാക്കുകയും യഥാർഥത്തിൽ കിട്ടേണ്ട മുഴുവൻ തുകയും കിട്ടുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം.
4. ഗൾഫ് രാജ്യങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ എത്തുന്ന വരുമാനം ഭൂരിഭാഗവും കെട്ടിട നിർമാണത്തിനും സ്ഥലങ്ങൾ വാങ്ങാനും ആഡംബരമായ ജീവിതത്തിനും വേണ്ടി മാത്രമായി ഉപയോഗിക്കുന്നു. ഉൽപാദനപരമായ ആവശ്യങ്ങൾക്ക് ഈ വരുമാനത്തെ ഉപയോഗപ്പെടുത്താൻ കഴിയേണ്ടിയിരിക്കുന്നു.

പട്ടിക 4
ഗൾഫ് രാജ്യങ്ങളിൽ ജോലിയെടുക്കുന്നവർ (അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ)

വാഡ്	I	II	III	IV	V	VI	VII	VIII	IX	X	XI
എണ്ണം	40	41	45	75	50	100	76	25	35	52	40

5. പഞ്ചായത്തിൻെറ കൈവശമുള്ള സ്ഥാവരസ്വത്തുക്കൾ പരിശോധന നടത്തുകയും ഉൽപാദനപരമായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നത് പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ കളിസ്ഥലത്തിനായി കണ്ടെത്തിയ സ്ഥലം ഈ രീതിയിൽ ഉപയോഗപ്പെടുത്താവുന്നതാണ്. പകരം അതേ വാഡിൽ മറ്റൊരു സ്ഥലം കണ്ടെത്തുകയും വേണം.

പട്ടിക 5
സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	വക വിവരം	വില്ലേജിൻെറ പേർ	വിസ്തീർണം
1	തരിശ് (OLHS)	മാവിലായി	1 ഏക്കർ 50 സെൻറ്
2	തരിശ് (OLHS)	മക്രേരി	2 ഏക്കർ 50 സെൻറ്
3	തരിശ് OLHS	മക്രേരി	1 ഏക്കർ
4	തരിശ് പലവക (പഞ്ചായത്താപ്പീസ്)	മക്രേരി	10 സെൻറ്
5	തരിശ് (പൊതു ശ്മശാനം)	മാവിലായി	1 ഏക്കർ 30 സെൻറ്
6	ഷോപ്പിങ്ങ് കോംപ്ലക്സ്	മക്രേരി	5 സെൻറ്
7	വയൽ (സാംസ്കാരികനിലയം)	മക്രേരി	9 സെൻറ്
8	തരിശ് (11 ഇനം കളിസ്ഥല)ം	മക്രേരി	58 സെൻറ്
9	തരിശ് (11 ഇനം ശിശുമന്ദിരം)	മാവിലായി	20 സെൻറ്
10	തരിശ് (RLEP)	മക്രേരി	39 സെൻറ്
11	പുറമ്പോക്ക് (റോഡ് നിർമാണം)	മക്രേരി	37 സെൻറ്

6. പഞ്ചായത്തിനകത്തുള്ള പുറമ്പോക്ക് ഭൂമി ലീസിന് നൽകാനും ഒഴിപ്പിക്കാനുമുള്ള പൂർണഅധികാരം പഞ്ചായത്തിന് നൽകണം. അത്തരത്തിലുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ കമ്മാർട്ടേഴ്സുകളും മറ്റും പണിത് ഉപയോഗപ്പെടുത്താവുന്നതാണ്.
7. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പരസ്യം പതിക്കുന്നതിന് ഫീസ് ചുമത്താവുന്നതാണ്.
8. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ മണൽ വാരാനുള്ള ഏർപ്പാട് ഉണ്ടാക്കേണ്ടതാണ്.
9. ഭൂനികുതി പിരിച്ചെടുക്കുന്നത് പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഭൂമിയുടെ തരമനുസരിച്ച് നികുതി നിരക്കിൽ വ്യത്യാസം വരുത്താം.
10. ധാരാളം വികസന സാധ്യതയുള്ള ഒരു പ്രദേശമാണ് മൂന്നുപെരിയ. ഇവിടെ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുക.
11. പെരളശ്ശേരി അമ്പലം കേന്ദ്രമാക്കി ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് കം ബസ്സ്റ്റാൻറ് പണിയാനുള്ള സാധ്യത ആരായേണ്ടതാണ്.
12. റോഡ് പുറമ്പോക്കിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് ഫീസ് ചുമത്താവുന്നതാണ്.
13. പെരളശ്ശേരിയിലുള്ള മത്സ്യമാർക്കറ്റ് പുനരുദ്ധരിക്കുകയും വിപുലീകരിക്കുകയും ചെയ്യുക, പച്ചക്കറി മാർക്കറ്റിനുള്ള സാധ്യത ആരായുക, വെള്ളച്ചാൽ, മൂന്നുപെരിയ, മൂന്നാംപാലം എന്നിവിടങ്ങളിൽ ഓരോ മാർക്കറ്റ് പണിയുക, ആഴ്ചച്ചന്തക്ക് പറ്റിയ സ്ഥലം കണ്ടെത്തുക.
14. സ്വകാര്യ പണമിടപാടുകാർക്കും ഊഹക്കച്ചവടക്കാരായ ഭൂമി ഇടപാടുകാർക്കും നികുതി ചുമത്തുക.
15. നാഷനൽ സേവിങ്ങ് സ്കീമിലേക്ക് തുക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ന് ബ്ലോക്ക് തലത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലേക്ക് വികേന്ദ്രീകരിക്കേണ്ടതാണ്.
16. പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ 25% മുതൽ 50% വരെ സന്നദ്ധ പ്രവർത്തനം വഴി (പ്രത്യേകിച്ച് ഗുണഭോക്താക്കളുടെ) പൂർത്തീകരിക്കാൻ കഴിയണം. എല്ലാ ഗ്രാമസഭകളിൽ നിന്നും ഇതിനുള്ള നിർദേശങ്ങൾ ഉണ്ടായിട്ടുണ്ട്.
17. പൊതുമരാമത്ത് ചെലവ് കുറച്ച് കൊണ്ടു വരുന്നതിനെക്കുറിച്ച് വളരെ ഗൗരവപൂർവം ആലോചിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിനകത്തുള്ള റോഡുകളുടെയും മറ്റും അറ്റകുറ്റപ്പണി അതാത് പ്രദേശത്തെ ആളുകൾ തന്നെ സന്നദ്ധ പ്രവർത്തനം വഴി ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കണം. ഗ്രൂപ്പ് ഫാമിങ്ങ്, പച്ചക്കറി കൃഷി, ശുദ്ധജല വിതരണം എന്നീ കാര്യങ്ങൾക്കും സന്നദ്ധ പ്രവർത്തനം ഉപയോഗപ്പെടുത്തണം.
18. അഭ്യസ്തവിദ്യരായ ധാരാളം ചെറുപ്പക്കാർ ഉള്ള ഒരു പഞ്ചായത്ത് എന്ന നിലയിൽ അവരുടെ കഴിവുകൾ നമ്മുടെ പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളുടെ നിലവാരം ഉയർത്താൻ ഉപയോഗപ്പെടുത്താൻ കഴിയണം.
19. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബേങ്കുകൾ മാത്രമാണ് നിക്ഷേപത്തിന് നല്ലൊരു ശതമാനം തുക വായ്പയായി പഞ്ചായത്തിൽ തന്നെ ചെലവഴിക്കുന്നത്. മറ്റ് ബേങ്കുകളിലെ നിക്ഷേപത്തിൻെറ ചെറിയൊരു പങ്ക് മാത്രമേ ഇവിടെ ചെലവഴിക്കപ്പെടുന്നുള്ളൂ. ചുരുങ്ങിയത് 60% മെങ്കിലും പ്രവർത്തന പരിധിയിൽ വായ്പയായി നല്കാനുള്ള സംവിധാനം ഉണ്ടാക്കണം. അത്തരം വായ്പ ഉപയോഗപ്പെടുത്തി പഞ്ചായത്തിനകത്ത് പ്രത്യൽപാദനപരമായ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്.
20. വിദേശ ഇന്ത്യക്കാരുടെ വരുമാനം ശേഖരിച്ച് വ്യവസായങ്ങൾ തുടങ്ങാനുള്ള ശ്രമവും നടത്തേണ്ടിയിരിക്കുന്നു.
21. പഞ്ചായത്ത് സമിതിയും ബേങ്കുകളും തമ്മിലുള്ള ബന്ധം ശക്തമാക്കണം. ബേങ്ക് അധികാരികളെ വിളിച്ച് ചേർത്ത് ബേങ്ക് വായ്പ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ചർച്ച നടത്താവുന്നതാണ്.
22. ബേങ്കുകൾ തയ്യാറാക്കുന്ന ക്രഡിറ്റ് പ്ലാനുകൾ പഞ്ചായത്ത് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുമായി ബന്ധിപ്പിക്കണം.
23. ബേങ്കുകൾ സ്ഥിതി ചെയ്യുന്നതിന് അടുത്തുള്ള പ്രദേശങ്ങൾ തന്നെ സർവീസ് ഏരിയാ വാഡുകളായി പുനഃക്രമീകരിക്കണം.
24. ബേങ്കുകൾ നൽകുന്ന വായ്പകൾ പ്രധാനമായും കാർഷികരംഗത്തെ ഉൽപാദന വർധനവ് ലക്ഷ്യമാക്കിയാകണം. കാർഷിക -വ്യാവസായിക വളർച്ചക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമിക്കുവാൻ പഞ്ചായത്ത് സമിതിക്ക് ബേങ്കുകളെ സമീപിക്കാൻ കഴിയേണ്ടതാണ്.

പട്ടിക 6
ഗ്രാൻറ് ഇനം തിരിച്ച് 1995-96

ഇനം	തുക (രൂപ)
മൈനർ ഇറിഗേഷൻ	2500
ബേസിക് ടാക്സ്ഗ്രാൻറ്	36278
വില്ലേജ് റോഡ് മെയിൻറൻസ് ഗ്രാൻറ്	12377
വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ	131963
എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്	21355
അൺടൈഡ് ഫണ്ട്	294340
ആകെ	498813

കണ്ണൂർ ജില്ല



1996 നവമ്പർ 15-ന് ചേർന്ന പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ
132/96-97 തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുന്നത്



4333

KERALA INSTITUTE OF LOCAL ADMINISTRATION
THRISSUR